

OFFICE OF THE NEDUMUDY GRAMA PANCHAYATH
Champakulam P.O

# നെടുമുടി ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ



*എന്റെ സ്വപ്നത്തിലുള്ള സ്വരാജ് ദരിദ്രന്റെ സ്വരാജാണ്. ജീവിതാവശ്യങ്ങളെല്ലാം രാജകുമാരനും ധനികനും അനുഭവിക്കുന്നതോടൊപ്പം നിങ്ങളും അനുഭവിക്കണം, അതുകൊണ്ട് അവർക്ക് അവരുടെ സൗധങ്ങളും മറ്റുമാവാമെന്നർത്ഥമില്ല. സുഖത്തിൽ അത്യാവശ്യമുള്ളതല്ല. നിങ്ങളോ ഞാനോ അവിടെ ഒരധികപ്പറ്റായിരിക്കും. പക്ഷേ ഒരു ധനവാന് ലഭിക്കുന്ന എല്ലാ സാധാരണ ജീവിതസൗകര്യങ്ങളും നിങ്ങൾക്കും ലഭിച്ചേ തീരൂ. ആ സൗകര്യങ്ങൾ നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെടാത്തിടത്തോളം സ്വരാജ് പൂർണ്ണസ്വരാജ് ആവുകയില്ലെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല.*

ഗാന്ധിജി

വികസനരേഖ വികസനരേഖ വികസനരേഖ വികസന രേഖ വികസനരേഖ വികസനരേഖ വികസനരേഖ വികസന




രേഖ വികസനരേഖ വികസനരേഖ വികസനരേഖ വികസന രേഖ വികസനരേഖ വികസനരേഖ വികസനരേഖ വികസന

രേഖ വികസനരേഖ വികസനരേഖ വികസനരേഖ വികസന

രേഖ വികസനരേഖ വികസനരേഖ വികസനരേഖ വികസന രേഖ വികസനരേഖ വികസനരേഖ വികസനരേഖ വികസ


ആലപ്പുഴ ജില്ല
സ്കെയിൽ 1 സെ മി – 4 കി മി
1 400 000
സൂചിക
ജില്ലാ അതിർത്തി
താലൂക്ക് അതിർത്തി
നാഷണൽ ഹൈവേ
സ്റ്റേറ്റ് ഹൈവേ
മററു റോഡുകൾ
റെയിൽവേ
നദികളും കായലുകളും
പ്രധാനപ്പെട്ട സ്ഥലങ്ങൾ
ജില്ലാആസ്ഥാനം
താലൂക്ക് ആസ്ഥാനം
മുനിസിപ്പൽ ആസ്ഥാനം
എറണാകുളം ജില്ല
ഇടുക്കി ജില്ല
കോട്ടയം ജില്ല
ചേർത്തല താലൂക്ക്
അമ്പലപ്പുഴ താലൂക്ക്
കുട്ടനാട് താലൂക്ക്
ലക്ഷദ്വീപ് കടൽ
പത്തനംതിട്ട ജില്ല
ചെങ്ങന്നൂർ താലൂക്ക്
കാർത്തികപ്പള്ളി താലൂക്ക്
മാവേലിക്കര താലൂക്ക്
കൊല്ലം ജില്ല
നെടുമുടി
ചങ്ങനാശേരി
നീലംപേരൂർ


കേരളം
0 10 20 30 40 50
1: 1000,000
സംസ്ഥാന അതിർത്തി
ജില്ലാ അതിർത്തി
പ്രധാന റോഡുകൾ
റെയിൽവേ
തോടുകൾ, നദികൾ
പ്രധാന സ്ഥലങ്ങൾ
ജില്ലാ ആസ്ഥാനങ്ങൾ
വന്യമൃഗ സങ്കേതം
ദേശീയോദ്യാനം
പക്ഷിസങ്കേതം
12°
11°
10°
9°
75°
76°
77°



പ്രസിഡൻറ്



വൈസ് പ്രസിഡൻറ്



സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ







മെമ്പർമാർ




മെമ്പർമാർ

# പഞ്ചായത്ത് സമിതി

# പഞ്ചായത്ത് പ്രദേശം ഉൾക്കൊള്ളുന്ന ജനപ്രതിനിധികൾ

**ശ്രീ. വി.എം. സുധീരൻ**
പാർലമെൻറ് അംഗം (ആലപ്പുഴ)

**ശ്രീമതി. സുശീലാ ഗോപാലൻ**
ബഹു. വ്യവസായ വകുപ്പു മന്ത്രി (എം.എൽ.എ. അമ്പലപ്പുഴ)

**ശ്രീമതി. പുഷ്പി ജോസ്**
ജില്ലാ പഞ്ചായത്ത് അംഗം

**ശ്രീ. ജി. മുകുന്ദൻ പിള്ള**
ജില്ലാ പഞ്ചായത്ത് അംഗം

**മറിയാമ്മ കുര്യാക്കോസ്**
ബ്ലോക്ക് പഞ്ചായത്ത് അംഗം

**ശ്രീ. കെ.കെ. പങ്കജാക്ഷൻ**
പ്രസിഡൻറ് ചമ്പക്കുളം ബ്ലോക്ക്



# മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ

(വില്ലേജ് യൂണിയൻ കാലഘട്ടം മുതൽ)



ശ്രീ. എൻ. നാരായണക്കുറുപ്പ്

ശ്രീ. ചാക്കോ കാഞ്ഞൂപ്പറമ്പ്

ശ്രീ. എൻ. നാരായണക്കുറുപ്പ് ............................ (പ്രസിഡൻറ് വില്ലേജ് യൂണിയൻ 1123 ME)
പിന്നീട് MLCയും MLAയും ആയിരുന്നിട്ടുണ്ട്

ശ്രീ. കെ. വേലുപ്പിള്ള ........................................ (പ്രസിഡൻറ്, വില്ലേജ് യൂണിയൻ 1124 ME)

ശ്രീ. ചാക്കോ സി. കാഞ്ഞൂപ്പറമ്പ് ...................... (പ്രസിഡൻറ്, വില്ലേജ് യൂണിയൻ 1124 ME)

## പഞ്ചായത്ത് സമിതി (5-9-51ൽ നിലവിൽ വന്നു)

ശ്രീ. ചാക്കോ, കാഞ്ഞൂപ്പറമ്പ് ................................................ (പ്രസിഡൻറ് 1951 - 1957)

ശ്രീ. എൻ. നാരായണക്കുറുപ്പ് ........................................................ (പ്രസിഡൻറ്, 1957)

ശ്രീ. ഇ.ഡി. ചാണ്ടി ...................................................................... (പ്രസിഡൻറ് 1965)

ശ്രീ. കുഞ്ചപ്പൻ കോശി .................................................... (പ്രസിഡൻറ് 1973 - 1977)

ശ്രീ. എൻ. വിഷ്ണു എമ്പ്രാൻ ................................ (ആക്ടിംഗ് പ്രസിഡൻറ് 1977 - 1982)

ഡോ: ജോർജ്ജ് തോമസ് .................................................. (പ്രസിഡൻറ് 1982 - 1988)

ശ്രീ. ജി. മുകുന്ദൻ പിള്ള .................................................. (പ്രസിഡൻറ് 1988 - 1995)

(ഇപ്പോഴുള്ള ഭരണസമിതി 2-10-1995ൽ അധികാരമേറ്റു)

# എഡിറ്റോറിയൽ ബോർഡ്

മറിയാമ്മ ജോസഫ് .......................... (പ്രസിഡൻറ് & ചെയർമാൻ)

വി.കെ. വെളുത്തകുഞ്ഞ് ............ (സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ)

ജയിംസ് തിരുനിലം .......................................... (പഞ്ചായത്ത് മെമ്പർ)

ടോമിച്ചൻ മേപ്പുറം ... (കൺ. പഞ്ചായത്ത് ജനകീയാസൂത്രണ സമിതി)

നെടുമുടി ഹരികുമാർ, ഹരിമന്ദിരം .................... (എൻ.ആർ.പി.)

കെ.ജി. മോഹനൻ പിള്ള ........... (വൈസ് പ്രസിഡൻറ് & എഡിറ്റർ)

# ഉള്ളടക്കം


| | | |
|---|---|---|
| I | ആമുഖം | പേജ് 10 |
| II | ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി | 15 |
| III | ചരിത്രം | 19 |
| IV | പരിസ്ഥിതി | 23 |
| V | വികസന മേഖലാ അവലോകനം | 26 |
| 1 | കൃഷി, ജലസേചനം | 27 |
| 2 | മൃഗസംരക്ഷണം, മത്സ്യബന്ധനം | 41 |
| 3 | വ്യവസായം | 45 |
| 4 | ഊർജ്ജം, ഗതാഗതം, മാർക്കറ്റ് | 50 |
| 5 | വിദ്യാഭ്യാസം | 62 |
| 6 | സംസ്കാരം | 67 |
| 7 | പൊതുജനാരോഗ്യം, കുടിവെള്ളം, ശുചിത്വം | 72 |
| 8 | പാർപ്പിടം, സാമൂഹ്യക്ഷേമം | 78 |
| 9 | സ്ത്രീപദവി | 85 |
| 10 | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 88 |
| 11 | സഹകരണമേഖല | 95 |
| 12 | വിഭവസമാഹരണം | 100 |
| VI | ഉപസംഹാരം | 105 |

1.00

# ആമുഖം

ലോകവ്യാപകമായി ശ്രദ്ധ പിടിച്ചുപറ്റി "കേരളമോഡൽ" ഇന്ന് വെല്ലുവിളികളെ നേരിടുകയാണ്. കുറഞ്ഞ സാമ്പത്തിക വളർച്ചയിലും അനുയോജ്യവും ബോധപൂർവ്വവുമായ സാമൂഹ്യ ഇടപെടലുകളിലൂടെ ജനതയുടെ ജീവിതഗുണതയിൽ ആശാസ്യമായ വ്യതിയാനങ്ങൾ വരുത്താനാകും എന്നതായിതുന്നു ഈ 'മോഡൽ' തെളിയിച്ച സംഗതി. അതിനാൽ തന്നെ ഈ മാതൃക അവികസിത പ്രദേശങ്ങൾക്കാകെ വമ്പിച്ച പ്രതീക്ഷയായി പ്രകീർത്തിക്കപ്പെട്ടു. അന്തർദേശീയമായി അംഗീകരിക്കപ്പെട്ട ഏതു മാനദണ്ഡമെടുത്തു പരിശോധിച്ചാലും കേരളം ഇതര ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജീവിത ഗുണതയുടെ കാര്യത്തിൽ മുൻപിലാണ്. കുറഞ്ഞ വരുമാനത്തിലും കൈവരിച്ച ഈ നേട്ടം യഥാർത്ഥത്തിൽ ഒരു സാമ്പത്തിക അത്ഭുതമല്ല. മറിച്ച് വീറുറ്റ ഒരു രാഷ്ട്രീയ പ്രഖ്യാപനമാണ്. ഈ നേട്ടങ്ങൾക്കെല്ലാം കേരളം കടപ്പെട്ടിരിക്കുന്നത് ഇവിടെയുണ്ടായ പ്രബുദ്ധരായ സാമൂഹിക പരിഷ്ക്കർത്താക്കളോടാണ്. ആരോഗ്യരംഗത്തും, വിദ്യഭ്യാസ രംഗത്തും ഒക്കെയുണ്ടായ കുതിച്ചുകയറ്റം ഇവിടുത്തെ ഭൗതിക ഉത്പാദനത്തിന്റെ വളർച്ചയും അതുവഴി ഒരു ജീവിത ഗുണതയുടെ തുടർമെച്ചപ്പെടുത്തലിനും വഴിവെയ്ക്കും എന്നതായിരുന്നു പ്രതീക്ഷ. രൂക്ഷമായ ഉൽപ്പാദന മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ കേരളം പടുത്തുയർത്തിയ 'മാതൃക' വെല്ലുവിളികളെ നേരിടുകയാണ്. കാർഷിക രംഗത്ത്, വ്യവസായിക രംഗത്ത് എല്ലാം രൂക്ഷമായ മാന്ദ്യമാണ് നിലനിൽക്കുന്നത്. സമഗ്രമായ ഭൂപരിഷ്ക്കരണത്തിലൂടെ മാതൃക കാട്ടിയ നാടാണ് കേരളം. ഭൂമിയുടെ മേൽ ബഹുഭൂരിപക്ഷത്തിന് ഉടമസ്ഥാവകാശം ഉറപ്പാക്കിയ ഈ പരിഷ്ക്കാരം കാർഷിക ഉൽപ്പാദനത്തിലും ഉൽപ്പാദന ക്ഷമതയിലും ചലനാത്മകമായ പ്രതിഫലനങ്ങൾ സൃഷ്ടിച്ചില്ല എന്നുവേണം മനസ്സിലാക്കുവാൻ. അതുകൊണ്ടുതന്നെ ജനജീവിത ഗുണതയിൽ ഏറെ മെച്ചങ്ങൾ വരുത്തിത്തീർക്കുവാൻ വഴിവെച്ച ഈ പരിഷ്ക്കാരത്തിന് ആയതിന്റെ തുടർമെച്ചപ്പെടുത്തലിന് സഹായകരമാകാൻ കഴിയാതെ വന്നിരിക്കുന്നു. വിള ഏതെടുത്ത് പരിശോധിച്ചാലും കേരളത്തിന്റെ പ്രകടനം ദേശീയ ശരാശരിയേക്കാളും വളരെ താഴെയാണ്. 'കേരള'ത്തിലെ 'കേര'ത്തിന്റെ സ്ഥിതി മാത്രം പരിശോധിച്ചാൽ ചിത്രം വ്യക്മാകുന്നതാണ്. ദേശീയ ശരാശരി ഉൽപ്പാദനം സെക്

ടർ ഒന്നിന് ............ ആയിരിക്കുമ്പോൾ കേരളത്തിൻെറത് 5888 മാത്രമാണ്. തൊട്ടടുത്ത സംസ്ഥാനമായ തമിഴ് നാടിൻേറതാകട്ടെ 10631 -ഉം. ഇന്ത്യൻ നാളികേര ഉൽപ്പാദത്തിൻെറ 70% 1900കളിൽ കേരളത്തിൻെറ പങ്കായിരുന്നുവെങ്കിൽ ഇന്നത് 43% മാത്രം. അരി മുഖ്യാഹാരമായി ഉപയോഗിക്കുന്ന ജനതയാണ് കേരളീയർ. നെല്ലിൻെറ വിള വിസ്തീർണ്ണത്തിലും മൊത്തം ഉൽപ്പാദനത്തിലും കഴിഞ്ഞ 2-3 പതിറ്റാണ്ടുകൾ കൊണ്ടുണ്ടായ കുറവ് നമ്മെ അമ്പരപ്പിക്കുകയും തന്നെ ചെയ്യും.

**കേരളത്തിലെ നെൽകൃഷി സംബന്ധിച്ച വിശദാംശങ്ങൾ**

| വർഷം | വിത വിസ്തീർണ്ണം (1000 ഹെക്ടർ) | ഉൽപ്പാദനം (1000 ടൺ) | ഉൽപ്പാദനക്ഷമത കി.ഗ്രാം |
|---|---|---|---|
| 1973-74 | 894 | 1257 | 1440 |
| 1980-81 | 802 | 1272 | 1587 |
| 1985-86 | 678 | 1173 | 1729 |
| 1990-91 | 559 | 1086 | 1942 |
| 1991-92 | 541 | 1060 | 1959 |
| 1992-93 | 537 | 1084 | 2018 |
| 1993-94 | 507 | 1004 | 1977 |
| 1994-95 | 503 | 978 | 1943 |

കേരളത്തിൻെറ വ്യവസായ വളർച്ചയും ആശാവഹമല്ല തന്നെ. ചരിത്രപരമായ പലകാരണങ്ങളും വ്യവസായിക പിന്നോക്കാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. രൂക്ഷമായ വൈദ്യുത പ്രതിസന്ധി, തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ മുതലായവ ഈ സ്ഥിതി വിശേഷത്തിന് ആക്കം കൂട്ടിയിരിക്കുന്നു. കാർഷിക വ്യവസായിക മേഖലയിലുണ്ടായിരിക്കുന്ന വളർച്ചാ മുരടിപ്പ് തൊഴിലില്ലായ്മയെ അതീവ ഗുരുതരമാക്കിയിട്ടുണ്ട്. തൊഴിൽ സേനയുടെ 20-21% പേരെ തൊഴിലന്വേഷകരായി നിലനിർത്തിക്കൊണ്ട് സമാധാനപരമായി ഒരു സമൂഹത്തിനും മുന്നോട്ട് പോകാനാവില്ല.

ഗുരുതരമായി കൊണ്ടിരിക്കുന്ന ധനകാര്യപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സർക്കാരിൻെറ ഇടപെടൽ ശേഷി നിരന്തരം കുറയുകയും ചെയ്യുന്നു. അതിനാൽ തന്നെ ഇനിയും സർക്കാർ ഇടപെടലിലൂടെ പ്രശ്നങ്ങൾക്ക് തടയിടാം എന്ന പ്രതീക്ഷയ്ക്ക് സ്ഥാനമില്ല. ഇതിൻെറയൊക്കെ പ്രതിഫലനമെന്നോണം നാം നേടിയ നേട്ടങ്ങൾക്കൊക്കെ നെരുടമസ്ഥത കൈയാളുന്ന ആരോഗ്യ വിദ്യാഭ്യാസാദി സേവന മേഖലകളുടെ ഗുണനിലവാരം അടിക്കടി തകരുകയും സ്വീകാര്യമല്ലാതാകുകയും ചെയ്യുന്നു. നാം നേടിയെടുത്ത നേട്ടങ്ങൾ അർഹമായ വിധത്തിൽ എത്താത്ത വിഭാഗങ്ങളും കേരളത്തിൻെറ നേർക്ക് ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. ജനതയുടെ പകുതിയധികം വരുന്ന സ്ത്രീകളും പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുമാണ് ഇങ്ങനെയുള്ളവർകേരളം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളെ നമുക്കിങ്ങനെ പട്ടികപ്പെടുത്താം.

1) കാർഷിക മുരടിപ്പ്
2) വ്യവസായിക വളർച്ചയില്ലായ്മ.
3) ആരോഗ്യ വിദ്യാഭ്യാസാദി സേവന മേഖലകളിലെ ഗുണനിലവാരത്തകർച്ച.
4) സ്ത്രീകളുടേയും അധഃസ്ഥിതരുടേയും പ്രാന്തവൽക്കരണം.

ഈ വെല്ലുവിളികളെ എങ്ങനെയാണ് മുറിച്ചുകടക്കാനാവുക. മാമൂൽ പ്രവർത്തനരീതികൾക്കൊന്നും തന്നെ സവിശേഷമായ ഈ വെല്ലുവിളികളെ സമർത്ഥമായി നേരിടാനാവില്ല. കേരളത്തിൻെറ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യമെടുക്കുക. ഒട്ടേറെ പ്രാദേശിക വൈജാത്യങ്ങൾ നിറഞ്ഞ നാടാണ് കേരളം. ഓരോ പ്രത്യേകതകൾക്കും അനുസൃതമായ കാർഷികരീതികൾ അവലംബിച്ചുകൊണ്ടല്ലാതെ ഉൽപ്പാദനവർദ്ധനവ് സാധ്യമല്ല. ഒരോ പ്രദേശത്തിൻേറയും വിഭവപ്രത്യേകതകൾക്കും സാധ്യതകൾക്കും അനുസൃതമായി രീതികൾ കേന്ദ്രീകൃതമായി സംവിധാനം ചെയ്യാനാവില്ല. പ്രശ്നങ്ങൾ തിരിച്ചറിയാനും അവയ്ക്ക് പരിഹാരം കണ്ടെത്താനും അത് തങ്ങളുടെ മുൻകൈയിൽ നടപ്പിലാക്കുവാനും ജനങ്ങൾക്ക് കഴിയണം. അസാധാരണമായ പ്രതിസന്ധിയിലാണ് നാം. കേവലം സാധാരണമായ സമീപനങ്ങൾ ഇതിന് പരിഹാരമാവില്ല. ഈവക വെല്ലുവിളികളെയെല്ലാം ജനങ്ങളുടെ മുൻകയ്യിലേ പരിഹരിക്കാനാവൂ എന്നത് തർക്കമറ്റ വസ്തുതയാണ്. ഈ മുൻകൈ വളർന്നു വരുന്നതിനാവശ്യമായ അവസരങ്ങളും ആയുധങ്ങ

ളും ഉണ്ടാകണം. അത്തരത്തിലൊരു സുവർണ്ണ സന്ദർഭമാണ് 73, 74 ഭരണഘടനാ ഭേദഗതികളും അതിനെത്തുടർന്ന് കേരളത്തിൽ ഉണ്ടായ പഞ്ചായത്തീരാജ്, നഗരപാലിക നിയമങ്ങളും പ്രധാനം ചെയ്തത്. അധികാരം ജനങ്ങളിലെത്തിക്കേണ്ടതിൻെറ അനിവാര്യത മന്ത്രം കണക്കെ ഉരുവിട്ടുകൊണ്ടിരുന്നയാളാണ് ഇന്ത്യയുടെ മഹാത്മാവായ ഗാന്ധിജി. കഴിഞ്ഞ 8 പഞ്ചവത്സരപദ്ധതികളും അർഹമായ തരത്തിൽ ഇന്ത്യയിലെ ബഹുഭൂരിപക്ഷത്തിനെത്താതെ പോയതിൻെറ പ്രധാനകാരണം ആസൂത്രണത്തിലും നടത്തിപ്പിലും എല്ലാമുണ്ടായ അമിത കേന്ദ്രീകരണമാണ്. ഇന്ത്യയുടെ മുൻപ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി വേദനയോടെ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

ഈ സുവർണ്ണാവസരത്തെ എങ്ങനെ ഈ വെല്ലുവിളികളെ നേരിടാൻ പ്രയോജനപ്പെടുത്താം എന്ന അന്വേഷണത്തിൻെറ ഫലമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ഓരോ പഞ്ചായത്തിലേയും ജനങ്ങൾ തങ്ങളുടെ പ്രശ്നങ്ങൾ തിരിച്ചറിയുകയും തങ്ങളുടെ മുൻകൈയിൽ പരിഹാരക്രിയകൾ നടപ്പിൽ വരുത്തുകയും ചെയ്യുന്നതിലാണ് ഈ പ്രസ്ഥാനം പ്രായോഗികമായി ഊന്നുന്നത്. ആസൂത്രണത്തിനും പദ്ധതി നടത്തിപ്പിനുമുള്ള അധികാരം വികേന്ദ്രീകരിച്ചു നൽകുന്നതിനുള്ള സന്നദ്ധത സംസ്ഥാന ഗവൺമെൻറ് പ്രകടമാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങൾ തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതി അടങ്കലിൻെറ 35-40% നീക്കിവെയ്ക്കുവാൻ സർക്കാർ തയ്യാറായത് സാധ്യതകളെ വിപുലപ്പെടുത്തിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിലെ സാങ്കേതിക സങ്കീർണ്ണതകൾ പഠിക്കുവാനും പരിഹാര നിർദ്ദേശങ്ങൾ വെയ്ക്കുവാനും കമ്മിറ്റിയെ നിയോഗിക്കുകയും (സെൻ കമ്മിറ്റി) ചെയ്തിരിക്കുന്നു. കമ്മിറ്റി അതിൻെറ ഇടക്കാല റിപ്പോർട്ട് രണ്ടുമാസങ്ങൾക്കു മുമ്പുതന്നെ സർക്കാരിന് സമർപ്പിച്ചിരുന്നു. ആയത് പ്രസിദ്ധപ്പെടുത്തുവാനും നിർദ്ദേശങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കുവാനും സർക്കാർ ഇനിയും കാലതാമസം വരുത്തിക്കൂടാ. സെൻ കമ്മിറ്റി കാതലായ ജനോന്മുഖ വ്യതിയാനങ്ങൾ നിർദ്ദേശിക്കും എന്നു പരക്കെ പ്രതീക്ഷിക്കപ്പെടുന്നു.

തൻെറ മണ്ണിനേയും, ജലത്തേയും, തന്നെതന്നേയും തിരിച്ചറിഞ്ഞുകൊണ്ട് തൻെറ തെരഞ്ഞെടുക്കാനുള്ള സാധ്യതയും ശേഷിയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളിലാണ് കേരളത്തിലെ ലക്ഷക്കണക്കിന് ആളുകൾ പങ്കുചേർന്നുകൊണ്ടിരിക്കുന്നത്. നാം നേരിടുന്ന പ്രതിസന്ധികൾക്ക് ആവുന്നിടത്തോളം പരിഹാരമാകുന്നതിനോടൊപ്പം തന്നെ ഈ പ്രസ്ഥാപനം കേരളത്തിൻെറ ജനാധിപത്യവൽക്കരണത്തിന് സാർത്ഥകമായ പുത്തൻ സംഭാവനകൾ നൽകുകയും ചെയ്യും.

## ജനകീയാസൂത്രണ പ്രവർത്തനം
## നെടുമുടിയിലെ പ്രവർത്തനങ്ങൾ

ജനകീയാസൂത്രണത്തിൻെറ ഒന്നാംഘട്ടമായ ഗ്രാമസഭകൾ നെടുമുടിപഞ്ചായത്തിൽ വിജയകരമായി നടക്കുകയുണ്ടായി. ഒന്നാംഘട്ട ജില്ലാതല പരിശീലനത്തിൽ ഈ പഞ്ചായത്തിൽ നിന്നും 18 പേർ പങ്കെടുത്തു.

19-8-1996 ൽ പഞ്ചായത്ത്ഹാളിൽ നടന്ന പഞ്ചായത്ത് തല പരിശീലനത്തിൽ 85 പേർ പങ്കെടുത്തു. പഞ്ചായത്ത്തല പരിശീലനം ലഭിച്ചവരാണ് ഗ്രാമസഭകളിൽ വിഷയഗ്രൂപ്പ് ചർച്ചകൾക്ക് നേതൃത്വം നൽകിയത്.

ഗ്രാമസഭകളുടെ വിശദാംശങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

| വാർഡ് | തീയതി | സ്ഥലം | പങ്കാളിത്തം സ്തീകൾ | പുരു: | ആകെ |
|---|---|---|---|---|---|
| 1 | 12-10-96 | ദേവമാതാ ഹൈസ്കൂൾ, ചേനരി | 51 | 103 | 154 |
| 2 | 13-10-96 | നെടുമുടി എൻ.എസ്സ്.എസ്സ്. ഹാൾ | 53 | 125 | 178 |
| 3 | 12-10-96 | പൊങ്ങ ഗവ. എൽ.പി.എസ്സ്. | 80 | 112 | 192 |
| 4 | 29-9-96 | ഗവ. എൽ.പി.എസ്സ്. ചെമ്പുംപുറം | 23 | 103 | 126 |
| 5 | 29-9-96 | നെടുമുടി സൗത്ത് യു.പി. സ്കൂൾ | 6 | 104 | 110 |
| 6 | 2-10-96 | സെൻറ് തോമസ് യു.പി. സ്കൂൾ ചമ്പക്കുളം | 74 | 109 | 183 |
| 7 | 2-10-96 | സെൻറ് മേരീസ് എച്ച്. എസ്സ്. ചമ്പക്കുളം | 33 | 42 | 75 |
| 8 | 13-10-96 | ബി.ബി.എം. ഹൈസ്കൂൾ വൈശ്യംഭാഗം | 75 | 158 | 233 |
| 9 | 6-10-96 | കൊണ്ടാക്കൽ സെൻറ് ജോസഫ് പാരിഷ് ഹാൾ | 99 | 131 | 230 |
| 10 | 6-10-96 | പഞ്ചായത്ത് ഹാൾ ചമ്പക്കുളം | 50 | 80 | 130 |
| | | ആകെ | 504 | 1137 | 1611 |

പത്തുഗ്രാമസഭായോഗങ്ങളിലായി 504 സ്ത്രീകളും

1137 പുരുഷന്മാരുമാണ് പങ്കെടുത്തത്. മിക്ക ഗ്രാമസഭകളിലും 12 വിഷയഗ്രൂപ്പുകളായിരുന്നുവെങ്കിലും പൊതുവായി എല്ലാ ഗ്രാമസഭകളിലും ഉണ്ടായിരുന്നത് താഴെപ്പറയുന്ന ഗ്രൂപ്പുകളാണ്

1) കൃഷി, ജലസേചനം
2) മൽസ്യബന്ധനം, മൃഗപരിപാലനം
3) വ്യവസായം.
4) ഊർജ്ജം, ഗതാഗതം.
5) വിദ്യാഭ്യാസം, സംസ്ക്കാരം.
6) പാർപ്പിടം, സാമൂഹ്യക്ഷേമം, വനിതാക്ഷേമം.
7) പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം.
8) പൊതുജനാരോഗ്യം, കുടിവെള്ളം.
9) സഹകരണമേഖല, വിഭവസമാഹരണം.

ഗ്രാമസഭാചർച്ചകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും റിസോഴ്സ് ഗ്രൂപ്പുകൾ ചേർന്നിരുന്ന് വിഷയാധിഷ്ഠിതമായി ക്രോഡീകരിച്ചു. രണ്ടാംഘട്ട പരിശീലനം നവമ്പർ 16-ാം തീയതി ചമ്പക്കുളം സെൻറ് മേരീസ് ഹൈസ്കൂളിൽ വച്ചു നടക്കുകയുണ്ടായി. പരിശീലനത്തിൽ പങ്കെടുത്ത 37 ലോക്കൽ റിസോഴ്സ് പേഴ്സൺസിനേയും വിവിധ സർക്കാർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരേയും 12 ഗ്രൂപ്പുകളായി തിരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയത്. ഗ്രാമസഭാ റിപ്പോർട്ട്, സെൻസസ് റിപ്പോർട്ട് , ദ്വിതീയ വിവരശേഖരണ കണക്കുകൾ കുട്ടനാട് ജലസംതുലനപഠനം, ഡിപ്പാർട്ട്മെൻറ് റിവ്യൂ റിപ്പോർട്ടുകൾ എന്നിവയാണ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആധാരമാക്കിയിട്ടുള്ള രേഖകൾ.

സ്വാതന്ത്ര്യാനന്തര നാളുകളിൽ തന്നെ ഗാന്ധിജിയുടെ ആഗ്രഹപ്രകാരമുള്ള ഗ്രാമോദ്ധ്യാരണ സമിതി ഈ പ്രദേശത്തും രൂപം കൊള്ളുകയും വളരെ കാര്യക്ഷമമായും ദൂരകാഴ്ചയോടെയും പ്രവർത്തിച്ചിരുന്നതിൻെറയും രേഖകൾ ഇന്നും പഞ്ചായത്തിലുണ്ട്. തുടർന്ന് വന്ന പഞ്ചായത്തു സമിതികളും വളരെ മാതൃകാപരമായി പ്രവർത്തിച്ചു പോന്നു.

## പഞ്ചായത്തിലെ സ്ഥാപനങ്ങൾ.

1. വില്ലേജ് ഓഫീസ്.
2. കൃഷിഭവൻ.
3. വി.ഇ.ഒ. ഓഫീസ് - 2.
4. പ്രൈമറി ഹെൽത്ത് സെൻറർ ചെമ്പുംപുറം.
5. കെ.എസ്.ഇ.ബി. അസി. എഞ്ചിനീയർ ആഫീസ്.
6. ഗവ. ആയുർവ്വേദ ആശുപത്രി.
7. സെൻറ് മേരീസ് ഹൈസ്കൂൾ ചമ്പക്കുളം.
8. ബി.ബി.എം. ഹൈസ്കൂൾ വൈശ്യംഭാഗം.
9. നായർ സമാജം ഹൈസ്കൂൾ നെടുമുടി.
10. ദേവമാതാ ഹൈസ്കൂൾ ചേന്നങ്കരി.
11. സെൻറ് തോമസ് യു.പി. സ്കൂൾ ചമ്പക്കുളം.
12. ബിഷപ്പ് കുര്യാളശ്ശേരി മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ.
13. ഗവഃ എൽ.പി. സ്കൂൾ വൈശ്യം ഭാഗം.
14. ഗവഃ എൽ.പി. സ്കൂൾ നടുഭാഗം.
15. നെടുമുടി സൗത്ത് ഗവ. യു.പി. സ്കൂൾ ചെമ്പുംപുറം.
16. നെടുമുടി സൗത്ത് ഗവ. എൽ.പി. സ്കൂൾ ചെമ്പുംപുറം.
17. പൊങ്ങ ഗവ. എൽ.പി.എസ്സ്.
18. നെടുമുടി ഗവ. എൽ.പി. സ്കൂൾ (കൊട്ടാരം).
19. ഗവ. എൽ.പി. സ്കൂൾ. ചെമ്പുംപുറം.
20. പോസ്റ്റ് ഓഫീസ്, ചമ്പക്കുളം. (സബ് ഓഫീസ്). വൈശ്യംഭാഗം (ബ്രാഞ്ച് ഓഫീസ്), പൊങ്ങ (ബ്രാഞ്ച് ഓഫീസ്), നെടുമുടി (ബ്രാഞ്ച് ഓഫീസ്), ചെമ്പുംപുറം (ബ്രാഞ്ച് ഓഫീസ്), ചേന്നങ്കരി (ബ്രാഞ്ച് ഓഫീസ്).
21. നെടുമുടി വില്ലേജ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 2331.
22. നെടുമുടി കോ-ഓപ്പഃ റൂറൽ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ/A 87.
23. പൊങ്ങ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ/A 122.
24. നെടുമുടി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം.
25. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ചമ്പക്കുളം ശാഖ.
26. ഫെഡറൽ ബാങ്ക്, ചമ്പക്കുളം ശാഖ.
27. ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്, ചമ്പക്കുളം ശാഖ.
28. എ.ആർ. ഓഫീസ്, (നവീകരണം) കുട്ടനാട്.
29. പോലീസ് സ്റ്റേഷൻ നെടുമുടി.
30. ക്ഷീരോത്പാദന സഹകരണസംഘം (APCOS) ചെമ്പുംപുറം, പൊങ്ങ, നടുഭാഗം, മണപ്ര.
31. ഐ.സി.ഡി.പി. സബ്ബ് സെൻറർ, നെടുമുടി (കൊട്ടാരം).
32. മൃഗാശുപത്രി, ചെമ്പുംപുറം.

★ ★ ★

## പഞ്ചായത്തിൻെറ പൊതുചിത്രം

| | |
|---|---|
| പേര് | നെടുമുടി ഗ്രാമപഞ്ചായത്ത് |
| ഗ്രേഡ് | എ. |
| വില്ലേജുകൾ | നെടുമുടി, കൈനകരി തെക്ക് (ഭാഗികം) |
| ബ്ലോക്ക് | ചമ്പക്കുളം |
| താലൂക്ക് | കുട്ടനാട് |
| ബ്ലോക്ക് ഡിവിഷനുകൾ | 2 |
| ജില്ല | ആലപ്പുഴ |
| ജില്ല പഞ്ചായത്ത് ഡിവിഷൻ | 2 |
| അസംബ്ലി മണ്ഡലം | അമ്പലപ്പുഴ |
| പാർലമെൻറ് | ആലപ്പുഴ |
| വിസ്തീർണ്ണം | 25.98 sq. k.m. |
| ജനസംഖ്യ (1991 സെൻസസ്) | 21771 |
| സ്ത്രീകൾ | 11065 |
| പുരുഷന്മാർ | 10706 |
| പഞ്ചായത്ത് ഓഫീസ് | ചമ്പക്കുളം (സ്വന്തം കെട്ടിടം) |
| പ്രസിഡൻറ് | ശ്രീമതി. മറിയാമ്മ ജോസഫ് |
| വൈസ് പ്രസിഡൻറ് | ശ്രീ. കെ.ജി. മോഹനൻ പിള്ള |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. വി.കെ. വെളുത്തകുഞ്ഞ് |
| മെമ്പർമാർ | ശ്രീ. ജോസഫ് തോമസ് (വാർഡ് 1) |
| | ശ്രീമതി കനകമ്മ ഭാസ്കരൻ (വാർഡ് 2) |
| | ശ്രീമതി. എൽ. പാറുക്കുട്ടിയമ്മ (വാർഡ് 3) |
| | ശ്രീമതി. മറിയാമ്മ ജോളിച്ചൻ (വാർഡ് 6) |
| | ശ്രീ. എം.ബി. ഉണ്ണിക്കൃഷ്ൻ (വാർഡ് 8) |
| | ശ്രീ. വർഗ്ഗീസ് ജോസഫ് വല്യാക്കൽ (വാർഡ് 9) |
| | ശ്രീ. ജെയിംസ് തിരുനിലം (വാർഡ് 10) |

I.00



# ഭൂപ്രകൃതി, ജലപ്രകൃതി ജനപ്രകൃതി

## ഭൂപ്രകൃതി

കുട്ടനാട് എന്ന കാർഷിക കാലാവസ്ഥ മേഖലയിലാണ് നെടുമടി പഞ്ചായത്ത് ഉൾപ്പെടുന്നത്. കാർഷിക-പാരിസ്ഥിതിക ഘടകങ്ങളെ (Agro-Ecological Zones) അടിസ്ഥാനമാക്കി കുട്ടനാട് പ്രദേശത്തെ 6 വിഭാഗങ്ങളായി തിരിച്ചിട്ടുള്ളതിൽ 'ലോവർ കുട്ടനാട്' പ്രദേശത്ത് ഉൾപ്പെട്ടതാണ് നെടുമുടി പഞ്ചായത്തും.

പമ്പാനദിയും കൈവഴികളുമാണ് പഞ്ചായത്തിനെ തിരിച്ചിട്ടുള്ളത്. പഞ്ചായത്തിന് കിഴക്കുഭാഗത്തുകൂടി പമ്പാനദിയും തെക്കുഭാഗത്തുകൂടി പടിഞ്ഞാറു തിരിഞ്ഞ് പൂകൈതയാറും ഒഴുകുന്നു.

| | | | |
|---|---|---|---|
| അതിര്: | കിഴക്ക് | - | ചമ്പക്കുളം പഞ്ചായത്ത് |
| | പടിഞ്ഞാറ് | - | അമ്പലപ്പുഴ, പുന്നപ്ര, പഞ്ചായത്തുകൾ. |
| | വടക്ക് | - | കൈനകരി പഞ്ചായത്ത് |
| | തെക്ക് | - | തകഴി പഞ്ചായത്ത് |

### മണ്ണ്

കുട്ടനാട്ടിലെ ഉൾനാടൻ ജലമാർഗങ്ങളുടെയും നദികളുടെയും തീരത്ത് കാണുന്ന മണ്ണാണ് ഇവിടെയും കണ്ടുവരുന്നത്. ഇത് നദിയിലൂടെ വരുന്ന എക്കൽമണ്ണാണ്. കടൽ നിരപ്പിന് ശരാശരി രണ്ടുമീറ്റർ താഴെയാണ് ഈപ്രദേശം. മണ്ണ് വളരെ ആഴത്തിലുള്ളതും വെള്ളം കെട്ടിനിൽക്കുന്നതുമാണ്. കറുത്ത ചാരനിറത്തിലുള്ള മണ്ണിൽ കളിമണ്ണും, എക്കലും അധികമുണ്ട്. അമ്ലാംശവും ലവണാംശവും അധികമാണ്. അഴുകിയ ജൈവപദാർത്ഥങ്ങളും ധാരാളമുണ്ട്. സസ്യങ്ങൾക്കാവശ്യമായ ഫോസ്ഫറസ് കുറവാണ്.

### ഭൂവിനിയോഗം

നെടുമുടി പഞ്ചായത്തിന്റെ ഭൂവിസ്തൃതി 25.98 ചതുരശ്ര കി.മീറ്ററാണ്. ഇതിൽ 20.22 ചതുരശ്ര കിലോമീറ്റർ നെടുമുടി വില്ലേജിലും 5.76 ചതുരശ്ര കിലോമീറ്റർ കൈനകരി തെക്കുവില്ലേജിലുമാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രധാനകൃഷി നെല്ലാണ്.

## പ്രധാനകാർഷിക വിളകളും അവയുടെ ഭൂവിസ്തൃതിയും

(പട്ടിക 1)

| വിള | ഭൂവിസ്തൃതി |
|---|---|
| നെല്ല് | 2090 ഹെക്ടർ |
| തെങ്ങ് | 380 " |
| വാഴ | 180 " |
| പച്ചക്കറികൾ | 25 " |
| കുരുമുളക് | 1 " |
| കവുങ്ങ് | 15 " |

പഞ്ചായത്തിലെ ആകെ ജനസംഖ്യ 21,771 ആണ്. ഇതിൽ 4229 പേരാണ് കർഷകർ. (19.42%). ആകെ കർഷകരിൽ 90.65% നാമമാത്ര കർഷകരാണ്. 8.28% ചെറുകിട കർഷകരും, 1.06% വൻകിടകർഷകരുമാണ്.

### ജലം

ഇവിടുത്തെ ജലാശയങ്ങളിലെ വെള്ളത്തിൻെറ താപനില ഏറ്റവും കുറഞ്ഞത് 24 ഡിഗ്രി സെൻറീഗ്രേഡും കൂടിയത് 35 ഡിഗ്രി സെൻറീഗ്രേഡും ആണ്. ജലത്തിലെ ഓക്സിജൻെറ അളവ് 30 ഡിഗ്രി സെൻറീഗ്രേഡിൽ 7-8 മില്ലീഗ്രാം പെർ ലിറ്റർ എന്ന തോതിലാണ്. പ്രധാന ജലാശയങ്ങളിലെല്ലാം ലയിച്ചു ചേർന്ന ഓക്സിജൻെറ അളവ് 5 മില്ലീഗ്രാം പെർ ലിറ്റർ എന്ന തോതിൽ കുറയാറില്ല. ബയോളജിക്കൽ ഓക്സിജൻെറ ഡിമാൻറ് (ബി.ഒ.ഡി.) വളരെ അപൂർവമായി മാത്രമെ 5-ൽ കൂടാറുള്ളൂ. ഓക്സിജൻെറ അളവ് ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം അനുവദനീയമാ തോതിലാണ് കാണപ്പെടുന്നത്.

കാൽസ്യം, മഗ്നീഷ്യം എന്നീ മൂലകങ്ങൾ അളവ് അനുവദനീയ അളവിലാണ്. ജലത്തിലെ രോഗകാരികളായ എണ്ണമാണ് ജലത്തിൻെറ ഗുണപരിശോധനയ്ക്കായി പരിഗണിച്ച ഘടകം. മനുഷ്യമലത്തിൽ കൂടി വെള്ളത്തിലെത്തുന്ന എസ്ചെരീഷ്യ കൊളൈ (Escherischia Coli) എന്നീ ബാക്ടീരിയകളുടെ എണ്ണം വേനൽക്കാലത്ത് വർഷകാലത്തേക്കാൾ മൂന്നിരട്ടിയിലധികമാണ്. 100 മി.ലിറ്റർ വെള്ളത്തിൽ 500 മുതൽ 5000 വരെ കാണാറുണ്ട്. 100. മി.ലിറ്ററിൽ 20 എണ്ണമാണ് കുടിവെള്ളത്തിൽ അനുവദനീയമായത്.

ഭൂഗർഭജലത്തിൻെറ അളവിനേയും ഗുണത്തേയും സംബന്ധിച്ച് വ്യക്തമായ പഠനങ്ങൾ നടത്തിയിട്ടില്ല. സംസ്ഥാന ശരാശരിയേക്കാൾ കുറവ് മഴ മാത്രമെ ലഭിക്കുന്നുള്ളൂ എന്നാണ് മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ നിന്നും ലഭിച്ച Rain Fall Data പ്രകാരം (പട്ടിക-2) മനസ്സിലാകുന്നത് ശരാശരി പ്രതിവർഷ മഴ ലഭ്യത 281.72 mm ആണ്. ഏറ്റവും അധികം മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ്. ആകെ ലഭിക്കുന്ന മഴയുടെ 59.74 ശതമാനം വരും ഈ മാസങ്ങളിലെ മഴ.

Rain Fall Date from 1992 January (in mm) (പട്ടിക 1)

| Year | Jan | Feb | Mar | Apr | May | June | July | Aug | Sept | Oct | Nov | Dec | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1992<br>No. of days | Nil<br>(0) | 4.5<br>(1) | Nil<br>(0) | 6.2<br>(2) | 276.4<br>(13) | 654.8<br>(24) | 586.8<br>(26) | 461<br>(22) | 324.2<br>(12) | 383<br>(18) | 322.6<br>(18) | 6.2<br>(2) | 3025.7<br>(128) |
| 1993<br>No. of days | nil<br>(0) | 2<br>(1) | 7<br>(1) | 78.1<br>(8) | 202.4<br>(18) | 911.5<br>(26) | 780.8<br>(26) | 177<br>(14) | 181.2<br>(10) | 604.1<br>(18) | 203.5<br>(12) | 35.6<br>(2) | 3163.2<br>(136) |
| 1994<br>No. of days | 4.6<br>(1) | 40.5<br>(3) | 59<br>(3) | 107<br>(7) | 241.8<br>(12) | 583<br>(23) | 649<br>(23) | 356<br>(19) | 188.3<br>(12) | 403.6<br>(23) | 114<br>(6) | 1.4<br>(1) | 2748.2<br>(133) |
| 1995<br>No. of days | 12.2<br>(2) | nil<br>(0) | 69.6<br>(5) | 180.8<br>(15) | 324.9<br>(19) | 592.6<br>(23) | 619<br>(24) | 425.9<br>(19) | 343.1<br>(18) | 218.4<br>(15) | 117.8<br>(10) | Nil<br>(0) | 2874.2<br>(133) |
| 1996<br>No. of days | 18.8<br>(2) | nil<br>(0) | nil<br>(0) | 134.6<br>(1) | 116.6<br>(9) | 473.8<br>(20) | 516.6<br>(25) | 236.2<br>(22) | | | | | 1496.6<br>(79) |

## ജൈവ സമ്പത്ത്

പഞ്ചായത്തിൽ വളർത്തു മൃഗങ്ങളുടെ വിവരങ്ങൾ പട്ടിക 3-ൽ കൊടുക്കുന്നു. (1986 -ലെ കന്നുകാലി സെൻസസ്) 1996-ലെ സെൻസസ് വിവരങ്ങൾ പൂർണ്ണമായും ലഭ്യമല്ലെങ്കിലും വളർത്തുമൃഗങ്ങളുടെ കാര്യത്തിൽ നേരിയ വ്യതിയാനമേ സംഭവിച്ചിട്ടുള്ളൂ.

തുമ്പ, ആടലോടകം, ചെത്തി, ചെമ്പരത്തി, തുളസി, കിഴുകാനെല്ലി, മുത്തങ്ങ, പനിക്കർൂക്ക, ചെറുപൂള, ആര്യവേപ്പ്, മൈലാഞ്ചി, കൂവളം, കുറുന്തോട്ടി, കരിനെച്ചി, കയ്യുന്നി, പൂവൻ കുറിന്നിൽ, കുടവൻ, കറുക, ആവണക്ക്, പർപ്പടപ്പുല്ല്, ചുണ്ട, ബ്രഹ്മി എന്നീ ഔഷധ സസ്യങ്ങളാണ് ഇവിടുള്ളത്. ഇവയിൽ പലതും സംരക്ഷിക്കേണ്ട സസ്യങ്ങളാണ്. അല്ലെങ്കിൽ ഈ ഔഷധ സസ്യങ്ങൾ അന്യമാകുന്ന കാലം വിദൂരമല്ല.

**ഈ പ്രദേശത്ത് കാണുന്ന പക്ഷികളുടെ പേരുവിവരം ചുവടെ കൊടുക്കുന്നു.**

1) കാക്ക (പേനക്കാക്കയെന്നും, ബലിക്കാക്കയെന്നും പേരുള്ള കാക്കകളുണ്ട്. കൂടുതലായി കാണുന്നത് പേനക്കാക്കയാണ്.)
2) മൈന (Common Mynaയാണ് ഇവിടെ കാണുന്ന ഇനം).
3) മണ്ണാത്തിപ്പുള്ള് (Magpie Robbin)
4) ചെമ്പോത്ത് (ഉപ്പൻ ചകോരം എന്നും പേരുണ്ട്) (Crow Pheosant).
5) സൂചിമുഖി (കറുപ്പൻ തേൻ കിളിയാണ് ഈ ഇനത്തിൽ കണ്ടുവരുന്നത്) (Purple Sunbird)
6) നാട്ടു ബുൾ ബുൾ (Redvented Bul Bul) ഇരട്ടത്തലച്ചി ബുൾ ബുളിനെ അപൂർവ്വമായി കാണാറുണ്ട്.
7) ഓലേഞ്ഞാലി (Indian tree pie)
8) തത്ത (നാട്ടുതത്തയാണ് ഇവിടെ കാണുന്നത്) (Rose ringed parakeet)
9) മഞ്ഞ കറുപ്പൻ (Black headed Oriole).
10) തുന്നാരൻ (Tailor Bird)
11) ആറ്റക്കുരുവി (തൃക്കണാം കുരുവി എന്നും പേരുണ്ട്) (Banya Sparrow)
12) കരിങ്കുയിൽ (Indian Koel)
13) ചക്കിപ്പരുന്ത് (Pariah Kite)
14) ചിന്ന കുട്ടുറുവൻ (Small Green Barbet)
15) ചെറിയ മീൻ കൊത്തി (ഇതിനെ നീലപ്പൊൻമാൻ എന്ന് വിളിക്കാറുണ്ട്.) (Common King Fisher)
16) മീൻകൊത്തി ചാത്തൻ (White breasted King Fisher)
17) ആനറാഞ്ചി (Black drongo)
18) നത്ത് (കൂമൻ) (Owlet)
19) കുളകൊക്ക് (Paddy Bird)
20) മുങ്ങാം കോഴി (Little Grebe)
21) മുണ്ടി (Egret)
22) മൂങ്ങ (owl)
23) കൊക്ക് (Heron)
24) മഴങ്കൊച്ച (Chert nut Bittern)
25) കരിങ്കൊച്ച (Black Bittern)
26) കരുവാരക്കുരു (White necked stark)
27) കുളക്കോഴി (White brearted water hen)
28) പ്രാവ് (അരിപ്രാവ്, അമ്പലപ്രാവ് എന്നീ രണ്ടിനങ്ങൾ ഉണ്ട്) (Pegeon)
29) മരംകൊത്തി (Kerala Golden backed wood peeker)
30) നാടൻ ഇലക്കിളികൾ (Jerdon's Chloropsis)

എന്നിവയാണ് സ്ഥിരവാസപക്ഷികളുടെ ഗണത്തിലുള്ളത്, എരണ്ട, കത്രികവാലൻ, നാടമോഹൻ, വാലുകുലുക്കി എന്നീ ദേശാടന പക്ഷികൾ ഇവിടെയെത്താറുണ്ട്. സ്ഥിരവാസിയാണോ ദേശാടന വാസിയാണോ എന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്ത 'പുള്ള്' ഈ പഞ്ചായത്തിൽ കാണുന്ന പക്ഷികളിൽ ഒന്നാണ്. കോഴി, താറാവ്, കാട, ഗിനി, കൾക്ക്, പാത്ത എന്നീ പക്ഷികളെ വീടുകളിൽ വളർത്തുന്നുണ്ട്.

## ജനപ്രകൃതി.

1991-ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 21771 ആണ്. 11065 സ്ത്രീകളും 10706 പുരുഷന്മാരും ഉണ്ട്. സ്ത്രീകൾ പുരുഷന്മാരേക്കാൾ 359 പേർ കൂടുതലാണ്. സ്ത്രീപുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1033 സ്ത്രീകളാണ്. എന്നാൽ ആറാം വാർഡിന്റെ ചിത്രം കേരളത്തിലേയും പഞ്ചായത്തിലേയും സ്വഭാവങ്ങൾക്ക് ഘടകവിരുദ്ധമാണ് എന്നത് രസകരമായി തോന്നുന്നു. ആറാം വാർഡിലെ സ്ത്രീ പുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 966 സ്ത്രീകളാണ്. ജനസാന്ദ്രത ചതുരശ്ര കി. മീറ്ററിന് 838 ആണ്. പട്ടികജാതി ജനസംഖ്യ 1069. ആകെ ജനസംഖ്യയുടെ 4.91% (സ്ത്രീകൾ 963, പുരു: 967) പട്ടിക വർഗ്ഗ വിഭാഗത്തിൽ 5 പേർ മാത്രമാണുള്ളത്. 0-6 വയസ്സിൽപ്പെട്ട

കുട്ടികൾ 2197. ഇതിൽ ആൺകുട്ടികളാണ് കൂടുതൽ (1128) പെൺകുട്ടികൾ 1069. പുതിയ തലമുറയിൽ സ്ത്രീ പുരുഷ അനുപാതത്തിൽ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ ചില സൂചനകളാണിത്.

19080 പേർ സാക്ഷരരാണ്. ഇതിൽ 9443 പേർ പുരുഷന്മാരും 9637 പേർ സ്ത്രീകളുമാണ്. സാക്ഷരതാ ശതമാനം 97.48%. സ്ത്രീ സാക്ഷരത 96.4%. പുരുഷന്മാരുടേത് 98.6%. ഒരു വീട്ടിലെ ശരാശരി അംഗസംഖ്യ 5.1 ആണ്.

## 1991-ലെ സെൻസസ് കണക്ക്

| ward No. | വിടുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | ആകെ | ജനസംഖ്യ പുരു: | സ്ത്രീ | ജനസംഖ്യ 0-06, വയസ്സ് ആകെ | പു | സ്ത്രീ | S.C. പുരു | സ്ത്രീ | S.T. പുരു | സ്ത്രീ | സാക്ഷരത പുരു | സ്ത്രീ | സാക്ഷരതാ % |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 333 | 333 | 1773 | 885 | 888 | 183 | 91 | 92 | 30 | 25 | | | 786 | 785 | 98.8 |
| 2 | 455 | 459 | 2392 | 1150 | 1242 | 268 | 139 | 129 | 68 | 78 | | | 993 | 1068 | 97 |
| 3 | 365 | 365 | 2811 | 875 | 936 | 292 | 96 | 96 | 129 | 125 | | | 764 | 801 | 96.7 |
| 4 | 529 | 429 | 2759 | 1351 | 1408 | 290 | 158 | 132 | 172 | 181 | 2 | 3 | 1186 | 1241 | 98.3 |
| 5 | 470 | 470 | 2384 | 1166 | 1218 | 198 | 103 | 95 | 107 | 105 | | | 1050 | 1089 | 97.8 |
| 6 | 586 | 486 | 3093 | 1573 | 1520 | 306 | 158 | 148 | 164 | 133 | | | 1383 | 1323 | 97 |
| 7 | 350 | 354 | 1810 | 901 | 909 | 195 | 100 | 95 | 27 | 29 | | | 794 | 787 | 97.9 |
| 8 | 496 | 396 | 2439 | 1196 | 1243 | 245 | 128 | 117 | 88 | 104 | | | 1058 | 1082 | 97.5 |
| 9 | 337 | 337 | 1735 | 358 | 877 | 165 | 86 | 79 | 113 | 111 | | | 764 | 769 | 97.6 |
| 10 | 314 | 314 | 1575 | 751 | 824 | 155 | 69 | 86 | 69 | 72 | | | 665 | 692 | 95.6 |

### ദേശീയ, സംസ്ഥാന, ജില്ലാ, താലൂക്ക്, ബ്ലോക്ക്, പൊതുസ്ഥിതിയുമായി നെടുമുടി പഞ്ചായത്തിനെ താരതമ്യം ചെയ്യുന്നതിന് ഈ പട്ടിക കാണുക

| | ഇന്ത്യ | കേരളം | | | ആലപ്പുഴ ജില്ല | | | കുട്ടനാട് താലൂക്ക് | | | ചമ്പക്കുളം ബ്ലോക്ക് | | | നെടുമുടി പഞ്ചായത്ത് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | F | M | T | F | M | T | F | M | T | F | M | T | F | M | T |
| 1. സാക്ഷരത % | 52% | 86.17 | 93.62 | 89.81 | 91.12 | 96.79 | 93.87 | 95.98 | 98.44 | 97.19 | 95.45 | 98.2 | 96.80 | 96.4 | 98.6 | 97.48 |
| 2. ജനസാന്ദ്രത | 257/k.m.2 | 749/k.m.2 | | | 1415/km 2 | | | 790/km 2 | | | 813/km 2 | | | 838/km 2 | | |
| 3. സ്ത്രീപുരുഷ അനുപാതം (1000 പുരുഷന്മാർക്ക്) | 929 | 1036 | | | 1051 | | | 1027 | | | 1040 | | | 1033 | | |
| 4. ഒരു വീട്ടിലെ ശരാശരി അംഗസംഖ്യ | 5.6 | 5.3 | | | 4.9 | | | 5.2 | | | 5.1 | | | 5.1 | | |
| 5. പട്ടികജാതി/വർഗ്ഗ ജനസംഖ്യ | 23.6 | 11.00 | | | 9.91 | | | 8.41 | | | 9.01 | | | 3.88 | | |

III.00



# ചരിത്രം

ആലപ്പുഴ ജില്ലയിൽ ആലപ്പുഴ മുനിസിപ്പാലിറ്റിക്ക് കിഴക്കായി 12 പഞ്ചായത്തുകൾ ഉൾക്കൊള്ളുന്നതാണ് കുട്ടനാട് താലൂക്ക്. ഈ താലൂക്കിൻെറ പടിഞ്ഞാറെ അരികിൽ ഏതാണ്ട് മദ്ധ്യഭാഗത്തായി പമ്പയാറിൻെറ കൈവരികളാൽ ചുറ്റപ്പെട്ടുകിടക്കുന്നതും 25.98 ചതുരശ്ര കി. മീറ്റർ വിസ്തൃതി ഉള്ളതുമായ പ്രദേശമാണ് നെടുമുടി.

നെടുമുടിയുടെ ചരിത്രം സ്വാഭാവികമായും കുട്ടനാടിൻെറ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്ന സംഘകാല കൃതികളിലും പെരിപ്ലസിൻെറ കർത്താവായ പ്ലീനി മുതൽ ആധുനിക ചരിത്രകാരനായ ശ്രീധരമേനോൻെറ വരെയുള്ള കൃതികളിലും കുട്ടനാടിനെ സംബന്ധിച്ച പരാമർശങ്ങളുണ്ട്. ഇങ്ങിനെയൊക്കെയാണെങ്കിലും 'കുട്ടനാട്' എന്ന പേരിനെ സംബന്ധിച്ചുചരിത്രകാരന്മാർക്ക് ഏകാഭിപ്രായമില്ല എന്ന വസ്തുത കൂടി പരിഗണിക്കേണ്ടതുണ്ട്.

ചരിത്രാതീതകാലത്തുണ്ടായ ഭൂമികുലുക്കത്തിലോ കടൽക്ഷോഭം മൂലമുണ്ടായ അവസ്ഥാ വിശേഷത്തിൻെറ ഫലമായോ ഈ പ്രദേശം സമുദ്രനിരപ്പിൽ നിന്നും 2-2 1/2 മീറ്റർ താഴ്ന്ന ചതുപ്പു പ്രദേശമായി മാറ്റപ്പെട്ടതെന്ന് പണ്ഡിതമതം. ദാരുണമായ ഈ പ്രകൃതിക്ഷോഭത്തെത്തുടർന്ന് ഒരുവൻ സമൂഹം മരിച്ചുപോവുകയോ കിഴക്കൻ പ്രദേശങ്ങളിലേയ്ക്ക് കുടിയേറുകയോ ചെയ്തിട്ടുണ്ടാവാം. ശേഷിച്ചവർ അവശേഷിച്ച ഭൂഭാഗങ്ങളിൽ താവളമടിച്ച് കഴിഞ്ഞുവരുകയും അവർ ഭൂമി വാസയോഗ്യവും കൃഷിയോഗ്യവുമാക്കി തീർക്കുകയും ചെയ്തു. ഇങ്ങനെ അങ്ങിങ്ങായുള്ള തുരുത്തുകളോടു കൂടിയ ജലപ്പരപ്പായ പ്രദേശം വെള്ളത്തിനടിയിൽ നിന്നും കുത്തിയെടുത്തനാട് എന്ന അർദ്ധത്തിൽ 'കുട്ടനാട്' ആയെന്നും ഒരു വാദമുണ്ട്. കരുമാടിയിൽ കണ്ടെത്തിയ ബുദ്ധവിഗ്രഹത്തെ (കരുമാടിക്കുട്ടൻ എന്നു വിളിക്കപ്പെടുന്നു) അടിസ്ഥാനപ്പെടുത്തി ബുദ്ധമതത്തിന് ഏറെ വേരോട്ടമുണ്ടായിരുന്ന നാട് എന്ന നിലയ്ക്ക് ബുദ്ധനാട് 'കുട്ടനാട്' ആയെന്നും മറ്റൊരു വാദമുണ്ട്. കുട്ടുവന്മാർ (ചേരവംശം) ഭരിച്ചതിനാൽ 'കുട്ടനാട്' ആയിയെന്നും പറയപ്പെടുന്നു. എന്തായാലും കേരളത്തിൻെറ സാമൂഹ്യ സാംസ്കാരിക ചരിത്രത്തിൽ കുട്ടനാടിന് പ്രമുഖമായൊരു സ്ഥാനമുണ്ട്.

നെടുമുടി പഞ്ചായത്തിലെ ചമ്പക്കുളത്ത് അങ്ങാടി

പണ്ട് കല്ലൂർക്കാട് അങ്ങാടി എന്നാണ് അറിയപ്പെട്ടിരുന്നത്. സ്വതന്ത്ര്യരാജ്യമായിരുന്ന ചെമ്പകശ്ശേരി രാജ്യത്തിന്റെ ഭാഗമായ ഈ പ്രദേശം ഒരു ബ്രാഹ്മണനാടുവാഴിയുടെ കീഴിൽ ആയിരുന്നു അന്ന് (നെടുമുടി). കല്ലൂർക്കാട്ട് അങ്ങാടിയുടെ വില നിലവാരം രാജ്യത്തെ (ചെമ്പകശ്ശേരി) അംഗീകൃത വിലനിലവാരമായിരുന്നത്രെ. അക്കാലത്തെയും ഇന്നത്തെയും അംഗീകൃത 'പറ' 'കല്ലൂർക്കാടൻ പറ'യാണ്.

A.D 427ൽ കല്ലൂർക്കാട്ട് പള്ളി സ്ഥാപിതമായി. തുടർന്നുള്ള കാലഘട്ടത്തിൽ ചെമ്പകശ്ശേരി കൊട്ടാരവും, അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രവും ഒക്കെ തമ്മിൽ ബന്ധപ്പെട്ട ധാരാളം ഐതിഹ്യങ്ങൾ ഈ പ്രദേശവുമായി ബന്ധപ്പെട്ടുണ്ട്. ചെമ്പകശ്ശേരി രാജാവിന്റെ അനുമതിയോടും സഹായത്തോടും കൂടിയാണ് ഇപ്പോഴുള്ള കല്ലൂർക്കാട്ട് പള്ളിയുടെ ജീർണ്ണോദ്ധാരണം നിർവ്വഹിക്കപ്പെട്ടത്.

ചെമ്പകശ്ശേരി രാജാവ് അമ്പലപ്പുഴയിൽ ശ്രീകൃഷ്ണ ക്ഷേത്രം നിർമ്മാണം ആരംഭിച്ചു. പ്രതിഷ്ഠാസമയം അടുത്ത ഘട്ടത്തിൽ മാത്രമാണ് തയ്യാറാക്കിയ വിഗ്രഹം അനുയോജ്യമല്ലായെന്നും പ്രശ്നവിധിപ്രകാരം അനുയോജ്യമായിക്കണ്ടത് ശത്രുരാജ്യമായ വടക്കുംകൂർ രാജാവിന്റെ അധീനതയിലുള്ള കുറിച്ചി - കരിങ്കുളം ക്ഷേത്രത്തിലെ വിഗ്രഹം ആയിരുന്നു. വിശ്വസ്തനായ ഒരു സഹായിയേയും പടയാളികളേയും രാജാവ് കുറിച്ചിയിലേയ്ക്കയച്ചു. കുറിച്ചിയിൽ നിന്നും പാർത്ഥസാരഥി വിഗ്രഹം കൊണ്ടുവരുന്നതിനിടയ്ക്ക് ചമ്പക്കുളത്തെ പ്രമുഖ ക്രൈസ്തവ തറവാടായ മാപ്പിളശ്ശേരി കടവിൽ എത്തിയപ്പോൾ നേരം പുലരുകയും വിഗ്രഹം മാപ്പിളശ്ശേരിയിൽ ഇറക്കിവച്ചു എന്നും, വിവരമറിഞ്ഞ് വള്ളങ്ങളിലും മറ്റുമായി എത്തിച്ചേർന്ന എല്ലാജാതി മതവിഭാഗങ്ങളിലുംപെട്ട ജനങ്ങൾ ഘോഷയാത്രയായി വിഗ്രഹം മഠത്തിൽ ക്ഷേത്ര (പഞ്ചായത്ത് ഓഫീസിനോട് ചേർന്ന്) ത്തിൽ എത്തിച്ച് പ്രഭാതപൂജ നടത്തുകയും വിഗ്രഹം എത്തിയതറിഞ്ഞ് മഹാരാജാവ് പരിവാരങ്ങളോടെ എഴുന്നള്ളി അമ്പലപ്പുഴയ്ക്ക് കൊണ്ടുപോയി എന്നുമാണ് ഐതിഹ്യം. ആണ്ടോടാണ്ട് മിഥുനമാസത്തിലെ മൂലംനാളിൽ ആഘോഷിക്കപ്പെടുന്ന പ്രസിദ്ധമായ വള്ളംകളി ഈ ഘോഷയാത്രയുടെ ഓർമ്മയായി ഇന്നും തുടർന്നുപോരുന്നു. ഇന്നും വള്ളംകളിക്ക് ഒരു പ്രത്യേകചടങ്ങായി ഒരു കൊടിയും കയറും കല്ലൂർക്കാട്പള്ളിയിൽ നിന്നും പ്രസിദ്ധ ഈഴവ തറവാടായ ചെമ്പകപ്പള്ളിയിലെ കാരണവന്മാർ ഏറ്റുവാങ്ങി രണ്ടുകെട്ടുവള്ളം ഇണച്ചുകെട്ടി അതിൽ ഉയർത്താറുണ്ട്. കല്ലൂർക്കാട് പള്ളിയിൽ ഇതോടനുബന്ധിച്ച് 'വെടിവെയ്ക്കുന്ന' പതിവും ഉണ്ട്.

15-ാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ ഉദയം ചെയ്ത ചെമ്പകശ്ശേരി രാജവംശവും നെടുമുടിയുമായി അടുത്ത ബന്ധമാണുള്ളത്. രാജാവിന്റെ ആചാര്യസ്ഥാനീയനായ ദ്രോണപ്പള്ളിയുടെയും ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായിരുന്ന കുഞ്ചൻ നമ്പ്യാരുടെയും സാന്നിധ്യം ഈ പഞ്ചായത്തിനുണ്ടായിരുന്നിട്ടുണ്ട്. കുഞ്ചൻ നമ്പ്യാർ തന്റെ പ്രശസ്തമായ പല കൃതികൾക്കും ജന്മം കൊടുത്തത് മാത്തൂർ കുടുംബത്തിൽ വച്ചായിരുന്നു. അദ്ദേഹത്തിന്റെ എഴുത്തുനാരായവും, എഴുത്തോലകളും അടുത്തകാലം വരെ മാത്തൂർകുടുംബത്തിൽ ഉണ്ടായിരുന്നുവത്രെ. ചെമ്പകശ്ശേരിയുടെ സേനാനായകനായ മാത്തൂർപണിക്കരുടെ ആസ്ഥാനവും നെടുമുടിയായിരുന്നു. മാത്തൂർ കളരി ആയോധനവിദ്യയ്ക്കും കഥകളിയ്ക്കും പേർകെട്ടതായിരുന്നു. പിന്നീട് ചെമ്പകശ്ശേരി നാടുവാഴി കുടമാളൂർക്ക് താമസം മാറ്റി. കുടമാളൂർ നിന്നും അമ്പലപ്പുഴ ശ്രീകൃഷ്ണ ക്ഷേത്രത്തിലെത്തി തൊഴാറുണ്ടായിരുന്ന നാടുവാഴിയുടെ സൗകര്യാർത്ഥം അദ്ദേഹത്തിന്റെ ഉപനായകന്മാരിലൊരാളായിരുന്ന വെള്ളൂർ കുറുപ്പ് ഒരു രാത്രികൊണ്ട് വെട്ടിത്തുറന്നതാണത്രെ 'ചെമ്പകശ്ശേരി തോട്'.

നെടുമുടിയെപ്പറ്റി ആധികാരികമായ ചില പരാമർശങ്ങൾ കണ്ടെത്താൻ കഴിഞ്ഞത് ബ്രിട്ടീഷ് ഭരണകാലത്തെ ചില രേഖകളിലാണ്. 1816 മുതൽ 1827 വരെ കുട്ടനാട്ടിൽ സർവ്വേ നടത്തിയ വാർഡ്, കോൺ എന്നീ വിദേശസർവ്വേയർമാരുടെ റിപ്പോർട്ടിലാണ് നെടുമുടിയെപ്പറ്റി പരാമർശങ്ങളുള്ളത്. "കുട്ടനാട്ടിൽ 12 പകുതികളും 72 കരകളുമാണുള്ളത്. 12 പകുതികളിലൊന്നാണ് നെടുമുടി. ആറിന്റെ തീരത്തായി ഒരു പഴക്കം ചെന്ന നെൽപ്പുരയും ക്ഷേത്രവും കാണാം. നദീതീരത്തുതന്നെ ഒരു പള്ളിയും. പള്ളിക്ക് അഞ്ഞൂറുഗജം തെക്കുമാറി ചതുരാകൃതിയിൽ ഒരു കൊട്ടാരമുണ്ട്. ബ്രാഹ്മണർക്ക് താമസിക്കാനുള്ള കൊട്ടാരമാണത്". എന്നെല്ലാം റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

മാത്തൂരിലെ ആയുധ അഭ്യാസക്കളരിയും, 500 ലധികം ചെറുവള്ളങ്ങളിൽ സദായുദ്ധസന്നദ്ധരായിരുന്ന

ചാവേർപടയുടെ അധിവാസവും, ക്രിസ്ത്യാനികളുടെ കാർഷിക വ്യാവസായിക വൈദഗധ്യവും ഒത്തുചേർന്ന ഒരു നാടിന്റെ 'നെടിയമുറി' പിന്നീട് 'നെടുമുടി'യായി രൂപാന്തരപ്പെടുകയായിരുന്നു എന്നാണ് സ്ഥലനാമചരിത്രം.

രണ്ടു നൂറ്റാണ്ടുകാലത്തെ ബ്രിട്ടീഷ് അടിമത്ത ഭരണം അവസാനിപ്പിക്കുന്നതിനുള്ള ഉജ്ജ്വലവും ഐതിഹാസികവുമായ സ്വാതന്ത്ര്യസമരപോരാട്ടത്തിൽ വീറുറ്റ അദ്ധ്യായങ്ങൾ എഴുതിച്ചേർക്കുവാനും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സി. ചാക്കോ കാഞ്ഞുപ്പറമ്പൻ, കെ.സി. നൈനാൻ, കുട്ടനാട് രാമകൃഷ്ണപിള്ള, ജോസഫ് പൂത്തറ (സീനിയർ). എ.കെ. നാരായണൻ, പി.എസ്സ്. വേലായുധൻ. എൻ.റ്റി. എബ്രാഹം, തുരുത്തേൽ പാപ്പച്ചൻ, എസ്സ്. ഭാസ്ക്കരൻ നായർ, തോമസ് ത്രിവേണി, പി.സി. ചാക്കോ, വെട്ടിച്ചിറ ഗോപാലപ്പിള്ള തുടങ്ങിയവരായിരുന്നു ആദ്യകാല സ്വാതന്ത്ര്യസമരസേനാനികൾ. സ്വാതന്ത്ര്യസമരകാലത്തെ പല ആലോചനകളും നടത്തിയിരുന്നത് മൂന്നാറ്റിൻ മുഖത്തെ തുരുത്തേൽ വസതിയിൽ വച്ചായിരുന്നു. ഇന്നു ജീവിച്ചിരിപ്പുള്ള സ്വാതന്ത്ര്യസമരസേനാനികളിൽ പ്രധാനി തുരുത്തേൽ പാപ്പച്ചൻ തന്നെയാണ്.

സ്വാതന്ത്ര്യ സമരപോരാട്ടത്തിൽ ത്യാഗോജ്ജ്വലവും ധീരവുമായ നിരവധി പ്രവർത്തനങ്ങൾ ഈ നാട്ടിൽ നടക്കുകയുണ്ടായി. കുട്ടനാട്ടിലെ ആദ്യത്തെ സ്വാതന്ത്ര്യസമര സമ്മേളനം സി. ചാക്കോ കാഞ്ഞൂപ്പറമ്പന്റെ നേതൃത്വത്തിൽ നെടുമുടിയിൽ പൊങ്ങപ്പാടശേഖരത്തിന്റെ പുറംവേലിയിൽ വച്ചായിരുന്നു. സമരപ്രവർത്തനങ്ങൾക്ക് സ്ഥലം അനുവദിച്ചാൽ ആ സ്ഥലം സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്ന കിരാതഭരണത്തിനെതിരെ പുറംവരമ്പിൽ യോഗം സംഘടിപ്പിച്ചാണ് സമരസേനാനികൾ പ്രതികരിച്ചത്. നിയമലംഘന പ്രസ്ഥാനത്തോടു ബന്ധപ്പെട്ട് നടത്തിയ യോഗത്തിന് സ്ഥലം നൽകുവാൻ ആരും തയ്യാറാകാതിരുന്നതിനെത്തുടർന്ന് മൂന്നാറ്റുംമുഖത്ത് കെട്ടുവള്ളങ്ങൾ ഇണച്ചുകെട്ടി തട്ടിട്ട് യോഗം നടത്തിയത് ഇന്നും രാജ്യസ്നേഹികൾക്ക് രോമാഞ്ചം ജനിപ്പിക്കുന്ന സംഭവമാണ്. ഈ യോഗത്തിൽ നിന്നും സി. ചാക്കോ കാഞ്ഞൂപറമ്പൻ, വെട്ടിച്ചിറ ഗോപാലപിള്ള, കെ.സി. നൈനാൻ എന്നിവരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി.

സ്വാതന്ത്ര്യസമരപ്രവർത്തനങ്ങൾക്കായി ജീവൻ പണയപ്പെടുത്തിയ ധീരരായ സ്വാതന്ത്ര്യസമരസേനാനികളുടെ പ്രവർത്തനങ്ങൾക്ക് ആയിരം മടങ്ങ് ഉൽസാഹം ജനിപ്പിച്ച സംഭവമായിരുന്നു ഗാന്ധിജിയുടെ നെടുമുടി സന്ദർശനം. നെടുമുടി കൊട്ടാരത്തിൽ എത്തിയ അദ്ദേഹം ഈ പഞ്ചായത്തിലെ പല സ്ഥലങ്ങളും സന്ദർശിച്ച കൂട്ടത്തിൽ ഹരിജനോദ്ധാരണത്തിന്റെ ഭാഗമായി അവരിൽ പലരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

അയ്യൻകാളി, ശ്രീനാരായണ ഗുരുദേവൻ, മന്നത്തു പത്മനാഭൻ തുടങ്ങിയ സാമൂഹ്യ പരിഷ്ക്കർത്താക്കളുടെ ആഹ്വാനങ്ങൾ ആരംഭകാലത്തുതന്നെ ഇവിടുത്തെ ജനങ്ങൾ ഏറ്റെടുത്തിരുന്നുവെന്നതിനുള്ള തെളിവാണ് 70 വർഷങ്ങൾക്കുമുമ്പായി ഈ പഞ്ചായത്തിൽ രൂപംകൊണ്ട 18-ാം നമ്പർ S.N.D.P. ശാഖയും അതുപോലെ തന്നെ 65 വർഷങ്ങൾക്ക് മുമ്പ് രൂപംകൊണ്ട N.S.S കരയോഗവും ഇവിടെ പ്രവർത്തിച്ചു വരുന്നു. കൊല്ലവർഷം 1087 തിരുവിതാംക്കൂർ പോപ്പുലർ അസ്സംബ്ലിയിൽ അംഗമായിരുന്നു ശ്രീ. കാവാരികുളം കണ്ടൻകുമാരൻ നെടുമുട്ടിയിലെത്തി 7 സാംബവകുടുംബങ്ങളെ വിളിച്ചുചേർത്ത് സംഘടനാ പ്രവർത്തനത്തിനു രൂപം നൽകിയിരുന്നു. കേരളാ ചേരമാർ സംഘത്തിന്റെ പൊങ്ങശാഖയുടെ ഭരണ ചുമതലയിലുള്ള പുരാതന ക്ഷേത്രമായ കടന്നങ്ങാട്ടുകാവ് ശ്രീ മഹാദേവക്ഷേത്രവും പഞ്ചായത്തിലുൾപ്പെട്ടിരിക്കുന്നു.

സ്വാതന്ത്ര്യാനന്തര നാളുകളിൽ തന്നെ മഹാത്മജിയുടെ ആഗ്രഹപ്രകാരമുള്ള ഗ്രാമോദ്ധാരണ സമിതികൾ ഇവിടെ രൂപം കൊള്ളുകയും ആയതിലൂടെ ഗ്രാമവാസികളുടെ ഉയർച്ചയ്ക്കും, വളർച്ചയ്ക്കും, ക്ഷേമൈശ്വര്യങ്ങൾക്കും വേണ്ടിയുള്ള അനേകകാര്യങ്ങൾ ഏറ്റെടുത്ത് ഈ പ്രദേശത്തും നടത്തിവന്നിരുന്നതിന്റെ രേഖകൾ ഇന്നും ഈ പഞ്ചായത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. (ഗ്രാമോദ്ധാരണ സമിതി മുതൽക്കുള്ള പ്രസിഡന്റുമാരുടെ പട്ടിക പ്രത്യേകം ചേർത്തിട്ടുണ്ട്) ഈ കാലയളവിൽ ഒരു വനിതാ അംഗവും ഈ സമിതിയിൽ ഉൾപ്പെട്ടിരുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

നെടുമുടി വാസികൾക്ക് എന്നും അഭിമാനിക്കുവാൻ കഴിയുന്ന സ്വാതന്ത്ര്യസമര സേനാനിയായിരുന്ന കുട്ടനാടു രാമകൃഷ്ണപിള്ളയ്ക്കും മറ്റുള്ളവർക്കും പുറമെ എം. എൻ. ഗോവിന്ദൻ നായർ, ശ്രീകണ്ഠൻ നായർ, ആർ. സുഗ

തൻ, വർഗ്ഗീസ് വൈദ്യൻ, ആദ്യ സ്പീക്കറായ ശങ്കരരനാരായണൻ തമ്പി തുടങ്ങിയവരും സ്വാതന്ത്ര്യലബ്ദിക്കായി ഒളിവിലും തെളിവിലും ഇവിടെ പ്രവർത്തിച്ചിട്ടുണ്ട്.

കഥകളിയുടെ തെക്കൻചിട്ടയും പ്രസിദ്ധമായ അമ്പലപ്പുഴ വേലകളിയുടെ തുടക്കവും ഈ പഞ്ചായത്തിലെ പ്രസിദ്ധമായിരുന്ന മാത്തൂർ കളരിയിൽ നിന്നും ആയിരുന്നു. അതുപോലെ തന്നെ മാർഗ്ഗംകളിയും ഇവിടെ പണ്ടുകാലം മുതൽ നിലവിലുണ്ടായിരുന്നു.

അസംഘടിത കർഷകത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനായുള്ള പരിശ്രമങ്ങൾ കുട്ടനാട്ടിൽ വ്യാപകമായി നടന്നതിൻെറ ഭാഗമായി ഇവിടെയും നടന്നിട്ടുണ്ട്. ഇത്തരത്തിലുള്ള വിവിധ സാമൂഹ്യ പ്രവർത്തനങ്ങളുടെയും ഭൂപരിഷ്ക്കരണം പോലെയുള്ള നടപടികളുടെയും ഭാഗമായി ജനജീവിതത്തിൽ ധാരാളം മാറ്റങ്ങളുണ്ടായി. പാടത്ത് പണിയെടുക്കുന്നവരുടെ കുട്ടികൾ സ്കൂളിലേയ്ക്ക് പോവുകയും ചെയ്തതോടെ, സാമൂഹിക, സാമ്പത്തിക സാംസ്ക്കാരിക രംഗങ്ങളിൽ അഭൂതപൂർവ്വമായ മാറ്റങ്ങളും സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളുടെ അളവ് ഗണ്യമായി കുറഞ്ഞു. മനുഷ്യർ മനുഷ്യനെ അകറ്റിനിർത്തുന്ന വിശ്വാസങ്ങളും അതിനെ നിലനിർത്തിയിരുന്ന മറ്റു ഘടകങ്ങളും അപ്രത്യക്ഷമായി.

**ആലപ്പുഴ ജില്ലയിലെ ഏറ്റവും നല്ല സാക്ഷരതാ പ്രവർത്തനം നടത്തിയ പഞ്ചായത്ത് എന്ന ബഹുമതി നെടുമുടി പഞ്ചായത്തിനെ തേടിയെത്തി. സംസ്ഥാന, ജില്ലാ, താലൂക്ക്, ബ്ലോക്ക് ശരാശരിയേക്കാളും നെടുമുടിയിലെ സാക്ഷരതാ നിരക്ക് ഇന്നും ഉയർന്നതാണ്.**

ചുരുക്കത്തിൽ ആദിമുതൽ ഇന്നുവരെ മതേതരസൗഹാർദ്ദവും, കൂട്ടായ്മയും പ്രദർശിപ്പിക്കുന്ന ഒരു മുഖ്യധാര ചരിത്രമാണ് നെടുമുടിയ്ക്കുള്ളത് എന്നു കാണാം. ജാതി, മത, സങ്കുചിത ചിന്തകൾക്കതീതമായി പ്രവർത്തിച്ച ദീർഘകാല പാരമ്പര്യം നമുക്കുണ്ട്.

ജനങ്ങളുടെ അറിവും, കഴിവും, നാടിൻെറ വികസനത്തിന് പ്രയോജനപ്പെടുത്തുന്ന ഈ പരിപാടിയിലും നെടുമുടി പഞ്ചായത്തിലെ ജനങ്ങൾ മുമ്പ് എന്നത്തേയും പോലെ ഏക മനസ്സായി അണിനിരന്നു കാണുന്നു. തലമുറകളിൽ നിന്നും തലമുറകളിലേയ്ക്ക് ഒരു നാടിൻെറ സംസ്ക്കാരം കൂടുതൽ പ്രോജ്ജ്വലതയോടെ കൈമാറ്റപ്പെടുന്നു. പുതിയ ചരിത്ര വിസ്മയങ്ങൾ രചിക്കാൻ നെടുമുടി പഞ്ചായത്തിനു കഴിയും. കഴിയണം.

❖ ❖ ❖

# IV.00

# പരിസ്ഥിതി

ഭൂഉപയോഗത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങളിലേക്കാണ് നമ്മെ നയിച്ചുകൊണ്ടിരിക്കുന്നത്. അശാസ്ത്രീയമായ ചൂഷണം കൊണ്ടുണ്ടായിക്കൊണ്ടിരിക്കുന്ന പാരിസ്ഥിതികവും, സാമൂഹ്യ - സാമ്പത്തികവുമായ പ്രശ്നങ്ങൾ നാം പലപ്പോഴും ഗൗരവമായിത്തന്നെ നടപ്പിലാക്കേണ്ടതുണ്ട്. വേണ്ടത്ര പഠനങ്ങളോ, പരിസ്ഥിതിസന്തുലനമോ കണക്കിലെടുത്തുകൊണ്ടല്ല ഇന്ന് മിക്ക പദ്ധതികളും നടപ്പിലാക്കുന്നനത്. സ്വച്ഛമായി നീങ്ങിക്കൊണ്ടിരിക്കുന്ന പ്രകൃതിയുടെ താളം മാറ്റിമറിക്കുവാൻ ശ്രമിക്കുമ്പോൾ അത് അപരിഹാര്യമായ തിരിച്ചടി നൽകുന്നത് കാണാം. അത്തരം കാര്യങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടു മാത്രമേ അസൂത്രണം ചെയ്യുവാനും നടപ്പിലാക്കുവാനും പാടുള്ളൂ. ഇല്ലെങ്കിൽ ദൂരവ്യാപകമായ ദുരന്തങ്ങൾക്ക് അത് കാരണമായി ത്തീരും.



കുട്ടനാട്-പൊതുവിവരണം

അത്തരം ഒരനുഭവമാണ് കുട്ടനാടിലെ ജനങ്ങൾ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. പ്രകൃതിയുടെ താളത്തിനൊത്ത് അതിൻെറ വരും വരായ്കകളൊക്കെ അനുഭവിച്ചുകൊണ്ട് ചുറ്റുപാടുകളുമായി ഇണങ്ങിച്ചേർന്നുകൊണ്ട് ജീവിച്ച ഒരു ജനതയുടെ ജീവിതം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ച് തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ഒട്ടേറെ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾക്ക് തുടക്കം കുറിയ്ക്കുകയായിരുന്നു. നേട്ടങ്ങൾ ഒന്നും ഉണ്ടായില്ല എന്നിവിടെ വിവക്ഷിക്കുന്നില്ല. എന്നാൽ പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ ഒരു പരിഹാരം കണ്ടെത്താൻ ഇതുവരെ കഴിഞ്ഞില്ല. വിശദമായ ആസൂത്രണവും പഠനങ്ങളും ജനപങ്കാളിത്തവും ഉണ്ടായിരുന്നെങ്കിൽ ഈ വികസനപ്രവർത്തനങ്ങൾ വഴി ഇന്നുണ്ടായിട്ടുള്ള ദോഷഫലങ്ങൾ പലതും ഒഴിവാക്കാൻ സാധിക്കുമായിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. കേരളത്തിലെ മറ്റേതൊരു ഭാഗത്തുമുള്ള ജനങ്ങൾ അനുഭവിക്കുന്നതിലും രൂക്ഷമായ പ്രശ്നങ്ങളാണ് കുട്ടനാട്ടിലെ ജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ഒരു ശാസ്ത്ര സാങ്കേതിക പ്രശ്നം മാത്രമായി ഇതിനെ കാണാതെ, സാമൂഹ്യ - സാമ്പത്തിക ഘടകങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള പരിഹാരമാണിവിടെ ആവശ്യം. ഇവിടുത്തെ വികസനവുമായി ബന്ധപ്പെട്ട ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും എല്ലാ ഘടകങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള നിർദ്ദേശങ്ങൾ ഇതുവരെ

യും ഉണ്ടായിട്ടില്ല.

വെള്ളത്തിന്റെ വിതരണവുമായി ബന്ധപ്പെട്ടതാണ് കുട്ടനാട്ടിലെ പ്രശ്നങ്ങൾ. കുട്ടനാട്ടിലെത്തുന്ന നാലുനദികളിലൂടെ ഒഴുകിവരുന്ന അധികവെള്ളം കുട്ടനാട്ടിൽ ഉണ്ടാക്കുന്ന വെള്ളപ്പൊക്കമാണ് ഒരു പ്രധാന പ്രശ്നം. പമ്പ, മണിമല, അച്ചൻ കോവിൽ, മീനച്ചിൽ എന്നീ 4 നദികളിലൂടെ താഴോട്ടുവരുന്ന മലവെള്ളമത്രയും താഴ്ന്ന സമതലപ്രദേശമായ കുട്ടനാട്ടിൽ വന്നുചേരുന്നു. ഈ വെള്ളം വേമ്പനാട്ടു കായലിലൂടെ കൊച്ചി അഴിമുഖം വഴി കടലിലേയ്ക്കാണ് ഒഴുകിപ്പോവേണ്ടത്. എന്നാൽ വർഷക്കാലത്ത് തീരക്കടലിലെ അധികജലം മുഴുവനായി കടലിലേയ്ക്ക് ഒഴുകിപ്പോകുന്നതിന് ഇത് തടസ്സം സൃഷ്ടിക്കുന്നു. ഇതുമൂലം കുട്ടനാടൻ പാടശേഖരങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാവുകയും കൃഷിചെയ്യാൻ സാധിക്കാത്ത ഒരവസ്ഥ വരികയും ചെയ്യുന്നു. കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിന് സ്ഥായിയായ ഒരു പരിഹാരം കാണണമെന്ന് 1934 മുതൽക്കേ അന്നത്തെ തിരുവിതാംകൂർ സർക്കാർ ആലോചിക്കാൻ തുടങ്ങിയിരുന്നു. 1951-ലാണ് തോട്ടപ്പള്ളി സ്പിൽവേയുടെ പണി ഇതിന്റെ ഭാഗമായി ആരംഭിച്ചത് 40 ഗേറ്റുകളുള്ള ഇതിന്റെ പണി 1955-ൽ പൂർത്തിയായി. പമ്പ, മണിമല, അച്ചൻകോവിൽ എന്നീ നദികൾ ചേരുന്ന ഭാഗത്തിനു താഴെയായി സ്പിൽവേ തോടുകൾ നിർമ്മിച്ചാണ് വെള്ളം ഒഴുക്കിക്കളയാൻ പ്ലാനിട്ടത്. കാലവർഷം പാരമ്യത്തിൽ എത്തുന്ന ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സെക്കൻറിൽ 57600 ഘനമീറ്റർ വെള്ളമാണ് ഇവിടേയ്ക്ക് ഒഴുകിയെത്തുന്നത്. ഇതിൽ ഏകദേശം 45700 ഘനമീറ്റർ വെള്ളവും കടലിലേയ്ക്ക് ഗുരുത്വാകർഷണം മൂലം സ്വയമേവ ഒഴുകിപ്പോവുമെന്ന് കരുതപ്പെട്ടു. സ്പിൽവേവഴി 19,500 ഘനമീറ്റർ വെള്ളം സെക്കൻറിൽ ഒഴുക്കാമെന്നും കരുതിയിരുന്നു. എന്നാൽ സ്പിൽവേ തുറന്നപ്പോൾ പ്രതീക്ഷിച്ചതിന്റെ 1/3 മാത്രമേ കടലിലേയ്ക്ക് ഒഴുകിയുള്ളൂ. അങ്ങനെ സ്പിൽവേ നിർമ്മിച്ചതുകൊണ്ട് കുട്ടനാട്ടിലെ വെള്ളപ്പൊക്ക പ്രശ്നത്തിന് കാര്യമായി പരിഹാരമുണ്ടായില്ല.

വേനൽക്കാലത്ത് കായലിലേയ്ക്കുള്ള ശുദ്ധജലത്തിന്റെ ഒഴുക്കു കുറയുന്നതോടെ കടലിൽ നിന്ന് ഓരുവെള്ളം കായലിലേയ്ക്ക് കൂടുതലായി കയറുന്നു. കായലിലെ ലവണാംശം കൂടുകയും ചെയ്യുന്നു. ഉപ്പുരസം കൂടിയ കായൽജലം കുട്ടനാട്ടിലെ നെൽപ്പാടങ്ങളിൽ കയറി കൃഷിക്ക് ഒട്ടേറെ നാശനഷ്ടങ്ങൾ വരുത്തുന്നുണ്ട്. കൂടാതെ ഉപ്പു കലർന്ന വെള്ളമായതുകൊണ്ട് ഈ വെള്ളം ജലസേചനത്തിന് ഉപയോഗയോഗ്യമല്ലാതാകുകയും ചെയ്യുന്നു. നെൽപ്പാടങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്ന സ്ഥലങ്ങളിൽ താൽക്കാലിക ബണ്ടുകെട്ടിയാണ് ഇത് തടഞ്ഞിരുന്നത്. ഇരുപ്പൂകൃഷിക്കുവേണ്ടിയുള്ള പരിശ്രമത്തിൽ കുട്ടനാട്ടിലേയ്ക്കുള്ള ഓരുവെള്ളക്കയറ്റം ഒന്നാകെ തടയുകയും കായലിൽ നിന്നുള്ള വെള്ളത്തെ കൃഷിക്ക് ഉപയോഗിക്കുക എന്ന ആശയവും വന്നു. ഇതിന്റെ ഫലമായാണ് തണ്ണീർമുക്കം റെഗുലേറ്റർ നിർമ്മിക്കപ്പെട്ടത്.

ഉപ്പുവെള്ളക്കയറ്റം കുട്ടനാട്ടിൽ എല്ലായിടത്തും ഒരുപോലെയാണ് ബാധിക്കുന്നത് എന്ന ധാരണയിലാണ് റഗുലേറ്റർ ആസൂത്രണം ചെയ്തത്. കുട്ടനാട്ടിലെ എല്ലാഭാഗവും ഒരുപോലെയുള്ള പ്രദേശങ്ങളല്ല. മണ്ണിനു മാറ്റവുമുണ്ട്, ഭൂപ്രകൃതിയിൽ മാറ്റമുണ്ട്, വർഷകാലത്തെ വെള്ളം കയറുന്നതിൽ മാറ്റമുണ്ട്, വേനൽക്കാലത്ത് ഓരുവെള്ളം കയറുന്നതിലും മാറ്റമുണ്ട്. ചുരുക്കത്തിൽ യാതൊരു പഠനങ്ങളും നടത്താതെ പ്രകൃതി സാഹചര്യങ്ങളെ മാറ്റിമറിയ്ക്കുന്നത് കുഴപ്പങ്ങൾക്ക് കാരണമാകുന്നതിനെപ്പറ്റി ആലോചിക്കാതെയാണ് തണ്ണീർമുക്കം ബണ്ട് നിർമ്മിച്ചത്.

തണ്ണീർമുക്കം ബണ്ടും, തോട്ടപ്പള്ളി സ്പിൽവേയും കുട്ടനാട്ടിലെ വെള്ളത്തിന്റെ ഒഴുക്കിനെ തടഞ്ഞുനിർത്തി. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അമിത രാസവളവും കീടനാശിനികളും കർഷകർ പ്രയോഗിക്കുകയും വിഷലിപ്തമായ ഈ വെള്ളം പുഴകളിലേയ്ക്ക് ഒഴുകിയെത്തുകയും ചെയ്തപ്പോൾ കുട്ടനാട്ടിലെ ജലാശയങ്ങളിലെ വെള്ളം മലിനമായി. 'സെപ്റ്റിക് ടാങ്ക്' ആയി മാറി ഇവിടുത്തെ ജലാശങ്ങൾ. കാലാകാലങ്ങളിൽ പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്നു. ഇപ്പോൾ അത് മനുഷ്യനുമാത്രമല്ല. എല്ലാ ജീവജാലങ്ങൾക്കും കൂടി എന്ന വ്യത്യാസം മാത്രം. 'മൽസ്യരോഗം' സ്ഥിരം പ്രതിഭാസമായിത്തീർന്നു. യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനും വേഗത്തിൽ യാത്ര ചെയ്യുന്നതിനും മറ്റുമായി റോഡുകളോടുള്ള അഭിവാഞ്ഛ വളർന്ന് വരികയും നമ്മുടെ പാടശേഖരങ്ങൾക്ക് നെടുകെയും കുറുകെയും ധാരാളം റോഡുകൾ നിർമ്മിക്കുകയും ചെയ്തു. പലതോടുകളും ഇതിന്റെ ഭാഗമായി നികത്തപ്പെ

ട്ടു. ഇവയൊക്കെ നമ്മുടെ പരിസ്ഥിതിയുടെ താളം തെറ്റിക്കുന്നു എന്ന് ഇനിയും നാം മനസ്സിലാക്കിയിട്ടില്ല. ഈ തോടുകൾക്ക് ആവശ്യമായ കലുങ്കുകൾ ഉണ്ടാവേണ്ടത് അനിവാര്യമാണ്. കുട്ടനാട്ടിന്റെ പരിസ്ഥിതികാഘാതത്തെ സംബന്ധിച്ച് ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ സമഗ്രതയിൽ ഊന്നിക്കൊണ്ടുള്ള ഒരു പഠനവും ഇതുവരെയും നടന്നിട്ടില്ല.

ജലസമ്പത്തിന്റെ വിന്യാസത്തിലുണ്ടാവുന്ന ഏറ്റക്കുറച്ചിലുകളാണ് കുട്ടനാട്ടിലെ ജനജീവിതത്തെ നിയന്ത്രിക്കുന്നത്. ഇത് പലരൂപത്തിലാവാം. ചില പ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിന്റെ രൂപത്തിൽ ഇതനുഭവപ്പെടുമ്പോൾ മറ്റു ചിലയിടങ്ങളിൽ വേനൽക്കാലത്തെ ജലക്ഷാമത്തിന്റേയും ഓരുവെള്ളക്കയറ്റത്തിന്റേയും രൂപത്തിലാവാം ഇതനുഭവപ്പെടുന്നത്. എന്തായാലും വെള്ളവുമായി ബന്ധപ്പെടുത്തിക്കൊണ്ടേ കുട്ടനാടിന്റെ വികസനത്തെപ്പറ്റി ചിന്തിക്കാനാവൂ.

കുട്ടനാടിന്റെ സമ്പദ് വ്യവസ്ഥയെ നിയന്ത്രിക്കുന്ന പ്രധാനമേഖലകളാണ് കൃഷി, മൽസ്യബന്ധനം, കക്കാവാരൽ മുതലായവ. ഇവിടെ ജനങ്ങളിൽ ഭൂരിഭാഗവും കാർഷിക പ്രവർത്തനത്തിലാണ്. ഇതു പ്രധാനമായും രണ്ടുതരത്തിലാണ്. കൃഷിക്കാരായും കർഷകത്തൊഴിലാളികളായും. അതുകൊണ്ടുതന്നെ കാർഷികരംഗത്ത് പുരോഗതി ഉണ്ടാകുക എന്നത് കുട്ടനാടിന്റെ സംബന്ധിച്ചിടത്തോളം പ്രാധാന്യം അർഹിക്കുന്നു. എല്ലാ മേഖലകളുടേയും സ്ഥായിയായ വികസനത്തിനുള്ള ഒരു കർമ്മപരിപാടിയാണിവിടെ ആവശ്യം.

കുട്ടനാടിനെ 6 കാർഷികമേഖലകളായി തിരിച്ചിട്ടുണ്ട്. ഓരോ കാർഷികമേഖലയിലേയും പ്രശ്നങ്ങളും, സാധ്യതകളും വ്യത്യസ്തമാണ്. ഒരു പ്രദേശത്തെ പ്രശ്നങ്ങളും പരിഹാരങ്ങളുമല്ല മറ്റൊരിടത്ത് അനുയോജ്യമാകുക. അതുകൊണ്ടുതന്നെ കുട്ടനാടിനെ മൊത്തം ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനോടൊപ്പം ഓരോ കാർഷികമേഖലയിലേയും വിവിധഘടകങ്ങൾ പഠിക്കുകയും അതനുസരിച്ച് ആസൂത്രണം നടത്തുകയും വേണം. കുട്ടനാടിന്റെ വികസനത്തിന് ഇനി എഞ്ചിനീയറിംഗ് ഇടപെടലുകളേക്കാൾ കൂടുതൽ ആവശ്യം ശാസ്ത്രീയമായി ആസൂത്രണം ചെയ്ത കാർഷിക പ്രവർത്തനങ്ങളാണ്.



കുട്ടനാട്ടിലെ കാർഷിക് മേഖലകൾ

V.00



# വികസന മേഖലാവലോകനം

V.1



# കൃഷി ജലസേചനം

കുട്ടനാട്ടിൽ കൃഷിയെന്നാൽ നെൽകൃഷിയാണ്. ലോകത്തിൽ മറ്റൊരു സ്ഥലത്തുമില്ലാത്ത പ്രത്യേക രീതിയിലാണ് ഇവിടെ നെല്ല് കൃഷിചെയ്യുന്നത്. ചരിത്രാതീത കാലത്ത് കുട്ടനാട് മുഴുവൻ വെള്ളത്തിന് അടിയിൽ ആയിരുന്നുവെന്ന് ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ട്. പിൽക്കാലത്ത് കടൽ പിൻവാങ്ങുകയും നദികളിലൂടെ എക്കൽ വന്നടിഞ്ഞ് കുട്ടനാടൻ ചതുപ്പുപ്രദേശം ഉണ്ടായെന്നുമാണ് അവർ പറയുന്നത്.

കുട്ടനാട്ടിലെ വയലുകളത്രയും കൃഷിയില്ലാത്ത കാലത്ത് വെള്ളം കയറിക്കിടക്കുകയാണ്. തന്മൂലം കൃഷി ചെയ്യുന്നതിന് ഓരോ തവണയും വെള്ളം വറ്റിച്ച് കൃഷിയിടം വീണ്ടെടുക്കണം. ഇതിലേയ്ക്ക് ഓരോ ബ്ലോക്ക് പാടശേഖരത്തിൻേറയും പുറംവരമ്പുകൾ കേടുപാടുകൾ തീർത്ത് ബലവത്താക്കേണ്ടതുണ്ട്. വിത്തുവിതയ്ക്കാൻ ഉദ്ദേശിക്കുന്നതിന് ഒന്നുരണ്ടുമാസം മുമ്പായി വരമ്പുപണി ആരംഭിക്കുന്നു. ഒരു പാടശേഖരത്തിൻെറ ചുറ്റുമുള്ള വരമ്പുകൾ പണി ഉറപ്പിച്ചുകഴിഞ്ഞാൽ വെള്ളം വറ്റിക്കാൻ തുടങ്ങുന്നു. സാധാരയായി 3-4 ആഴ്ചകൾ കൊണ്ട് വെള്ളം വറ്റിത്തീരും. കുട്ടനാട്ടിലെ മേൽമണ്ണിനു താഴെ പണ്ടുകാലത്തെ മരങ്ങളുടെ ജീർണ്ണാവശിഷ്ടം ധാരാളമുള്ളതിനാൽ ശക്തമായ അമ്ലരസമുള്ളതായിരിക്കും. അമ്ലാംശം നീക്കി മണ്ണ് ശുദ്ധമാക്കുവാൻ കുമ്മായം ചേർക്കുന്നു. ഈ പ്രവർത്തനങ്ങളും കുട്ടനാട്ടിലെ കൃഷി അധികചെലവുള്ളതാക്കുന്നു. കൃഷിയില്ലാത്ത സമയത്തെല്ലാം വയലുകൾ വെള്ളത്തിനടിയിൽ ആയതിനാൽ 'കളകൾ' വളരുന്നില്ല. വെള്ളത്താൽ മൂടി നിന്നിരുന്നതിനും പുറമേ, വേനൽകാലത്ത് വെള്ളം വളരെ ഉപ്പുരസമുള്ളതായിരുന്നതും 'കളകൾ' വളരാതിരിക്കാൻ കാരണമായിരുന്നു. ആരംഭകാലം മുതൽക്കേ 'ചക്രങ്ങൾ' വച്ച് ചവിട്ടി വെള്ളം വറ്റിച്ചാണ് കൃഷി ചെയ്തിരുന്നത്. 8 ഇല മുതൽ 32 ഇല വരെയുള്ള ചക്രങ്ങൾ വെച്ച് ചവുട്ടി വെള്ളം വറ്റിക്കുന്നു. പിന്നീട് ഒന്നാം ലോക മഹായുദ്ധകാലത്ത് കൊച്ചിയിലെത്തിയ ജോർജ്ജ് ബ്രണ്ടൻ എന്നൊരു ബ്രിട്ടീഷ്കാരനായ എഞ്ചിനീയർ വെള്ളം വറ്റിക്കുന്നതിന് മണ്ണെണ്ണ കൊണ്ട് പ്രവർത്തിക്കുന്ന ഏതാനും എഞ്ചിനുകൾ ഇംഗ്ലണ്ടിൽ നിന്നും കൊണ്ടുവന്ന് അതിനോട് ഇന്നുകാണുന്ന പെട്ടിയും പറയും സംവിധാനം ചെയ്ത് കോൺട്രാക്ട് വ്യവസ്ഥയിൽ വെള്ളം വറ്റിച്ച് കൊടുക്കുന്ന ഏർപ്പാട്

ആരംഭിച്ചു. മണ്ണെണ്ണ എഞ്ചിനു പകരം വൈദ്യുതി ഉപയോഗിച്ചുകൊണ്ടുള്ള മോട്ടോറും പെട്ടിയും പറയും പിന്നീട് നിലവിൽ വന്നു.

മുമ്പ് കൃഷിഭൂമികൾ പണ്ടാരം വക ഭൂമികൾ ആയിരുന്നു.

രാജവാഴ്ചക്കാലത്ത് കരപ്രമാണികൾക്ക് ഈ ഭൂമി 'കണ്ടുകൃഷി'ക്കായി കൊടുത്തിരുന്നു. ഈ ഭൂമികൾ അങ്ങനെ ക്ഷേത്രങ്ങളുടേയും വ്യക്തികളുടേയും ആയിത്തീർന്നു. കാലക്രമേണ ഈ ഭൂമികൾ കടപ്പെടുത്തുകയും പുതിയ ജന്മിമാർ നിലവിൽ വരികയും ചെയ്തു. പിന്നീട് ആ കൃഷിഭൂമികൾ ജന്മിമാർ പാട്ടത്തിന് നൽകുകയും പാട്ടക്കൃഷിക്കാർ ജന്മികളാകുകയും ചെയ്തു. ഭൂമിയുടെ മേൽ ബഹുഭൂരിപക്ഷത്തിന് ഉടമസ്ഥാവകാശം ഉറപ്പാക്കിയ പരിഷ്ക്കാരം ഉണ്ടായതോടു കൂടി ചെറുകിട നാമമാത്ര കർഷകർ ഉദയം ചെയ്തു. ഭൂ ഉടമസ്ഥരുടെ എണ്ണം വർദ്ധിച്ചു.

**നെടുമുടി പഞ്ചായത്തിലെ കൈവശഭൂമി വിസ്തീർണ്ണം-പട്ടിക 1**

| കൈവശഭൂമി വിസ്തീർണ്ണം (ഹെക്ടർ) | കർഷകരുടെ എണ്ണം |
|---|---|
| നാമമാത്രകർഷകർ | 3834 |
| ,, 0.02 ഹെ: - 0.10 ഹെ: | 1446 |
| ,, 0.10 ഹെ: - 0.20 ഹെ: | 1191 |
| ,, 0.20 ഹെ: - 0.40 ഹെ: | 698 |
| ,, 0.40 ഹെ: - 1 ഹെ: | 499 |
| ചെറുകിട കർഷകർ (1 ഹെ: - 2 ഹെ:) | 350 |
| വൻകിട കർഷകർ (2 ഹെ: മുകളിൽ | 45 |
| ആകെ കർഷകർ | 4229 |

1940 വരെ ഒന്നിടവിട്ട വർഷങ്ങളിലേ നെൽവയലുകളിൽ കൃഷി ചെയ്തിരുന്നുള്ളൂ. 'പഴനിലകൃഷി'യെന്നാണ് ഈ രീതിയെ വിളിച്ചിരുന്നത്. പത്തിരുപതു മാസം വെള്ളത്തിനടിയിൽ തരിശായിക്കിടക്കുന്നതുമൂലം കൃഷി സമയത്ത് മണ്ണ് നല്ല വളക്കൂറുള്ളതാവുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. എന്നാൽ 1939-ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ സ്ഥിതി ഗതികളാകെ മാറി. ബർമയിൽ നിന്നും ഇറക്കുമതി ചെയ്തിരുന്ന അരിയും നെല്ലും നിശ്ശേഷം നിലച്ചു. പലയിടത്തും രൂക്ഷമായ ഭക്ഷ്യക്ഷാമം ഉണ്ടായി. ഈ പരിതസ്ഥിതിയിൽ 'പഴനിലകൃഷി' പോരെന്നും വർഷം തോറും കൃഷി വേണമെന്നും നിയമം വന്നു. അങ്ങനെയാണ് കുട്ടനാട്ടിൽ വർഷാവർഷകൃഷി തുടങ്ങിയത്. ഇപ്രകാരം കൊല്ലംതോറും കൃഷി ചെയ്യുന്നതിന് ഒരു പ്രചോദനമായും നെൽകൃഷിക്ക് കർഷകരെ പ്രേരിപ്പിക്കുന്നതിനും വേണ്ടി വെള്ളം വറ്റിക്കാനുള്ള ചെലവിന്റെ 1/4 ഭാഗം സർക്കാർ സഹായമായി നൽകുന്ന ഏർപ്പാടുണ്ടായി. 'പമ്പിംഗ് സബ്സിഡി' എന്ന പേരിൽ അത് ഇന്നും തുടരുന്നു.

1947-ൽ സ്വാതന്ത്ര്യലബ്ദിയെത്തുടർന്ന് ഇന്ത്യയെ ഭക്ഷ്യകാര്യത്തിൽ സ്വയം പര്യാപ്തമാക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി കുട്ടനാട്ടിൽ ഒരു കൃഷിക്കുപകരം രണ്ടു പൂവൽകൃഷിക്കുവേണ്ടിയുള്ള ആലോചന നടന്നു. എന്നാൽ മഴക്കാലത്തേയ്ക്ക് കൂടി വ്യാപിക്കുന്ന രണ്ടാം കൃഷിക്ക് വെള്ളപ്പൊക്കവും വേനൽക്കാലത്ത് പുഞ്ചകൃഷിക്ക് ഓരുവെള്ളക്കയറ്റവും തടസ്സങ്ങളായി. ഈ തടസ്സങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമങ്ങളുടെ ഫലമായാണ് വെള്ളപ്പൊക്ക നിയന്ത്രണത്തിനായി തോട്ടപ്പള്ളിയിൽ സ്പിൽവേയും, ഓരുവെള്ളകയറ്റം തടയാനായി തണ്ണീർമുക്കം റഗുലേറ്ററും നിർമ്മിച്ചത്. കുട്ടനാട്ടിലെ നല്ലൊരു ഭാഗങ്ങളിലും 1968 മുതൽ ഇരുപ്പൂകൃഷി ആരംഭിച്ചു കഴിഞ്ഞിരുന്നു. (1972 മുതൽ ഒറ്റവർഷം പോലും മുടങ്ങാതെ രണ്ടാംകൃഷി നടത്തിയതിന്റെ ജൂബിലി ആഘോഷിക്കുന്ന നാലുതോട്ടിനകം പാടശേഖരം ഈ പഞ്ചായത്തിൽ പെട്ടതാണ്).

കാർഷിക - പാരിസ്ഥിതിക ഘടകങ്ങളെ (Agro - Ecological Zones) അടിസ്ഥാനമാക്കി കുട്ടനാട് പ്രദേശത്തെ 6 വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്.

1) അപ്പർ കുട്ടനാട്.

2) കായൽ പ്രദേശങ്ങൾ.

3) വൈക്കം
4) ലോവർ കുട്ടനാട്.
5) വടക്കൻ കുട്ടനാട്.
6) പുറക്കാട് കരി

എന്നിവയാണ്. ഇതിൽ കുട്ടനാടിൻെറ പടിഞ്ഞാറേ അതിരായ ലോവർ കുട്ടനാട്ടിൽ പെട്ടതാണ് നെടുമുടി പഞ്ചായത്ത്. 16280 ഹെക്ടർ വരുന്ന് ലോവർ കുട്ടനാട്ടിൽ 25.98 ച: കി.മീ. സ്ഥലം നെടുമുടി പഞ്ചായത്തിലാണ് ഇതിൽ 2090 ഹെക്ടർ സ്ഥലം വയലുകളാണ്.



"ആയിരം കൊട്ടഅരി വരുന്നതിനേക്കാളും അരക്കറ്റ നെല്ല് ഉമ്മറപ്പടിയിൽ വരുന്നതാണ് ശ്രീത്വം" എന്നു കരുതുന്ന കുട്ടനാടൻ കർഷകൻ ഇന്ന് ആശങ്കയുടെ നിഴലിലാണ്. ഉയരുന്ന ഉൽപ്പാദന ചെലവും താഴുന്ന ഉൽപ്പാദനവും എന്ന അവസ്ഥയാണിന്ന്. കർഷകൻെറ സർവ്വനേട്ടത്തിനും സമൃദ്ധിക്കും ഐശ്വര്യത്തിനും സാമ്പത്തികശേഷിക്കും കാരണം കൃഷിയാണ്. ഇതുകൊണ്ടുതന്നെ കൃഷി അയാൾക്ക് മാന്യമായ തൊഴിലാണ്. ഈ മാന്യതയ്ക്ക് ഇന്ന് മങ്ങലേറ്റിരിക്കുന്നു.

നെൽകർഷകർ ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വളരെ വലുതാണ്. അവ ഹ്യസ്വമായി പരിശോധിക്കാൻ ഇവിടെ ശ്രമിക്കുകയാണ്.

## വിത്ത്

കർഷകർ തലമുറകളായി ഉപയോഗിച്ചുപോരുന്നതും സ്വന്തം നിലയിൽ ശരിയായി ബോധ്യപ്പെട്ടിട്ടുള്ളതുമായ നാട്ടറിവുകൾ നെൽകൃഷിയിൽ ഏറെയാണ്. ഏതു പരീക്ഷണശാലയിലും തെളിയിക്കപ്പെട്ടിട്ടുള്ള അറിവുകളേക്കാൾ ഫലപ്രദമാണിവ. നെൽകൃഷിക്ക് വിത്തെടുക്കേണ്ടത് രോഗം ബാധിക്കാത്ത നെല്ലിൽ നിന്നായിരിക്കണം എന്നു തുടങ്ങി വിത്ത് കിളിർപ്പിക്കുന്നതുവരെയുള്ള കാര്യങ്ങൾ നൂറ്റാണ്ടുകളായി പകർന്നുകിട്ടിയ അറിവുകളിലൂടെയും അവൻെറ അനുഭവ സമ്പത്തിലൂടേയും വികസിപ്പിച്ചെടുത്ത സംഗതിയാണ്. നാടൻ നെൽവിത്തുകൾ പാടശേഖരങ്ങളിൽ നിന്ന് അപ്രത്യക്ഷമായി. ജീരക ചെമ്പാവും, കൊച്ചതിക്കരയും, കൊച്ചുവിത്തും, കൊളപ്പാലയുമെല്ലാം ഒരു കാലത്ത് കർഷകരുടെ പ്രിയപ്പെട്ട വിത്തായിരുന്നുവെങ്കിൽ ഇപ്പോൾ പരീക്ഷണശാലയിൽ ഉദയം ചെയ്ത വിത്തുകളാണ് ഉപയോഗിക്കുന്നത്. 1970 മുതൽ ഐ.ആർ. – 8, ജയ, പി.റ്റി.ബി. – 4, പി.റ്റി.ബി. – 20, പി.റ്റി.ബി. – 23, ത്രിവേണി, ജ്യോതി, പവിഴം തുടങ്ങിയ വിത്തുകളാണ് ഉപയോഗിക്കുന്നത്. മങ്കൊമ്പ് നെല്ലുഗവേഷണ കേന്ദ്രത്തിൽ നിന്നും പുറത്തിറങ്ങിയ എം.ഒ. – 1 മുതൽ എം.ഒ. 12 വരെയുള്ള സങ്കരയിനം വിത്തുകളും ഉപയോഗിക്കുന്നുണ്ട്. പുതിയ ഇനം വിത്തിൻെറ ഗുണഗണങ്ങൾ മൂന്നു തലമുറയേ നിലനിൽക്കുകയുള്ളൂ. അതുകൊണ്ട് 3 തവണത്തെ കൃഷിക്കുശേഷം വിത്ത് മാറണം. പക്ഷേ ആവശ്യത്തിന് വിത്തു ലഭിക്കുന്ന ഏജൻസികൾ ഇവിടെയില്ല. National Seed Corporation ൽ നിന്നാണ് ഇപ്പോൾ വിത്തുകൾ ലഭിക്കുന്നത്. കുട്ടനാട്ടിലെ കർഷകർക്കാവശ്യമായ നെൽവിത്തുകൾ വിതരണം ചെയ്യാൻ N.S.S. യ്ക്ക് കഴിയുന്നില്ല.

ഒരു കിലോ വിത്തിന് 10/60 രൂപയാണ് N.S.C. വാങ്ങുന്നത്. അത്യൽപ്പാദനശേഷിയും കീടങ്ങളെ ചെറുക്കുന്നതി

നും കഴിവുള്ള നെൽവിത്തിനങ്ങൾ വികസിപ്പിച്ചെടുക്കണം.

### വളം.

ഇപ്പോൾ രാസവളങ്ങളാണ് ഇവിടെ ധാരാളമായി ഉപയോഗിക്കുന്നത്. ഇത് പലപ്പോഴും ജലത്തിൽ ഒലിച്ചെത്തി ജലത്തിൻെറ അമിതപോഷണത്തിന് ഇടയാകുന്നുണ്ട്. ഇത് കളകളുടെ വളർച്ചയ്ക്ക് സഹായിക്കുന്ന ഒരു ഘടകമാണ്. പച്ചിലവളങ്ങൾ ഇവിടെ വളരെ കുറവുമാത്രമേ ഉപയോഗിക്കുന്നുള്ളൂ. കർഷകർ നൽകുന്ന രാസവളങ്ങൾ സസ്യങ്ങൾക്ക് ലഭിക്കണമെങ്കിൽ മണ്ണിൽ ആവശ്യത്തിന് ജൈവാംശം ഉണ്ടായിരിക്കണം. അതുകൊണ്ട്, ജൈവവളങ്ങൾ ചേർക്കാതെ രാസവളങ്ങൾ മാത്രം മണ്ണിൽ ചേർത്തുകൊണ്ടിരുന്നതിനാൽ രാസവളം കൊണ്ടുള്ള പ്രയോജനം ശരിക്കും ലഭിക്കുന്നില്ല. രാസവളം മാത്രം ഉപയോഗിക്കുമ്പോൾ പണ്ടു കിട്ടിയിരുന്ന വിളവ് ഇപ്പോൾ ലഭിക്കുന്നില്ല. 1960 കളിൽ ഒരു കിലോ രാസവളം കൊണ്ട് 16 കിലോ ധാന്യം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇന്നത് പകുതി മാത്രമായി കുറഞ്ഞു. മണ്ണുപരിശോധന നടത്തി അതിൻെറ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്ന രീതി ഏതാണ്ടില്ലാതായിരിക്കുന്നു.

### രാസവളവിപണനം പട്ടിക - 2

| രാസവളം | കിലോഗ്രാം 1993-94 | 1994-95 | 1995-96 |
|---|---|---|---|
| ഫാക്ടംഫോസ് | | | |
| പൊട്ടാഷ് | | | |
| യൂറിയ | | | |
| | | | |

ഈ പഞ്ചായത്തിലെ SCS 2331, SCB A87, SCB, A122 എന്നീ സഹകരണ സംഘങ്ങളിൽ നിന്നും ചമ്പക്കുളം പഞ്ചായത്തിലെ SCB 1256ൽ നിന്നും 2 സ്വകാര്യസ്ഥാപനങ്ങളിൽ നിന്നുമാണ് കർഷകർ രാസവളങ്ങളും കീടനാശിനികളും വാങ്ങുന്നത്.

### കീടനാശിനി

മുൻകാലങ്ങളിൽ പുഴുക്കുട്ടയിലൂടെ കീടത്തെ നിയന്ത്രിച്ചിരുന്ന സ്ഥാനത്ത് ഇന്ന് അമിത കീടനാശിനീ പ്രയോഗമാണ് നിലവിലുള്ളത്. ടൺ കണക്കിന് കീടനാശിനികൾ ഓരോ കൃഷിക്കും ഇവിടെ ഉപയോഗിക്കുന്നു. ഓർഗാനോ ഫോസ്ഫറസ്, ഓർഗാനോ ക്ലോറിൻ എന്നീ രണ്ടുതരം സംയുക്തങ്ങളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഇതിൽ ഓർഗാനോ ക്ലോറിൻ കടുത്ത വിഷമുള്ളതാണ്. ഫലം പെട്ടെന്നുണ്ടാവുന്നു എന്നതാണ് ഇതുപയോഗിക്കുന്നതുകൊണ്ടുള്ള പ്രത്യേകത. വയലിൽ കാണുന്ന കീടങ്ങളെല്ലാം കർഷകരുടെ ശത്രുക്കളല്ല. ശത്രുകീടമേതെന്നും മിത്രകീടമേതെന്നും തിരിച്ചറിയേണ്ടതുണ്ട്. ചിലന്തിയും വട്ടച്ചാഴിയുമൊക്കെ മിത്രകീടത്തിൽപ്പെട്ടതാണ്. ഇലപ്പേൻ, ഇലചുരുട്ടി, കുഴൽപ്പുഴു, ഗാളീച്ച, മുഞ്ഞ എന്നിവയാണ് പ്രധാനശത്രുകീടങ്ങൾ. ചാഴി, മുഞ്ഞയുടെ മുട്ടയിൽ നിന്നും ചാറൂറ്റിക്കുടിക്കും. ഒരു എട്ടുകാലി ദിനംപ്രതി 10-15 മുഞ്ഞകളെ തിന്നും. തവളയും, ചേരയും പാടശേഖരങ്ങളിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. വംശനാശത്തിൻെറ വക്കിലെത്തിയിരിക്കുന്നു ഇവയൊക്കെ. ഫംഗസ്, ബാക്ടീരിയ, വൈറസ് തുടങ്ങിയവയും നെൽകൃഷിയെ ആക്രമിക്കുകയും അതുവഴി കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നുണ്ട്.

കീടനാശിനികൾ ആരോഗ്യത്തേയും പരിസ്ഥിതിയേയും തകർക്കുന്നു. ഓരോ സീസണിലും ഏക്കറിന് 800 രൂപയോളം കീടനാശിനിയ്ക്കായി ചെലവഴിക്കുന്നു എന്നാണ് കണക്ക്. ലോകാരോഗ്യ സംഘടന ഏറ്റവും വിനാശകാരിയായ വിഷങ്ങളുടെ കൂട്ടത്തിൽപ്പെടുത്തിയിരിക്കുന്ന മോണോ ക്രോട്ടോഫോസ്, കാർബോഫുറാൻ എന്നീ ഇനങ്ങളിൽപ്പെട്ട കീടനാശിനി ഏറ്റവും കൂടുതൽ ചെലവഴിയുന്നു. ഇവിടെ കളനാശിനിയായി ഉപയോഗിക്കുന്നത് പ്രധാനമായും 2.4 - D ആണ്. ഗ്രാമസോൺ, സ്റ്റാഫ് 34 എന്നിവയും കളനാശിനിയാണ്. വിയറ്റ്നാം യുദ്ധത്തിൽ ഉപയോഗിച്ച രാസായു

ധങ്ങളിൽ പ്രധാനമായ 'ഏജൻറ് ഓറഞ്ചി'ലെ പ്രധാന ചേരുവയും 2.4 – D ആയിരുന്നു.

കീടങ്ങളെ ഉപയോഗിച്ച് കളകളെ നശിപ്പിക്കുന്ന രീതി ഇവിടെ വിജയിച്ചിട്ടുണ്ട്. 'സിൾട്ടോബാഗസ്' എന്നറിയപ്പെടുന്ന ഒരു കീടത്തെ ഉപയോഗിച്ച് ആഫ്രിക്കൻ പായലിനെ ഒരു പരിധിവരെ നശിപ്പിക്കാൻ സാധിച്ചു.

സംയോജിത കീടനിയന്ത്രണ പരിപാടിയും (IPM) കർഷകർക്ക് പ്രതീക്ഷ നൽകുന്നു. വള്ളവൻകാട് പാടശേഖരത്തിൽ കഴിഞ്ഞ കൃഷിക്ക് IPM പദ്ധതി പരീക്ഷിച്ചിരുന്നു. ഒരു തുള്ളിവിഷം പോലും ഉപയോഗിക്കാതെ കൃഷിചെയ്യാൻ ആ പാടശേഖരത്തിലെ കർഷകർക്ക് സാധിച്ചു. ഈ ഇനത്തിൽ ഒരു ഏക്കറിന് 1000 രൂപയോളം ലാഭം കിട്ടിയെന്നാണ് കർഷകർ പറയുന്നത്.

### കീടനാശി ഉപയോഗം പട്ടിക – 3

| കീടനാശിനി | 1993–94 | | 1994–95 | | 1995–96 | |
|---|---|---|---|---|---|---|
| | Kg | Ltr | Kg | Ltr | Kg | Ltr |
| നുവാക്രോൺ | -- | -- | -- | -- | -- | -- |
| മോണോക്രോട്ടോ | -- | 410 | -- | 364 | -- | 210 |
| ഡൈമക്രോൺ | -- | 38 | -- | 64 | -- | 55 |
| ഹെനോസാൻ | -- | 141 | -- | 124 | -- | 138 |
| എക്കാലക്സ് | -- | 164 | -- | 145 | -- | 101 |
| തൈമറ്റ് | 710 | -- | 485 | -- | 324 | -- |
| ഡൈതേൻ | 18 | -- | 21 | -- | 22 | -- |
| ഫെർനോക്സാൻ | 1400 | -- | 1600 | -- | 1455 | -- |
| BHC | 1650 | -- | 1245 | -- | 12 | -- |

### കൂലിസേവന വ്യവസ്ഥകൾ

കർഷകരും കർഷകത്തൊഴിലാളികളും കൂടിചേർന്ന് കുട്ടനാടൻ കാർഷികമേഖലയിൽ മുമ്പ് ജന്മി കുടിയാൻ ബന്ധം നിലനിന്നിരുന്നു. ഭൂപരിഷ്ക്കരണത്തെത്തുടർന്ന് കർഷകത്തൊഴിലാളികൾ പലരും ഭൂ ഉടമകളായി. കർഷകത്തൊഴിലാളികളുടെ അഭാവം കാർഷികമേഖലയിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. കർഷകത്തൊഴിലാളികളുടെ പുതിയതലമുറ പരമ്പരാഗതമായ ഈ തൊഴിലിനോട് വിടപറയുന്നു. കൂലിക്കുറവും, വിദ്യാഭ്യാസം സൃഷ്ടിച്ച ചില മൂല്യബോധവും (?) ഒക്കെ ഈ ചുവടുമാറ്റത്തിന് കാരണമാണ്. 1930 ൽ സംഘം ചേർന്ന ഈ അസംഘടിത മേഖലയിലെ തൊഴിലാളികൾ ഒരു നാഴിക വിശ്രമത്തിൽ തുടങ്ങി കൂലി വർദ്ധനവിനും മറ്റുമായി ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ നടത്തിയതിൻെറ തിളങ്ങുന്ന സമരചരിത്രമുള്ള മണ്ണാണ് കുട്ടനാട്. കർഷകത്തൊഴിലാളി പെൻഷനും, ക്ഷേമനിധിയും കർഷകത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വത്തിനുള്ള ചില ഘടകങ്ങളാണെങ്കിലും വർദ്ധിച്ചുവരുന്ന ജീവിത വിലസൂചികയോട് പൊരുത്തപ്പെടുന്നതല്ല അവരുടെ കൂലി നിരക്ക്.

വേതനത്തിൽ സ്ത്രീപുരുഷ അന്തരം നിലനിൽക്കുന്ന മേഖല കൂടിയാണിത്. കൂലി കൂടുതൽ ആവശ്യപ്പെട്ട് കാലാകാലങ്ങളിൽ കർഷകത്തൊഴിലാളികൾ സമരം നടത്താറുള്ളതിനപ്പുറത്തേയ്ക്ക് സംഘർഷഭരിതമല്ല ഈ മേഖല. യന്ത്രങ്ങൾ കൂടാതെ ഇനി നെൽകൃഷി ആദായകരമായി നടത്താനാവില്ല. കാർഷികമേഖലയിൽ യന്ത്രവൽക്കരണം നടത്തുന്നതിനോട് ആദ്യകാലങ്ങളിൽ കർഷകത്തൊഴിലാളി സംഘടനകൾക്ക് എതിർപ്പുണ്ടായിരുന്നുവെങ്കിലും തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുത്താതെയുള്ള യന്ത്രവൽക്കരണത്തെ സ്വാഗതം ചെയ്യുന്നുണ്ട്. സ്ത്രീ പുരുഷ തൊഴിലാളികൾക്ക് മുമ്പ് ലഭിച്ചിരുന്ന തൊഴിൽ ദിനങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ല. പുരുഷന്മാർക്ക് ഒരു ഏക്കറിന് 15–20 തൊഴിൽ ദിനങ്ങൾ ലഭിച്ച സ്ഥാനത്ത് 2 ഉം സ്ത്രീകൾക്ക് 50–60 തൊഴിൽ ദിനങ്ങൾ എന്ന സ്ഥാനത്ത് 30–35 ഉം ആണ് ഇപ്പോൾ ലഭിക്കുന്നത്. കാർഷികമേഖലയിലെ കൂലിനിരക്ക് ഇപ്രകാരമാണ്.

കർഷകത്തൊഴിലാളി പുരുഷൻ .................................. 70 രൂപ

കർഷകത്തൊഴിലാളി സ്ത്രീ ........................................ 44 രൂപ

കൊയ്ത്തുമെതി - ഏഴിൽ ഒന്ന് പതവും അതിൻെറ നാലിൽ ഒന്ന് തീർപ്പും.

ഉഴവ് - ഏക്കറിന് 12 1/2 പറ നെല്ല് (വ്യവസ്ഥ നിരക്ക് പഞ്ചായത്തിൽ)

കീടനാശിനി തളിക്കുന്നതിന് ഒരു കുറ്റിക്ക് - 5 രൂപ.

## പ്രതികൂലകാലാവസ്ഥ

പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം, വരൾച്ച, കീടങ്ങളുടെ ആക്രമണം മുതലായ കെടുതികൾ മൂലം മിക്കവർഷവും വിളനാശം സംഭവിക്കാറുണ്ട്. ഇത്തരം നാശനഷ്ടങ്ങൾ കർഷകൻെറ പ്രതീക്ഷകളെയാകെ തകർക്കുന്നു. ഇവ നികത്താനായി രൂപം കൊടുത്തിട്ടുള്ള ഇൻഷ്വറൻസ് പദ്ധതികൾ അശാസ്ത്രീയവും അപ്രായോഗികവുമാണ്. നഷ്ട പരിഹാരം പലപ്പോഴും സാങ്കേതിക നൂലാമാലകളിൽ കുരുങ്ങിപ്പോകുന്നു. നിലവിൽ ഇൻഷുറൻസ് ആനുകൂല്ല്യം സർവ്വീസ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും മറ്റും വായ്പ എടുത്തിട്ടുള്ള കർഷകർക്ക് മാത്രമാണ് ലഭിക്കുന്നത്. എല്ലാ കർഷകരും ഇത്തരം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നില്ല. വായ്പ എടുക്കുന്നവരാകട്ടെ ഉൽപ്പാദന ചെലവിനാവശ്യമായ മുഴുവൻ പണവും വാങ്ങുന്നില്ല. വായ്പ തുക മാനദണ്ഡമാക്കിയുള്ള വിള ഇൻഷ്വറൻസ് പദ്ധതി അവസാനിപ്പിക്കണം. ഇൻഷ്വുർ ചെയ്ത വിള നഷ്ടമായാൽ എത്രയും പെട്ടെന്ന് നഷ്ടപരിഹാരം എത്തിച്ചുകൊടുക്കുവാനുള്ള സംവിധാനം ഇല്ല. ഇൻഷുറൻസ് ആനുകൂല്ല്യത്തിന് വിളനാശം നിശ്ചയിക്കുന്ന അടിസ്ഥാന യൂണിറ്റ് വികസന ബ്ലോക്ക് പരിധിയാണ്.

## കൃഷിഭവൻ പ്രവർത്തനം.

ഏലാ ഓഫീസ് എന്നപേരിൽ പ്രവർത്തനം ആരംഭിക്കുകയും പിൽക്കാലത്ത് കൃഷിഭവൻ എന്നപേരിൽ അറിയപ്പെടുകയും ചെയ്യുന്ന ഈ സ്ഥാപനം നമ്മുടെ കാർഷിക വ്യാപനത്തിനും അഭിവൃദ്ധിക്കും ഗണ്യമായ സംഭാവന നൽകുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഗവൺമെൻറ് നടപ്പിലാക്കുന്ന കാർഷിക സഹായ പദ്ധതികളുടെ സിംഹഭാഗവും വിതരണം ചെയ്യുന്നത് കൃഷിഭവനിൽ കൂടെയാണ്. (ഇപ്പോൾ പഞ്ചായത്തുകൾ വഴിയാണ്) കൃഷിയിടങ്ങളിൽ കർഷകനോടൊപ്പം അവൻെറ അനുഭവസമ്പത്തിനെ മാനിച്ച്, കാർഷിക വിജ്ഞാനവും കൂടി കലർത്തി കാർഷികമേഖലയിൽ ഒരു പുത്തൻ ഉണർവ്വ് പ്രദാനം ചെയ്യാൻ ബാധ്യതപ്പെട്ട കാർഷിക വിദഗ്ദ്ധർ അക്ഷരങ്ങളുടേയും, അക്കങ്ങളുടേയും ഇടയിൽ ജീവിക്കുന്നു. ഒരു പഞ്ചായത്തിൻെറ കാർഷിക സംബന്ധമായ വിരങ്ങളുടെ മുഖ്യകേന്ദ്രമായ കൃഷിഭവൻ ആ നിലയിലേയ്ക്ക് ഉയർന്നിട്ടില്ല. സത്യസന്ധതയോടും സൂക്ഷ്മതയോടും കൂടി വിവരങ്ങൾ ശേഖരിക്കുകയും അവ രേഖപ്പെടുത്തുകയും ചെയ്യുന്നില്ല. കൃഷിഭവൻ ഉദ്യോഗസ്ഥന്മാരും നെല്ലുൽപ്പാദന സമിതി ഭാരവാഹികളും ചേർന്നുകൊണ്ടുള്ള അവിശുദ്ധ കൂട്ടുകെട്ട് കർഷകർക്ക് അവകാശപ്പെട്ട സഹായങ്ങൾ ലഭിക്കുന്നതിന് തടസ്സമാകുന്നുണ്ട്. പാടശേഖരങ്ങളിൽ പരിശോധന നടത്തുകയും, മണ്ണിൽ ആവശ്യം വേണ്ട രാസഘടങ്ങൾ ഏതെന്ന് മനസ്സിലാക്കി കർഷകരെ അറിയിക്കുന്നതിനും വേണ്ടി മണ്ണു പരിശോധനാ കേന്ദ്രങ്ങൾ ഉണ്ട്. കൃഷിഭവൻ വഴിയാണ് മണ്ണ് പരിശോധനയ്ക്കായി അയയ്ക്കുന്നത്. കർഷകരും, കൃഷിഭവൻ ഉദ്യോഗസ്ഥരും ലാഘവത്തോടെയാണ് ഈ പ്രവർത്തനത്തെ കാണുന്നത്. ആ ലാഘവത്തിന് ഒരു പോറലും ഏൽക്കാതെ മണ്ണുഗവേഷണ കേന്ദ്രവും തോന്നിയതുപോലെ പരിശോധനാറിപ്പോർട്ടും നൽകുന്നു.

## നെല്ലുൽപ്പാദന സമിതികൾ.

കേവലം കൃഷി ഇറക്കുന്നതിനും വിളവ് എടുക്കുന്നതിനും സമയം നിശ്ചയിക്കുന്നതിനുമുള്ള സമിതികളായി നെല്ലുൽപ്പാദക സമിതികളുടെ പ്രവർത്തനം പരിമിതപ്പെട്ടു കഴിഞ്ഞു. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഈ സമിതിയുടെ ഭാരവാഹികളെ കർഷകർ തെരഞ്ഞെടുക്കുന്നു. കാർഷിക പ്രവർത്തനത്തിൽ കൂട്ടായ്മയുടെ നേട്ടം കൊയ്തെടുക്കുന്നതിൽ നെല്ലുൽപ്പാദന സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. 37 പാടശേഖരങ്ങളാണ് ഇവിടെയുള്ളത്. മാതൃകാപരമായി പ്രവർത്തിക്കുന്ന പല പാടശേഖരങ്ങളുണ്ട് എങ്കിലും കർഷകർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനു

ള്ള മധ്യവർത്തിയായി മാറിയിട്ടില്ല. സമിതി ഭാരവാഹികൾക്ക് സാമ്പത്തിക ഉത്തരവാദിത്വമില്ലാത്തതിനാൽ പണസംബന്ധമായ പല പ്രശ്നങ്ങളും ഉണ്ടാകാറുണ്ട്. കണക്കെഴുത്തും ഇന്റേണൽ ആഡിറ്റിങ്ങും ഉണ്ടെങ്കിലും ഇവയൊന്നും ശാസ്ത്രീയമായ രീതിയിലല്ല.

## പുഞ്ച സ്പെഷ്യൽ ഓഫീസ്.

പാടശേഖരങ്ങളിൽ വെള്ളം വറ്റിക്കുന്ന പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുകയും പാടശേഖരങ്ങളിലെ തർക്കങ്ങൾക്കും പ്രശ്നങ്ങൾക്കും തീർപ്പു കൽപ്പിക്കുന്ന അധികാരസ്ഥാനവും എന്ന ഉദ്ദേശത്തോടു കൂടി 1942ൽ ആരംഭിച്ചതാണ് പുഞ്ചസ്പെഷ്യൽ ആഫീസ്. പാടശേഖര കമ്മിറ്റി പുഞ്ച സ്പെഷ്യൽ ആഫീസറെ സമീപിച്ചാൽ അവർ ഇക്കാര്യം പത്രത്തിൽ പരസ്യം കൊടുക്കുകയും നിശ്ചിത ദിവസം ഏറ്റവും താഴ്ന്ന ക്വൊട്ടേഷൻ തരുന്നവരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. ഇതിനു വരുന്ന ചെലവിൻറ 50% പുഞ്ച സ്പെഷ്യൽ ആഫീസിൽ നിന്നും സബ്സിഡിയായി നൽകുന്നു.

കൃഷി വകുപ്പിന് ഗ്രാമതലം വരെ ഓഫീസ് സംവിധാനം ഇല്ലാതിരുന്ന കാലത്ത് സ്ഥാപിച്ചതാണ് പുഞ്ച സ്പെഷ്യൽ ആഫീസ്. ഇന്നിത് അനാവശ്യമാണ്. സ്വകാര്യ കോൺട്രാക്ടർമാരും ഉദ്യോഗസ്ഥന്മാരും ചേർന്ന ഒരു ലോബിയാണ് ലേലകാര്യങ്ങൾ നിയന്ത്രിക്കുന്നത്.

## വായ്പാ സംവിധാനങ്ങൾ.

കർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നതിൽ സഹകരണ സംഘങ്ങൾ മാത്രമാണ് ശ്രദ്ധിക്കുന്നത്. ഭൂരിഭാഗം കർഷകരും സഹകരണസംഘത്തിൽ, അംഗങ്ങളാണെങ്കിലും തങ്ങളുടെ കാർഷിക പ്രവർത്തനങ്ങൾക്കാകെ സംഘങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നില്ല. പഞ്ചായത്തിലെ മറ്റ് ധനകാര്യബാങ്കുകൾ കാർഷിക വായ്പകൾ നൽകുന്നില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ 11% പലിശയ്ക്ക് അഗ്രികൾച്ചറൽ ലോൺ എന്ന പേരിൽ സ്വർണ്ണപ്പണയ വായ്പ നൽകുന്നുണ്ട്. വളരെ കുറച്ചുപേർക്കുമാത്രമാണ് SBI വായ്പ കൊടുക്കുന്നത്. ആലപ്പുഴയിൽ പ്രവർത്തിക്കുന്ന SBIയുടെ അഗ്രികൾച്ചറൽ ഡവലപ്മെൻറ് ബാങ്ക് (4, 5 വാർഡുകൾ ഈ ബാങ്കിൻെറ പരിധിയിൽ വരുന്നുള്ളൂ) കഴിഞ്ഞ വർഷം (1995 - 96) 250 കർഷകർക്ക് 27,36,000 രൂപ വായ്പ നൽകി. അഗ്രകൾച്ചറൽ ക്രഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന 3 സർവ്വീസ് സഹകരണ സംഘങ്ങളാണ് ഇവിടെയുള്ളത്. SCB 2331. SCB A 87, SCS A 122 എന്നീ സംഘങ്ങൾ 1995-96 ൽ കർഷകർക്ക് 1.28 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. സർവ്വീസ് സഹകരണ സംഘങ്ങളിൽ വായ്പാ കാലതാമസം അനുഭവപ്പെടുന്നതുകൊണ്ട് കൊള്ളപ്പലിശയ്ക്ക് പണം കടമെടുത്ത് കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നു. സാമ്പത്തികാവശ്യം വന്നുപെടുന്ന സന്ദർഭങ്ങൾ മുൻകൂട്ടി നിശ്ചയിക്കുക സാധ്യമല്ലാത്തതിനാൽ 100-150% പലിശയ്ക്ക് കടം വാങ്ങാൻ കർഷകർ നിർന്ധിതരാകുന്നു. കഴിഞ്ഞവർഷം (1995-96) സർവ്വീസ് സഹകരണ ബാങ്കുകൾ നൽകിയ കാർഷിക വായ്പാ സംബന്ധമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക - 5

| സംഘം | വായ്പക്കാർ | വായ്പതുക |
|---|---|---|
| A 122 | 378 | 22,04,408 |
| A 87 | 564 | 45,24,075 |
| 2331 | 2764 | 61,15,828 |
| ആകെ | | 1,28,44,311 |

നെൽകൃഷിയിലെ സംബന്ധിച്ചിടത്തോളം ജലനിർഗ്ഗമനം പ്രശ്നമാണ്. പാടശേഖരങ്ങളിൽ നിന്ന് വെള്ളം പമ്പു

ചെയ്ത് പുറത്തേയ്ക്ക് കളയുക എന്നതാണ് രീതി. ബണ്ടിനു മുകളിൽ ഏതെങ്കിലും ഭാഗത്ത് പമ്പുവെച്ച് അവിടേയ്ക്ക് പലയിടങ്ങളിൽ നിന്നായി ചാലുകൾ കീറി വെള്ളം പമ്പു ചെയ്ത് കളയുന്നത്. ഇലക്ട്രിക് മോട്ടോറുകളാണ് ഉപയോഗിക്കുന്നത്. 5 മുതൽ 50 വരെ കുതിരശക്തിയുള്ള മോട്ടോറുകളാണുള്ളത്. സ്ഥിരമായി വൈദ്യുത കണക്ഷനുകൾ മോട്ടോർ തറകൾക്ക് ഇല്ലാത്തതിനാൽ ആവർത്തനച്ചെലവ്, സമയനഷ്ടം ഇവയ്ക്കുപുറമേ മറ്റുപല ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നു. വൈദ്യുത ദൗർലഭ്യം മൂലം യഥാസമയം വെള്ളം വറ്റിക്കാൻ കഴിയുന്നില്ല. പുറം ബണ്ടുകൾ ബലവത്തല്ലാത്തതിനാൽ വെള്ളപ്പൊക്ക. കാലയളവിൽ മട വീണ്ട് കൃഷി നശിക്കാൻ ഇടയാകുന്നു.

## ഉൽപ്പാദനക്ഷമത.

ഏറ്റവും ചെലവുകൂടിയ കൃഷി രീതികളാണ് ഇവിടെയുള്ളത്. എന്നാൽ മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് വിളവും താരതമ്യേന കൂടുതലാണ്. കേരളത്തിലെ നെല്ലിൻെറ ഉൽപ്പാദനക്ഷമത 1994-95 1943 Kgs ആയിരുന്നുവെങ്കിൽ ഇവിടെ അത് 3750 Kgs ആണ്. ഇപ്പോൾ കൃഷിക്കാർ വിളവായി കണക്കാക്കുന്നത്. അവർക്ക് അവകാശപ്പെട്ട വിളവുമാത്രമാണ്. കൂലിച്ചെലവ് കുറച്ചാണ് വിള പറയുന്നത്. ഒരു ഹെക്ടറിന് 3.75 ടൺ വിളവ് എന്നു പറഞ്ഞാൽ കൊയ്ത്തുകൂലി അടക്കം 4, 4.50 ടൺ ആകും.

**ഉൽപ്പാദനക്ഷമത - നെല്ല് (പട്ടിക 6)**

| | വിതവിസ്തീർണ്ണം | | ഉൽപ്പാദനക്ഷമത | |
|---|---|---|---|---|
| | കേരളം | നെടുമുടി | കേരളം | നെടുമുടി |
| വർഷം | 1000 ഹെ: | ഹെ: | | |
| 1973-74 | 894 | | 1440 | |
| 1980-81 | 802 | | 1587 | |
| 1985-86 | 678 | | 1729 | |
| 1990-91 | 559 | | 1942 | |
| 1991-92 | 541 | | 1959 | |
| 1992-93 | 537 | | 2018 | |
| 1993-94 | 507 | | 1977 | |
| 1994-95 | 503 | | 1943 | |

നെൽകൃഷി നഷ്ടത്തിലാണ് എന്നാണ് കർഷകൻ പറയാറുള്ളത്. അമിതമായ കൂലിച്ചെലവും രാസവളങ്ങളുടേയും കീടനാശിനികളുടേയും വില വർദ്ധനവും ഉൽപ്പന്നത്തിന് അർഹമായ വില ലഭിക്കാത്തതുമാണ് കാരണങ്ങൾ. പ്രകൃതിക്ഷോഭം മൂലമോ, കീടങ്ങളുടെ ഉപദ്രവങ്ങൾ മൂലമോ ചില സന്ദർഭങ്ങളിൽ കൃഷി നശിച്ചുപോകാറുണ്ടെങ്കിലും'കൃഷി നഷ്ടമാണ്' എന്ന അഭിപ്രായം എത്ര കണ്ട് വസ്തുതകൾക്ക് നിരക്കുന്നതാണ് എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.കൃഷിഭവനിൽ നിന്നും ശേഖരിച്ച നെല്ലുൽപ്പാദന ചെലവ് സംബന്ധമായ കണക്ക് പട്ടിക 9-ൽ കൊടുത്തിരിക്കുന്നത് പരിശോധിക്കുക.

**(1995 വർഷത്തെ) (ഒരു വർഷത്തെ) പട്ടിക - 7**

| ഇനവിവരം | അളവ് | | ചെലവ് തുക കണക്കിൽ |
|---|---|---|---|
| 1. കൂലിച്ചെലവ് | സ്ത്രീ 40/- | പു 60/- | |
| നിലം ഒരുക്കൽ | 20 | 15 | |
| വിത | --- | 3 | |
| ഉറവ വറ്റിക്കൽ | --- | 3 | |
| വളം ഇടീൽ | --- | 10 | |
| നടിച്ചിൽ | 20 | --- | |
| കള പറിക്കൽ | 50 | --- | |
| മെയിൻറനൻസ് | --- | 5 | |
| പതിരുപിടുത്തം | --- | 5 | |
| | 90 × 40 | 41 × 60 | 6060.00 |
| 2. വളം കീടനാശിനി | | | |
| ഫാക്ടം ഫോസ് | 250 Kgs | 1560 | |
| യൂറിയ | 125 Kgs | 427 | |
| പൊട്ടാഷ് | 125 Kgs | 477 | 2464.00 |
| 3. കളനാശിനി | | | |
| കീടനാശിനി | | 1200 | |
| തളികൂലി | 280 | | 1480.00 |
| 4. വിത്ത് വില | | | 1000.00 |
| 5. ഉഴവ് | | | 1000.00 |
| 6. നേർമ | | | 150.00 |
| ആകെ | | | 12154.00 |

ഒരു ഹെക്ടറിലെ കൃഷി ചെലവ് 12154 രൂപയാണ്. ഒരു ഹെക്ടറിലെ ഉൽപ്പാദനം 40 ക്വിൻറൽ ആണ് ഒരു ക്വിൻറൽ നെല്ലിന് 500 രൂപ പ്രകാരം ആകെ 20,000 രൂപ വരും. ചെലവ് 12154 രൂപ കുറച്ചാൽ മിച്ചം 7846 രൂപയാണ് 4

മാസം കൊണ്ട് കർഷകന് ലഭിക്കുന്ന അധികവരുമാനം. വൈക്കോൽ വിലയും ചേർക്കേണ്ടതാണ്.

നെൽകൃഷി കൂടുതൽ ആദായകരമാക്കുന്നതിന് 1988-91 കാലഘട്ടത്തിൽ പരീക്ഷിച്ച ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം മൂലം കഴിഞ്ഞിട്ടുണ്ട്. ഗ്രൂപ്പ് ഫാമിങ്ങ് വഴി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും ഉൽപ്പാദനച്ചെലവ് ചുരുക്കുവാനും കഴിയുമെന്ന് തെളിഞ്ഞിട്ടുണ്ട്. പട്ടിക 10 പരിശോധിക്കുക.

പട്ടിക - 8

| ചെലവിനങ്ങൾ | ചെലവ് തുക |
|---|---|
| ഉഴവ് | 750.00 |
| പല്ലിക്കടിക്കൽ, പലക പിടിക്കൽ | 200.00 |
| വരമ്പുകോരൽ, മൂലകൾ, അതിരുകൾ പിടിക്കൽ | 250.00 |
| ചാലുകൾ കോരുക | 200.00 |
| തൂമ്പുകൾ പിടിക്കുക | 200.00 |
| വിത്തുവില | 750.00 |
| വിതവില | 250.00 |
| വളങ്ങൾ : ജൈവവളം .................................. 1000.00 | |
| രാസവളം .................................................. 2317.00 | |
| കുമ്മായം .................................................. 600.00 | |
| വളമിടീൽ .................................................. 900.00 | 4817.00 |
| കളനിയന്ത്രണം | 2500.00 |
| മറ്റിനം | 500.00 |
| കൊയ്ത്ത്, മെതി | 1000.00 |
| ആകെ | 11417.00 |

ആകെ വിളവ് 45 ക്വിൻറൽ × Rs.500.00

ഉൽപ്പന്ന വില = 22500.00

ഉൽപ്പാദന ചെലവ് = 11417.00

ആകെ = 11083

വൈക്കോൽ = 1000.00

ലാഭം = 11083 + 1000 = 12083

## സംഭരണം, സംസ്ക്കരണം, വിപണനം.

നെല്ല് സംഭരിച്ച് വിൽപ്പന നടത്തുന്നതിനുള്ള സംവിധാനം ഇല്ല. എത്ര ഉൽപ്പാദനം നടത്തിയാലും ഇടത്തട്ടുകാരുടേയും മറ്റും ചൂഷണത്തിൽ നിന്നും വിമുക്തരല്ല നെൽകർഷകർ. സാമ്പത്തിക പരാധീനത മൂലം കിട്ടുന്ന വിലയ്ക്ക് നെല്ല് വിൽക്കേണ്ടിവരുന്നു. വ്യാപകമായ തോതിൽ ലോറിയിലും വള്ളത്തിലും നെല്ല് കയറ്റി മറ്റു സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നു. മുമ്പ് 'പുഴുങ്ങിക്കുത്തുകാർ' എന്നൊരു വിഭാഗം ഉണ്ടായിരുന്നു. നെല്ല് മൊത്തമായി സംഭരിച്ച് അരിയായി വിൽപ്പന നടത്തുന്ന ഇവർക്ക് നെല്ലുവിലയുടെ മുഴുവൻ തുകയും രൊക്കമായി കർഷകർക്ക് നൽകാനുള്ള സാമ്പത്തിക സ്ഥിതിയില്ലായിരുന്നു. ഇത് അനുകൂലഘടകമായി കണ്ടാണ് പുറത്തുനിന്നും നെല്ല് കച്ചവടക്കാർ നല്ലൊരു കമ്പോളമായി ഇവിടം കണ്ടുതുടങ്ങിയത്. ഇവരെ സഹായിക്കുന്നതിന് സ്വദേശികളായ ധാരാളം ഏജൻറുമാരുമുണ്ട്. കർഷകരുടെ ദൈനം ദിന പ്രശ്നങ്ങൾ നേരിട്ടറിയുന്ന ഇവർ സന്ദർഭം ചൂഷണം ചെയ്യുന്നു.

ഈ ദു:സ്ഥിതിയിൽ നിന്നും അൽപ്പമൊരു ആശ്വാസമാണ് സഹകരണ സംഘങ്ങൾ നെല്ല് സംഭരിക്കാൻ എടുത്ത തീരുമാനം. നെല്ല് കർഷകരിൽ നിന്ന് സംഭരിച്ച് 80% വില മുൻകൂറായി നൽകുന്നുണ്ട്. എങ്കിലും നിശ്ചിത അളവിൽ കൂടുതൽ നെല്ല് സംഭരിക്കാനുള്ള സൗകര്യങ്ങൾ നിലവിൽ ഒരു സംഘത്തിലും ഇല്ല. ഒരു ടൺ നെല്ലിൽ നിന്നും 700 Kgs അരിയും 144 Kgs കാലിത്തീറ്റയും ലഭിക്കുമെന്നാണ് കണക്ക്. അങ്ങനെയെങ്കിൽ നെല്ലിന് ന്യായമായും ലഭിക്കേണ്ട വില ലഭിക്കുന്നില്ല എന്ന് മനസ്സിലാക്കാൻ സാമ്പത്തിക വിദഗ്ദ്ധരുടെയൊന്നും സഹായം ആവശ്യമില്ല.

നെൽകൃഷി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

- അത്യൽപ്പാദന ശേഷിയുള്ള വിത്തുകൾ ലഭിക്കുന്നില്ല.
- രാസവളത്തിൻെറ അമിത ഉപയോഗം മണ്ണിൻെറ ഫലഭൂയിഷ്ടത നഷ്ടപ്പെടുത്തുന്നു.
- ജൈവവളങ്ങൾ ഉപയോഗിക്കുന്നില്ല.
- കീടനാശിനികളുടെ അമിത ഉപയോഗം.
- കീടബാധ.
- കർഷകത്തൊഴിലാളികളുടെ അഭാവം.
- പ്രതികൂല കാലാവസ്ഥ.
- പാടങ്ങൾ നികത്തപ്പെടുന്നു.
- നീർക്കെട്ട് വിളനാശത്തിന് കാരണമാകുന്നു.
- നെൽകൃഷിയോടുള്ള താൽപ്പര്യക്കുറവ്.
- ആവശ്യമായ യന്ത്രോപകരണങ്ങൾ ഇല്ല.
- ഉൽപ്പാദന ക്ഷമത കുറയുന്നു. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. ഇടത്തട്ടുകാരുടെ ചൂഷണം.
- കൃഷി ഭവനിൽ നിന്ന് ആവശ്യത്തിന് സഹായം ലഭിക്കുന്നില്ല.
- വായ്പാ സൗകര്യം ആവശ്യത്തിന് ലഭിക്കുന്നില്ല.
- നെല്ലുൽപ്പാദക സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- നെല്ല് സംഭരിക്കാനും, സംസ്ക്കരിക്കാനുമുള്ള സംവിധാനങ്ങളില്ല.
- മണ്ണ് പരിശോധന പ്രഹസനമാണ്.

## സാധ്യതകൾ.

കേരളത്തിൽ ഇന്നും പ്രധാനകൃഷിയാണ് നെല്ല്. 1994 - 95 ൽ 5.03 ലക്ഷം ഹെക്ടറിൽ നിന്ന് 9.75 ലക്ഷം ടൺ അരിയാണ് ഉൽപ്പാദിപ്പിച്ചത്. 300 ലക്ഷം ജനങ്ങളെ തീറ്റിപ്പോറ്റാൻ ഇത് വളരെ അപര്യാപ്തമാണ്. 23 ലക്ഷം ടൺ അരിയുടെ കമ്മിയാണ് ഇപ്പോൾ നമ്മുടെ ഉൽപ്പാദനവും ഉപഭോഗവും തമ്മിൽ നാടിൻെറ പുരോഗതിക്കും സമ്പദ് സമൃദ്ധിക്കും ദാരിദ്ര നിർമ്മാർജ്ജനത്തിനും തൊഴിലില്ലായ്മ നികത്തുന്നതിനും കൃഷി പ്രമുഖ പങ്കു വഹിക്കുന്നു എന്ന വസ്തുത നിസ്തർക്കമാണ്. നമ്മുടെ സംസ്ക്കാരത്തിൻേറയും ചരിത്രത്തിൻേറയും ആണിക്കല്ലായിരുന്ന നെൽക്കൃഷി ആസ്ഥിതിയിലേയ്ക്ക് തിരിച്ച് കൊണ്ടുവരികയാണ് വേണ്ടത്. ഇത് ദേശാഭിമാന പ്രചോദിതമായ ഒരു പ്രവർത്തനമായി കണ്ട് കാർഷിക വൃത്തി കൂടുതൽ ആദായകരവും മാന്യവുമാക്കണം.

1) ഇന്നുള്ള കാർഷിക പ്രശ്നങ്ങൾ ചിട്ടപ്പെടുത്തുകയും കൃത്യമായ ഒരു ഷെഡ്യൂൾ ഉണ്ടാക്കുകയും ചെയ്യുക. ഇതിൻെറ അടിസ്ഥാനത്തിൽ വിവിധ പ്രദേശങ്ങളിലെ കാർഷിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വേണം.

2) തണ്ണീർമുക്കം ബണ്ടിൻെറ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടു കൂടിയ ജനങ്ങളുടെ ഒരു കമ്മിറ്റി ഉടൻ രൂപീകരിക്കണം. അടുത്ത വർഷം മുതൽ ഈ കമ്മിറ്റിയുടെ നിയന്ത്രണത്തിലായിരിക്കണം ബണ്ട് തുറക്കുകയും അടയ്ക്കുകയും ചെയ്യേണ്ടത്.

3) ആവശ്യത്തിനുള്ള വിത്ത് വേണ്ട സമയത്ത് ലഭ്യമാക്കണം. ഏകദേശം 400 ടൺ വിത്താണ് ഒരു വർഷം ഈ പഞ്ചായത്തിൽ വേണ്ടത്. National Seed Corporation ൽ നിന്നും കിട്ടുന്ന വിത്ത് വളരെ കുറവാണ്. ഇത് പരിഹരിക്കുന്നതിന് ഒരു 'സീഡ് കോർപ്പറേഷൻ' സ്ഥാപിക്കണം. മങ്കൊമ്പ് നെല്ലു ഗവേഷണ കേന്ദ്രത്തിൻെറ സേവനം ഇതിനായി ലഭ്യമാക്കണം. കുട്ടനാടിൻെറ മണ്ണിന് യോജിച്ച നെൽവിത്തിനങ്ങൾ വികസിപ്പിച്ചെടുക്കണം. തെരഞ്ഞെടുത്ത പാടങ്ങളിൽ ഈ പ്രദേശത്തിന് യോജിച്ച രീതിയിലുള്ള വിത്തിനങ്ങൾ കൃഷി ചെയ്ത് ആവശ്യത്തിനുള്ള വിത്ത് ഉണ്ടാക്കണം. തെരഞ്ഞെടുത്ത കർഷകർക്ക് ഇതിനായി പരിശീലനം നൽകണം.

4) ഇന്നുള്ള പുഞ്ച സ്പെഷ്യൽ ഓഫീസ് നിർത്തൽ ചെയ്യണം. പകരം പമ്പിംഗ് നടത്താനുള്ള സംവിധാനം കൃഷി ഭവൻെറ നേതൃത്വത്തിൽ ആക്കണം. പമ്പിംഗ് കോൺട്രാക്ട് അവസാനിപ്പിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള ചുമതല പാടശേഖര കമ്മിറ്റിയുടെ ചുമതലയിലാക്കണം. പമ്പിംഗിന് ഗവൺമെൻറ് നൽകുന്ന തുകയുടെ 50% എങ്കിലും മുൻകൂറായി നൽകണം.

5) ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന വിവിധ സബ്സിഡികൾ നിർത്തലാക്കി അതിനു പകരം ഉൽപ്പാദന ബോണസ് നൽകണം.

6) ജൈവവളം കൂടുതലായി ഉപയോഗിക്കണം. പാടശേഖരങ്ങളുടെ പുറം ബണ്ടുകളിൽ പച്ചിലസസ്യങ്ങൾ വച്ചുപിടിക്കണം.

7) IPM (സംയോജിത കീട നിയന്ത്രണ പദ്ധതി) പദ്ധതി

എല്ലാ പാടശേഖരങ്ങളിലും സ്ഥിരം സംവിധാനമായി നടപ്പിലാക്കണം.

8) കർഷകത്തൊഴിലാളികൾക്ക് അവരുടെ തൊഴിലിൽ സുരക്ഷിതത്വം ഉറപ്പുവരുത്താനുതകുന്ന സംവിധാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളണം. അധ്വാന ഭാരത്തിന് അനുസരിച്ചുള്ള വേതനം ലഭിക്കുന്നില്ല എന്നത് മനസ്സിലാക്കി അധ്വാനഭാരം ലഘൂകരിക്കുന്നതിനും പാടശേഖരങ്ങളിൽ പ്രായോഗികവുമായ മെതിയന്ത്രങ്ങൾ വികസിപ്പിച്ചെടുക്കണം. ഇവ ഉപയോഗിക്കുന്നതിന് സ്ത്രീകൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പരിശീലന പരിപാടിയും സംഘടിപ്പിക്കണം.

9) കർഷകർക്ക് ഇന്ന് നൽകി വരുന്ന സഹായ പദ്ധതികൾ വിതരണം ചെയ്യുന്നതിന് നിലവിലുള്ള നൂലാമാലകൾ ഇല്ലാതാക്കണം. ഓരോ കർഷകനും അവകാശപ്പെട്ട വിഹിതം ബന്ധപ്പെട്ട പ്രാഥമിക സർവ്വീസ് സഹകരണ സംഘത്തിലെ കർഷകൻെറ അക്കൗണ്ടുകളിൽ മാറികിട്ടുന്നതിന് കഴിയണം. നിലവിൽ കർഷകർക്ക് നൽകി വരുന്ന സഹായ പദ്ധതികൾ പലതും വിഭവങ്ങളായി നൽകുന്ന രീതിയുണ്ട്. ഇത് അഴിമതി നടത്തുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് നല്ല സന്ദർഭമാണ്.

10) കർഷകർ, നെല്ലുൽപ്പാദക സമിതികൾ, പ്രൈമറി സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനം ഉണ്ടാകത്തക്ക രീതിയിൽ ബന്ധപ്പെട്ടവയുടെ നിയമങ്ങളിൽ അവശ്യമായ ഭേദഗതികൾ വരുത്തണം.

11) നിലവിലുള്ള സർവ്വീസ് സംഘങ്ങളുടെ പ്രവർത്തന പരിധി പാടശേഖരാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുക. എല്ലാ കർഷകരേയും സംഘത്തിൽ അംഗങ്ങളാക്കുകയും യഥാസമയം വായ്പ ലഭ്യമാക്കുന്നതിന് 'ക്രഡിറ്റ് ലിമിറ്റ്' നൽകുകയും വേണം.

12) നെല്ലുൽപ്പാദന സമിതികളുടെ നിലവിലുള്ള പ്രവർത്തനത്തിൽ കർഷകർ തൃപ്തരല്ലായെന്നുള്ള പരാതി പരിഹരിക്കണം. ഗ്രാമപഞ്ചായത്തിൻെറ നേതൃത്വത്തിൽ പാടശേഖരങ്ങളിലെ പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് 'കർഷകസമിതി' രൂപീകരിക്കണം. റിട്ടയർ ചെയ്ത കാർഷിക വിദഗ്ദ്ധരേയും നല്ല കർഷകരേയും സംഘടിപ്പിച്ച് ഒരു വിദഗ്ദ്ധസെൽ രൂപീകരിക്കണം.

13) നെല്ലുൽപ്പാദന സമിതിയിൽ എല്ലാ കർഷകരും രജിസ്റ്റർ ചെയ്യണം. ഗ്രൂപ്പു ഫാമിങ്ങ് വ്യാപകമാക്കുകയും പഞ്ചായത്തുകൾക്കും കൃഷിഭവനുകൾക്കും നിയന്ത്രണമുള്ള സ്വയം ഭരണസ്ഥാപനങ്ങളാക്കി വളർത്തേണ്ടതാണ്. സമിതിയുടെ കണക്കുകൾ പരിശോധിക്കാൻ കർഷകസമിതിയിൽ ഒരു ആഡിറ്റ് വിഭാഗം ഉണ്ടാകണം.

14) കൃഷിഭവൻെറ പ്രവർത്തനം ഫലപ്രദമാക്കണം. കൃഷി ഉദ്യോഗസ്ഥന്മാർ പാടങ്ങളിലേക്ക് ഇറങ്ങിവരണം. ഓരോ ഘട്ടത്തിലും കർഷകക്കാർവശ്യമായ വിദഗ്ദ്ധോപദേശം നൽകാൻ സന്നദ്ധരാകണം.

15) മണ്ണു പരിശോധന സംവിധാനം കാര്യക്ഷമമാക്കണം. സഞ്ചരിക്കുന്ന ലാബർട്ടറി പുനരാരംഭിക്കണം. നെല്ല് അന്യനാടുകളിലേയ്ക്ക് കൊണ്ടാണ് ന്യായമായ വില ലഭിക്കാത്തത്. നെല്ല് ഇവിടെത്തന്നെ സംഭരിച്ച് സംസ്ക്കരിച്ച് അരിയായി വിപണനം നടത്തുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു മേടേൺ റൗയിസ് മില്ല് സ്ഥാപിക്കണം. ഈ അരി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വിലയ്ക്ക് വാങ്ങണം.

16) വർഷക്കാലങ്ങളിൽ മടവീഴ്ച ഭീഷണിയിൽ നിന്ന് പാടശേഖങ്ങളെ സംരക്ഷിക്കുന്നതിന് ബണ്ടുകൾ ബലപ്പെടുത്തണം. കരിങ്കൽ ബണ്ട് നിർമ്മാണം തൃപ്തികരമല്ല. ചേറും മണലും കൊണ്ടുള്ള തനി നാടൻ ബണ്ടുകളുടെ സാദ്ധ്യത പരിശോധിക്കണം, വശങ്ങളിൽ വട്ടിപ്പുല്ലും ഉപയോഗിച്ച് ബലപ്പെടുത്തണം.

17) പുറം ബണ്ടുകൾ യാത്രാസൗകര്യത്തിനായി ഉപയോഗിക്കണം. യന്ത്രസംവിധാനങ്ങൾ ആവിഷ്ക്കരിക്കുമ്പോൾ അവ എത്തുന്നതിനും മറ്റുമുള്ള സൗകര്യമുള്ള തരത്തിൽ മെച്ചപ്പെട്ടതായിരിക്കണം. (ഉൽപ്പന്നങ്ങൾ ബണ്ടുകളിൽ നിന്ന് വാഹനത്തിൽ കയറ്റിവിടുവാൻ കഴിയണം).

18) എല്ലാ പാടശേഖരങ്ങൾക്കും പമ്പിംഗ് നടത്താനുള്ള സ്ഥിരം സംവിധാനം ഉണ്ടാകണം. മോട്ടോർ തറ, പുര, മോട്ടോറുകൾ എല്ലാ പാടശേഖരങ്ങളിലും ലഭ്യമാക്കണം. സ്ഥിരം വൈദ്യുതി കണക്ഷൻ അനുവദിക്കണം.

19) നിലവിലുള്ള ഇൻഷുറൻസ് സംവിധാനത്തിൻെറ അപാകതകൾ പരിഹരിക്കുകയും വായ്പയെ ബന്ധപ്പെടുത്തിയുള്ള രീതി മാറ്റി എല്ലാ കർഷകർക്കും ഉൽപ്പാദനച്ചെലവിനനുസൃതമായി പഞ്ചായത്ത്, നെല്ലുൽപ്പാദന സമിതി വഴി വിതരണം ചെയ്യണം. ഇൻഷുറൻസിൻെറ ആനുകൂല്യം നിർണ്ണയിക്കുന്നതിന് വികസന ബ്ലോക്ക് അടിസ്ഥാനത്തിലുള്ള യൂണി

റ്റിന് മാറ്റം വരുത്തി പഞ്ചായത്ത് തലത്തിലോ നെല്ലുൽപ്പാദന സമിതി തലത്തിലോ ഉള്ള യൂണിറ്റാക്കുക.

20) പഞ്ചായത്തിലെ ഏറ്റവും വലിയ പാടശേഖരമായ മാത്തൂർ പാടശേഖരത്തിന് നടുവിലൂടെയുള്ള തോട് (കാപ്പുമുട്ടു മുതൽ വലിയ കളം വരെ).

21) സമിതികൾ കൂടിയാലോചിച്ച് 1/3 പാടശേഖരങ്ങൾ വീതം വെള്ളപ്പൊക്ക മൽസ്യകൃഷി ചെയ്യുന്നതിനെക്കുറിച്ചാലോചിക്കണം. തുടർച്ചയായ കൃഷിയിലൂടെയുണ്ടാവുന്ന മണ്ണിൻെറ ഊഷരത ഒഴിവാക്കുവാനും - വെള്ളപ്പൊക്ക രൂക്ഷത കുറയ്ക്കുവാനും ഉപകരിക്കും.

## തെങ്ങ്.

നെല്ല് കഴിഞ്ഞാൽ ഏറ്റവും വലിയ വിള തെങ്ങാണ്. നാണ്യവിളയായ ഈ വിളയുടെ ഉൽപ്പാദനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. തെങ്ങ് കൃഷിയിൽ ഉടമസ്ഥർക്ക് താൽപ്പര്യമില്ല. 380 ഹെക്ടർ പ്രദേശത്ത് തെങ്ങ് ഉണ്ടെന്നാണ് കൃഷി ഭവൻ കണക്ക്. ഇത് എത്രത്തോളം വസ്തുതാപരമാണെന്നതിന് തെളിവുകളില്ല. മൊത്തം ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കൃഷി ഭവനിൽ നിന്ന് ലഭിച്ചിട്ടില്ല. കുട്ടനാട്ടിൽ തേങ്ങയുടെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 12000 എണ്ണം എന്നാണ് മതിപ്പുകണക്ക്. ഇത് കേരളത്തിൻെറ ഉൽപ്പാദന ക്ഷമതയേക്കാൾ കൂടുതലാണ്. ഏകദേശം ഇരട്ടിയിലധികം.

കാറ്റുവീഴ്ച രോഗം തേങ്ങ ഉൽപ്പാദനത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. പതിറ്റാണ്ടിലേറെ കാലമായിട്ടും ഇതിനെതിരെ പ്രതിവിധികളൊന്നും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ലെന്നു മാത്രല്ല വർഷം തോറും കാറ്റുവീഴ്ച രോഗം ശക്തമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ജലസേചനം തെങ്ങിൻെറ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുമെന്ന് കാർഷിക വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മറ്റു കാർഷികവിളകളെ സംരക്ഷിക്കുന്നതുപോലെ തെങ്ങിനെ സംരക്ഷിക്കുന്നതിൽ ഗവൺമെൻറ് താൽപ്പര്യം കാണിക്കുന്നില്ല. തെങ്ങുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ ഒന്നും തന്നെ വിജയപ്രദമായിട്ടില്ല. ഉൽപ്പാദനശേഷി കൂടിയ സങ്കരയിനം വൻതോതിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനോ അവ നടാൻ കർഷകരെ പ്രോൽസാഹിപ്പിക്കാൻ ആവശ്യമായ അനുബന്ധ സേവനങ്ങൾ (വളം, വെള്ളം, കീടനാശിനി, വായ്പ, സബ്സിഡി) എന്നിവ നൽകുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല. കേരവികസനസമിതികൾ വാർഡടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചെങ്കിലും ഇന്നവയെല്ലാം നിർജ്ജീവങ്ങളായിത്തീർന്നു. പാടങ്ങൾ നികത്തി തെങ്ങുവെയ്ക്കുന്ന പ്രവണത വളർന്നുവരുന്നുണ്ട്. ഓരു വെള്ളം കയറുന്നത് നാളികേരത്തിൻെറ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കാരണമാണ്.

## സാധ്യതകൾ.

1) തെങ്ങിന് ആവശ്യമായ പരിചരണം നൽകേണ്ടതുണ്ട്. നല്ല തൈ തെരഞ്ഞെടുക്കൽ, നടീൽ, ആദ്യകാല പരിചരണം, ജലസേചനം, വളംചേർക്കൽ, കാലാകാലങ്ങളിലുള്ള പരിചരണം എന്നിവയിൽ എല്ലാം ഇന്നുള്ളതിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

2) പാടങ്ങൾ നികത്തി തെങ്ങുവെയ്ക്കുന്ന പ്രവണത അവസാനിപ്പിക്കണം.

3) ഇന്ന് നിലവിലുള്ള രോഗം വന്നതോ, വളർച്ച മുരടിച്ചതോ ആയ തെങ്ങുകൾ മുറിച്ചുമാറ്റണം. കർഷകർക്ക് നഷ്ട പരിഹാരമായി ഇന്ന് നൽകുന്ന തുക (75/- രൂപ) വർദ്ധിപ്പിക്കണം. പകരം വെച്ചു പിടിപ്പിക്കുവാൻ ഉൽപ്പാദന ശേഷിയും രോഗപ്രതിരോധ ശേഷിയുമുള്ള നല്ല തൈ നൽകണം.

4) തെങ്ങിൻെറ കടയ്ക്കൽ ഈർപ്പം നിലനിൽക്കുന്നതിന് സഹായകമായ Drip Irrigation നുള്ള സഹായധനം കർഷകർക്ക് ലഭ്യമാക്കണം.

5) വളം, കീടനാശിനികൾ എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.

6) സഹകരണ സംഘങ്ങൾ തെങ്ങ് കർഷകർക്ക് ആവശ്യമായ വായ്പകൾ നൽകുകയോ, കേര കർഷകരുടെ ഒരു സഹകരണസംഘം പഞ്ചായത്തിൽ രൂപീകരിക്കുകയോ വേണം. ഇതിൽ കർഷകർ 'A' ക്ലാസ് അംഗങ്ങളും, കേര കർഷക സമിതികൾ 'B' ക്ലാസ് അംഗങ്ങളുമായിരിക്കും. കേര കർഷകസമിതികൾ ശുപാർശ ചെയ്യുന്നവർക്കുമാത്രമേ വായ്പ നൽകുവാൻ പാടുള്ളൂ.

7) നിലവിലുള്ള കേരകർഷകസമിതികൾ 2 വാർഡിന് ഒന്ന് എന്ന രീതിയിൽ പുനഃക്രമീകരിച്ച് പുനർജ്ജീവിപ്പിക്കണം.

8) കേര വികസന സമിതിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിൻെറ സഹകരണത്തോടുകൂടി ഒരു 'വാളൻറിയർ സേന' രൂപീകരിക്കണം. കൃമികീടങ്ങളിൽ നിന്നും പൂങ്കുലകളെ രക്ഷിക്കാൻ തെങ്ങിൻെറ മണ്ട വൃത്തിയാക്കുക, രോഗബാധിത തെങ്ങുകൾ അടിയന്തിരമായി വെട്ടി മാറ്റുക തുടങ്ങിയവയാണ് സമിതിയുടെ പ്രവർത്തനം കൊണ്ടുദ്ദേശിക്കുന്നത്.

11) ഇടവിളയായി കമുക് കൃഷി ചെയ്യണം. (അടയ്ക്കാ കൃഷിക്ക് വളരെ അനുയോജ്യമാണ് കുട്ടനാട്)

12) റബ്ബർ ബോർഡ്, ടീബോർഡ് മാതൃകയിൽ കേന്ദ്രഗവൺമെൻറിൻെറ ചുമതലയിൽ കേരബോർഡ് പ്രവർത്തിക്കണം.

## പച്ചക്കറികൃഷി

തീരെ അവഗണിക്കപ്പെട്ട ഒരു കൃഷിയാണിത്. നമ്മുടെ മണ്ണിൽ വിളയുന്ന പച്ചക്കറി പലതുണ്ടായിട്ടും ഇന്നും അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളാണ് ഇവിടുത്തെ ജനങ്ങൾ ഉപയോഗിക്കുന്നത്. ഒരു മാസം ഏകദേശം 6–7 ലക്ഷം രൂപയുടെ പച്ചക്കറികൾ നാം ഉപയോഗിക്കുന്നുണ്ട്. കൃഷി ഭവനിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് 25 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നുവെന്നാണ് പറയുന്നത്. എല്ലാ വീട്ടുവളപ്പിലും പച്ചക്കറി കൃഷി ചെയ്യുന്ന പുതിയൊരു കാർഷിക സംസ്ക്കാരം വളർത്തിയെടുക്കണം. ചീര, വെള്ളരി, വഴുതന, പച്ചമുളക്, കാന്താരി, തക്കാളി, പാവയ്ക്ക, പടവലം, ചേന, കാച്ചിൽ, ചേമ്പ്, പപ്പായ എന്നിവയും കൃഷി ചെയ്യുന്നതിന് ഈ മണ്ണ് ഫലഭൂയിഷ്ടമുള്ളതാണ്. പഴ വർഗ്ഗങ്ങളുടെ ഉൽപ്പാദനത്തിൽ വാഴപ്പഴം, കൈതച്ചക്ക, മാങ്ങ, ചക്ക എന്നിവ ഒരുകാലത്ത് സുലഭമായിരുന്ന പ്രദേശത്ത് ഇനിയും സാധ്യതകളുണ്ടെന്ന് നമുക്ക് തെളിയിക്കാം.

## സാധ്യതകൾ.

1) നാം നിത്യേന ഉപയോഗിച്ചുവരുന്ന പച്ചക്കറികളുടെ കാര്യത്തിൽ സമ്പൂർണ്ണമായ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് പരിമിതികളേറെയുണ്ടെങ്കിലും ഈ മണ്ണിന് ഏറ്റവും അനുയോജ്യമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും കൃഷിചെയ്തുണ്ടാക്കണം.

2) പച്ചക്കറി കൃഷിക്കാരെ പരസ്പരം സഹായിക്കുന്നതിന് പഞ്ചായത്ത് മേഖലയാക്കി സഹകരണ സംഘം രൂപീകരിക്കണം.

3) കൃഷിചെയ്യുന്നതിനുള്ള പരിശീലനം കർഷകർക്ക് നൽകണം.

4) പച്ചക്കറി, പഴവർഗ്ഗങ്ങൾ ഇവ വിൽപ്പന നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കണം.

5) ആഴ്ച ചന്തകൾ ഗ്രാമപഞ്ചായത്തിൻെറ നേതൃത്വത്തിൽ 2–3 കേന്ദ്രങ്ങളിൽ ആരംഭിക്കണം.

6) പച്ചക്കറി നേഴ്സറികൾ ആരംഭിക്കണം.

7) രാസവളങ്ങളും വിഷവും തീണ്ടാത്ത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന് ജൈവവളങ്ങളുടെ ലഭ്യതയ്ക്കായി കമ്പോസ്റ്റ് വളക്കുഴികൾ ശാസ്ത്രീയമായി നിർമ്മിക്കണം. കൃഷി ഭവനത്തിൻെറ ആഭിമുഖ്യത്തിൽ ചെലവു കുറഞ്ഞ ജൈവവളകീനാശികളെ നിർമ്മിക്കുന്നതിന് വേണ്ട ഉപദേശം നൽകണം.

8) കൈനനയ്ക്കായി 1/2 HP മോട്ടോറുകൾ തവണ വ്യവസ്ഥയിൽ വായ്പയായി നൽകണം.

## കുരുമുളക്

1993–94, 1994–95, 1995–96 വർഷങ്ങളിലായി 5000 കൊടി കുരുമുളക് കൃഷിഭവൻ വഴി വിതരണം ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ വിദേശനാണയസമ്പാദനത്തിന് മുഖ്യപങ്ക് വഹിക്കുന്നു, കുരുമുളകെങ്കിലും കുരുമുളക് വിളവെടുക്കുകയും വിപണം നടത്തുകയും ചെയ്യുന്ന കർഷകർ വളരെ കുറവാണ്. കുരുമുളകിൻെറ മേഖലയിൽ കാർഷിക വിജ്ഞാനവ്യാപനം വേണ്ടത്ര നടന്നിട്ടില്ല. കുരുമുളക് കർഷകർ എന്നു പറയാവുന്നവരും വളരെ വിരളമാണ്. നമ്മുടെ മണ്ണിന് യോജിച്ച ഒന്നാണ് കുരുമുളക് എന്നത് പഴയകാല ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും.

## സാധ്യതകൾ.

1) കുരുമുളക് കർഷകരെ കണ്ടെത്തി അവർക്ക് ആവശ്യ

മായ കാർഷിക വിജ്ഞാനം നൽകണം.

2) മറ്റു വിളകളോടൊപ്പം ചെയ്യാവുന്ന ഒരു കൃഷി എന്ന നിലയിൽ കുരുമുളക് കൃഷി വ്യാപിപ്പിക്കണം.

3) വിളവെടുപ്പും, സംഭരണവും സഹകരണാടിസ്ഥാനത്തിൽ നടക്കണം.

**പൂകൃഷി, ഔഷധസസ്യ കൃഷി.**

പുഷ്പങ്ങൾ, ഔഷധസസ്യങ്ങൾ, കൂൺ എന്നിവ കൃഷി ചെയ്യുവാൻ പ്രോൽസാഹനം നൽകണം.

## കൃഷിഭവൻ - നെടുമുടി

### പാടശേഖര നെല്ലുൽപ്പാദക സമിതികൾ

ചേന്നംകരി പള്ളി പാടശേഖര നെല്ലുൽപ്പാദക സമിതി
ഇടശ്ശേരി വടക്ക് പാടശേഖര നെല്ലുൽപ്പാദക സമിതി
പൊങ്ങ പാടശേഖര നെല്ലുൽപ്പാദക സമിതി
പൊങ്ങ പൂപ്പള്ളി പാടശേഖര നെല്ലുൽപ്പാദക സമിതി
വള്ളുവൻകാട് പാടശേഖര നെല്ലുൽപ്പാദക സമിതി
കടന്നംകാട് പാടശേഖര നെല്ലുൽപ്പാദക സമിതി
മാത്തൂർ തെക്കേ ഇടശ്ശേരി നെല്ലുൽപ്പാദക സമിതി
പണ്ടാരക്കളം കായൽ പാടശേഖര നെല്ലുൽപ്പാദക സമിതി
പഴയകരി കൊച്ചുകായൽ പാടശേഖര നെല്ലുൽപ്പാദക സമിതി
പുത്തൻകരി അറുനൂറ്റും പാടശേഖര നെല്ലുൽപ്പാദക സമിതി
മുട്ടനാവേലി ഓണംപള്ളി പാടശേഖര നെല്ലുൽപ്പാദക സമിതി
പുളിക്കൽ കാവ് പാടശേഖര നെല്ലുൽപ്പാദക സമിതി
വെണ്ണേലി പാടശേഖര നെല്ലുൽപ്പാദക സമിതി
മാത്തൂർ പാടശേഖര നെല്ലുൽപ്പാദക സമിതി
പൂതിയോട്ട് വരമ്പിനകം പാടശേഖര നെല്ലുൽപ്പാദക സമിതി
നാലുതോട്ടിനകം പാടശേഖര നെല്ലുൽപ്പാദക സമിതി
മണത്രാക്കൽ ഗണപതി പാടശേഖര നെല്ലുൽപ്പാദക സമിതി
കരിയംപള്ളി പാടശേഖര നെല്ലുൽപ്പാദക സമിതി
മണപ്ര തെക്ക് പാടശേഖര നെല്ലുൽപ്പാദക സമിതി
മണപ്ര വടക്ക് പാടശേഖര നെല്ലുൽപ്പാദക സമിതി
മുന്നൂറ്റമ്പതിൽ പാടശേഖര നെല്ലുൽപ്പാദക സമിതി
പുത്തൻപുര പടിഞ്ഞാറ് പാടശേഖര നെല്ലുൽപ്പാദക സമിതി
കിഴക്കേ പൂകൈത പാടശേഖര നെല്ലുൽപ്പാദക സമിതി
പടിഞ്ഞാറേ പൂകൈത പാടശേഖര നെല്ലുൽപ്പാദക സമിതി
പടിഞ്ഞാറെ തുമ്പുവിരുത്തി പാടശേഖര നെല്ലുൽപ്പാദക സമിതി
കിഴക്കേ തുമ്പുവിരുത്തി പാടശേഖര നെല്ലുൽപ്പാദക സമിതി
കളത്തിൽ പാടശേഖര നെല്ലുൽപ്പാദക സമിതി
മണത്രക്കാട് പാടശേഖര നെല്ലുൽപ്പാദക സമിതി
മണക്കാടൻ പള്ളി അറുന്നൂറ്റും പാടശേഖര നെല്ലുൽപ്പാദക സമിതി
കൂരിക്കാട് പാടശേഖര നെല്ലുൽപ്പാദക സമിതി
കല്ലംപള്ളി പാടശേഖര നെല്ലുൽപ്പാദക സമിതി
കരീ പാടശേഖര നെല്ലുൽപ്പാദക സമിതി
ദേവസ്വം ചിറയ്ക്കകം പാടശേഖര നെല്ലുൽപ്പാദക സമിതി
കല്ലൂരം പാടശേഖര നെല്ലുൽപ്പാദക സമിതി
ഊരാമ പാടശേഖര നെല്ലുൽപ്പാദക സമിതി
തച്ചാട്ടുവരമ്പിനകം പാടശേഖര നെല്ലുൽപ്പാദക സമിതി

V.2



# മൃഗസംരക്ഷണം മൽസ്യബന്ധനം

മൃഗസംരക്ഷണ മൽസ്യബന്ധന മേഖലകൾ വളരെ സമ്പുഷ്ടിപ്പെടുത്താവുന്ന ഒരു പഞ്ചായത്താണ് നെടുമുടി. ജലാശയങ്ങളുടെ സമ്പുഷ്ടതയും വിസ്തൃതമായ സസ്യസമ്പത്തും ഈമേഖലയ്ക്ക് പ്രോസൽസാഹനം നൽകുന്ന ഘടകങ്ങളാണ്. അതേസമയം തന്നെ കണക്കറ്റ വിഷ, (രാസവസ്തു) കളനാശിനി പ്രയോഗവും ഭീഷണി ഉയർത്തുന്നുമുണ്ട്.

മൃഗസംരക്ഷണം ഈ പഞ്ചായത്തിൽ വളരെ കാലം മുമ്പു മുതൽക്കേ വ്യാപകമായ തരത്തിൽ നടന്നുപോന്നു. കൃഷി കഴിഞ്ഞാൽ ഒരുപ തൊഴിലായി മാത്രമാണ് ഭൂരിഭാഗവും ഇത് ചെയ്യുന്നത്. നാടൻ കാലികളായിരുന്നു ഏറിയകൂറും. 'ആനന്ദ് ' മാതൃകാ സഹകരണസംഘങ്ങൾ വൈകിമാത്രമാണ് ഈ പഞ്ചായത്തിൽ ആരംഭിച്ചത്. ഈ തരത്തിൽ സംഘങ്ങൾ രൂപം കൊണ്ടിട്ട് പത്തുവർഷത്തിൽ താഴെ മാത്രമേ ആയിട്ടുള്ളൂ. 4 സംഘങ്ങൾ ഈ ഘടനയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ആദ്യം ആരംഭിച്ച ചെമ്പുപുറം ക്ഷീരോൽപ്പാദന സംഘം പലതുകൊണ്ടും മാതൃകയാണ്. മറ്റ് 3 സംഘങ്ങൾ കഷ്ടിച്ചു നിലനിന്നുപോകാൻ തരത്തിൽ മാത്രം പ്രവർത്തനം ഉള്ളവയാണ്. പ്രാദേശികമായ പ്രവർത്തനങ്ങളിലെ അപാകതയും ഭരണകർത്താക്കളുടെ കാര്യക്ഷമയില്ലായ്മയും അംഗങ്ങളിൽ (ഉൽപ്പാദകരിൽ) വിശ്വാസമാർജ്ജിക്കുവാൻ കഴിയാത്തതും, പാലിന് ഉൽപ്പാദനചെലവിനനുസൃതമായ വില ലഭിക്കാത്തതും, നല്ല ഇനം കാലികളുടെ ലഭ്യതക്കുറവും തുടങ്ങി ഈ മേഖലയിലെ പ്രശ്നങ്ങൾ വളരെയാണ്. എരുമ വളർത്തലിന് വളരെ സാദ്ധ്യതകളുള്ള പ്രദേശമാണ്. എരുമ വളർത്തൽ പ്രയോജനകരമായതിനാൽ പ്രോൽസാഹിപ്പിക്കണം. ഇന്ത്യയിൽ തന്നെ ആദ്യമായി എരുമകളിൽ ഭ്രൂണമാറ്റം നടത്തി പരീക്ഷിച്ചത് ഈ പഞ്ചായത്തിൽ ചെമ്പുംപുറം ക്ഷീരോത്പാദകസംഘത്തിൽ വച്ചായിരുന്നു. ഇത് വ്യാപകമാക്കേണ്ടത് ആവശ്യമാണ്. ഇതു കഴിഞ്ഞാൽ പ്രമുഖ്യം കോഴിവളർത്തലിനു തന്നെയാണ്. നാടൻ കോഴികളാണ് കൂടുതലും. ശാസ്ത്രീയമായി വളർത്തുന്നവർ വളരെ വിരളമാണ്. അപൂർവ്വമായി ബറോഡ, കരിംഗ, വൈറ്റ് ലഗോൺ, ഗിരിരാജൻ തുടങ്ങിയ ഇനങ്ങൾ കാണപ്പെടുന്നു. വളരെയേറെ സാദ്ധ്യതകളുള്ള മേഖലയാണ് കോഴിവളർത്തൽ. താറാവിനെ കൂട്ടമായി വളർത്തുന്ന 10ൽ അധികം കുടുംബങ്ങൾ ഇവിടെയു

ണ്ടെങ്കിലും വ്യാപകമായ 'വസന്ത' ഈ തൊഴിലിനെ സാരമായി ബാധിക്കുന്നു. തീറ്റുവാനുള്ള സ്ഥലപരിമിതിയും ചെലവും ഉൽപ്പന്നത്തിന്റെ മാർക്കറ്റും, കുഞ്ഞുങ്ങളെ വിരിയിച്ചെടുക്കാനുള്ള സൗകര്യക്കുറവും തുടങ്ങി ഈ രംഗത്തെ പ്രശ്നങ്ങളും ധാരാളമാണ്. വീടുകളിലും ചെറിയതോതിൽ ഇവയെ വളർത്തുന്നുണ്ട്. ഉഴവുമാടുകൾ പ്രധാനമായും 'പോത്ത്' ആണ്. ഈ വിഭാഗത്തിൽ ധാരാളം മാടുകൾ ഉണ്ടായിരുന്നുവെങ്കിലും അടുത്തകാലത്തായി കാലികളുടെ വില കണക്കറ്റ് വർദ്ധിച്ചത് ഉഴവുമേഖലയെ കാര്യമായി ബാധിച്ചു കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികൾ ഈ രംഗം വിട്ടുപോകാനാണ് ഇഷ്ടപ്പെടുന്നത്. ഏറ്റവും പരമ്പരാഗതമായ ഈ തൊഴിൽ പൂർണ്ണമായും നിലച്ചുപോകുന്ന തരത്തിലാണ് കാര്യങ്ങൾ നീങ്ങുന്നത്. മേൽവിവരിച്ച കാര്യങ്ങൾക്കു പുറമേ പുതിയ തലമുറ ഈ തൊഴിലിലേയ്ക്ക് കടന്നുവരാത്തതും മുഖ്യമായ മറ്റൊരു സംഗതിയാണ്. ഇതിനെല്ലാം പുറമേ ആട്, പാത്ത, ഗിനിക്കോഴി, കൽക്കം, കാട കോഴികൾ, മുയൽ എന്നിവയും അപൂർവ്വമായിട്ടാണെങ്കിലും വീടുകളിൽ വളർത്തി വരുന്നു. നായ്ക്കൾ പഞ്ചായത്തിൽ തീർത്തും വിരളമാണ് എന്നു പറയാം. ലൈസൻസുള്ള 22 നായ്കൾ പഞ്ചായത്തിൽ ഉണ്ട്.

കൃഷി സമയത്ത് മറ്റു പ്രദേശങ്ങളിൽ നിന്നും വെള്ള കൊക്കുകൾ, എരണ്ട, മുണ്ടി, കടൽക്കാക്ക, പകലുണ്ണാൻ, കുളക്കോഴി, താമരക്കോഴി, നീർക്കാക്ക, പ്രാവുകൾ തുടങ്ങി ധാരാളം പക്ഷികൾ ഇവിടെ എത്താറുണ്ട്. ശാസ്ത്രീയമായി ഇവയെക്കുറിച്ചുള്ള പഠനം നടന്നിട്ടില്ല. പക്ഷിവേട്ട പഞ്ചായത്തിൽ വ്യാപകമായുണ്ട്. ഇവയെ കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്.

മൽസ്യബന്ധനം പണ്ടുമുതൽക്കുതന്നെ നല്ലരീതിയിൽ ഈ പഞ്ചായത്തിൽ നടന്നുപോന്നു. ജലാശയങ്ങളിലെ മൽസ്യം പിടിക്കുന്നതിന് ധാരാളം മാർഗ്ഗങ്ങൾ ഉപയോഗിച്ചുപോരുന്നുണ്ട്. വീശുവല, കമ്പുവല, പെരുവല, ഉടക്കുവല തുടങ്ങിയ ധാരാളം ഇനത്തിലുള്ള വലകൾ, കൂടുകൾ (മുള ഉപയോഗിച്ചുണ്ടാക്കുന്ന കെണികൾ), തെറ്റാലി, മുപ്പല്ലി തുടങ്ങി ധാരാളം ഉപകരണങ്ങളും ഇതിനായി പണ്ടുകാലം മുതൽ പ്രാബല്യത്തിലുണ്ട്. 'വെള്ളവലി' എന്ന സമ്പ്രദായം പ്രത്യേകത ഉള്ള ഒന്നാണ്. വെള്ള നിറമുള്ള കുരുന്ന് തെങ്ങോലകൾ ഒരു കയറിൽ കെട്ടി വെള്ളത്തിലൂടെ വലിക്കുമ്പോൾ ഭയന്ന് ചെളിയിൽ ഒളിക്കുന്ന മത്സ്യങ്ങളെ ചെളിയിൽ നിന്നും ഉയരുന്ന ചെറിയ കുമിളകൾ അടയാളം നോക്കി കൈകൊണ്ട് പിടിച്ചെടുക്കുന്ന രീതിയാണ്. പ്രധാനമായതും വിലകൂടുതലുള്ളതുമായ 'കരിമീൻ' ആണ് ഇങ്ങനെ പിടിച്ചെടുക്കുക. കൂടാതെ കൊഞ്ച്, 'വരാൽ', 'കാരി', ' കുറുവ' വാള, കാളാഞ്ചി, ചേറുമീൻ, തുടങ്ങിയ ഇനങ്ങളാണ് സ്വഭാവികമായി ജലാശയങ്ങളിൽ കാണുന്നത്. ശ്രദ്ധ കൊടുത്താൽ വളരെയേറെ പ്രയോജനം ഉണ്ടാക്കാവുന്ന ഒരു മേഖലയാണ് സ്വാഭാവിക മത്സ്യ സമ്പത്ത്. ശാസ്ത്രിയ മത്സ്യ കൃഷി ഈ പഞ്ചായത്തിൽ വ്യാപകമായിട്ടില്ല. അങ്ങിങ്ങായി ഈ ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. ആദ്യമായി ചെമ്പുംപുറത്ത് മുട്ടനാവേലി പാടശേഖരം ഈ തരത്തിൽ പരീക്ഷണമെന്നോണം മത്സ്യകൃഷി ചെയ്യുന്നുണ്ട്. സർക്കാർ ഏജൻസികൾ പരീക്ഷണാർത്ഥം കുട്ടനാട്ടിൽ കൊഞ്ചിൻ കുഞ്ഞുങ്ങളെ പൊതുജലാശയങ്ങളിൽ തുറന്നുവിട്ടതിന്റെ നല്ല പ്രയോജനം ലഭിച്ചിട്ടുണ്ട്. ജലാശയങ്ങളിലെ പായൽ, കടകൾ തുടങ്ങിയവ ഈ മേഖലയ്ക്കു കടുത്ത ഭീഷണിയായി നിലനിൽക്കുന്നു.

### മൃഗസംരക്ഷന മേഖലയിലെ പ്രധാന പ്രശ്നങ്ങൾ.

1. ഉല്പന്നത്തിന് ഉല്പാദന ചെലവിനനുസൃതമായ വില ലഭിക്കാത്ത അവസ്ഥ.
2. നല്ലയിനം കാലികളെ ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.
3. കാലിത്തീറ്റകൾക്കുണ്ടായിരിക്കുന്ന അമിതമായ വില.
4. കാലികളെ വാങ്ങുന്നതിനും, തൊഴുത്തു നിർമ്മിക്കുന്നതിനുമുള്ള വായ്പ തുകയുടെ നിയന്ത്രണം.
5. കാലി/ തൊഴുത്ത് ഇൻഷുറൻസ്.
6. ഗതാഗതസൗകര്യക്കുറവ്
7. കാലികളെ ദൂരസ്ഥലങ്ങളിൽ നിന്നും വാങ്ങിക്കൊണ്ടു വരുന്നതിന്റെ ബുദ്ധിമുട്ടുകൾ (അപായസാധ്യത/രോഗസാദ്ധ്യത/ ചെലവ്).
8. ചികിത്സ സൗകര്യത്തിന്റെ അപാകതയും ഉള്ളവയുടെ കാര്യക്ഷമതക്കുറവും.
9. കൃത്രിമ ബീജസങ്കലനസൗകര്യത്തിന്റെ പരിമിതികൾ.
10. നൂതനസങ്കേതിക വിദ്യകളുടെ അറിവില്ലായ്മ.

11. നല്ലയിനം കോഴികളെ ലഭിക്കാനുള്ള ബുദ്ധിമുട്ട് തീറ്റയുടെ അമിതവില.

12. ഇറച്ചി/മുട്ട വിപണനത്തെക്കുറിച്ചുള്ള ആശങ്ക.

13. മദ്ധ്യവർത്തികളുടെ ചൂഷണം.

## നിർദ്ദേശങ്ങൾ.

1. ഉല്പാദന ചെലവുവർദ്ധന ശാസ്ത്രീയമായി പഠിച്ച് ഉല്പന്നത്തിനു വില നിർണ്ണയിക്കുവാനുള്ള സംവിധാനം സ്ഥിരമായി ഏർപ്പെടുത്തണം.

2. ആനന്ദ് മാതൃക സംഘങ്ങളിൽ മുഴുവൻ ഉല്പാദകരെയും അംഗങ്ങളാക്കുവാനും കൂടുതൽ സേവന/സഹായ പദ്ധതികൾ (വിവിധ തലങ്ങളിലുള്ളവ) ഏകോപിപ്പിച്ച് പഞ്ചായത്തു വഴി സംഘങ്ങളിലൂടെ ഉൽപ്പാദകർക്ക് എത്തിക്കണം.

3. കൃത്രിമ ബീജസങ്കലന പരിപാടി വ്യപകവും കാര്യമവുമാക്കുക.( ഏറ്റവും നൂതന ഇനങ്ങൾ എത്തിച്ചു നൽക്കണം).

4. ഭ്രൂണമാറ്റ പരിപാടി വ്യാപകമാക്കുക. (എരുമകളിൽ നടത്തിയ പരീക്ഷണം വിജയകരമായ സാഹചര്യത്തിൽ പശു, എരുമ, ആട്, ഇവകൾക്ക് ഭ്രൂണമാറ്റം നടത്തുവാനുള്ള തീവ്ര പരിപാടി ആവിഷ്കരിച്ച് ഇനങ്ങൾ മെച്ചപ്പെട്ടതാക്കുവാൻ കഴിയും).

5. കാലിത്തീറ്റ നിർമ്മാണം പ്രദേശികമായി നടത്തുന്നതിന് ക്ഷീരസംഘങ്ങളെ പ്രാപ്തമാക്കുക. (സബ്സിഡി നിരക്കിൽ കൂടുതൽ തീറ്റ എത്തിക്കുക).

6. കാലികൾക്കും, തൊഴുത്തിനും ഇപ്പോൾ നൽകി വരുന്ന വായ്പ തുക ഇരട്ടിയായി വർദ്ധിപ്പിക്കുക.

7. കാലി, തൊഴുത്ത്. മറ്റു മൃഗങ്ങൾ പക്ഷികൾ ഇവയുടെ ഇൻഷുറൻസ് കാര്യക്ഷമവും വ്യാപകവുമാക്കുക.

8. പുറത്തു നിന്നും, ദൂര ദിക്കിൽ നിന്നും നല്ലയിനം കാലികള കൊണ്ടു വരുന്നത് പ്രോത്സാഹിപ്പിക്കുകയും, ഗതാഗത ചെലവ് നൽക്കുകയും ചെയ്യുക.

9. കുട്ടനാട്ടിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കുട്ടനാടിനുമാത്രമായ ഒരു കേന്ദ്രീകൃത ചികിൽസാ നിയന്ത്രസംവിധാനവും എല്ലാ മൃഗാശുപത്രികൾക്കും വാഹനവും നൽകുക, ചെമ്പുംപുറം മൃഗാശുപത്രി മുഴുവൻ സമയവും പ്രവർത്തിക്കുന്ന ആശുപത്രി (വാഹനസൗകര്യത്തോടെ) യാക്കുക. നെടുമുടി ചമ്പക്കുളം എന്നിവടങ്ങളിലെ എ ഐ സെൻററുകൾ ഡിസ്പൻസറികളായി ഉയർത്തുകയും ചേന്നങ്കരിയിൽ ഒരു എ ഐ സെൻറർ തുറക്കുകയും ചെയ്യുക.

10. നൂതന സാങ്കേതിക വിദ്യകർ കർഷകരിൽ എത്തിക്കുന്നതിന് മാസംതോറും പരശീലന പരിപാടികളും, ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കുക.

11. ശാസ്ത്രിയ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക. അതിനായി നല്ലയിനം കോഴികളെ വിതരണം ചെയ്യുക. വിപണനത്തിൽ ആനന്ദ് മാതൃകയിൽ ഒരു പഞ്ചായത്തിൽ 2-3 വാർഡുകൾക്ക് ഒരു സഹകരണസംഘം വീതം രജിസ്റ്റർ ചെയ്യുക. നാടൻ ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് കോഴിതീറ്റ നിർമ്മാണം പ്രോത്സാഹിപ്പിക്കുക. (നെല്ലും നെല്ലിൻെറ ഉപഉല്പന്നങ്ങളും, മത്സ്യം, കക്ക തുടങ്ങിയ വസ്തുക്കളും ഉപയോഗിക്കാം).

സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു ഹാച്ചറി സ്ഥാപിക്കുക. (മുട്ടകൾ വിരിയിക്കുവാനും, മൽസ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുവാനും)

12. കോഴി/താറാവ് തീറ്റകൾ കുടിൽ വ്യവസായമായി നിർമ്മിക്കുവാനുള്ള പരിപാടികൾക്ക് രൂപം നൽകുക.

13. ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുകയും വിപണനം സഹകരണാടിസ്ഥാനത്തിലാക്കുകയും ചെയ്യുക. (ഇതിലൂടെ മദ്ധ്യവർത്തികളെ ഒഴിവാക്കാനാവും).

14. അറവുശാലകൾ പഞ്ചായത്തിൽ 3 എണ്ണമെങ്കിലും സ്ഥാപിക്കുക. അറവുമാടുകളെ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുവാൻ സ്ഥിരം സംവിധാനം ഉണ്ടാക്കണം.

## മൽസ്യ ബന്ധന മേഖലപ്രശ്നങ്ങൾ.

1. തണ്ണീർമുക്കം ബണ്ട് ഉയർത്തുന്ന പ്രശ്നങ്ങൾ.

2. ജലാശയങ്ങൾ ആഴം കുറഞ്ഞും, മലിനമായും, നികത്തൽ ഭീഷണി നേരിടുകയും ചെയ്യുന്നു.

3. മൽസ്യരോഗം നിയന്ത്രിക്കുവാനുള്ള ശക്തമായ നടപടികളുടെ അപര്യാപ്തത.

4. വൈദ്യുതി ഉപയോഗിച്ചും, വിഷം കലർത്തിയുമുള്ള

മൽസ്യബന്ധം.

5. കുഴികൾ വറ്റിച്ച് മൽസ്യബന്ധനം നടത്തുന്നതിലൂടെ വംശനാശം സംഭവിക്കുന്നു.

**മൽസ്യബന്ധന മേഖല - നിർദ്ദേശങ്ങൾ.**

1. തണ്ണീർമുക്കം ബണ്ട് തുറയ്ക്കുകയും അടയ്ക്കുകയും ചെയ്യുന്നതിന് (സമയം നിശ്ചയിക്കുന്നതിന്) ജനകീയ സമിതി രൂപീകരിക്കുക.
2. ജലാശയങ്ങൾ വർഷം തോറും ആഴം കൂട്ടുക.
3. മാലിന്യങ്ങൾ തോടുകളിൽ (ജലാശയങ്ങളിൽ) നിക്ഷേപിക്കുന്നത് തടയുക. (അതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക).
4. ജലാശയങ്ങളുടെ അതിർ നിർണ്ണയിച്ച് നികത്തൽ കർശനമായും തടയുക.
5. മൽസ്യരോഗം നിയന്ത്രിക്കുവാൻ ആവശ്യമായ ശാസ്ത്രീയമായ പരിഹാരങ്ങൾ കണ്ടെത്തി നടത്തുക.
6. വൈദ്യുതി ഉപയോഗിച്ചും, വിഷം കലർത്തിയും, കുഴികൾ വറ്റിച്ചുമുള്ള മൽസ്യബന്ധം കർശനമായും തടയുക.
7. തരിശുകളിലും വയലുകളിലും പരമാവധി സ്ഥലം സൗകര്യപ്പെടുത്തി മൽസ്യകൃഷി പ്രോൽസാഹിപ്പിക്കുക.
8. ഭൂതപ്പണ്ടം കായൽ ബണ്ടിട്ട് മൽസ്യകൃഷി നടത്തുക. ഇതിനായി ഒരു ഉൾനാടൻ മൽസ്യത്തൊഴിലാളി സഹകരണസംഘം രജിസ്റ്റർ ചെയ്ത് അവരെ ചുമതലപ്പെടുത്തുക.

I.00



# വ്യവസായം

സ്വാതന്ത്ര്യപൂർവ്വ വർഷങ്ങൾ മുതൽ 1960-കൾ വരെ നെടുമുടി പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യനിത്യജീവനോപാധിയും നാടിന്റെ ആഭ്യന്തരസാമ്പത്തിക ശക്തിയുമായി വർത്തിച്ചിരുന്നത് പരമ്പാഗത കൈത്തൊഴിലുകളും നെൽകൃഷിയും, കേരകൃഷിയും അനുബന്ധ കുടിൽ വ്യവസായങ്ങളുമായിരുന്നു. എന്നാൽ 60 -കളുടെ അവസാനത്തോടെ ഈ സ്ഥിതിയ്ക്ക് മാറ്റം വരികയും നമ്മുടെ വ്യാവസായിക ശോഭ ക്രമേണ മങ്ങിപ്പോവുകയും ചെയ്തു.

പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ അധുനിക സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സന്നിവേശിപ്പിച്ച് നവീകരിക്കാനാവാതെ പോയതും അതുവഴി വിപണി സ്തംഭനം ഉണ്ടായതും, ഹരിതവിപ്ലവത്തിന്റെ ഭാഗമായി നെൽകൃഷിമേഖലയിൽ സംഭവിച്ച ഏകപക്ഷിയമായ വാണിജ്യവൽക്കരണവും നാടിന്റെ വ്യാവസായിക മാന്ദ്യത്തിനുള്ള പ്രധാന കാരണങ്ങളാണെങ്കിലും സംസ്ഥാനത്തെ മറ്റെല്ലാ പ്രദേശങ്ങളേയും പോലെ ഉപഭോക്തൃകേന്ദ്രീകൃതമായ ഒരു ജീവിതശൈലിയിലേയ്ക്ക് കേരളീയ സമൂഹമാകെ മാറ്റപ്പെട്ടത്തിന്റെ ഭാഗമായി വേണം നെടുമുടിയുടേയും സവിശേഷമായ ആഭ്യന്തര ഉൽപ്പാദനമേഖലയ്ക്കുണ്ടായ തളർച്ചയേയും അന്യവൽക്കരണത്തെയും നാം തിരിച്ചറിയേണ്ടത്.

ഈ സാഹചര്യത്തിലാണ്, അടിസ്ഥാനതല അസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി നെടുമുടി പഞ്ചായത്തിന്റെ തനത്-വ്യവസായ മേഖലയുടെ ചരിത്രഗതിയെപ്പറ്റിയുള്ള അന്വേഷണം പ്രസക്തമാകുന്നത്. അതിനുള്ള ശ്രമമാണ് തുടർന്നുള്ള പേജുകളിൽ നടത്തിയിരിക്കുന്നത്.

## പരമ്പരാഗത വ്യാവസായ മേഖല

1. കൈക്കുത്തരി : സ്ത്രീ തൊഴിലാളികളായിരുന്നു കൈക്കുത്തരി മേഖലയിലെ വിദഗ്ദ്ധർ. തിരുവിതാംകൂർ - ചെമ്പകശ്ശേരി രാജാക്കൻമാരുടെ ഭക്ഷ്യാവശ്യത്തിനുള്ള അരി സ്ത്രീകൾ കുത്തി അരിയാക്കിയിരുന്ന സ്ഥലത്തിന്റെ പേരുതന്നെ നെൽപ്പുരമഠം എന്നാണ്. പഞ്ചായത്തിലെ ആറ്റുവാത്തല (മൂന്നാം) വാർഡിൽതന്നെ നെടുമുടി വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലമാണ് നെൽപ്പുരമഠം. കൊട്ടാരാവശ്യത്തിനുള്ള കൈക്കുത്തരിക്കു പുറമെ ആലപ്പുഴ,

ളിൽ വിറ്റഴിക്കുന്നതിനായി ചെമ്പാവ്, വെള്ളിലതിക്കിര, കുഞ്ഞതിക്കിര, ആര്യൻ , കുളപ്പാല എന്നീ നെല്ലിനങ്ങളുടെ കൈക്കുത്തരിയും ഉണ്ടാക്കി നിരവധി കുടുംബങ്ങൾ ഉപജീവനം നടത്തിയിരുന്നു.

2. തഴപ്പായ് നെയ്ത്ത്: കൈതോലയും വട്ടിപ്പുല്ലും അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചാണ് തഴപ്പായ് നിർമ്മാണം നടത്തിയിരുന്നത്. ചിക്കുപായ്, വിത്തുവട്ടി, കളപ്പായ, മെത്തപ്പായ, ചന്തപ്പായ, വട്ടി, തടുക്ക്, പുട്ടൽ എന്നിവയും പനയോല ഉപയോഗിച്ച് ഓലകുടയും നിർമ്മിച്ചിരുന്നു. ഇതിനുപുറമെ ഓലമെടയലും മുഖ്യമായ ഒരു തൊഴിലായിരുന്നു.

3. കുട്ടനെയ്ത്ത്: തെങ്ങോലയിൽ നിന്നെടുക്കുന്ന വഴുക, കൈതയുടെ വേര്, എന്നിവയാണ് അസംസ്കൃത വസ്തുക്കൾ. ആധുനികമായ വിഷപ്രയോഗം നിലവിൽ വരുന്നതിനുമുൻപ് പുഴുക്കളെ കോരി എറിയാൻ ഉപയോഗിച്ചിരുന്ന വാലൻകുട്ട, ഗാർഹികാവശ്യത്തിനായി ഈടുറ്റതും ഭംഗിയുള്ളതുമായ കുട്ടകൾ, മുറം എന്നിവയും നിർമ്മിച്ചിരുന്നു. ഈറയും ഈർക്കിലുമുപയോഗിച്ചുണ്ടാക്കുന്ന കെണിക്കൂടുകൾ ഉൾനാടൻ മത്സ്യബന്ധനത്തിന് ഉപയോഗിച്ചു പോരുന്നു.

4. കയർനെയ്ത്ത് - കയർപിരി: പച്ചത്തൊണ്ട് ചതച്ച് വെള്ളത്തിലിട്ട് ചീയിച്ച് തല്ലി കൈകൊണ്ട് പിരിച്ചെടുക്കുന്ന കൈപ്പിരി കയറും, തൊണ്ടുമൂടി ചീയിച്ച്തല്ലിപ്പിരിക്കുന്ന റാട്ടുകയറും നെടുമുടിയിലെ പ്രധാനപ്പെട്ട ഒരു കൈത്തൊഴിൽ ആയിരുന്നു. തറി ഉപയോഗിച്ച് നിർമ്മിക്കുന്ന കയറ്റുതടുക്കുകളും ഉണ്ടായിരുന്നു.

5. തുണിനെയ്ത്ത്: കവിയൂർ സ്വാമികളുടെ നേതൃത്വത്തിലാണ് നെടുമുടിയിൽ തുണിനെയ്ത്താരംഭിച്ചത്. മൂന്നാം വാർഡിൽ മുഞ്ഞാട്, തച്ചാട്ട്, എന്നീ വീടുകളിലും ഒൻപതാം വാർഡിൽ പോരൂക്കര പടിഞ്ഞാറേ വീട്ടിലും കുമാരമംഗലത്തും തറികളിൽ തോർത്തും മുണ്ടും നെയ്തിരുന്നു.

6. വലനെയ്ത്ത്: വീശുവല, കോരുവല, പെരുവല, അടക്കംകൊല്ലിവല തുടങ്ങി ഉൾനാടൻ മത്സ്യബന്ധത്തിനുള്ള എല്ലാത്തരം വലകളും നിർമ്മിച്ചിരുന്നു. വീടുകൾ കേന്ദ്രീകരിച്ച് നിലനിന്നിരുന്ന വല നിർമ്മാണം നെടുമുടിയിലെ എല്ലാ വാർഡുകളിലും ഉണ്ടായിരുന്നു.

7. തടികൊണ്ടുള്ള വള്ളം നിർമ്മാണം: വാഹനഗതാഗതത്തിൻെറ ആദ്യനാളുകളിൽതന്നെ ചരക്കു ഗതാഗതത്തിനും യാത്രയ്ക്കുമായി കേവുവള്ളങ്ങളും, കെട്ടുവള്ളങ്ങളും ഇടത്തരം യാത്രാ വള്ളങ്ങളും പഞ്ചായത്തിൽ നിർമ്മാണമാരംഭിച്ചിരുന്നു. ആദ്യകാലത്ത് രാജാധികാരത്തിൻെറ വാഹനമായിരിക്കുകയും പിൽക്കാലത്ത് മത്സരാധിഷ്ഠിത വിനോദോപാധിയുമായി മാറ്റപ്പെട്ട ചുണ്ടൻവള്ളങ്ങളും നെടുമുടി പഞ്ചായത്തിൽ നിർമ്മിച്ചിരുന്നു. ഉദാഹരണം നടുഭാഗം, പാർത്ഥസാരഥി, വലിയ ദിവാൻജി, വിനയൻ, നെപ്പോളിയൻ തുടങ്ങിയ ചുണ്ടൻ വള്ളങ്ങളും മേപ്പുറം വെപ്പും നിർമ്മിച്ച തൊഴിലാളികൾ തന്നെയാണ് പാടത്ത് വെള്ളം വറ്റിക്കുന്നതിനായി മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന നാല് ഇലമുതൽ മുപ്പത്തിരണ്ട് ഇലവരെയുള്ള തടിചക്രങ്ങളും ഇപ്പോൾ ഉപയോഗിച്ചു വരുന്ന മോട്ടോർ തറകളുടെ പെട്ടിയും പറയും നിർമ്മിക്കുന്നതും.

8. വാസ്തു-ദാരുശില്പങ്ങളും ചുവർചിത്രങ്ങളും: പൗരാണിക പാരമ്പര്യത്തിൻെറ മാറ്റ് വിളിച്ചറിയിക്കുന്ന കരവിരുതിൻെറ കലയായ കൊത്തുപണികൾ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ തെളിമയോടെ ഇപ്പോഴുമുണ്ട്. കാലപ്പഴക്കമേറെയുള്ള പല ഹിന്ദു-ക്രിസ്ത്യൻ തറവാടുകളുടേയും നിരയിലും മച്ചിലും കാണുന്ന കൊത്തുപണിയും നാലാം വാർഡിലെ മാത്തൂർദേവിക്ഷേത്രത്തിൻെറ മച്ചിലും കളിത്തട്ടിലുമായി കൊത്തിവച്ചിട്ടുള്ള വാസ്തു-ദാരു ശിൽപ്പങ്ങളും അതിസമ്പന്നമായ നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിൻെറ ഉത്തമ നിദർശനങ്ങളാണ്. ചമ്പക്കുളം കല്ലൂർക്കാട് പള്ളിയുടെ (ഫൊറോനാ ചർച്ച്) ചുവരിലും മച്ചിലും കാണുന്ന ചുവർ ചിത്രങ്ങൾ അത്യപൂർവ്വമായ കലാപാരമ്പര്യത്തിൻെറ പ്രൗഢി വിളിച്ചറിയിക്കുന്ന മറ്റൊരു വിസ്മയമാണ്. മദബഹയിലെ തേക്കുതടിയിൽ കൊത്തിയിരിക്കുന്ന രൂപങ്ങളും അവയ്ക്ക് നിറം നൽക്കിയ പച്ചില ചാറുകളുമൊക്കെ...............

9. കൊല്ലപ്പണി: അസാധാരണ വൈദഗ്ദ്ധ്യം ആവശ്യമുള്ള ഈ തൊഴിൽമേഖലയിൽ ഏതാണ്ട് പതിനൊന്നിൽപരം കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. തങ്ങളുടെ പണിപ്പുരയായ 'ആല'കളിൽ നാടിനാവശ്യമായ തൊഴിലുപകരങ്ങളും ഗൃഹോപകരണങ്ങളും പലമടക്കുകളോടുക്കൂടിയ പൂട്ടുകളും ചിത്രവേല ചെയ്തകൗതുക വസ്തുകളും

ചിത്രപ്പണിചെയ്ത താഴുകളുമെല്ലാം ഇവർ നിർമ്മിക്കുന്നു. അർഹമായ പ്രോത്സാഹനങ്ങൾ ലഭിക്കാതെയും സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലവും ഇവരിൽ ഏറെപ്പേരും ഈ രംഗത്തുനിന്ന് വിട്ടുപോയെന്നു മാത്രമല്ല ഇവരുടെ പുതിയ തലമുറ ഈ മേഖലയിൽ ഇപ്പോൾ ഇല്ലാത്തതിനാൽ അനന്യമായ ഈ മികവ് മിക്കവാറും അന്യം നിന്നുപോവുകയും ചെയ്തിട്ടുണ്ട്.

10. കല്ലാശാരിമാർ : കെട്ടിടനിർമ്മാണ രംഗത്ത് 'നാടൻ എൻജിനിയർ' മാരാണ് കല്ലാശാരിമാർ . ചിലവുകുറഞ്ഞ വീടുകൾ പ്രചാരത്തിലായിരിക്കുന്ന ഈകാലത്തിനും എത്രയേ മുൻപുതന്നെ നമ്മുടെ നാട്ടിലെ കല്ലാശാരിമാർ ഉടമയുടെ പോക്കറ്റിന് അനുസരിച്ച് കെട്ടിടം നിർമ്മിക്കുവാൻ മികവ് കാട്ടിയിരുന്നു. വാസ്തുവിദ്യയിലെ ഈ നാടൻ സാങ്കേതികതയെ വേണ്ടത്ര ഫലപ്രദമായും ജനകീയവുമായി ഉപയോഗിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയുടെ വക്താക്കളും പ്രയോക്താക്കളും ഇനിയെങ്കിലും തയ്യാറാവേണ്ടിയിരിക്കുന്നു.

11. ബീഡിതെറുപ്പ്: പഴയ ഒരു കണക്കും പ്രകാരം ഏതാണ്ട് അഞ്ഞൂറോളം ബീഡിതെറുപ്പ് തൊഴിലാളികളാണ് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. എന്നാലിപ്പോൾ ഇവർ കേവലം അൻപതിൽ താഴെ മാത്രമേ ഉള്ളൂ. ഇലയുടേയും പുകയിലയുടേയും വിലവർദ്ധനവും വിലകുറഞ്ഞ സിഗററ്റുകളുടെ ആവിർഭാവവുമാണ് ഈ തിരിച്ചടിയുടെ കാരണങ്ങൾ.

## ആധുനിക വ്യാവസായമേഖല

1. നെല്ലുകുത്തുമില്ലുകൾ: ഏതാണ്ട് രണ്ടു ദശകങ്ങൾക്കു മുൻപു തന്നെ കാർഷിക സമ്പത്ഘടനയെ ഊർജ്ജസ്വലമായി നിലനിർത്തിക്കൊണ്ടുപോകാൻ ഭാഗ്യം സിദ്ധിച്ചവയായിരുന്നു പ്രദേശിക നെല്ലു പുഴുങ്ങിക്കുത്തമില്ലുകൾ. നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന നെല്ലത്രയും ശേഖരിച്ച് പുഴുങ്ങിയെടുത്ത് ഇവിടെത്തന്നെയുള്ള ചെറുതും ഇടത്തരവുമായ റൈസ്മില്ലുകളിൽ കുത്തി അരിയാക്കുകയായിരുന്നു. ദിനംപ്രതി 30-35 ടൺ അരിയാണ് പ്രദേശിക മാർക്കറ്റുകളിൽ എത്തിച്ചിരുന്നത്. ഏതാണ്ട് നൂറ്റി അൻപതോളം കുടുംബങ്ങൾ ഈ മേഖലയിൽ പ്രദേശികമായി ജോലി ചെയ്തിരുന്നു. എന്നാലിപ്പോൾ ഈ മേഖല ഏതാണ്ട് പൂർണ്ണമായും ഇല്ലാതായി കഴിഞ്ഞിരിക്കയാണ് . വൻമുതൽ മുടക്കും ആധുനിക സാങ്കേതിക വിദ്യയും ഉപയോഗിക്കുന്ന ആധുനിക പാർബോയിലിങ്ങ് മില്ലുകളുടെ ആവിർഭാവമാണ് നെല്ലുകുത്തുമില്ലുകളുടെ അസ്തമനത്തിനുള്ള പ്രധാന കാരണം.

2. അച്ചടിശാല: മുക്കാൽ നൂറ്റാണ്ട് പഴക്കമുള്ള ചമ്പക്കുളം എം. എം. പ്രസ് ആൻറ് ബുക്ക് ഡിപ്പോ (ബി.കെ.എം.) ആണ് പഞ്ചായത്തിലെ ഏക അച്ചടിശാല. ഈ സ്ഥാപനം 7-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. ആറേഴു കൊല്ലം മുമ്പ് നെടുമുടി ആറ്റുകടവിൽ ഒരു അച്ചടിശാല ഉണ്ടായിരുന്നുവെങ്കിലും പിന്നീട് അതു പൂട്ടി. അച്ചടി മേഖല ആധുനിവൽക്കരിക്കുന്നതിൽ പ്രദേശിക പ്രസ്സ് ഉടമകൾ വിമുഖത കാട്ടുന്നതും. അച്ചടിക്കാവശ്യമായ കടലാസ്സിൻെറ ദൗർലഭ്യവും ഇവിടുത്തെ പ്രധാന പ്രശ്നങ്ങളാണ്.

3. ബേക്കറി: ചെറുകിടയും ഇടത്തരവുമായ ഇരുപതിലേറെ ബേക്കിംഗ് യൂണിറ്റുകൾ പതിനഞ്ചുകൊല്ലം മുൻപുവരെ നിലനിന്നിരുന്നു. ബോർമ്മ നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചിലവ് ക്രമതീതമായി വർദ്ധിച്ചതും നഗരാധിഷ്ഠിത ബേക്കറി ഉൽപ്പന്നങ്ങളേടൊപ്പം നാടൻ ബേക്കറി ഉൽപ്പന്നങ്ങൾക്ക് മത്സരിക്കാനാവാതെ പോയതും പലരേയും ഈ രംഗത്തുനിന്നും പിന്തിരിപ്പിച്ചു. ഇപ്പോൾ പത്തിൽ താഴെ ബേക്കറികൾ മാത്രമാണുള്ളത്.

4. ഇലക്ട്രോണിക്ക് ചോക്ക്: ചമ്പക്കുളം കേന്ദ്രമായി പത്തുക്കൊല്ലം മുൻപ് ചോക്ക് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. പ്രാരംഭത്തിലെ ചില പ്രതിസന്ധികൾ സമർത്ഥമായി അതിജിവിക്കാൻ കഴിഞ്ഞ ഈ സ്ഥാപനം ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. 2 വർഷമായി ഇലക്ട്രോണിക്ക് ചോക്കുകളും നിർമ്മിക്കുന്നു.

5. സെൻറ് തോമസ് ഫൈൻ ആർട്ട്സ്: 1922- ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് സെൻറ് തോമസ് ഫൈൻ ആർട്സ്. ചമ്പക്കുളത്ത് സ്വകാര്യ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ശില്പങ്ങൾ കുമ്പിൾ, തേക്ക് എന്നി തടികളിൽ നിർമ്മിക്കുന്നു. വിദേശങ്ങളിൽ പോലും ഇവിടെ നിർമ്മിക്കുന്ന ശില്പങ്ങൾക്ക് വൻ ഡിമാൻറാണുള്ളത്.

5. തടിമില്ലുകളും ഫർണീച്ചർ യൂണിറ്റുകളും: ചമ്പക്കു

ളം കേന്ദ്രമായി പ്രവർത്തിക്കുന്ന രണ്ട് തടിമില്ലുകൾ ഇപ്പോഴുണ്ട്. മൂന്നാം വാർഡിലുണ്ടായിരുന്ന ഒരു തടിമില്ല് അടച്ചുപൂട്ടി. തടി ഉരുപടികളുടെ ദൗർല്ലഭ്യം മില്ലുകൾക്ക് വലിയൊരു പ്രതിസന്ധിയാണ്. പഞ്ചായത്തിൻെറ വിവധഭാഗങ്ങളിലായി ഏതാനും ഫർണിച്ചർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നാട്ടുകാരുടെ ഗൃഹോപകരണാവശ്യങ്ങൾക്കായി നിലനിൽക്കുന്നവയാണ് ഈ ചെറുകിട ഫർണിച്ചർ യൂണിറ്റുകൾ. വ്യാവസായിക ലക്ഷ്യം മുൻനിർത്തി വൻതോതിലുള്ള ഫർണിച്ചർ ഉല്പാദനത്തിന് ഇവയെ പ്രാപ്തമാക്കേണ്ടതാണ്.

## വ്യവസായ മേഖല : പ്രശ്നങ്ങളും പരിഹാരവും.

### പ്രശ്നങ്ങൾ

1. വാഹനഗതാഗതവും അടിസ്ഥാനസൗകര്യങ്ങളും വികസിപ്പിക്കുന്നതിലുണ്ടായിട്ടുള്ള അപര്യാപ്തതകൾ പ്രാദേശിക വ്യവസായമേഖലയുടെ പുരോഗതിക്ക് ഒട്ടു വളരെ തടസ്സമായിട്ടുണ്ട്.
2. പരമ്പരാഗത വ്യവസായ മേഖലയിലെയും ആധുനിക വ്യവസായ മേഖലയിലെയും തൊഴിൽ സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായവും പരിശീലന സൗകര്യങ്ങളും വിപണന- വിതരണ മേഖലയിൽ ശാസ്ത്രീമായ മാനേജ്മെൻറും, വേണ്ടപോലെ ലഭ്യമല്ല.
3. കാർഷികസമ്പദ് ഘടനയെ വ്യാവസായിക അടിസ്ഥാനത്തിൽ പരിവർത്തിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളോ ശ്രമങ്ങളോ നടക്കുന്നില്ല.
4. സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ച ആൾക്കാരുടെ വിജ്ഞാനത്തെ ചെറുകിട-ഇടത്തരം-വൻകിട വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഉപയോഗപ്പെടുത്താൻ കഴിയാത്തതുമൂലം അവർ തൊഴിൽ അന്വേഷിച്ച് അന്യസംസ്ഥാനങ്ങളിൽ കുടിയേറുന്ന സ്ഥിതി സംജാതമായി.
5. ലാഭകരമായ വ്യവസായ സംരംഭങ്ങൾ ഏതൊക്കെയെന്ന് മുൻഗണനക്രമം നിശ്ചയിച്ച് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന സ്ഥിതി നിലനിൽക്കുന്നു.

### II.പരിഹാരങ്ങൾ.

1. പരമ്പരാഗത- ആധുനിക വ്യവസായങ്ങളുടെ നവീകരണം നടപ്പിൽ വരുത്തുന്നതിന്, ആവശ്യമായ സാമ്പത്തിക സഹായവും പരീശിലന സൗകര്യങ്ങളും ആസൂത്രണം ചെയ്യുകുയും വിപണന- വിതരണരംഗത്ത് പ്രൊഫഷണൽ മാനേജ്മെൻറ് രീതികൾ നടപ്പിലാക്കുകയും വേണം.
2. ഒരു നാടിൻെറ ഏറ്റവും വലിയ സമ്പത്ത് അവിടത്തെ മനുഷ്യാദ്ധ്വാനശേഷി ആണെന്നിരിക്കെ നമ്മുടെ നാട്ടിൽ നിന്ന് അന്യസംസ്ഥാനങ്ങളിലേയ്ക്ക് ഉപജീവനാർത്ഥം യുവാക്കൾ കുടിയേറാനിടയാവുന്ന സാഹചര്യം മാറ്റാൻ കഴിയേണ്ടതുണ്ട്. ഇതിനായി യുവാക്കൾ നേടിയ സാങ്കേതിക വൈദഗ്ദ്ധ്യം വ്യക്തി സംരംഭങ്ങളായും സർക്കാർ- അർദ്ധ്യസർക്കാർ- സഹകരണ മേഖലകളിൽ ചെറുകിട -ഇടത്തരം വ്യവസായ സംരംഭങ്ങൾ വിശദമായി പഠിച്ച് നടപ്പിൽ വരുത്തണം.
3. എല്ലാറ്റിലുപരിയായി സ്വദേശി വ്യാസായ സംരംഭങ്ങൾക്ക് വിപണിയിൽ സ്വീകാര്യത നേടിയെടുക്കുന്നതിനായി സർക്കാർ തലത്തിൽ ദൃശ്യ - ശ്രാവ്യ മാദ്ധ്യമങ്ങൾ വഴിയുള്ള പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. ശരിയായ ദിശയിലുള്ള ബോധവൽക്കരവും പ്രേത്സാഹനങ്ങളും അധികൃതരുടെ ഭാഗത്തുനിന്നുണ്ടായാൽ മാത്രമേ ക്രമാനുഗതമായെങ്കിലും വ്യാവസായിക രംഗത്തെ തളർച്ച മാറ്റാനും പ്രാദേശിക അടിസ്ഥാനത്തിൽ സ്വാശ്രയത്വം ലക്ഷ്യം വച്ച് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി ജനങ്ങളെ ആകർഷിക്കാനും കഴിയുകയുള്ളു.

### III ഖാദിമേഖല:

പഞ്ചായത്തിലെ ഏതാണ്ട് എല്ലാ വീടുകളും കേന്ദ്രീകരിച്ച് തുടങ്ങാൻ കഴിയുന്ന കുടിൽ വ്യവസായ സംരംഭമാണ് കൂൺകൃഷി യൂണിറ്റുകൾ. ഖാദി - ഗ്രാമവ്യവസായ ബോർഡ് കൂൺകൃഷി വ്യാപകമായി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി വിപുലമായ സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നുണ്ട്. പഞ്ചായത്തുതലത്തിൽ ഇക്കാര്യത്തിൽ ഖാദിബോഡുമായി ബന്ധപ്പെട്ട് കൂൺകൃഷി വ്യാപിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ചെയ്യണം.

## പഞ്ചായത്തിൽ ആരംഭിക്കാൻ കഴിയുന്ന വ്യവസായങ്ങൾ.

**ജനറൽ എസ്.എസ്.ഐ**

1. നെല്ല് സംസ്ക്കരണം
2. നവീന രീതിയിലുള്ള തൊണ്ട് അഴുക്കലും കയർ നിർമ്മാണവും/ കയർ ഉല്പന്നങ്ങളും
3. കാലിത്തീറ്റ
4. മത്സ്യ/ചെമ്മീൻ തീറ്റ നിർമ്മാണം
5. ഹാർഡ്ബോഡ് നിർമ്മാണം
7. കൊക്കോസംസ്ക്കരണം
8. കരകൗശല വ്യവസായം
9. ജൈവ വള നിർമ്മാണം
10. കള്ള്സംസ്ക്കരിച്ച് ലഘുപാനീയമാക്കുക
11. സീലിംഗ് റൂഫ് നിർമ്മാണം
12. നീറ്റുകക്കാ നിർമ്മാണം
13. തവിടിൽ നിന്ന് എണ്ണയും മറ്റും ഉൽപ്പാദിപ്പിക്കുക.
14. ഉമിക്കരിക്കൊണ്ട് ടൂത്ത് പൗഡർ.
15. കെട്ടിട നിർമ്മാണ സമഗ്രികൾ.
16. ശാസ്ത്രിയമായ കോഴിവളർത്തൽ.
17. ആധുനികരീതിയിൽ ആയുർവ്വേദ നിർമ്മാണം.
18. ഫർണിച്ചർ യൂണിറ്റുകൾ.
19. ഹവായ് ചെരുപ്പ് നിർമ്മാണം
20. സ്ക്കൂൾ ബാഗുകൾ/ പേഴ്സുകൾ
21. അലങ്കാരപ്പണിചെയ്ത മര ഉരുപ്പടികൾ, കരകൗശലവസ്തുക്കൾ.
22. ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്.
23. ഇലക്ട്രിക്കൽ വർക്ക്ഷോപ്പ്.
24. ഇലക്ട്രോണിക്ക് ചോക്ക് നിർമ്മാണം
25. ഐസ്ക്രീം പ്ലാൻറ്.
26. കോഴി/ കാലിത്തീറ്റ നിർമ്മാണം.
27. സിമൻറ് ഇഷ്ടിക നിർമ്മാണം.
28. പായ, കുട്ട, മുറം, നിർമ്മാണം.
29. കൂൺകൃഷി
30. കുട അസ്സംബ്ലിംഗ്.
31. സാനിട്ടേഷൻ വസ്തുക്കളുടെ നിർമ്മാണം.

## വനിത വ്യവസായ സംരംഭങ്ങൾ.

1. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.
2. പോളിത്തിൻ / പ്ലാസ്റ്റിക്ക് ബാഗുക്കൾ.
3. ഡ്രൈക്ലീനിംഗ്.
4. അലക്ക് / കുളി – സോപ്പ്.
5. ബേക്കറി വ്യവസായം.
6. മെഴുകുതിരി നിർമ്മാണം
7. ശീതളപാനീയങ്ങൾ.
8. നോട്ട്ബുക്ക് നിർമ്മാണം.
9. റെക്സിൻ ഉപയോഗിച്ച് ബാഗ് / മഴക്കോട്ട് നിർമ്മാണം.
10. കറിപൗഡർ ഗ്രമീണ ഭക്ഷ്യോൽപ്പന്നങ്ങൾ.
11. തുണിനെയ്ത്ത്.
12. പപ്പടനിർമ്മാണം.
13. അരിപ്പൊടി (പായ്ക്കറ്റായി) നിർമ്മാണം.
14. ചന്ദനത്തിരി നിർമ്മാണം.
15. പാല് ഉൽപ്പന്നങ്ങൾ നിർമ്മാണം.
16. അച്ചാർ നിർമ്മാണം.
17. ചിരട്ട, മുള, നാരിനങ്ങൾ ഉപയോഗിച്ച് കരകൗശല വസ്തു നിർമ്മാണം.
18. പഴം സംസ്ക്കരണം.
19. അവിൽ നിർമ്മാണം.
20. ഫാൻസി ഫൈബർ നിർമ്മാണം.
21. തേങ്ങവെള്ളമുപയോഗിച്ചുള്ള പാനീയ നിർമ്മാണം.

## ടൂറിസം:

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ഉൾനാടൻ ജലാശയമേഖലയാണ് കുട്ടനാട്. ഈ മേഖല കേന്ദ്രീകരിക്കുന്ന തരത്തിലുള്ള വിനോദസഞ്ചാര വികാസനത്തിനാവണം നാം പ്രമുഖ്യം നൽകേണ്ടത്. വിദേശീയരും തദ്ദേശീയരുമായ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ ഹൗസ്ബോട്ട് ടൂറിസമാണ് നമുക്ക് വളരെയേറെ സാധ്യയുള്ളത്. ഇതിനായി, ഗ്രാമ പഞ്ചായത്തിൻെറ ചുമതലയിലോ സഹകരണാടിസ്ഥാനത്തിലോ ഒരു ഹൗസ്ബോട്ടെങ്കിലും നിർമ്മിച്ചിറക്കിയാൽ ഗ്രാമീണ തലത്തിലുള്ള വിനോദസഞ്ചാര സൗകര്യത്തിന് അതൊരു മികച്ച തുടക്കമായിരിക്കും.

നമ്മുടെ പഞ്ചായത്തിൻെറ വ്യവസായമേഖലയുടെ ചരിത്രഗതിയും പ്രതിസന്ധികളും ഗ്രമാസഭനിർദ്ദേശങ്ങൾക്കനുസൃതമായി ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട് എന്നാണ് കരുതുന്നത്. നമ്മുടെ പോരായ്മകൾ പരിഹരിച്ച് നിർദ്ദേശങ്ങൾ നടപ്പിലാക്കാനായാൽ സ്വയംപര്യാപ്തമായ ഒരു ഗ്രാമീണക്കൂട്ടായ്മ എന്ന ലക്ഷ്യത്തിലേയ്ക്ക് എത്താനാവും എന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്.

V.4



# ഗതാഗതം, ഊർജ്ജം മാർക്കറ്റ്

പമ്പയുടെ മൂന്ന് കൈവരികൾ അതിർ തിരിക്കുന്ന ഈ പഞ്ചായത്ത് വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്നു. പള്ളാത്തുരുത്തി, നെടുമുടി പാലങ്ങൾ മറ്റു കരകളുമായി ഈ പഞ്ചായത്തിനെ ബന്ധിക്കുന്നു.

ഗതാഗതത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിലെ പ്രധാന മാർഗ്ഗം പള്ളാത്തുരുത്തി നെടുമുടി റോഡാണ് (ആലപ്പുഴ – ചങ്ങനാശ്ശേരി റോഡിൽ) ഈ റോഡിൽ നിന്നുമുള്ള കൈവഴികളും റോഡുകളുമാണ് കരഗതാഗതത്തിനുള്ള മാർഗ്ഗം. 57-ൽ ഈ റോഡ് എത്തുന്നതിനു മുമ്പ് ഒരു തുരുത്തായി കിടന്നിരുന്ന ഈ പ്രദേശത്ത് ജലവാഹനങ്ങൾ പ്രത്യേകിച്ചും വള്ളങ്ങൾ മാത്രമാണ് ഗതാഗതത്തിന് ഉപയോഗിച്ചുപോന്നത്. കൊച്ചുവള്ളം, തണ്ടുവള്ളം, വളവര വള്ളം തുടങ്ങി, യാത്രയ്ക്കുപയോഗിക്കുന്ന, വള്ളങ്ങളും ചരക്കുഗതാഗതത്തിന് വിവിധതരം കെട്ടുവള്ളങ്ങളും ഉപയോഗിച്ചുപോന്നു. സംരക്ഷണച്ചെലവ് താങ്ങാനാവാതെ വള്ളങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണിന്ന്.

AC റോഡിൽ നിന്നും ഏറ്റവും ആദ്യം നിർമ്മാണം ആരംഭിച്ച റോഡ് പണ്ടാരക്കുളത്തുനിന്നും ചെമ്പുപുറം പി.എച്ച്. സെൻററിലേയ്ക്കുള്ള റോഡാണ്. 3 1/2 കി.മീ. മണ്ണുജോലി തീർന്ന ഈ റോഡ് ഇന്നും ലക്ഷ്യത്തിലെത്തിയിട്ടില്ല. പി.എച്ച്. സെൻററിലേയ്ക്ക് 3/4 കി. മീറ്റർ കൂടി റോഡ് നിർമ്മിക്കണം. ഇതിൽ 2-ാം കി.മീറ്റിലുള്ള പാലം പൊട്ടി ഗതാഗതം ഇല്ലാതെ കിടക്കുന്നു. ഈ റോഡിനേക്കാൾ മുൻകാലം മുതൽ ആവശ്യം ഉയർന്നുവന്നതും, വേലങ്കളം കടവിൽ നിന്നും നിർമ്മാണം ആരംഭിച്ചതും മൂന്നുപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും കുപ്പപ്പുറം കരുവാറ്റ റോഡിൻെറ ഭാഗവുമായ പൂപ്പള്ളി – വേലങ്കളം റോഡ് എം.എൽ.എ. റോഡ് സ്കീമിൽപ്പെടുത്തി പി.ഡബ്ല്യു.ഡി. ഏറ്റെടുത്തെങ്കിലും നിർമ്മാണം വഴി മുട്ടി നിൽക്കുന്നു. ഇന്ന് പഞ്ചായത്തിലെ ജനങ്ങളുടെ മുഴുവൻ ആവശ്യമായി ഈ റോഡ് നിലകൊള്ളുന്നു. അനുവദിച്ച തുക പോലും വിനിയോഗിക്കാതെ കിടക്കുന്ന സ്ഥിതി ഈ റോഡിനെ സംബന്ധിച്ച് ഖേദകരമാണ്. പിന്നീട് നിർമ്മാണം ആരംഭിച്ച ഗുരുമന്ദിരം – മാത്തൂർ – വൈശ്യംഭാഗം റോഡും മണ്ണുവേല പൂർത്തിയായി. തോട്ടക്കാട് വരെ എത്തി നിൽക്കുന്നു. ഗതാഗതത്തിന് തുറന്നുകൊടുക്കാൻ കഴി

യാത്ത അവസ്ഥയിലാണ്. ചമ്പക്കുളം – വൈശ്യം ഭാഗം റോഡ്, കോച്ചേരി – മൂന്നുകളം റോഡ് തുടങ്ങി അനേകം റോഡുകൾ ഭാഗികമായി നിർമ്മാണം പൂർത്തിയായി എങ്കിലും ഗതാഗതയോഗ്യമായിട്ടില്ല.

തടിപാലങ്ങൾ പഞ്ചായത്തിന്റെ ശാപമായിരുന്ന കാലത്തിന് അൽപ്പമൊക്കെ മാറ്റം വന്നു. കുറെയേറെ പാലങ്ങൾ കോൺക്രിറ്റ് ആക്കി കഴിഞ്ഞിട്ടുണ്ടെങ്കിലും അനേകം റോഡുകളെ ബന്ധപ്പെടുത്തുന്ന പാലങ്ങളുടെ നിർമ്മാണം നടക്കേണ്ടതുണ്ട്. നടപ്പാലങ്ങളും ധാരാളം ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്.

ഇരുവശവും കൈയ്യേറി നികത്തുന്നതുമൂലവും ചെടികളും വൃക്ഷങ്ങളും വളർന്നിറങ്ങുന്നതു മൂലവും താഴ്ച കുറഞ്ഞു വരുന്നതിനാലും ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു. പഞ്ചായത്തിലെ മിക്ക തോടുകളും. ഇതു പരിസ്ഥിതിയേയും ഗുരുതരമായി ബാധിക്കുന്നു. ഈ രംഗത്തും ഗൗരവതരമായ പഠനങ്ങൾ നടക്കേണ്ടിയിരിക്കുന്നു.

ഊർജ്ജ മേഖലയിൽ പഞ്ചായത്ത് വളരെ പിന്നിലാണ് എന്ന് പറയേണ്ടിയിരിക്കുന്നു. വൈദ്യുതി കാര്യത്തിൽ ഗൃഹവൈദ്യുതീകരണ രംഗത്ത് പഞ്ചായത്ത് മോശമല്ലാത്ത നേട്ടം കൈവരിച്ചിട്ടുണ്ട്. എന്നാൽ പല മേഖലകളിലും വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നു. ഊർജ്ജ മേഖലയിൽ പുതിയ സാഹചര്യങ്ങൾ സൃഷ്ടിച്ച് വൈദ്യുത പദ്ധതികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. മറ്റ് ഊർജ്ജ രംഗത്ത് പഞ്ചായത്ത് കാര്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടില്ല. അങ്ങിങ്ങായി ചില സംഘടനകൾ മുൻകൈ എടുത്ത് നിർമ്മിച്ച ബയോ-ഗ്യാസ് പ്ലാന്റുകൾ കാണുവാൻ കഴിയുന്നുണ്ട്. ഭാരിച്ച ചെലവ് മൂലം വളരെയേറെ സാദ്ധ്യതയുള്ള ഈ മേഖലയിലേയ്ക്ക് ജനങ്ങൾ താൽപ്പര്യം എടുക്കുന്നില്ല. വിറകിന് കടുത്ത ക്ഷാമം അനുഭവപ്പെടുന്നുണ്ട്. മണ്ണെണ്ണയുടെ ക്ഷാമം ഊർജ്ജരംഗത്ത് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുകയും ഇന്ധന ക്ഷമതയോടു കൂടിയ ഉപകരണങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതും അനിവാര്യമാണ്. അനധികൃത പാചകവാതക ഉപയോക്താക്കൾ ഈ പഞ്ചായത്തിൽ 250 ൽപ്പരം ഉണ്ട്. ഇതിന് പ്രധാനകാരണം ഇന്നും ഈ പഞ്ചായത്തിനെ പാചകവാതക ഏജൻസിയുടെ പരിധിയിൽപ്പെടുത്തിയിട്ടില്ല എന്നതാണ്. കേരളത്തിൽ പാചകവാതക വിതരണം ഇല്ലാത്ത അപൂർവ്വം പഞ്ചായത്തുകളിൽ ഒന്നു മാത്രമാണ് നെടുമുടിയും, കുട്ടനാടിന്റെ കുറെയേറെ മേഖലകളും.

പബ്ലിക്ക് മാർക്കറ്റ് ഈ പഞ്ചായത്തിൽ ഇല്ല. ഏതാനും പബ്ലിക്ക് മാർക്കറ്റിനുള്ള സാദ്ധ്യത ഉണ്ടെങ്കിലും സ്ഥല ലഭ്യതയും മറ്റു ചില സാങ്കേതിക പ്രശ്നങ്ങളും ഈ രംഗത്തേയ്ക്ക് കടക്കുന്നതിന് പഞ്ചായത്തിന് സാധിക്കാത്ത സ്ഥിതി ഉണ്ടാക്കിയിരിക്കുന്നു. 3 പബ്ലിക് മാർക്കറ്റ് എങ്കിലും പഞ്ചായത്തിൽ ആരംഭിക്കണം.

ഈ വിഷയങ്ങളിൽ 10 വാർഡുകളിലായി 1137 പുരുഷന്മാരും 504 സ്ത്രീകളും ഗ്രാമസഭകളിൽ ഈ വിഷയം ചർച്ച ചെയ്ത് സമർപ്പിച്ച പ്രശ്നങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

റോഡു നിർമ്മാണത്തിന് താഴ്ന്ന പ്രദേശമായതിനാൽ വേണ്ടി വരുന്ന ഭാരിച്ച ചെലവ്.

റോഡു നിർമ്മാണത്തിന് മണ്ണും മറ്റ് ഘടകങ്ങളും എത്തിക്കുന്നതിനുള്ള ഗതാഗത സൗകര്യം ഇല്ലായ്മ.

ഗ്രാമീണറോഡുകൾക്ക് പണം മുടക്കുവാൻ കഴിയാത്ത പഞ്ചായത്തിന്റെ ധനസ്ഥിതി.

തടിപ്പാലങ്ങൾ പഞ്ചായത്തിന്റെ വലിയ പങ്ക് തുകയും അപഹരിച്ചുപോന്നു. കുറെയൊക്കെ കോൺക്രീറ്റ് ആയി മാറിയതിന്റെ മാറ്റം പ്രകടമാണ്. ഇനിയും ധാരാളം പാലങ്ങൾ മോശമായ അവസ്ഥയിലാണ്.

തോടുകൾ താഴ്ത്തുവാൻ കഴിയാത്ത സാമ്പത്തിക സ്ഥിതി.

കൈയ്യേറ്റങ്ങളെ ചെറുക്കുവാൻ കഴിയാത്ത ഒരവസ്ഥ (ഭൂരിഭാഗം പ്രദേശത്തും കൈയ്യേറ്റം നടക്കുന്നു).

ഊർജ്ജ മേഖലയിലെ കമ്മി.

വഴിവിളക്കുകൾ തെളിക്കാത്ത കെടുകാര്യസ്ഥത.

വൈദ്യുത രംഗത്തെ ജീവനക്കാരുടെ കുറവ്.

പുതിയ ഊർജ്ജ സാദ്ധ്യതകളുടെ സാമ്പത്തിക ചിലവ്.

പാചകവാതക ഏജൻസി ഇല്ല.

ഇന്ധനക്ഷമത കൂടിയ ഉപകരണങ്ങളെക്കുറിച്ചുള്ള അറിവ് കുറവ്.

മാർക്കറ്റ് തുടങ്ങുന്നതിനുള്ള സ്ഥലം ലഭ്യമല്ലാത്ത അവസ്ഥ.

വൈദ്യുതിയുടെ അമിത ഉപഭോഗം - പ്രസരണനഷ്ടം.

### പ്രധാനറോഡുകൾ - നിർദ്ദേശങ്ങൾ.

1) എ.സി. റോഡിൽ പൂപ്പള്ളിൽ നിന്നും തെക്കോട്ട് കരുവാറ്റ വരെ എത്തുന്ന റോഡിന്റെ പൂപ്പള്ളി - വേലങ്കളം കടവു വരെയുള്ള റോഡ് സമയബന്ധിതമായി പൂർത്തിയാക്കുക.

2) പൂപ്പള്ളി മുതൽ വടക്കോട്ട് കുപ്പപ്പുറം വരെയുള്ള റോഡിന്റെ ഭാഗമായ പൂപ്പള്ളി 40-ൽ ചിറ വരെയുള്ള റോഡ് പൂർത്തികരിക്കുക.

3) എ.സി. റോഡിൽ നിന്നും (പണ്ടാരക്കളം) ആരംഭിച്ച് ചെമ്പുംപുറം പി.എച്ച്. സെൻറർ വഴി വൈശ്യം ഭാഗത്തെത്തുന്ന (350 ൽ കടവ്) റോഡ് പൂർത്തീകരിക്കുക. (ആരംഭിച്ചിട്ട് 30 വർഷമായിട്ടും 3 1/2 കി.മീ. മാത്രമേ എർത്ത്‌വർക്ക് പൂർത്തിയായുള്ളൂ.)

4) എ.സി. റോഡിൽ ജ്യോതി ജംഗ്ഷൻ മുതൽ തെക്കോട്ട് തോട്ടയ്ക്കാട്ടുവഴി വൈശ്യം ഭാഗം ഗവ. എൽ.പി. സ്കൂൾ വരെയെത്തുന്ന റോഡ് പൂർത്തീകരിക്കുക.

5) എ.സി. റോഡിൽ നിന്നും തോട്ടയ്ക്കാട്ടുവരെയെത്തി നിൽക്കുന്ന റോഡിന്റെ തുടർച്ച പടിഞ്ഞാട്ട് പുളിക്കൽ വരെ റോഡ് പൂർത്തിയാക്കുക.

6) വൈശ്യം ഭാഗം കടവിൽ നിന്നും ആരംഭിച്ചിട്ടുള്ളതും ഇപ്പോൾ പഞ്ചായത്ത് ഓഫീസ് പടിക്കൽ വഴി കോതറതോട് വരെയെത്തി നിൽക്കുന്ന റോഡ് എടത്വാ വരെ വീതിയും പൊക്കവും കൂട്ടി നിർമ്മിക്കുക.

7) എ.സി. റോഡ് - ചെമ്പും പുറം റോഡിൽ ചെമ്പുപുറം ക്ഷീരോൽപ്പാദക സഹകരസംഘത്തിൽ നിന്നും പടിഞ്ഞാട്ട് പൂകൈത ആറുതീരം വരെ റോഡ് നിർമ്മിക്കുക.

8) കോച്ചേരിൽ to മൂന്നുകളം വഴി പൂകൈത ആറ്റുതീരം വരെ റോഡ് നിർമ്മിക്കുക.

9) മൊദയക്കരി മുതൽ മോഴൂർ വരെ ഇപ്പോൾ നിർമ്മിച്ചിട്ടുള്ള റോഡ് പൂകൈത ആറ്റുതീരത്തേയ്ക്ക് ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കുക.

### ട്രാക്ടർ റോഡ്.

1) ചേന്നംകരി പള്ളി മുതൽ കിഴക്കോട്ട് ചെമ്പ് വരെയുള്ള ബണ്ട് വീതികൂട്ടി ഉയർത്തി ട്രാക്ടർ റോഡ് നിർമ്മിക്കുക.

2) കിഴക്കേ അറ്റം ജെട്ടി മുതൽ പുഷ്പമംഗലം വരെയുള്ള വഴി വീതികൂട്ടി ഉയർത്തി ട്രാക്ടർ റോഡ് നിർമ്മിക്കുക.

3) നെടുമുടി റോഡ് മുക്കു മുതൽ മൂന്നാറ്റിൻ മുഖം വരെയുള്ള നടപ്പാത ഉയർത്തി വീതികൂട്ടി ട്രാക്ടർ റോഡ് നിർമ്മിക്കുക.

4) മണിമല മുട്ടുപാലം മുതൽ പടിഞ്ഞാട്ട് മാത്തൂർ റോഡ് വരെ ഒരു ട്രാക്ടർ റോഡ് നിർമ്മിക്കുക.

5) എ.സി. റോഡ് - പി.എച്ച് സെൻറർ റോഡിൽ പി.എച്ച്. സെൻററിൽ നിന്നും പടിഞ്ഞാട്ട് പൂകൈത ആറ്റുതീരം വരെ റോഡ് നിർമ്മിക്കുക.

6) നെടുമുടി പാലത്തിന് പടിഞ്ഞാറേ കരയിൽ നിന്നും മണിമല മുട്ടുവഴി ചെന്നാരു മുട്ടുവരെ ആറ്റുതീരം വഴി റോഡ് നിർമ്മിക്കുക.

7) പാറശ്ശേരി പാലം മുതൽ പൊങ്ങ. ഗവ. എൽ.പി. സ്കൂൾ വരെ റോഡ് നിർമ്മിക്കു.

8) പൂപ്പള്ളി ജംഗ്ഷനിൽ നിന്നും പടിഞ്ഞാറേ കരയിൽ കൂടി പൊങ്ങ ഗവ. എൽ.പി. സ്കൂൾ വരെ റോഡ് നിർമ്മിക്കുക.

9) ചെമ്പുംപുറം പി.എച്ച്. സെൻററിന് കിഴക്കേക്കര നിന്നും ചാവേലിൽ വരെ (SNDP Br. 18) റോഡ് നിർമ്മിക്കുക.

10) കാപ്പിൽ മുട്ടുമുതൽ അക്കീറ്റ് മഠം വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

11) പരുത്തിക്കളം ജെട്ടിക്ക് സമീപത്തു നിന്നും പടിഞ്ഞാട്ട് ചാവേലിൽ (പള്ളൂരം Near SNDP Br. 18) വരെ റോഡ് നിർമ്മിക്കുക.

12) 7-ാം വാർഡിൽ പൂപ്പള്ളി മൂട്ടിൽ നിന്നും പടിഞ്ഞാട്ട് ഒരു ട്രാക്ടർ റോഡ് നിർമ്മിക്കുക.

### ഓട്ടോ റോഡ്. (3-4 മീറ്റർ വീതി)

1) എല്ലാ പാടശേഖരങ്ങളുടേയും പുറബണ്ടുകൾ 3-4 മീറ്റർ വീതിയിൽ ഉയർത്തി നിർമ്മിച്ച് ഓട്ടോ റോഡുകളാക്കി മാറ്റുക.

2) മൂന്നാറ്റിൻ മുഖം ജെട്ടിക്ക് സമീപം നിന്നും പടിഞ്ഞാട്ട് നിലവിലുള്ള വഴി വീതി കൂട്ടി ഉയർത്തി പുത്തൻ പറമ്പു കടവ് വരെ റോഡ് നിർമ്മിക്കുക.

3) പാറശ്ശേരി പാലത്തിൻെറ (എ.സി. റോഡിൽ) വടക്കോട്ട് തോട്ടരുകിൽ കൂടി നായിപ്പള്ളി തോടു മുട്ടുവരെയുള്ള വഴി ഉയർത്തി വീതികൂട്ടി റോഡ് നിർമ്മിക്കുക.

4) പൊങ്ങ പാലത്തിൻെറ പടിഞ്ഞാറെകരയിൽ കൂടി നായിപ്പള്ളി വരെയുള്ള വഴി ഉയർത്തി വീതികൂട്ടി റോഡ് നിർമ്മിക്കുക.

5) പൊങ്ങ പാലത്തിൻെറ കിഴക്കേകര വഴി വടക്കോട്ട് റോഡ് നിർമ്മിക്കുക. (വടശ്ശേരി ജംഗ്ഷൻ വരെ).

6) മൂന്നുകളത്തിൽ നിന്നും ആരംഭിച്ച് കാളുതറ വഴി കളരിക്കൽ ക്ഷേത്രത്തിനു സമീപം കൂടി കൊട്ടാരം ആറാട്ട് റോഡുമായി ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കുക.

7) BKM പ്രസ്സ് പടിഞ്ഞാട്ട് പൊറ്റയ്ക്കാട്, തോട്ടാമറ്റം, ചെല്ലിത്തറ, പുല്ലത്ര അറുപതിൻെറ ചിറ വഴി തുമ്പൂരം പാടത്തിൻെറ തെക്കേച്ചിറയിൽ കൂടി വൈശ്യംഭാഗത്ത് എത്തിച്ചേരുന്ന റോഡ് നിർമ്മിക്കുക.

8) കര്യം പള്ളിപ്പാടത്തിൻെറ തെക്കേച്ചിറ വഴി പടിഞ്ഞാട്ട് പയ്യനാട് പാലം വരെ റോഡ് നിർമ്മിക്കുക.

9) ഏഴരക്കോട് പാലം മുതൽ ശീവാട്ടുതറ പൊതുശ്മശാനം വഴി വടക്കേതോട്ടു തീരം വരെ റോഡ് നിർമ്മിക്കുക.

10) വൈശ്യം ഭാഗം – മണപ്ര റോഡിൽ നിന്നും ആരംഭിച്ച് പറമ്പാക്കൽ, സഹൃദായവായനശാല വഴി മൂന്നുകളത്തിൽ എത്തിച്ചേരുന്ന റോഡ് നിർമ്മിക്കുക.

11) ചീതക്കോട്ടു പാലം മുതൽ തെക്കോട്ട് വൈശ്യം ഭാഗം – മണപ്ര റോഡുമായി ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കുക.

12) മഞ്ചപ്ര – വൈശ്യംഭാഗം മുന്നൂറ്റമ്പതിൽ കടവ് റോഡ് നിർമ്മിക്കുക. (പൂകൈത ആറ്റുതീരം വഴി)

13) പുത്തൻപുര – കൊച്ചറയ്ക്കൽ റോഡ് നിർമ്മിക്കുക.

14) കിഴക്കേടം – കോളനി – പഞ്ചായത്ത് ഓഫീസ് റോഡ് നിർമ്മിക്കുക.

15) കടുവുങ്കൽ (7-ാം വാർഡ്) മുതൽ പുത്തൻപറമ്പ് വരെ എത്തിനിൽക്കുന്ന റോഡ് നെടുമുടി – കരുവാറ്റാ റോഡുമായി ബന്ധപ്പെടുത്തി കല്ലമ്പള്ളി ക്ഷേത്രം വരെ റോഡ് നിർമ്മിക്കുക.

16) പണ്ടാരക്കുളം (എ.സി. റോഡ്) പാലം മുതൽ വടക്കോട്ട് 1/2 കി.മീ. റോഡ് നിർമ്മിക്കുക.

17) മാത്തൂർ റോഡിൽ നിന്നും തൈച്ചേരിൽ വരെ റോഡ് നിർമ്മിക്കുക.

18) പഴയകരി ജംഗ്ഷൻ മുതൽ പടിഞ്ഞാട്ട് ആറ്റുതീരം വരെ റോഡ് നിർമ്മിക്കുക.

19) നെടുമുടി റോഡ് മുക്ക് മുതൽ തെക്കോട്ട് മണിമല മുട്ട് വരെ ആറ്റുതീരം വഴി റോഡ് നിർമ്മിക്കുക. (2 മീറ്റർ വീതി).

20) പഴയകരിയുടെ വടക്കേച്ചിറയിൽ കൂടി പടിഞ്ഞാറെ ആറ്റുതീരം വരെ റോഡ് നിർമ്മിക്കുക.

21) നർബ്ബോന പുരം പള്ളി മുതൽ പടിഞ്ഞാട്ട് ആറ്റുതീരം വരെ റോഡ് നിർമ്മിക്കുക.

22) നടുവിലേപ്പറമ്പു മുതൽ വടക്കോട്ട് മുല്ലപുരം വരെ റോഡ് നിർമ്മിക്കുക.

23) പൈക്കരപ്പാലം മുതൽ കിഴക്കോട്ട് 40 ൽ ചിറ വരെ റോഡ് നിർമ്മിക്കുക.

### ഓട്ടോ റോഡ് (2-3 മീറ്റർ വീതി).

1) കോയിക്കാട് കടവ് മുതൽ 40-ൽ ചിറ വരെയുള്ള റിംഗ്ബണ്ട് വീതികൂട്ടി ഓട്ടോ റോഡാക്കുക. നീളം 3 കി.മീ.

2) നാവള്ളി മുതൽ അഞ്ചങ്ങാടി വരെയുള്ള ഭാഗം വീതികൂട്ടി റോഡാക്കുക.

3) പഴയകരി ജംഗ്ഷൻ മുതൽ പടിഞ്ഞാറേക്കര വഴി തെക്കോട്ട് തൈച്ചേരി പാലം വരെ റോഡ് നിർമ്മിക്കുക.

4) ഇടച്ചേരി പാടശേഖരത്തിൻെറ നടുവിൽ താമസിക്കുന്ന വീട്ടുകാരെ മെയിൻറോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.

5) എ.സി. റോഡിൽ നിന്നും നാനാട്ടുപുരയിടത്തിലൂടെയുള്ള വഴി റോഡാക്കി നിർമ്മിക്കുക.

6) ജ്യോതി ജംഗ്ഷനിൽ നിന്നും മുഞ്ഞാട്ട് പറമ്പിൽ പാലം വരെ റോഡ് നിർമ്മിക്കുക.

7) പഴയകരിച്ചിറ മുതൽ വടക്കോട്ട് ആറ്റുതീരത്തുകൂടി പള്ളിച്ചിറ വരെ റോഡ് നിർമ്മിക്കുക.

9) സാംസ്ക്കാരിക നിലയം – പുളിക്കൽക്കാവ് റോഡ് നിർ

മ്മിക്കുക.

10) മാത്തൂർ റോഡിൽ നിന്നും കടന്നങ്കാട്ട് മഹാദേവക്ഷേത്രത്തിലേയ്ക്കുള്ള വഴി റോഡാക്കി നിർമ്മിക്കുക.

11) പഴയകരിച്ചിറ നിന്നും തെക്കോട്ട് ആറ്റരികത്തൂകൂടി കരിമ്പാവളവു ജെട്ടി വരെ റോഡ് നിർമ്മിക്കുക.

12) കൈയ്യത്ര പാലം മുതൽ പടിഞ്ഞാറോട്ട് തോടിന് ഇരുകരകളിലും ചാവേലിൽ മഠം വരെ റോഡ് നിർമ്മിക്കുക.

13) പവ്വത്തു മുതൽ തെക്കോട്ടും മാന്തൂരം മുതൽ പടിഞ്ഞാട്ടും ഒരു റോഡ് കാപ്പുമുട്ടുവരെ നിർമ്മിക്കുക.

14) കോച്ചേരി പാലം മുതൽ കൊട്ടാരം ക്ഷേത്രം വരെയുള്ള വഴി റോഡാക്കുക.

15) പൈക്കര പാലത്തിനു കിഴക്കേക്കര നിന്നും പവ്വത്തു വരെ റോഡ് നിർമ്മിക്കുക.

16) ചമ്പക്കുളം പോസ്റ്റ് ഓഫീസ് മുതൽ സെൻറ് മേരീസ് H.Sൻെറ വടക്കുവശം വഴി കരിയംമ്പള്ളി പാടശേഖരത്തിൻെറ വടക്കേക്കര വഴി പടിഞ്ഞാറോട്ട് ശീതക്കോട് പാലം വരെ റോഡ് നിർമ്മിക്കുക.

17) കല്ലംമ്പള്ളി ക്ഷേത്രത്തിണ് പടിഞ്ഞാറുവശം മുതൽ എട്ടിൽച്ചിറ വടക്കുവശം വഴി കിഴക്കോട്ട് വല്ല്യപാലം വരെയുള്ള വഴി റോഡാക്കി നിർമ്മിക്കുക.

18) കോടുവിളഞ്ഞി പാലം മുതൽ നടുഭാഗം എൽ.പി. സ്കൂൾ വരെയുള്ള വഴി റോഡാക്കി നിർമ്മിക്കുക.

19) വൈശ്യംഭാഗം വാണിയപ്പുരയ്ക്കൽ (വാഴപ്പറമ്പ്) കടത്തുകടവിൽ നിന്നും പടിഞ്ഞാറോട്ട് വന്ന് വടക്കോട്ട് സഹൃദയ വായനശാല വഴി പുതുവാത്രയിൽ എത്തിച്ചേരുന്ന റോഡ് നിർമ്മിക്കുക.

20) വൈശ്യംഭാഗം കടത്തുകടവിന് സമീപം അഞ്ചിൽ പുരയിടത്തിനു കിഴക്കുവശമുള്ള വഴി വീതികൂട്ടി റോഡാക്കുക. ടി. വഴി St. Antony's Church വരെ വീതി കൂട്ടി റോഡാക്കുക.

21) വൈശ്യംഭാഗം എൽ.പി.എസ്സിൽ നിന്നും തെക്കോട്ട് 50 മീറ്റർ നീളം താഴ്ന്നുകിടക്കുന്ന ഭാഗം ഉയർത്തി സഞ്ചാരയോഗ്യമാക്കുക.

22) വൈശ്യംഭാഗം വാണിയപുരയ്ക്കൽ (വാഴപ്പറമ്പ്) കടത്തുകടവിൽ നിന്നാരംഭിച്ച് കിഴക്ക് പൂകൈത പാടശേഖരത്തിൻെറ കിഴക്കുവശം വഴി മാതിരം പള്ളിവരെ റോഡ് നിർമ്മിക്കുക.

23) വൈശ്യംഭാഗം കടത്തുകടവ് മുതൽ ആറിൻെറ തീരത്തുകൂടി വാഴപ്പറമ്പ് വരെ നിലവിലുള്ള വഴി സഞ്ചാരയോഗ്യമാക്കുക.

24) മാങ്ങായിൽ പാലം മുതൽ കിഴക്കോട്ട് കല്ലമ്പള്ളി ക്ഷേത്രം വരെയുള്ള വഴി റോഡാക്കി നിർമ്മിക്കുക.

25) ഓണാട് ലക്ഷം വീട് മുതൽ വടക്കോട്ട് മാടവന വരെ ഒരു റോഡ് നിർമ്മിക്കുക.

26) എഴുപതിൽ - കോതറത്തോട് വരെയുള്ള വഴി വീതി കൂട്ടി റോഡാക്കുക.

27) രാമമംഗലം - കിഴക്കേ അറ്റം ജെട്ടി വരെയുള്ള വഴി വീതികൂട്ടി റോഡാക്കുക.

28) 4ൽ കടവ് മുതൽ വലിയ പാലം വരെയുള്ള വഴി വീതി കൂട്ടി റോഡാക്കുക.

29) വഴുതാനത്തറ - ഒരു പറ റോഡ് നിർമ്മിക്കുക.

30) മതിമഠം - കോക്കരായ്ക്കൽ റോഡ് നിർമ്മിക്കുക.

31) മഠത്തിലേടം - നൂറുപറച്ചിറ റോഡ് നിർമ്മിക്കുക.

32) 40ൽച്ചിറ - J.R.Y. റോഡ് വരെ റോഡ് നിർമ്മിക്കുക.

33) ആതിരപ്പള്ളി മുതൽ താഴത്തുരുത്ത് ലക്ഷം വീട് വഴി മോഴൂർ വരെ റോഡ് നിർമ്മിക്കുക.

34) 4-ാം വാർഡിൽ മുല്ലപ്പുരം മുതൽ തത്തേരി പാലം വഴി പവ്വത്ത് വരെ 2 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുക.

35) സാംസ്ക്കാരിക നിലയം മുതൽ അഞ്ചിൽച്ചിറ - സി.എം.എസ് പള്ളി വഴി ആറ്റുതീരം വരെയുള്ള നടപ്പാത ഉയർത്തി 1 1/2 മീറ്റർ വീതിയിൽ നടപ്പാത സഞ്ചാരയോഗ്യമാക്കുക.

36) സാംസ്ക്കാരിക നിലയം മുതൽ വടക്കോട്ട് പുളിക്കൽ വരെയുള്ള നടപ്പാത 2 മീറ്റർ വീതിയിൽ ഉയർത്തി ഗ്രാവൽ വിരിച്ച് സഞ്ചാരയോഗ്യമാക്കുക.

37) പുളിക്കൽ നിന്നും വടക്കോട്ട് കുന്നത്തുശ്ശേരി വരെയുള്ള നടപ്പാത 1 1/2 മീ. വീതിയിൽ ഉയർത്തി ഗ്രാവൽ വിരിക്കുക.

38) ഇടപ്പള്ളി മുതൽ നടുവിലേപ്പറമ്പു വരെയുള്ള നടപ്പാത 1 1/2 മീ. വീതിയിൽ ഉയർത്തി ഗ്രാവൽ വിരിക്കുക.

39) ഇടപ്പള്ളി മുതൽ NSUP സ്കൂൾ വഴി അമ്പാടി (കാപ്പുമുട്ട്) വരെയുള്ള നടപ്പാത 1 1/2 മീ. വീതിയിൽ ഉയർത്തി ഗ്രാവൽ വിരിച്ച് സഞ്ചാരയോഗ്യമാക്കുക.

40) പുളിക്കൽ നിന്നും പഞ്ചാ: ജെട്ടി വരെയുള്ള നടപ്പാത 2

1/2 മീ. വീതിയിൽ ഉയർത്തി ഗ്രാവൽ വിരിച്ച് സഞ്ചാരയോഗ്യമാക്കുക.

41) പഞ്ചായത്തുജെട്ടി മുതൽ മുല്ലശ്ശേരി വരെയുള്ള നടപ്പാത (മുട്ടുതോടു ചുറ്റി) 1 മീറ്റർ വീതിയിൽ ഗ്രാവൽ വിരിച്ചും ഉയർത്തിയും സഞ്ചാരയോഗ്യമാക്കുക.

42) മുല്ലശ്ശേരി മുതൽ കിഴക്കോട്ട് കുന്നത്തുശ്ശേരി വരെയുള്ള വഴി 2 മീറ്റർ വീതിയിൽ ഉയർത്തി ഗ്രാവൽവിരിച്ച് സഞ്ചാരയോഗ്യമാക്കുക.

43) കവലയ്ക്കൽ ചിറ (വല്ല്യപറമ്പ് പാലം) മുതൽ കിഴക്കോട്ട് ചാവേലി വരെയുള്ള നടപ്പാത 1 1/2 മീ. വീതിയിൽ ഉയർത്തി ഗ്രാവൽ വിരിക്കുക.

44) നെരയം തോടിൻെറ നടക്കുള്ള തോട്ടുതറ ദ്വീപിലേയ്ക്ക് പൂച്ചാലിൽ മോട്ടോർ തറ മുതൽ കിഴക്കോട്ട് സഞ്ചാരയോഗ്യമായ നടപ്പാത നിർമ്മിക്കുക.

45) ചെമ്പിൽ കളത്തിൽ ഭാഗത്തുനിന്നും തുണ്ടുപറമ്പ് ഭാഗത്തേയ്ക്കുള്ള വഴി നിർമ്മിക്കുക.

46) കായലിൽപ്പറമ്പ് പാലം മുതൽ കൊച്ചുവെളുത്തേടത്തുപറമ്പ് വരെ നടപ്പാത നിർമ്മിക്കുക.

47) പൊങ്ങതോട്ടരുകിൽ നിന്നും കോളശ്ശേരി പുരയിടത്തിൽ കൂടിയുള്ള നടപ്പാത നിർമ്മിക്കുക.

48) കന്ന്യേക്കോണിൽ പുരയിടത്തിൽ നിന്നും ഉള്ളിലേയ്ക്കുള്ള പൊതുവഴി നിർമ്മിക്കുക.

49) പൊങ്ങതോട്ടരുകിൽ കാട്ടേഴത്ത് പുരയിടത്തിൽ നിന്നും അകത്തേയ്ക്കുള്ള നടപ്പാത നിർമ്മിക്കുക.

50) പൊങ്ങ തോട്ടരുകിൽ നിന്നും നെല്ലനത്തറ പുരയിടത്തിലേയ്ക്കുള്ള നടപ്പാത നിർമ്മിക്കുക.

51) എ.സി. റോഡിൽ നിന്നും വാഴയിൽ മാധവൻെറ വീട് വരെയുള്ള വഴി നിർമ്മിക്കുക.

52) പാക്കേരി ലക്ഷം വീട് കോളനിയിലേയ്ക്ക് പടിഞ്ഞാറേ ആറ്റുതീരത്തുനിന്നും ഒരു നടപ്പാത നിർമ്മിക്കുക.

53) പൊങ്ങപാലം മുതൽ തെക്കോട്ട് തോടിന് കിഴക്കേക്കരയിൽ കൂടി IHDP കോളനിയിലേയ്ക്ക് നടപ്പാത നിർമ്മിക്കുക.

54) മണിമല മുട്ട് ജെട്ടി മുതൽ കട്ടത്തറ വരെയുള്ള നടപ്പാത നിർമ്മിക്കുക.

55) ലക്ഷംവീട് കോളനികളിലേയ്ക്കുള്ള നടപ്പാതകൾ സഞ്ചാരയോഗമാക്കുക.

56) പോരൂക്കര മുതൽ ബ്ലാങ്കൽ വരെയുള്ള ഭാഗം നടപ്പാത നിർമ്മിക്കുക.

57) വാലടിത്തറ പറമ്പ് മുതൽ പഞ്ചായത്ത് വഴി വരെ നടപ്പാത നിർമ്മിക്കുക.

58) കൊച്ചുപള്ളിയിൽ നിന്നും പടിഞ്ഞാറോട്ട് 77ൽ ച്ചിറ വരെ നടപ്പാത നിർമ്മിക്കുക.

59) കൃഷ്ണപുരം കോളനിയിൽ ഉള്ള പഞ്ചായത്ത് കടവിൽ നിന്നും വടക്കോട്ട് നടപ്പാത നിർമ്മിക്കുക.

60) ചിറ്റടി കോളനി മുതൽ കോക്കോത്ത് വരെയുള്ള നടപ്പാത നിർമ്മിക്കുക.

## സ്ലയീസ് കം കൾവർട്ട്.

1) അഞ്ചങ്ങാടി തോട്ടിൽ വാഹനഗതാഗതയോഗ്യമായ സ്ലൂയീസ് കം കൾവർട്ട് നിർമ്മിക്കുക.

2) കായലിൽ പറമ്പ് ഭാഗത്ത് നിർമ്മിക്കുക.

3) മുഞ്ഞാട്ട് പറമ്പ് ഭാഗത്ത് നിർമ്മിക്കുക.

4) ആശാരിപ്പറമ്പിൽ മുട്ട് തോട്ടിൽ.

5) കന്ന്യേക്കോണിൽ ഭാഗത്ത്

6) പര്യാത്ത് മുട്ടുതോടിൽ കൾവർട്ട് നിർമ്മിക്കുക.

7) തോപ്പുറം ഭാഗത്ത്നിർമ്മിക്കുക

8) കറുത്ത വീട് ഭാഗത്ത്

9) പാലത്തിങ്കൽ ഭാഗത്ത്

10) വൈപ്പിൻ ഭാഗത്ത്.

11) മഠത്തിക്കളം ഭാഗത്ത്.

12) ചെമ്പുംപുറം P.H. സെൻറർ - A.C. റോഡും, മാത്തൂർ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിൽ ആവശ്യമായ സ്ലൂയീസ് കം കൺവർട്ട് നിർമ്മിക്കുക.

13) കാപ്പുമുട്ടു തോട്ടിൽ.

14) പുളിക്കൽ നിന്നും കിഴക്കോട്ട് (കൊട്ടാരം റോഡിനെ ബന്ധപ്പെടുത്തി.

15) കോച്ചേരി മുതൽ പടിഞ്ഞാറോട്ട് വൈശ്യം ഭാഗത്ത് എത്തുന്ന റോഡിൽ മൂന്നുകളം ഭാഗത്ത് സ്ലൂയിസ് കം കൾവർട്ട് നിർമ്മിക്കുക.

16) വൈശ്യംഭാഗം - മഞ്ഞപ്ര റോഡിൽ നിന്നും ആരംഭിച്ച് പറമ്പാക്കൽ, സഹൃദയ വായനശാല വഴി മൂന്നുകളത്തിൽ എത്തിച്ചേരുന്ന റോഡിൽ സഹൃദയ വായനാശാലയ്ക്ക് പടി

ഞ്ഞാറുവശം സ്ലൂയിസ് കം കൾവർട്ട് നിർമ്മിക്കുക.

17) കോച്ചേരി മുതൽ പടിഞ്ഞാറോട്ട് വൈശ്യം ഭാഗം St. Antony's പള്ളിക്ക് സമീപം എത്തിച്ചേരുന്ന റോഡിൽ സാംസ്ക്കാരിക നിലയത്തിന് സമീപവും, ചന്ദ്രമംഗലം രാമചന്ദ്രൻ വക വീടിന് സമീപവും പാലങ്ങൾ നിർമ്മിക്കുക.

18) വൈശ്യംഭാഗം – എടത്വാ റോഡിൽ.

1) കിഴക്കേത്തലയ്ക്കൽ തോട്ടിൽ.

2) ആയിരത്തമ്പതിന്റെ കിഴക്കേത്തോട്ടിൽ.

3) ഐവേലിക്കാട് പാടശേഖരത്തിന് കിഴക്കേ തോട്ടിൽ. (ട്രാക്ടർ ബ്രിഡ്ജ്).

4) പോളേപ്പാടത്തിന്റെ കിഴക്ക് തോട്ടിൽ.

5) എരവേലിപ്പാടം, കിഴക്ക് തോട്ടിൽ.

6) കറുകേ പാടം, കിഴക്ക് തോട്ടിൽ.

## നടപ്പാലങ്ങൾ.

1) ചെമ്പിൽക്കളം – തുണ്ടുപറമ്പ് വഴിയിലെ നടപ്പാലം നിർമ്മിക്കുക.

2) കല്ലൂത്ര നടപ്പാലം നിർമ്മിക്കുക.

3) കാപ്പിൽ മുട്ട് നടപ്പാലം നിർമ്മിക്കുക.

4) വലിയ പറമ്പ് പാലം നിർമ്മിക്കുക.

5) പി.എച്ച്. സെൻററിന് മുൻവശം കിഴക്കേക്കരയിലേയ്ക്ക് നടപ്പാലം നിർമ്മിക്കുക.

6) 28ൽ ചിറയിൽ നിന്നും തെക്കോട്ട് നടപ്പാലം നിർമ്മിക്കുക.

7) പുളിക്കൽക്കാവ് വടക്കേക്കരയിൽ നിന്നും കിഴക്കേക്കരയിലേയ്ക്ക് (യു.പി. സ്കൂളിലേയ്ക്ക്) നടപ്പാലം നിർമ്മിക്കുക.

8) ഗോകുലം പാലം നിർമ്മിക്കുക.

9) നടുവിലേപ്പറമ്പ് പാലം നിർമ്മിക്കുക.

10) തൈച്ചേരി തോടിന്റെ പടിഞ്ഞാറെ അറ്റത്ത് പാലം നിർമ്മിക്കുക.

11) 130ൽ ചിറയ്ക്കു സമീപം പാലം നിർമ്മിക്കുക. (പടിഞ്ഞാറെ അറ്റം).

12) പുളിക്കൽക്കാവ് തോട്ടിൽ നൂറുപറച്ചിറയിൽ നിന്നും തെക്കോട്ട് നടപ്പാലം.

13) പുളിക്കൽക്കാവ് തോട്ടിൽ 8ൽച്ചിറയിൽ നിന്നും തെക്കോട്ട് നടപ്പാലം.

14) കളരിക്കൽ ക്ഷേത്രത്തിന് മുൻവശം തോട്ടിൽ പാലം നിർമ്മിക്കുക.

15) ചെമ്പകശ്ശേരി പള്ളിക്ക് മുൻവശമുള്ള തോട്ടിൽ നടപ്പാലം നിർമ്മിക്കുക.

16) പയ്യനാട് പാലം നിർമ്മിക്കുക.

17) 46ൽ ചിറയിൽ നിന്നും കുരീക്കാട് പാടശേഖരത്തിലേയ്ക്ക് ഒരു നടപ്പാലം നിർമ്മിക്കുക.

18) വൈശ്യംഭാഗം ഹോളിക്രോസ് പള്ളിവക കുരിശടിക്ക് സമീപത്തുനിന്നും വടക്കും, പടിഞ്ഞാറും കരകളെ ബന്ധിപ്പിക്കുന്ന നടപ്പാലം നിർമ്മിക്കുക.

19) കണിത്ര നടപ്പാലം പണി പൂർത്തീകരിക്കുക.

20) 350ൽ തോട്ടിലെ പാലങ്ങളുടെ പണി പൂർത്തീകരിക്കുക.

21) ചക്കാലച്ചിറപാലവും, പിച്ചനാട്ട് പാലവും ചവിട്ടുപടികൾക്ക് ഉയരം കൂടിയതിനാൽ പ്രായമെന്നവർക്കും, കുട്ടികൾക്കും അസൗകര്യം. ഇത് പരിഹരിക്കണം.

22) മാങ്ങായിൽ നിലവിലുള്ള പാലം ജലഗതാഗതത്തിന് തടസ്സമായതിനാൽ ഉയരം കൂട്ടി നിർമ്മിക്കുക.

23) പിച്ചനാട്ട് പാലം പുതുക്കിപ്പണിയണം.

24) മഠത്തിൽ തോട്ടിൽ എട്ടിൽച്ചിറ പാലം.

25) മണപ്ര വടക്ക് പാടശേഖരത്തിന്റെ മോട്ടോർ തറയ്ക്ക് മുൻവശം

26) കുന്നത്തുശ്ശേരി

27) തോട്ടുകടവ്.

28) രാമമംഗലം

29) 36ൽ ചിറ എന്നിവങ്ങളിൽ നടപ്പാലം നിർമ്മിക്കുക.

## ജലഗതാഗതം

1) കുന്നത്തുശ്ശേരി മുതൽ തെക്കോട്ട് സാംസ്ക്കാരിക നിലയം വരെയുള്ള തോടിന്റെ വശങ്ങളിലുള്ള മരങ്ങൾ വെട്ടിതെളിച്ചും ആഴം കൂട്ടിയും സഞ്ചാരയോഗ്യമാക്കുക.

2) മാവേലി മുതൽ തെക്കോട്ട് ചാവേലി വരെയുള്ള തോട് വശങ്ങൾ തെളിച്ചും ആഴം കൂട്ടിയും വശങ്ങൾ തെളിച്ചും ആഴം കൂട്ടിയും സഞ്ചാരയോഗ്യമാക്കുക.

3) മാവേലി മുതൽ പടിഞ്ഞാട്ട് പൂക്കൈത ആറുവരെയുള്ള

തോടിന്റെ ഇരുകരകളും വെട്ടി തെളിച്ച് ആഴം കൂട്ടി സഞ്ചാരയോഗ്യമാക്കുക.

4) കാപ്പുമുട്ട് തോട് ഇരുവശവും തെളിച്ച് ആഴം കൂട്ടിയും സഞ്ചാരയോഗ്യമാക്കുകയും വടക്കോട്ട് വല്യകളം വരെ വെട്ടി തുറക്കുകയും ചെയ്യുക.

5) കുന്നത്തുശ്ശേരി മുതൽ പടിഞ്ഞാട്ടുള്ള തോടിന്റെ ഇരുവശങ്ങളും തെളിച്ചും ആഴം കൂട്ടിയും സഞ്ചാരയോഗ്യമാക്കുക.

6) 130 ന്റെ മുട്ടുതോട് തെളിച്ച് ആഴം കൂട്ടുക.

7) 600 ന്റെ മുട്ടുതോട് തെളിച്ച് ആഴം കൂട്ടുക.

8) പമ്പാനദിയിൽ നിന്നും മാർത്തോമാ പള്ളിഭാഗത്തേയ്ക്കുള്ള തോട്ടിൽ വളർന്ന് നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റുകയും, ആഴം കൂട്ടുകയും ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

9) തായ്പള്ളി തോട്ട് മുട്ടിൽ നിന്നും കിഴക്കോട്ടുള്ള തോട്ടിലെ പായൽ നീക്കം ചെയ്ത് ഗതാഗതയോഗ്യമാക്കുക.

10) മണിമല മുട്ട് ഭാഗത്ത് നിർമ്മിച്ചിരിക്കുന്ന മുട്ട് നീക്കം ചെയ്ത് ഗതാഗതം സുഗമമാക്കുക.

11) തോട്ടിലേയ്ക്ക് ഈട് നികത്തിയെടുക്കൽ നിരോധിച്ച് ജലഗതാഗതം സുഗമമാക്കുക.

12) തോട്ടുവായ്ത്തല വലിയ കളത്തിൽ നിന്നും മാത്തൂർ പാടശേഖരത്തിന്റെ മദ്ധ്യത്തിൽ കൂടി നിലവിലുള്ള തോടിന് വീതിയും ആഴവും കൂട്ടി നിർമ്മിക്കുക.

13) വാർഡിലുള്ള എല്ലാ തോടുകളും, ആഴം കൂട്ടി ജലഗതാഗതം സുഗമമാക്കി തീർക്കുക. ഇരുകരകളിൽ നിന്നും തോട്ടിലേയ്ക്ക് വളർന്നു കിടക്കുന്ന വൃക്ഷങ്ങൾ നീക്കം ചെയ്യണം.

14) 7-ാം വാർഡിലെ കണ്ടങ്കളത്തിൽ പാലം ഉയർത്തി പണിത് ജലഗതാഗതം സുഗമമാക്കുക.

15) തോടുകളുടെ ആഴം കൂട്ടി പായൽ നീക്കം ചെയ്ത് ജലഗതാഗതം സുഗമമാക്കുക.

16) വൈശ്യം ഭാഗത്തുള്ള തോടുകൾ മുഴുവൻ ആഴം കൂട്ടി കടകലും പായലും നീക്കം ചെയ്ത് ജലഗതാഗതം സുഗമമാക്കുക.

17) ഒമ്പതാം വാർഡിൽ എല്ലാ തോടുകളും ആഴം കൂട്ടി പായൽ നീക്കം ചെയ്ത് ജലഗതാഗതം സുഗമമാക്കുക.

18) മണപ്ര വാർഡിലുള്ള എല്ലാ തോടുകളും ആഴം കൂട്ടി പായൽ നീക്കം ചെയ്ത് ജലഗതാഗതം സുഗമമാക്കുക.

19) തോട് തീരങ്ങൾ കരിങ്കൽ ഭിത്തികെട്ടി ഗതാഗതം സുഗമമാക്കുക.

20) 4-ാം വാർഡിലുള്ള എല്ലാ തോടുകളും ആഴം കൂട്ടി പായൽ നീക്കം ചെയ്ത് ജലഗതാഗതം സുഗമമാക്കുക.

## ഊർജ്ജം

1) തെരുവ് വിളക്കുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ പഞ്ചായത്ത് ശ്രദ്ധിക്കണം.

2) അഞ്ചങ്ങാടി ഭാഗത്ത് മുപ്പതോളം വീടുകൾ വൈദ്യുതീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

3) പവർകട്ട് തുടരുന്ന കാലത്തോളം മണ്ണെണ്ണ കൂടുതൽ നൽകണം.

4) കുട്ടുമ്മ മുതൽ പള്ളിവരെയുള്ള ഭാഗത്ത് വൈദ്യുതി ലൈൻ അപകടനിലയിൽ താഴ്ന്ന് കിടക്കുന്നു. ഇത് ഉയർത്തണം.

5) പൊതുവഴികളിലൂടെ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകളിലും പുതുതായി ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

6) A.C. റോഡിൽ നെടുമുടി ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് പണ്ടാരക്കളം കായൽ ജംഗ്ഷൻ വരെ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

7) നെടുമുടി റോഡുമുക്കിൽ രതിഭവനിൽ നാരായണൻ വക സ്ഥലത്ത് അപകടകരമായി സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോർമർ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുക.

8) തായ്പള്ളിക്ക് പുറംപോക്ക് തോട്ടുമുട്ടിൽ കരയിൽ ഉള്ള ട്രാൻസ്ഫോർമറിൽ നിന്നും പടിഞ്ഞാറോട്ട് വലിച്ചിരിക്കുന്ന ലൈൻ അടിയന്തിരമായി ഉയർത്തി അപകടം ഒഴിവാക്കണം.

9) വഴിയരികിൽ ഇടച്ചേരി മോട്ടോർ തറയ്ക്ക് സ്ഥാപിച്ചിട്ടുള്ള ഫോർമർ സ്റ്റേഷൻ പുതുക്കി പണിത് അപകടം ഒഴിവാക്കണമ.

10) രണ്ടാം വാർഡിൽ ജീർണ്ണിച്ചു നിൽക്കുന്ന എല്ലാ പോസ്റ്റുകളും അടിയന്തിരമായി നീക്കം ചെയ്ത് പുതിയവ സ്ഥാപിക്കണം.

11) എഗ്രിമെൻറ് വച്ചിട്ടുള്ള മുഴുവൻ അപേക്ഷകർക്കും അടിയന്തിരമായി കണക്ഷൻ എത്തിക്കണം പുതിയവ സ്ഥാപിക്കണം.

12) ഇലക്ട്രിസിറ്റി കണക്ഷന് നിലനിൽക്കുന്ന കൺസെൻറ് സമ്പ്രദായം ഒഴിവാക്കി ഗുണഭോക്താക്കളെ സഹായിക്കണം.

13) പഞ്ചായത്ത് മുഖേന വീടുകൾ വർഷങ്ങൾക്ക് മുമ്പ് വയറിംഗ് ലഭിച്ചിട്ടും വൈദ്യുതി ലഭിച്ചിട്ടില്ല. ഉടനെ നടപടി ഉണ്ടാകണം.

14) വോൾട്ടേജ് ക്ഷാമം അതീവ രൂക്ഷം. പാറശ്ശേരിയിൽ ഒരു വർഷമായി സ്ഥാപിച്ച ട്രാൻസ്ഫോർമറിൽ നിന്ന് ഇതുവരെ കണക്ഷൻ കൊടുത്തിട്ടില്ല.

15) സ്ട്രീറ്റ്ലൈറ്റുകൾ കുറവാണ്. ഉള്ളവ കത്തിക്കുവാൻ നടപടിയുണ്ടാവണം.

16) മണ്ണെണ്ണയും, ഗ്യാസും ലഭിക്കുന്നില്ല.

17) നിലവിലുള്ളതും, പുതുതായി സ്ഥാപിക്കുന്നതുമായ ഇലക്ട്രിക് ലൈനുകൾ പൊതുവഴികളിലൂടെ സ്ഥാപിച്ചും അവയിൽ തെരുവ് വിളക്കുകൾ ഏർപ്പെടുത്തുക.

18) പാചകവാതക ഏജൻസി നെടുമുടിയിൽ അനുവദിക്കണം.

19) ലക്ഷംവീട് കോളനികളിൽ അടിയന്തിരമായി വൈദ്യുതീകരണം നടത്തി ഇരുട്ടിൽ നിന്നും വെളിച്ചത്തിലേയ്ക്ക് നയിക്കണം.

20) റോഡുകളിലും, പ്രധാനവഴികളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

21) എ.സി. റോഡ് - പി.എച്ച്.സി. റോഡിന് സമീപത്തുകൂടി ലൈൻ വലിക്കുക.

22) നിലവിലുള്ള തെരുവ് വിളക്കുകൾ പ്രവർത്തനരഹിതമാണ്.

23) പുളിക്കൽ കാവ് ക്ഷേത്രത്തിന് സമീപത്തുകൂടി പടിഞ്ഞാറോട്ട് പുതിയ ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കണം.

24) ചെമ്പും പുറം സാംസ്ക്കാരിക നിലയം മുതൽ പടിഞ്ഞാറോട്ട് സി.എം.എസ്. പള്ളി വരെ ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

25) പുളിക്കൽ കാവു മുതൽ കിഴക്കോട്ട് ചാവേലി വരെ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

26) പുളിക്കൽ കാവ് മുതൽ 130 ചിറവരെ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

27) ചന്ദ്രത്തിൽ നിന്നും തെക്കോട്ട് ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

28) പുളിക്കൽകാവിന് സമീപം ഒരു ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

29) ചെമ്പുംപുറത്ത് പഞ്ചായത്ത് ജെട്ടിയിൽ നിന്നും വടക്കോട്ട് മുല്ലശ്ശേരിവരെ LT ലൈൻ വലിക്കുക.

30) വൈദ്യുതി എത്താത്ത എല്ലാ മേഖലകളിലും ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

31) പൊതുവഴികളുടെ മദ്ധ്യത്തിലൂടെ കടന്നുപോകുന്ന ഇലക്ട്രിക് പോസ്റ്റുകൾ അരികിലേയ്ക്ക് മാറ്റി സ്ഥാപിക്കുക.

32) വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

33) കണക്ഷൻ ലഭിക്കുന്നതിന് നിലവിലുള്ള കൺസെൻറ് സമ്പ്രദായം അവസാനിപ്പിക്കുക.

34) കോച്ചേരി മുതൽ പടിഞ്ഞാറോട്ട് കാക്കാത്തിമുട്ട് വളഞ്ഞ പാലം വരെയും, വടക്കോട്ട് ചെന്നാരി മുട്ട് വരെയും. പരുത്തിക്കളം പാലം മുതൽ പടിഞ്ഞാറോട്ട് ചേലേക്കാട് വരെയും മാവേലിവരെയും വഴിവിളക്കുകൾ സ്ഥാപിക്കുക.

35) കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതിയുടെ ഭരണകാലത്ത് നടത്തിയ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുക. കടന്നങ്ങാട്ടു പാടശ്ശേഖരത്തിൻെറ മദ്ധ്യത്തിൽ താമസിക്കുന്നവർക്ക് ലൈൻവലിച്ചു വൈദ്യുതി എത്തിക്കുക

36) തുമ്പൂരം പാടശേഖരത്തിൻെറ ഉള്ളിൽ താമസിക്കുന്ന വീടുകളെ ബന്ധിപ്പിക്കുന്ന തരത്തിൽ ഇലക്ട്രിക് ലൈൻ സ്ഥാപിക്കുക. എലൈൻ പറമ്പിൽ, ചിറ്റടി കോളനി, ഒറ്റത്തറ എന്നിവിടങ്ങളിൽ പുതിയ ലൈൻ വലിക്കുക.

37) പാചകവാതകം ലഭ്യമല്ല.

38) വോൾട്ടേജ് ക്ഷാമം രൂക്ഷം, തെരുവ് വിളക്കുകൾ 80% പ്രവർത്തനരഹിതം.

39) സെൻറ് മേരീസ് ഹൈസ്കൂളിൻെറ വടക്കുവശമുള്ള പഞ്ചായത്ത് വഴിയിലും ടി സ്കൂളിൻെറ പടിഞ്ഞാറുവശമുള്ള റോഡിലും, പുൽപ്പത്ര മുതൽ തൂമ്പൂരം വരെ വടക്കേവഴിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

40) മഞ്ഞാട്ട് പുരയിടം മുതൽ വാഴപ്പറമ്പ് വരെയുള്ള വഴിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. നെടുമുടി - കരുവാറ്റ

റോഡിൻേറയും, പൊറ്റയ്ക്കാട് പുരയിടം വരെ വഴി വിളക്കുകൾ സ്ഥാപിക്കുക.

41) കഴിഞ്ഞ പഞ്ചായത്തിൻെറ തീരുമാനപ്രകാരം വയറിംഗ് നടത്തി കണക്ഷന് കാത്തിരിക്കുന്ന മുഴുവൻ വീട്ടുകാർക്കും അടിയന്തിരമായ വൈദ്യുതി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കണം.

42) 350ൽ പാടശേഖരത്തിൻെറ പടിഞ്ഞാറുവശമുള്ള കടത്തുകടവ് മുതൽ പുന്നത്താഴ വരെ വൈദ്യുതി ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

43) 350ൽ ട്രാൻസ്ഫോർമറിൻെറ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷം. പരിഹാരം നിലവിലുള്ള കണക്ഷനുകൾ ഏകീകരിക്കുക.

44) വൈദ്യുതീകരിക്കാത്ത വീടുകൾ നിരവധി. കാരണം സമീപ പ്രദേശത്തുകൂടി ഇലക്ട്രിക് ലൈൻ ഇല്ല. ആയതിനാൽ മുഴുവൻ പ്രദേശങ്ങളിലും പുതുതായി ലൈനുകൾ വലിക്കുകയും, ജനോപകാരപ്രദമായ രീതിയിൽ നിലവിലുള്ള ലൈനുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യണം.

45) തെരുവ് വിളക്കുകൾ കുറവ് - ഉള്ളവ പ്രവർത്തനരഹിതം.

46) വൈശ്യംഭാഗം കടത്തുകടവ് മുതൽ കിഴക്കോട്ട് മാതിരപ്പള്ളിവരെ റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

47) വൈശ്യംഭാഗം എൽ.പി. സ്കൂൾ മുതൽ 350ൽ കടത്തുകടവ് വരെ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

48) പുല്ലാശ്ശേരി മഠം മുതൽ പടിഞ്ഞാറോട്ട് സാംസ്ക്കാരിക നിലയം വരെ Street Light സ്ഥാപിക്കുക.

49) തെക്കുംതറ പാലം മുതൽ വാഴ്പ്പറമ്പ് കടത്തുകടവ് വരെ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

50) നെടുമുടി പഞ്ചായത്തിൽ പാചകവാതക ഏജൻസി ആരംഭിക്കുവാൻ നടപടിയെടുക്കുക.

51) പുന്നശ്ശേരി പറമ്പിൽ 2 വീട്ടുകാർക്ക് കൺസെൻറ് കിട്ടാത്തതിൻെറ പേരിൽ വൈദ്യുതീകരിക്കുവാൻ സാധിച്ചിട്ടില്ല. പരിഹാരം ഉണ്ടാക്കണം.

52) നടുവത്ര കോളനിയിലേയ്ക്ക് വൈദ്യുതി എത്തിക്കണം.

53) ചേന്നാട്ട് വീടിൻെറ പടിഞ്ഞാറുവശത്ത് കൊച്ചുപ്പുരപ്പറമ്പിൽ ഒരു പോസ്റ്റിട്ട് വൈദ്യുതി എത്തിക്കണം.

54) കല്ലമ്പള്ളി ക്ഷേത്രത്തിന് സമീപം രണ്ടുവർഷമായി വയറിംഗ് നടത്തിയിട്ടും ശ്രീഭവനം വീട്ടിലേയ്ക്ക് അടുത്ത ആൾ കൺസെൻറ് നൽകാത്തതിനാൽ വൈദ്യുതി എത്തിയിട്ടില്ല.

55) പെനഞ്ഞ വള്ളിപുരയിടത്തിലെ ആറ് വീട്ടുകാർ നാലു വർഷമായി വയറിംഗ് നടത്തിയിട്ടും കണക്ഷൻ കിട്ടിയിട്ടില്ല.

56) ആറിൽ പുരയിടത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുക.

57) മുണ്ടകത്തിൽ പുരയിടം വഴി പടിഞ്ഞാറോട്ട് മൂന്നുവീട്ടുകാർക്ക് വൈദ്യുതി എത്തിച്ച് നൽകണം.

58) നാലു വർഷം മുമ്പ് പഞ്ചായത്ത് നിർദ്ദേശപ്രകാരം വയറിംഗ് നടത്തിയവർക്ക് കൺസെൻറ് കൊടുക്കാത്തതിനാലും മറ്റുതടസ്സങ്ങളാലും കണക്ഷൻ കിട്ടാത്ത വീട്ടുകാർക്ക് അടിയന്തിരമായി വൈദ്യുതി എത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. കൺസെൻറ് വ്യവസ്ഥ അശാസ്ത്രീയമായതിനാൽ ഇത് ഒഴിവാക്കിയാൽ കുറെ തടസ്സങ്ങൾ മാറിക്കിട്ടും.

59) പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്നും വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകണം.

60) കല്ലമ്പള്ളി ക്ഷേത്രത്തിന് സമീപം വടക്കേച്ചിറയിൽ കരിക്കാട്, കരീപ്പാടത്ത് ഊരാമ പാലത്തിൻെറ ചുവട്ടിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക. വൈദ്യുതി ലൈനുകൾ പലതും അപകടമുണ്ടാക്കുന്ന രീതിയിൽ താഴ്ന്ന് കിടക്കുന്നു. പല സ്ഥലങ്ങളിലും Touching മൂലവും, കറണ്ട് എർത്ത് ആയും നഷ്ടപ്പെടുന്നു. അധികാരികളെ അറിയിച്ച് വേണ്ട നടപടികൾ സ്വീകരിക്കണം.

61) വൈദ്യുതി എത്താത്ത വീടുകളും, ഉള്ളവയിൽ പൂർണ്ണമായ വോൾട്ടേജ് ക്ഷാമം. നിലവിലുള്ള ലൈനുകളുടെ പുനർക്രമീകരണത്തിലൂടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കഴിയും. നിലവിലുള്ള ലൈനുകൾ ഗ്രാമീണറോഡുകൾക്ക് സമാന്തരമായി ക്രമീകരിച്ചാൽ വൃക്ഷലതാതികളിലൂടെ ഉണ്ടാകുന്ന വൈദ്യുതി നഷ്ടം പരിഹരിക്കുവാനും, കൂടുതൽ മേഖലകളെ ബന്ധിപ്പിക്കാനും സാധിക്കും.

62) വേലം കളം കടത്തുകടവിന് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും വൈദ്യുതി വിതരണം ചിട്ടയോടെ ക്രമീകരിക്കുകയും വേണം.

63) നിലവിലുള്ള തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണം.

64) വൈശ്യംഭാഗം കടത്തുകടവ് മുതൽ കോണുമുപ്പതുവരെ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

65) പഴയകരി പാടശേഖരത്തിൻെറ ചുറ്റളവിൽ താമസിക്കുന്നവർക്ക് ലൈൻ വലിച്ച് വൈദ്യുതി ലഭ്യമാക്കുക.

66). എ.സി റോഡുമുതൽ തോട്ടയ്ക്കാടുവരെയുള്ള റോഡിൽലൈൻ വലിച്ചു വഴിവിളക്കുകൾ സ്ഥാപിക്കുക.

67) പുകയില്ലാത്തതും, വിറക് ലാഭമുള്ളതുമായ അടുപ്പുകൾ അപൂർവ്വം ചില വീടുകളിൽ ഉണ്ട്. ഇത് സബ്സിഡി നിരക്കിൽ എല്ലാ കുടുംബങ്ങൾക്കും നൽകണം.

68) ട്രാൻസ്ഫോമറിൽ നിന്നുള്ള വൈദ്യുതി വിതരണം വർക്ക് ലോഡിൻെറ അടിസ്ഥാനത്തിൽ ക്രമീകരിക്കുക.

69) ആയിക്കുന്നം മുതൽ മാടവനവരെയുള്ള വഴി സഞ്ചാരയോഗ്യമാക്കുക.

## നടവഴികൾ

70) അഞ്ചു കുടുംബങ്ങൾ താമസമുള്ള 'നടുവത്ര' കോളനിയിൽ നിന്നും പ്രധാനവഴിയിലേയ്ക്ക് കയറുന്നതിന് ആവശ്യമായ വഴി നിർമ്മിക്കുക.

71) പുത്തൻപറമ്പ് വീട്ടിൽ നിന്നും J.R.Y റോഡിലേയ്ക്ക് ഒരു ബണ്ട് നിർമ്മിച്ച് യാത്രാക്ലേശം പരിഹരിക്കുക. (പ്രസ്തുത പ്രദേശത്ത് ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്നു)

72) കരീപ്പാടത്ത് പുല്ലന്തറ ശ്രീധരൻെറ വീട്ടിൽ നിന്നും കിഴക്കേച്ചിറയിലേയ്ക്ക് ഒരു വഴി ഉണ്ടാക്കുകയും തൊട്ടടുത്ത മറ്റ് പുരയിടങ്ങളിലേയ്ക്ക് വഴികൾ നിർമ്മിക്കുക (ഇവിടെ അഞ്ച് ഹരിജൻ കുടുംബങ്ങൾ ഉണ്ട്).

73) കടുക്കാത്ര വീടു മുതൽ കിഴക്കോട്ട് വെളുത്തേടത്തുപറമ്പും പെനഞ്ഞം വള്ളിയിൽ തമ്മിൽ ബന്ധിപ്പിക്കത്തക്ക ഒരു വഴി തെളിച്ച് കിട്ടണം.

74) നടുഭാഗം ഗവ: ആയുർവ്വേദ ആശുപത്രി മുതൽ കണിയാംപറമ്പ് വഴി B.K.M. പ്രസ്സ് വരെയുള്ള വഴി സഞ്ചാരയോഗ്യമാക്കുക.

75) ഓണാട് ലക്ഷം വീട് കോളനി മുതൽ തെക്കോട്ട് ചക്കാലച്ചിറ പാലം വരെയുള്ള വഴി വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുക.

76) പുത്തൻതറ മുതൽ അഞ്ചുമൂല വരെ നടപ്പാത നിർമ്മിക്കുക.

77) നാവള്ളി മുതൽ മാളിയയ്ക്കൽ വരെ നടപ്പാത നിർമ്മിക്കുക.

78) ഇളയച്ചംകളം മുതൽ പുത്തൻപുര വരെ നടപ്പാത നിർമ്മിക്കുക.

79) ആശാരിപറമ്പ് മുതൽ ചാവേറ്റുകളം വരെ നടപ്പാത നിർമ്മിക്കുക.

80) മൊദയക്കരി - വെളുത്തേടം വരെ നടപ്പാത.

81) ചൗവ്വത്ത് പാലം മുതൽ കിഴക്കേക്കരയിൽ കൂടി തെക്കോട്ട് 200 മീറ്റർ നടപ്പാത നിർമ്മിക്കുക.

82) ആയുർവ്വേദ ആശുപത്രിമുതൽ തെക്കോട്ട് പൂക്കൈത ആറ്റുതീരം വരെ നടപ്പാത വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.

83) പയ്യനാട്ടു തോട്ടിൽ കിഴക്കേ കരയിൽക്കൂടി പൂക്കൈത ആറ്റുതീരം വരെ വഴിവീതിക്കൂട്ടി സഞ്ചാരയോഗ്യമാക്കുക.

84) കൊണ്ടാക്കൽ തോട്ടിൽ 90 ൻ ചിറയിൽ നിന്നും വടക്കോട്ട് കൊണ്ടാക്കൽ പള്ളിവരെയുള്ള വഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.

85) പഞ്ചായത്തതിർത്തിയിലുള്ള പാടശേഖരങ്ങൾക്കു നടുവിൽ താമസിക്കുന്ന കുടുംബങ്ങളെ കരയുമായി ബന്ധപ്പെടുത്തുന്ന നടവഴികൾ നിർമ്മിക്കുക.

## പ്രധാനപാലങ്ങൾ. (റോഡുമായിട്ട് ബന്ധപ്പെട്ടിട്ടുള്ളവ)

1) ചാവറ റോഡും, എ.സി. റോഡും തമ്മിൽ ബന്ധിപ്പിക്കുന്നതിന് മൂന്നാറ്റും മുഖത്ത് ആറിന് കുറുടെ പാലം നിർമ്മിക്കുക.

2) നെടുമുടി – കരുവാറ്റ റോഡിലെ മണിമല മുട്ട് പാലം നിർമ്മിക്കുക.

3) നർബോനപുരം പള്ളിക്ക് സമീപമുള്ള പാലം പുതുക്കിപ്പണിയുക.

4) എ.സി. റോഡ് – ചെമ്പുംപുറം പി.എച്ച്. സെൻറർ വഴി വൈശ്യംഭാഗം റോഡിൽ പുളിക്കൽക്കാവ് ക്ഷേത്രത്തിന് സമീപം സെൻറ് ആൻറണിസ് പീള്ളിയ്ക്ക് സമീപവും തോട്ടിൽ പാലം നിർമ്മിക്കുക.

5) എ.സി. റോഡ് – തോട്ടയ്ക്കാട് വഴി വൈശ്യംഭാഗം റോ

ഡിൽ പുതുവന ഭാഗത്ത് പാലം നിർമ്മിക്കുക.

6) നെടുമുടി – കരുവാറ്റ റോഡിൽ ആവശ്യമായ പാലങ്ങൾ നിർമ്മിക്കുക. (പരുത്തിക്കളം, കൈയ്യത്ര, പാലക്കളം, കോടുവിളഞ്ഞി, ആനന്ദഭവനം).

7) വൈശ്യംഭാഗം – മണപ്ര റോഡിൽ എൽ.പി. സ്കൂൾ, തെക്കുംഠ, ചിതക്കോട് എന്നിവിടങ്ങളിൽ കലുങ്കുകൾ നിർമ്മിക്കുക.

8) വൈശ്യംഭാഗം പൂകൈത ആറ്റിൽ കഞ്ഞിപ്പാടവുമായി ബന്ധിപ്പിക്കുന്ന പാലം നിർമ്മിക്കുക.

9) പണ്ടാരക്കളം – വൈശ്യംഭാഗം റോഡിൽ ആവശ്യമായ പാലങ്ങൾ നിർമ്മിക്കുക.

10) എ.സി. റോഡ് ജ്യോതി ജംഗ്ഷൻ – വൈശ്യംഭാഗം റോഡിൽ ആവശ്യമായ പാലങ്ങൾ നിർമ്മിക്കുക. (കവലയ്ക്കൽ, വേലംപറമ്പ്).

11) വൈശ്യംഭാഗം – മണപ്ര റോഡിൽ പയ്യനാട്, കൊണ്ടാക്കൽ, കൊച്ചറയ്ക്കൽ എന്നീ ഭാഗത്ത് പാലം നിർമ്മിക്കുക.

12) മഠത്തിൽതോട്ടിൽ (പഞ്ചായത്ത് ഓഫീസിനു മുൻവശം) പാലം നിർമ്മിക്കുക.

13) കോതറ തോട്ടിൽ പാലം നിർമ്മിക്കുക.

### പഞ്ചായത്തിലെ പ്രധാനറോഡുകൾ പട്ടിക 1

| ക്രമ നമ്പർ | പേര് | കടന്നുപോകുന്ന വാർഡുകൾ | ദൂരം | സ്ഥിതി |
|---|---|---|---|---|
| 1 | ആലപ്പുഴ – ചങ്ങനാശ്ശേരി റോഡിൽ – പണ്ടാരക്കുളം മുതൽ നെടുമുടി വരെ | II, III | | ടാർ ചെയ്ത സ്റ്റേറ്റ് ഹൈവേ |
| 2 | കുമ്പപ്പുറം – നെടുമുടി – കരുവാറ്റാറോഡിന്റെ നെടുമുടി പൂപ്പിള്ളി – വില്ലേജ് ഓഫീസ് റോഡ് | III, IV | | പൂപ്പിള്ളി മുതൽ മണിമല മുട്ടുവരെ ടാർ ചെയ്തു. ബാക്കി നിർമ്മാണത്തിൽ |
| 3 | എ.സി. റോഡിൽ പണ്ടാരക്കുളം കായൽ മുതൽ – ചെമ്പും പുറം പി.എച്ച്. സെൻറർ റോഡിൽ പുളിക്കൽ വരെയുള്ള ഭാഗം | II, IV, V | 3 - 5 കി.മീ. | ഗ്രാവൽറോഡ് വളരെ മോശമായ അവസ്ഥ ഉയരം കുറവ്. |
| 4 | എ.സി. റോഡിൽ ഗുരുമന്ദിരം മുതൽ – തോട്ടക്കാട് വരെ. | II, IV, | 4 കി.മീ. | മണ്ണുവേല പൂർത്തിയായി ഗ്രാവൽ ഭാഗികമായി വിരിച്ചു – മോശമായ അവസ്ഥ. |
| 5 | പഞ്ചായത്ത് ഓഫീസു മുതൽ വൈശ്യംഭാഗം കടവുവരെ | X, IX, VIII | | ഗ്രാവൽ റോഡ് – വീതി കുറവ്, ഉയരം കുറവ് – മോശമായ അവസ്ഥ. |
| 6 | നെടുമുടി കൊട്ടാരം മുതൽ കാപ്പുമുട്ടു തോടുവരെ | III, IV | 2.25 | ഗ്രാവൽ റോഡ് വീതി കുറവ്, ഉയരം കുറവ്, പവ്വത്തു മുതൽ ഗ്രാവൽ വിരിക്കണം. |
| 7 | കോച്ചേരി മുതൽ മൂന്നു കളം വരെ | VI | 1.75 | വീതിയും ഉയരവും കുറഞ്ഞ ഗ്രാവൽ റോഡ്, മോശമായ അവസ്ഥ |
| 8 | വേലങ്കളം കടവു മുതൽ കയ്യത്തറ തോടിന് തെക്കേക്കര വരെ (പൂപ്പള്ളി – വേലങ്കളം റോഡിന്റെ ഭാഗം) | X, IX, VII, VI | | മണ്ണുവേല പൂർത്തിയായി. ഗ്രാവൽ വിരിച്ചിട്ടില്ല. വീതി, ഉയരം കുറവ്. മോശമായ അവസ്ഥ |

V.5



# വിദ്യാഭ്യാസം

കിഴക്കിൻെറ വെനീസായ ആലപ്പുഴ പട്ടണത്തിൽ നിന്നും തെക്കു കിഴക്കായി കുട്ടനാടിൻെറ അഭിമാനമായി ചരിത്രം ഉറങ്ങുന്ന പമ്പയാറിൻെറ പടിഞ്ഞാറെ തീരത്തിനും പൂക്കൈതയാറിൻെറ കിഴക്കും വടക്കും ഭാഗം കോതറതോടിന് പടിഞ്ഞാറ് ഭാഗത്തും കൈനകരി പഞ്ചായത്തിന് തെക്കു ഭാഗത്തുമായി പ്രകൃതിയാൽ അനുഗൃഹീതമായി നെടുമുടി പഞ്ചായത്ത് വിരാജിക്കുന്നു.

ഇവിടെ നാലു ഹൈസ്കൂളുകളും ആറ് യു.പി. സ്കൂളുകളും ഒമ്പത് എൽ.പി. സ്കൂളുകളുമുണ്ട്. കൂടാതെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളുകളും രണ്ട് പാരലൽ ഇംഗ്ലഷ് മീഡിയം സ്കൂളും.

മൂന്നു പാരലൽ കോളേജുകൾ, ഇരുപത്തിരണ്ട് അംഗൻവാടി എന്നിവയുമുണ്ട്. വളരെ ഉയർന്ന വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന മേഖലയാണിത്. സാക്ഷരതയിൽ 100 ശതമാനം നേട്ടം കൈവരിച്ചതാണ് ഈ പഞ്ചായത്ത്. വളരെ മുമ്പുതന്നെ പിന്നോക്ക വിഭാഗത്തിനുമാത്രമായി ഒരു സർക്കാർ വിദ്യാലയം നെടുമുടി ആറാം വാർഡിൽ ഇന്നത്തെ ചെമ്പകശേരിക്കപ്പേള നിൽക്കുന്ന സ്ഥലത്തുണ്ടായിരുന്നു.

ക്രിസ്ത്യൻ മിഷനറിമാരുടെ നിസ്തുലമായ സേവനമാണ് വിദ്യാഭ്യാസമേഖലയിൽ ഉന്നതനിലവാരത്തിന് പശ്ചാത്തലമൊരുക്കിയത്. സ്ത്രീസാക്ഷരതയിലും നെടുമുടി വളരെ മുന്നിൽ തന്നെയാണ്. ഇവിടുത്തെ സാക്ഷരതാ പ്രവർത്തനം ആലപ്പുഴ പ്രോജക്ടിലെ ഏറ്റവും മെച്ചമായതായി വിലയിരുത്തുകയും പഞ്ചായത്തിൻെറ വികസന പ്രവർത്തനത്തിനായി ജില്ലാ കളക്ടർ ഒരു ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

എസ്.എസ്.എൽ.സി.ക്കുശേഷം ഉന്നതപഠനത്തിനായി യാതൊരു സൗകര്യവും ഈ പഞ്ചായത്തിലില്ല. നല്ല നിലവാരം പുലർത്തുന്ന നാല് ഹൈസ്കൂളുകൾ ഇവിടെ ഉള്ളതിനാൽ അവയോട് ചേർന്ന് ഹയർ സെക്കണ്ടറി ക്ലാസുകൾ അനുവദിക്കണം. അതുപോലെ തന്നെ ഒരു ഹൈസ്കൂളിൽ വെക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകളും അനുവദിക്കണം. ഇപ്പോൾ ചങ്ങനാശേരി, എടത്വ, ആലപ്പുഴ, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിലാണ് വിദ്യാർത്ഥികൾ ഉന്നതപഠനത്തിനായി പോകുന്നത്. യാത്രാസൗകര്യം വളരെ കുറവായതിനാൽ കുട്ടികൾക്ക് പഠനസമയം വളരെയേറെ യാത്ര

ക്ക് വേണ്ടി നഷ്ടപ്പെടുന്നു. ആയതിനാൽ ഉന്നതനിലവാര ത്തിൽ മാർക്കുകൾ വാങ്ങാൻ കഴിയാതെ വരുന്നു.

## വിദ്യാർത്ഥികൾ/അദ്ധ്യാപകർ

| നമ്പർ | സ്കൂൾ | മാനേജ് മെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺകുട്ടി | പെൺകുട്ടി | ആകെ | പുരു. | സ്ത്രീ | ആകെ |
| 1. | ദേവമാതാ എച്ച്.എസ്. ചേന്നങ്കരി | എയിഡ്ഡ് കാത്തലിക് | 517 | 468 | 985 | | | 36 |
| 2. | എൻ.എസ്.എച്ച്.എസ്. നെടുമുടി | എയിഡഡ് എൻ.എസ്.എസ്. | 264 | 240 | 504 | | | 31 |
| 3. | സെൻറ് മേരീസ് എച്ച്.എസ്. ചമ്പക്കുളം | എയിഡഡ് കാത്തലിക് | 546 | 552 | 1098 | 9 | 37 | 46 |
| 4. | വൈശ്യംഭാഗം B.B.M. എച്ച്.എസ്. | എയിഡഡ് കാത്തലിക് | 306 | 304 | 610 | | | 27 |
| 5. | ഗവ. യു.പി.എസ്. നെടുമുടി സൗത്ത് | സർക്കാർ | 87 | 69 | 156 | | | 8 |
| 6. | സെൻറ് തോമസ് യു.പി.എസ്. ചമ്പക്കുളം | എയിഡഡ് കാത്തലിക് | 236 | 268 | 504 | 2 | 17 | 19 |
| 7. | എൻ.എസ്.എൽ.പി.എസ്. നെടുമുടി | സർക്കാർ | 67 | 62 | 129 | | | 4 |
| 8. | എൽ.പി.എസ്. നടുഭാഗം | സർക്കാർ | 29 | 29 | 58 | 1 | 2 | 3 |
| 9. | പൊങ്ങ എൽ.പി.എസ്. | സർക്കാർ | 14 | 16 | 30 | | | 4 |
| 10. | വൈശ്യംഭാഗം എൽ.പി.എസ്. | സർക്കാർ | 92 | 83 | 175 | 2 | 3 | 5 |
| 11. | ചെമ്പുംപുറം എൽ.പി.എസ്. | സർക്കാർ | 17 | 13 | 30 | | | 3 |
| 12. | സെൻറ് മേരീസ് എൽ.പി. എസ്. ചമ്പക്കുളം | എയിഡഡ് കാത്തലിക് | 133 | 128 | 261 | 2 | 4 | 6 |
| 13. | ബി.കെ.എം. ഇംഗ്ലീഷ് മീഡിയം | എയിഡഡ് കാത്തലിക് | 47 | 64 | 111 | - | 4 | 4 |

സാമ്പത്തിക സാമൂഹ്യകാര്യങ്ങളാൽ വളരെ ചെറിയ ശതമാനം വിദ്യാർത്ഥികൾ ഇടക്കുവെച്ച് പഠനം നിർത്തുന്നുണ്ട്. സർക്കാർ മേഖലയിൽ എൽ.പി. സ്കൂളുകളും ഒരു യു. പി. സ്കൂളും പ്രവർത്തിക്കുന്നു. നാമമാത്രമായി മാത്രമാണ് ചില സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികൾ ഉള്ളത്. സാമ്പത്തിക സാമൂഹ്യ പിന്നോക്കാവസ്ഥയും യാത്രാ സൗകര്യങ്ങളുടെ കുറവും അതിന് പ്രധാന കാര്യങ്ങളാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാലയങ്ങളോ ഈ പഞ്ചായത്തിലില്ല

പഞ്ചായത്തിൽ നാല് ഹൈസ്കൂളുകളാണ് ഇന്നുള്ളത്. അവയിലെ വിജയശതമാനം താഴെ കൊടുക്കുന്നു.

| | | 90-91 | 91-92 | 92-93 | 93-94 | 94-95 |
|---|---|---|---|---|---|---|
| 1. | സെൻറ് മേരീസ് എച്ച്.എസ്. ചമ്പക്കുളം | 84 | 74 | 71 | 62 | 57 |
| 2. | ബി.ബി.എം. എച്ച്.എസ്. വൈശ്യംഭാഗം | 60 | 60 | 62 | 69 | 78 |
| 3. | എൻ.എസ്. എച്ച്.എസ്. നെടുമുടി | 44 | 39 | 41 | 23 | 30 |
| 4. | ദേവമാതാ എച്ച്.എസ്. ചേന്നങ്കരി | | | | | |

## പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും

സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം തൃപ്തികരമല്ല. ലാബോറട്ടറി സൗകര്യങ്ങൾ വിദ്യാലയങ്ങളിൽ പൊതുവെ കുറവായി കാണപ്പെടുന്നു.

പി.റ്റി.എ. പ്രവർത്തനങ്ങൾ തൃപ്തികരമല്ല. മൊത്തത്തിൽ രക്ഷകർത്താക്കളുടെ സഹകരണം സജീവമല്ല എന്നു പറയുന്നതിൽ തെറ്റില്ല.

യാത്രാ സൗകര്യങ്ങളുടെ കുറവ് കുട്ടനാട്ടിൽ പൊതുവായി കാണപ്പെടുന്ന മുഖ്യപ്രശ്നമാണ്. ജലാശയങ്ങളാൽ ചുറ്റപ്പെട്ട ഈ പ്രദേശത്ത് ശരിയായ നടവഴികൾ ഇല്ലെന്ന് തന്നെ പറയാം. ഒരു റോഡ് കടന്നു പോകുന്നു എന്നുള്ളതു മാത്രമാണ് എടുത്തു പറയുവാനായി ഉള്ളത്.

സർക്കാർ സ്കൂളുകളിൽ വേണ്ടത്ര അധ്യാപകരില്ല.

കുട്ടികൾക്ക് കുടിക്കുവാൻ ശുദ്ധജലം എല്ലാ സ്കൂളുകളിലും കിട്ടുന്നില്ല.

കളിസ്ഥലങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഇല്ല എന്നുള്ളത് ഈ നാടിൻെറ മറ്റൊരു പോരായ്മയാണ്.

ചില വിദ്യാലയങ്ങളിൽ രാഷ്ട്രീയാതിപ്രസരം പഠനത്തെ ബാധിക്കുന്നുണ്ട്. പ്രീപ്രൈമറി വിദ്യാലയങ്ങളുടേയും നേഴ്സറി വിദ്യാലയങ്ങളുടെയും നിലവാരത്തകർച്ച അടിസ്ഥാന വിദ്യാഭ്യാസത്തെ ബാധിക്കുന്നുണ്ട്.

സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടക്കുന്നില്ല.

കുട്ടികളുടെ ആരോഗ്യസംരക്ഷണ കാര്യങ്ങളിൽ വിദ്യാലയങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുന്നില്ല.

തുടർ വിദ്യാഭ്യാസ സൗകര്യം ഇല്ല. സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങളും ഇല്ല.

### പരിഹാരങ്ങൾ

വിദ്യാലയങ്ങളിലെ പഠനനിലവാരം ഉയർത്തുന്നതിൽ പി.റ്റി.എ.യുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. യാത്രാ സൗകര്യങ്ങളിൽ വളരെ അധികം മെച്ചപ്പെടേണ്ടതായിട്ടുണ്ട്. കളിസ്ഥലങ്ങൾ എല്ലാ വിദ്യാലയങ്ങളിലും നിർമിച്ചെടുക്കണം. സാങ്കേതിക വിദ്യാലയങ്ങൾ ഉണ്ടാകണം. സർക്കാർ വിദ്യാലയങ്ങളിൽ വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കണം. "ആൾ പ്രെമോഷൻ" നിർത്തലാക്കണം. സ്കൂളുകളിൽ നിന്ന് രാഷ്ട്രീയം നിർമ്മാർജ്ജനം ചെയ്യേണ്ടതുണ്ട്. വിദ്യാലയങ്ങൾക്ക് നൽകുന്ന മെയിൻറനൻസ് ഗ്രാൻറ് കാര്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. കുട്ടികളുടെ ആരോഗ്യനില മെച്ചപ്പെടുത്തുവാൻ സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്യണം. അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കേണ്ടതാണ്. ഇതിനെല്ലാം ജനപങ്കാളിത്തം അഭിഭാജ്യഘടകം തന്നെ.

കുട്ടനാടിൻെറ ഹൃദയഭാഗമായ നെടുമുടി പഞ്ചായത്തിൽ ഒരു കോളേജ് സ്ഥാപിക്കണം. സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കണം.

ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി പ്രവർത്തകർ ശേഖരിച്ച വിവരങ്ങൾ ശ്രദ്ധേയങ്ങളാണ്. ഗ്രാമസഭകളിലും വിദ്യാഭ്യാസ വിഷയങ്ങളിൽ ജനങ്ങൾ കാര്യമായ ശ്രദ്ധയും താൽപര്യങ്ങളും കാട്ടുകയുണ്ടായി.

### സ്കൂൾ പി.ടി.എ.

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് അധ്യാപകരെപ്പോലെ മാതാപിതാക്കൾക്കും വലിയ പങ്കുണ്ട്. അതിന് സ്കൂൾ പി.ടി.എ. പ്രവർത്തനം എല്ലാ വിദ്യാലയങ്ങളിലും ശക്തിപ്പെടുത്തണം. വരവു ചിലവു കണക്കുകൾ വ്യക്തമായി എഴുതി സൂക്ഷികകുകയും ആഡിറ്റ് നടത്തി പൊതുജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നത് പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സഹായകമാണ്. മാതാപിതാക്കളുടെയും പി.ടി.എ. കമ്മിറ്റിയുടെയും സഹകരണം അധ്യാപകർക്ക് പ്രവർത്തനത്തിന് പ്രോൽസാഹജനകവും വിദ്യാർത്ഥികളുടെ അച്ചടക്കവും പഠനനിലവാരവും ഉയർത്തുവാൻ സഹായകരവുമാണ്.

### പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

ലൈബ്രറി, ലബോറട്ടറി, ആധുനിക പഠനോപകരണങ്ങൾ (കമ്പ്യൂട്ടർ ഉൾപ്പെടെ) ഇവയെല്ലാം അദ്ധ്യായന സാഹചര്യങ്ങളെ പരിപോഷിപ്പിക്കുന്ന വസ്തുതകൾ ആയതിനാൽ ഇവയെല്ലാം പഞ്ചായത്തിലെ വിദ്യാലയമേഖലയിൽ കഴിയുന്നിടത്തോളം പ്രാവർത്തികമാക്കേണ്ടതാണ്.

### പാഠ്യേതര പ്രവർത്തനങ്ങൾ

വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തിറങ്ങുന്ന ഒരു വ്യക്തി സമൂഹത്തിന് യോജിച്ച വ്യക്തിത്വം ഉൾക്കൊള്ളാൻ വേണ്ടി വിദ്യാഭ്യാസത്തിനോടൊത്തു കലാകായിക സാംസ്കാരിക മേഖലകളിൽ പ്രവർത്തിച്ച് സാമൂഹ്യപുരോഗതി നേടണം. ആയതിനാൽ മേൽപ്പറഞ്ഞ മൂന്നു മേഖലയിലും പരമാവധി പരിശീലനം ഓരോ വിദ്യാർത്ഥിക്കും നൽകുന്നതിന് ആവശ്യമായ കർമ്മപരിപാടികൾ ഓരോ വിദ്യാലയത്തിനോടനുബന്ധിച്ച് ആരംഭിക്കുകയും ഉള്ളത് മെച്ചപ്പെടുത്തുകയും വേണം. വള്ളംകളി പ്രോൽസാഹിപ്പിക്കാൻ ഹൈസ്കൂൾ തലത്തിൽ ബോട്ട് ക്ലബുകൾ തുടങ്ങുക.

### സമാന്തര വിദ്യാലയങ്ങൾ

രാഷ്ട്രഭാഷാപഠനത്തിന് ഹിന്ദി വിദ്യാലയങ്ങൾ, സാങ്കേതിക പഠന സ്ഥാപനങ്ങൾ, ട്യൂഷൻ ഹോമുകൾ, പാരലൽ വിദ്യാലയങ്ങൾ, കായികക്ഷമതാ വർദ്ധനയ്ക്കുള്ള പരിശീലന കേന്ദ്രങ്ങൾ, നിലത്തെഴുത്തു കളരികൾ, പ്രീ പ്രൈമറികൾ ഇവയും പരമാവധി വ്യക്തിത്വ വികസനത്തിന് ഉപയുക്തമായ രീതിയിൽ പ്രവർത്തിക്കണം.

### അനൗപചാരിക വിദ്യാഭ്യാസം

ഗാന്ധിജിയുടെ പാദസ്പർശത്താൽ ധന്യമായിട്ടുള്ള ഒരു പഞ്ചായത്താണ് നെടുമുടി എന്നു പറയുവാൻ ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ട്. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ സജീവ പങ്കാളിത്തം വഹിക്കുവാൻ ഈ ഗ്രാമത്തിലെ ഏറെ വ്യക്തികൾക്ക് കഴിഞ്ഞുവെന്ന് ചാരിതാർത്ഥം തരുന്ന കാര്യമാണ്.

### നവോത്ഥാന പ്രസ്ഥാനം

സമൂഹത്തിന്റെ സർവ്വതോന്മുഖ ഉയർച്ചയ്ക്ക് വേണ്ടി ക്രൈസ്തവ മിഷനറിമാരുടെയും മറ്റ് സാമൂഹിക പ്രസ്ഥാന പ്രവർത്തകരുടെയും ഏറെ സേവനം ഈ ഗ്രാമത്തിന് ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സാമൂഹികാന്തരീക്ഷത്തിൽ നിന്നും മാറ്റപ്പെട്ടു. മതസൗഹാർദ്ദം നിലനിർത്തിപ്പോരുന്ന ഒരു പശ്ചാത്തലമൊരുക്കുവാൻ ഈ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നും ആ പ്രക്രിയ അഭംഗുരം ഇവിടെ തുടരുകയാണ്.

### വായനശാലകൾ

"വായന മനുഷ്യനെ പൂർണനാക്കുന്നു" എന്നുള്ള ആപ്തവാക്യം ഇവിടെ സ്മരണീയമാണ്. 1914-ൽ ലിയോ

തേർട്ടീന്ത് ലൈബ്രറി ഈ ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് സ്ഥാപിക്കപ്പെട്ടു. കൂടാതെ ഈ പഞ്ചായത്തിൽ 6 വായനശാലകളും 5 ഗ്രന്ഥശാലകളും ഒരു സാംസ്കാരിക നിലയവും മെച്ചമായി പ്രവർത്തിക്കുന്നു.

## സാക്ഷരതാ പ്രസ്ഥാനം

ഈ ഗ്രാമത്തിൽ പ്രത്യേകമായ സർവേയിലുടെ 380 നിരക്ഷരരെ കണ്ടെത്തുകയും അവരെ 102 പഠനകേന്ദ്രങ്ങളിലായി എത്തിക്കുകയും ചെയ്തു. അവരെ 102 ഇൻസ്ട്രക്ടർമാർ പഠിപ്പിച്ചു. മൂല്യനിർണയപരീക്ഷകൾ ഒന്നും രണ്ടും നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സാക്ഷരത സമ്പൂർണമായി നേടുവാൻ ഈ പഞ്ചായത്തിന് കഴിഞ്ഞു. തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി 20 അക്ഷരസംഘങ്ങൾ ആരംഭിച്ചു. അതിനുശേഷം 8, 2 എന്നീ വാർഡുകളിൽ രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഒരു ഐ.ടി.ഐ. ആരംഭിക്കണം. അവിടെ മെഡിക്കൽ ലാബ് ടെക്നോളജി, റെഫ്രിജറേഷൻ, എയർ കണ്ടീഷനിങ്, റേഡിയോ, റ്റി.വി. മെക്കാനിസം, ഇലക്ട്രിക്കൽ വയർമാൻ കോഴ്സ്, പ്ലംബിങ്, ടെയിലറിങ്, ഗാർമെന്റ് മേക്കിങ് ഇവ പഠിക്കുവാൻ സൗകര്യം ലഭിക്കണം. ഹോം നഴ്സിങ് പഠിക്കുന്നതിനുള്ള സ്ഥാപനം, കമ്പ്യൂട്ടർ ട്രെയിനിങ് സെൻറർ ഇവയും തുടങ്ങേണ്ടതാണ്.

വിദ്യാഭ്യാസം ഒരു തുടർ പരിപാടിയാണ്. അത് ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്നു. പൂർണമനുഷ്യന്റെ സൃഷ്ടിക്ക് വിദ്യാഭ്യാസം അനിവാര്യമാണല്ലോ.

❐ ❐ ❐

V.6



# സംസ്കാരം

സമൂഹത്തിലെ സകലമനുഷ്യർക്കും സുരക്ഷയും ജീവിതവിജയവും ഉറപ്പുവരുത്തുന്നതിനായി സങ്കുചിതത്വം വെടിഞ്ഞ് കാലകാലങ്ങളിൽ പ്രകൃതിയിലുണ്ടാകുന്ന വ്യതിയാനങ്ങളെ ഉൾക്കൊണ്ട് മനസിനേയും പ്രവൃത്തിയേയും സാമൂഹ്യനീതിക്ക് ഉതകുംവിധം പ്രവർത്തിപ്പിക്കുമ്പോൾ മാത്രമേ മനുഷ്യൻ സംസ്കാരസമ്പന്നൻ ആകുന്നുള്ളൂ.

നമ്മുടെ പഞ്ചായത്തിൻെറ സാംസ്കാരിക പുരോഗതിയെക്കുറിച്ച് മാത്രം ചിന്തിക്കാനാവില്ല. കാരണം നമ്മുടെ സംസ്കാരത്തെ സങ്കുചിതമായി ചിത്രീകരിക്കാൻ ശ്രമിച്ചാൽ കൂടിയും പമ്പാനദീതട സംസ്കാരമെന്തെങ്കിലും പറയേണ്ടതായി വരും.

കുട്ടനാടിനെ ഉർവരതിയിലേക്ക് നയിക്കുന്ന പമ്പ, മണിമല, അച്ചൻകോവിൽ, മീനച്ചിൽ തുടങ്ങിയ നദീതടങ്ങളിൽ ജീവിതംകുറിച്ച മനുഷ്യർ നദികളെ ദേവതകളായി ആരാധിച്ചിരുന്നു. നദീതീരങ്ങളിൽ കൃഷി ഭൂമികൾ സൃഷ്ടിച്ച് കനകം വിളയിച്ച മനുഷ്യർക്ക് നദികൾ അമൃതദായിനിയും അന്നദാനസ്വരൂപിണിയും ആയിത്തീർന്നു. അവരുടെ ആളിക്കത്തിയിരുന്ന ജഢരാഗ്നിയെ ശമിപ്പിച്ച ശാന്ത്രിമന്ത്രമായിരുന്നു. നദികളെ ആരാധിച്ചവർ അപരിഷ്കൃതർ അല്ല. സംസ്കാര സമ്പന്നർ തന്നെയാണ്.

ഉൽക്കൃഷ്ടമായ ഒരു സാംസ്കാരിക പൈതൃകം സ്വായത്തമായിട്ടുള്ള ഒരു ഗ്രാമമാണ് നെടുമുടി. പമ്പാനദീതട സംസ്കാരത്തിൻെറ കണ്ണിയായി നമുക്ക് ഇതിനെ വിശേഷിപ്പിക്കാം. കലാസാംസ്കാരിക ചേതനകളുടെ കലാപരമായി പ്രശോഭിക്കുന്ന ഈ ഗ്രാമം നെൽവയലുകൾ തുളുമ്പി ഒഴുകുന്ന ഞാറ്റുപാട്ടുകൾ, ചക്രം ചവിട്ടുപാട്ടുകൾ, കൊയ്ത്തുപാട്ടുകൾ തുടങ്ങിയ ഗ്രാമീണശീലുകൾ ഗതകാലചരിത്രത്തിൻെറ രൂപലാവണ്യം വിളിച്ചോതിയിരിക്കുന്നു.

പൊങ്ങുതടികളിൽ ചങ്ങാടം കെട്ടിയിരുന്ന മനുഷ്യരിൽ നിന്നും യന്ത്രവൽകൃതബോട്ടുകൾ ഓടിക്കുന്ന മനുഷ്യരിലേക്ക്, കൂരകളിൽ അന്തിയുറങ്ങിയിരുന്ന മനുഷ്യരിൽ നിന്ന് കോൺക്രീറ്റ് സൗധങ്ങളിൽ വിരാചിക്കുന്ന മനുഷ്യരിലേക്കുള്ള പുരോഗതിയുടെ പ്രവാഹം ഈ നാടിനെ സ്പർശിച്ചു തുടങ്ങിയതായി കാണാം.

വൈരുധ്യങ്ങൾ ധാരാളം ഉണ്ടായിരുന്നിട്ടും ഒന്നായി ച്ചേരാനും ഒന്നായിത്തുഴയാനും ആഗ്രഹിക്കുന്ന മനുഷ്യമ

നസ് ഏകാത്മ ചിന്തയിലേക്ക് ഉയർത്തുന്ന സംസ്കാരോൽ സവം ജലോൽസവങ്ങളാണ്.

വള്ളംകളിയുടെ ജന്മനാടാണ് നെടുമുടി. വഞ്ചിപ്പാട്ടുകളുടെ ഈരടികൾ ഈ നാടിൻെറ സംസ്കാരം വിളിച്ചോതുന്ന മൂലംവള്ളംകളി ജലോൽസവങ്ങളുടെ തിരശ്ശീല ഉയർത്തുന്ന സുന്ദരമുഹൂർത്തമാണ്. ജാതിമതഭേദമന്യേ ഈ നാടിൻെറ മക്കൾ എല്ലാം മറന്ന് തുള്ളിച്ചാടുന്ന അനർഘനിമിഷത്തിൻെറ ഓർമ്മകളും പേറി എല്ലാവർഷവും മൂലം ജലമഹോൽസവം എത്തുന്നു. ഈ നാടിൻെറ സംസ്കാരത്തിൻെറ സാമൂഹിക ബോധത്തിൻെറ ആഴവും പരപ്പും എത്രമാത്രമെന്ന് വിളിച്ചോതുന്ന ഒരു അമൂല്യ സംഭവമായി ഇതിനെ വിശേഷിപ്പിക്കാവുന്നതാണ്. വള്ളംകളി പ്രകൃതിദേവി കനിഞ്ഞ് അനുഗ്രഹിച്ച രമണീയമായ ഒരു കരജല ഭൂവിഭാഗത്തിൻെറ മക്കൾ തനതായി വാർത്തെടുത്ത ഒരു സംസ്കാരമാണ് ഈ പ്രദേശത്തിനുള്ളത്. പ്രഭാതം മുതൽ പ്രദോഷം വരെ എല്ലുമുറിയെ പണിയെടുക്കുന്ന കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും തനതായ ഒരു സംസ്കാരമാണ് ഈ ഗ്രാമത്തിൻേറത്.

## ജാതിമതഘടന

ഈ ഗ്രാമത്തിൽ ക്രിസ്ത്യാനികൾ നല്ല ഒരു സംഖ്യയുണ്ട്. പൗരാണികതയുടെ കീർത്തി പരത്തുന്ന ചമ്പക്കുളം കല്ലൂർക്കാട് പള്ളി A.D. 427ൽ സ്ഥാപിതമായി. കുട്ടനാട്ടിലേയും സമീപപ്രദേശങ്ങളിലേയും മറ്റെല്ലാ പള്ളികളേക്കാളും പൗരാണികത്വം അവകാശപ്പെടാവുന്നത് കല്ലൂർക്കാട് പള്ളിക്ക് മാത്രമാണ്. ഇന്ന് കേരളത്തിലെ അപൂർവ്വം ചില ദേവാലയങ്ങളിൽ മാത്രം കാണുന്ന ചുവർ ചിത്രങ്ങളും പഴമയുടെ കഴിവുകളെ വിളിച്ചറിയിക്കുന്ന കൊത്തുപണികളും ഈ ദേവാലയത്തിൽ നമുക്ക് ദർശിക്കാവുന്നതാണ്. കേരള ചരിത്രത്തിലെ ഒരു സുവർണ്ണ കാലഘട്ടത്തിൽ ഇവിടെ പുലർന്നിരുന്ന മതസൗഹാർദ്ദത്തിൻെറ സാക്ഷ്യവും സാക്ഷിയുമാണ് ഈ ദേവാലയം. ഈഴവരും നായന്മാരും ധാരാളം ഉണ്ട്. കൂടാതെ പട്ടികജാതിക്കാർ വലിയ ഒരു പങ്ക് കാർഷിക രംഗത്ത് പണിയെടുക്കുന്നു. ബ്രാഹ്മണരും വിശ്വകർമ്മജരും ഈ ഗ്രാമത്തിൻെറ സാമൂഹികഘടനയ്ക്ക് രൂപം നൽകുന്നു. ഏതാനും ചില മുസ്ലീംവീടുകൾ ഉള്ളത് ഈ ഗ്രാമത്തിൻെറ പ്രത്യേകതയാണ്. ആയുർവേദ വൈദ്യവും ജ്യോതിഷവും തൊഴിലായി സ്വീകരിച്ചിട്ടുള്ള ചില ഗണക കുടുംബങ്ങളും ഇവിടെയുണ്ട്. ചെമ്പകശ്ശേരി മഹാരാജാവിൻെറ കാലം മുതൽക്കെ വേലൻ, പുള്ളവൻ, പാണൻ, കാക്കാൻ എന്നിവരും പാർത്തിരുന്നു.

## ഉൽസവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാളുകൾ

ഇവിടുത്തെ ആരാധനാലയങ്ങൾ മതമൈത്രിയുടെ, മതസഹിഷ്ണുതയുടെ, സാഹോദര്യത്തിൻെറ പ്രതീകങ്ങളാണ്. ഉൽസവങ്ങളിലും പെരുന്നാളുകളിലും നാനാജാതി മതസ്ഥർ പങ്കെടുക്കുന്നു.

കല്ലമ്പള്ളിദേവിക്ഷേത്രം, മഠത്തിൽദേവിക്ഷേത്രം, കൊട്ടാരം ശ്രീഭഗവതിക്ഷേത്രം, മാത്തൂർക്ഷേത്രം, ഗണപതിക്ഷേത്രം, പുള്ളിക്കക്കാവ് ദേവിക്ഷേത്രം എന്നിങ്ങനെ ക്ഷേത്രങ്ങൾ ഹൈന്ദവപാരമ്പര്യത്തിൻെറ പ്രതീകങ്ങളായി നില കൊള്ളുന്നു.

കല്ലൂർക്കാട് ദേവാലയം എ.ഡി. 427 സ്ഥാപിതമായി. ക്രൈസ്തവരുടെ നിരവധി ആരാധനാലയങ്ങൾ ഈ ഗ്രാമത്തിന് ആത്മീയചൈതന്യം പകർന്നുകൊണ്ടിരിക്കുന്നു. സാമൂഹിക പരിഷ്കർത്താവായ ശ്രീനാരായണഗുരുവിൻെറ സ്മരണ നിലനിർത്തുന്നതിനുവേണ്ടി ഗുരുമന്ദിരങ്ങളും നെടുമുടിയിൽ പ്രവർത്തിച്ചുവരുന്നു. ചതയദിനം ഈഴവസമുദായത്തിൻെറ പ്രധാന ആഘോഷമാണ്.

## ആചാരങ്ങളും അനുഷ്ഠാനങ്ങളും

വിവിധ മതാചാരങ്ങൾ, വസ്ത്രധാരണങ്ങൾ, ഭക്ഷണം, പാർപ്പിടം എന്നിവയിലെല്ലാം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ജന്മിത്വം കൊടികുത്തി വാണിരുന്നപ്പോൾ ഉണ്ടായിരുന്ന ആചാരാനുഷ്ഠാനങ്ങൾക്ക് മാറ്റം വന്നു. ക്രിസ്ത്യൻ സ്ത്രീകളുടെ നിതംബം മൂടുമാറ് ഞൊറിഞ്ഞുടുക്കുന്ന മുണ്ടും കൈനീളമുള്ള ചട്ടയും മേൽക്കാത് കുത്തിയിടുന്ന കുണുക്കും തലമൂടുന്ന കസവുള്ള കവണിയും ക്രിസ്ത്യൻ സ്ത്രീകളുടെ വേഷവിധാനത്തിൻെറ പ്രത്യേകളാണ്. ഇങ്ങിനെയുള്ളവരെ ഈ ഗ്രാമത്തിൽ വിരളമായി

കാണുവാൻ കഴിയും.

## കലാ സാംസ്കാരിക സ്ഥാപനങ്ങൾ

### പഞ്ചായത്തിലെ ഗ്രന്ഥശാലകൾ

| നമ്പർ | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | രജി. നമ്പർ | അംഗങ്ങൾ | പുസ്തകങ്ങൾ |
|---|---|---|---|---|---|---|
| 1. | ലിയോ XIII ഗ്രന്ഥശാല ചമ്പക്കുളം | 1914 | A | | 723 | 14184 |
| 2. | വിജ്ഞാനപോഷിണി ഗ്രന്ഥശാല, ചെമ്പുംപുറം | 1943 | A | 1646 | 796 | 9483 |
| 3. | കസ്തൂർബാ ഗ്രന്ഥശാല, പൊങ്ങ | 1944 | A | 66 | 1217 | 8511 |
| 4. | സഹൃദയ ഗ്രന്ഥശാല വൈശ്യംഭാഗം | | A | | 1038 | 9378 |
| 5. | കൈരളി ഗ്രന്ഥശാല തെക്കേമുറി | 1972 | C | | 180 | 1772 |
| 6. | ഭാരതയുവജനസംഘം ഗ്രന്ഥശാല, തോട്ടുവാത്തല | 1950 | B | 445 | 310 | 6451 |
| 7. | ദേശസേവിനി ഗ്രന്ഥ നെടുമുടി | 1954 | B | | 296 | 6727 |
| 8. | പഞ്ചായത്ത് സാംസ്കാരികനിലയം ചെമ്പുംപുറം | 1951 | A | | 242 | 6500 |

കലയുടെ കലവറയായ കുട്ടനാട്ടിൽ നെടുമുടിക്ക് വലിയ ഒരു സ്ഥാനമാണ് ഉള്ളത്. സുപ്രസിദ്ധ കഥകളി നടനായിരുന്ന മാഞ്ഞൂർപിള്ള പണിക്കർ 1873-ൽ നെടുമുടിയിലെ മാത്തൂർ കുടുംബത്തിൽ ജനിച്ചു. "കഥകളി പ്രകാശിക" എന്നൊരു തുള്ളൽപ്പാട്ടും അദ്ദേഹം രചിച്ചിട്ടുണ്ട്. ഡാൻസർ ശങ്കരൻകുട്ടി ഈ നാടിൻെറ മറ്റൊരു പ്രതിഭ ആയിരുന്നു.

1899-ൽ ചിറ്റക്കാട് കുടുംബത്തിൽ ജനിച്ച സി.സി. ആൻറണി ഭാഗവതർ കൂടാതെ എം.സി. അന്നാമ്മ ഭാഗതവർ മാളിയേക്കൽ സംഗീതസാമ്രാട്ടുകളായി അറിയപ്പെടുന്നു. ആൻറണി ഭാഗവതരുടെ സ്മരണക്കായി ഒരു മ്യൂസിക് ക്ലാസ് ചമ്പക്കുളത്ത് പ്രവർത്തിച്ചിരുന്നു.

1909-ൽ നെടുമുടിയിൽ പുത്തൻചിറ വീട്ടിൽ ജാതനായ കുട്ടനാട് രാമകൃഷ്ണപിള്ള അനിഷേധ്യനായ ഒരു സ്വാതന്ത്ര്യസമരപോരാളി എന്നതിലുപരി പത്രപ്രവർത്തകനും സാഹിത്യകാരനും ആയിരുന്നു.

അന്തരിച്ച ചലച്ചിത്രപ്രതിഭ ജോൺ എബ്രാഹം, നെടുമുടി വേണു, മങ്കൊമ്പ് ഗോപാലകൃഷ്ണൻ എന്നിവരും നെടുമുടിയുടെ അഭിമാഭാജനങ്ങൾ തന്നെ.

ചങ്ങനാശേരി അതിരൂപതായുടെ പ്രഥമമെത്രാൻ റൈറ്റ് റവറൻറ് ഡോ. തോമസ് കുരിയാളശേരി ഈ നാടിൻെറ പുണ്യാത്മാവാണ്. ഒരു സാമൂഹിക പ്രവർത്തകനെന്നതിലുപരി മനുഷ്യസ്നേഹി കൂടിയായിരുന്നു ആ പുണ്യപുരുഷൻ.

ആർട്ടിസ്റ്റ് കെ.കെ. ചാക്കോ കിഴക്കംവേലിത്തറ, ആർട്ടിസ്റ്റ് പി.ജെ. കുഞ്ചെറിയ, ആർട്ടിസ്റ്റ് കെ.കെ. ആചാരി തുടങ്ങിയ പ്രതിഭാശാലികളായ കലാകാരന്മാർ ഈ ഗ്രാമത്തിൻെറ അനശ്വരരത്നങ്ങളാണ്. ശ്രീ തോമസ്പാപ്പി വേലങ്കളം 1982-ൽ ബി.കെ.എം. പ്രസ് സ്ഥാപിച്ച് ഈ ഗ്രാമത്തിലെ കലാകാരന്മാരുടെയും സാഹിത്യകാരന്മാരേയും പ്രോൽസാഹിപ്പിച്ചുപോന്നു. 1964-ൽ ബി.കെ.എം. കേന്ദ്രമാക്കി കുട്ടനാട് സാഹിത്യസമിതി രൂപം കൊണ്ടു. വിശ്വവിഖ്യാതനായ തകഴി ശിവശങ്കരപ്പിള്ള, പെരുമ്പടം ശ്രീധരൻ, ജോസ് ചാലങ്ങാടി മുതലായവർ ഇവിടെ നിന്നും പ്രചോദനവും പ്രേരണയും ലഭിച്ചവരാണ്.

വൈപ്പംമഠം കുഞ്ഞപ്പി മാസ്റ്റർ പേരുകേട്ട ഒരു ക്ലാർനെറ്റ് വിദഗ്ധനായിരുന്നു. ചമ്പക്കുളം പ്രോഗ്രസീവ് ആർട്സ് ക്ലബിൻെറ നെടുംതൂണായ കെ.സി. ആൻറണി കക്കൂഴി അകന്നുമാറാത്ത ചക്രവാളങ്ങൾ എന്ന നാടകം എഴുതി അവതരിപ്പിച്ചു. അനേകം ബാലസാഹിത്യകൃതികൾ രചിച്ചിട്ടുള്ള പ്രസിദ്ധനായ ഡി.ബി. കുറുപ്പ് ഈ പഞ്ചായത്തിലെ പേരുകേട്ട അദ്ധ്യാപകനാണ്. ബാലസാഹിത്യകൃതിക്ക് ദേശീയ അവാർഡും ലഭിച്ചിട്ടുണ്ട്.

ജി.എൻ. കരിയപ്പള്ളി വൈദ്യൻെറ "വിധിയല്ല, നിഴൽ, ഞങ്ങൾ ഇന്നും ജയിലിലാണ്, ലാവ" തുടങ്ങിയ നാടക

ങ്ങൾ ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. പല കവിതകളും നാടക ഗാനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

വി.ജി. മാരാമറ്റം, ചമ്പക്കുളം കൃഷ്ണൻകുട്ടി, എന്നിവർ വളർന്നുവരുന്ന സാഹിത്യകാരന്മാരാണ്. മതപണ്ഡിതനായ കേശവശാസ്ത്രികൾ തികഞ്ഞ ഒരു സാഹിത്യകാരനും മതപ്രഭാഷകനും ആയിരുന്നു.

## കായിക സ്ഥാപനങ്ങൾ

കായികതാരങ്ങളുടെ നാടുകൂടിയാണ് നെടുമുടി. കായികതാരങ്ങളെ വാർത്തെടുക്കുന്ന പല ക്ലബുകളും നെടുമുടിയിൽ പ്രവർത്തിക്കുന്നു. ചമ്പക്കുളം അത്‌ലറ്റിക് ക്ലബ്, പൊങ്ങാ ബ്രദേഴ്സ് ക്ലബ്, സൂര്യാ ബ്രദേഴ്സ് ക്ലബ് പൊങ്ങ, യുണൈറ്റഡ് ക്ലബ് ചെമ്പുംപുറം, പ്രതിഭാ ആർട്സ് ക്ലബ് വൈശ്യംഭാഗം, യുവചേതനക്ലബ് തോട്ടുവാത്തല, ചെമ്പുംപുറം വിജ്ഞാപോഷിണി, യംഗ്മെൻസ് ക്ലബ്ബ് ചെമ്പുംപുറം ഇവയെല്ലാം ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട കായിക സ്ഥാപനങ്ങളാണ്. പല സ്റ്റേ വോളിബോൾ താരങ്ങളേയും വാർത്തെടുക്കുവാൻ ഈ ക്ലബുകൾക്ക് കഴിഞ്ഞിട്ടുണ്ട്. സിബി. കെ. ജോസഫ്, സിനു കെ. ജോസഫ്, ജോസഫ് കെ. ഫിലിപ്പ്, സി.ടി. ആൻറണി ചക്കാലക്കളം, കെ. പി. ജോസഫ് തുടങ്ങിയവരെല്ലാം ഈ രംഗത്തെ പ്രതിഭകളാണ്.

ധാരാളം നീന്തൽ താരങ്ങളേയും സംഭാവന ചെയ്യുവാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ബിനുമോൻ ചാക്കോ നീന്തൽ രംഗത്തെ അതുല്യപ്രതിഭയാണ്. കുരുവിള കുര്യൻ, റോയി ജോസഫ് പുതുവന ഇവരെയെല്ലാം ഈ നാടിൻെറ അഭിമാനഭാജനങ്ങൾ തന്നെ. അടുത്തകാലത്ത് അന്തരിച്ച ദേശീയതാരം മിനി റോയിങ്ങിൽ മിഴിവു കാട്ടിയ ഏക വനിതാ താരമാണ്. ചെസ് ചാമ്പ്യൻ വിനോദ് കുമാർ ഈ പഞ്ചായത്തിൻെറ പുത്രൻ തന്നെ.

നെടുമുടി പഞ്ചായത്തിൽ എട്ടു വള്ളംകളി ക്ലബുകൾ ഉണ്ട്. ഓണത്തോടനുബന്ധിച്ച് എല്ലാ ക്ലബുകളും മൽസരവള്ളംകളി നടത്തുന്നു. ഇവിടുത്തെ പ്രധാനപ്പെട്ട ചുണ്ടൻ വള്ളങ്ങൾ നടുഭാഗം, പാർത്ഥസാരഥി എന്നിവയാണ്.

രാഷ്ട്രശിൽപ്പിയായ ജവഹർലാൽ നെഹ്രുവിൻെറ പാദസ്പർശനത്താൽ പുളകമണിഞ്ഞ വള്ളമാണ് നടുഭാഗം. പണ്ഡിറ്റ് ജി.യുടെ കേരള സന്ദർശനവേളയിൽ ആലപ്പുഴയ്ക്കുള്ള ബോട്ടുയാത്രയിൽ കളിവള്ളങ്ങളുടെ അകമ്പടിയോടെ അദ്ദേഹത്തെ വരവേറ്റു. ഏറ്റവും മുന്നിലെത്തിയ വള്ളത്തിൽ ആവേശഭരിതനായി അദ്ദേഹം ചാടിക്കയറുകയും തിരിച്ച് ഡൽഹിയിൽ എത്തിയ അദ്ദേഹം സ്വന്തം കൈയൊപ്പോടുകൂടി വെള്ളിയിൽ തീർത്ത ഒരു ചുണ്ടൻ വള്ളം സമ്മാനമായി എത്തിക്കുകയും ചെയ്തു. വരവേൽപ്പിൻെറ സ്മരണ നിലനിർത്തുന്നതിനുവേണ്ടിയാണ് ആലപ്പുഴ പുന്നമടക്കായലിൽ ആണ്ടുതോറും വള്ളംകളി മൽസരം നടത്തുന്നത്. അതാണ് സുപ്രസിദ്ധമായ നെഹ്രുട്രോഫി വള്ളംകളി.

## പത്രങ്ങളുടെ പ്രചാരം, പ്രവർത്തനം

ഈ പഞ്ചായത്തിൽ നിലവിലുള്ള പ്രധാന ദിനപ്പത്രങ്ങൾ മലയാളമനോരമ, ദീപിക, മാതൃഭൂമി, കേരള കൗമുദി, മംഗളം, ദേശാഭിമാനി എന്നിവയാണ്. കൂടാതെ ഇംഗ്ലീഷ് ദിനപ്പത്രങ്ങളായ ദി ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു എന്നിവയും പ്രചാരത്തിലുണ്ട്.

മലയാളമനോരമ, ദീപിക, മംഗളം, വനിത, മലയാളനാട്, മാതൃഭൂമി എന്നീ വാരികകളും ദ്വൈവാരികകളും നിലവിലുണ്ട്. സമ്പൂർണ സാക്ഷരത കൈവരിച്ച ഗ്രാമം എന്നുള്ളതുകൊണ്ട് പത്രമാസികകളുടെ പ്രചാരത്തിൽ ഗണ്യമായ പുരോഗതിയുണ്ട്. 'ദി വീക്ക്' എന്ന ഇംഗ്ലീഷ് മാസികയും നിലവിലുണ്ട്.

## ഇലക്ട്രോണിക് മാധ്യമം

കമ്പ്യൂട്ടറുടെ ഉപയോഗം ആരംഭദിശയിലാണ്. കൂടുതൽ കുട്ടികൾ ഹൈസ്കൂൾ തലംമുതൽ കമ്പ്യൂട്ടർ പഠിച്ചുവരുന്നു. ടി.വി. പത്തുശതമാനം വീടുകളിലായിട്ടുണ്ട്. ഇലക്ട്രോണിക് യുഗത്തിലേക്ക് കടക്കുവാനുള്ള ഒരു ആഭിമുഖ്യം പൊതുവെ പ്രകടമാണ്. കല്ലൂർക്കാട് ഫെറോനപള്ളിയുടെ കെട്ടിടത്തിൽ ഒരു ടെലിഫോൺ എക്സ്ചേഞ്ച് പ്രവർത്തിച്ചുവരുന്നു. എന്നാൽ ആവശ്യത്തിന് ഈ കണക്ഷനുകൾ ഈ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. പല ടെലിഫോൺ പബ്ലിക് ബൂത്തകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

## നെടുമുടി ഗ്രാമപഞ്ചായത്ത് വികസനരേഖ

**വിശേഷാൽ ഗ്രാമസഭയുടെ അടിസ്ഥാനത്തിൽ പൊന്തിവന്ന പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും**

### പ്രശ്നങ്ങൾ

പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ഗ്രന്ഥശാലകൾ ഇല്ല. ഇപ്പോൾ ഈ പഞ്ചായത്തിൽ എട്ടു ഗ്രന്ഥശാലകളാണുള്ളത്. എല്ലാ ഗ്രന്ഥാലയങ്ങൾക്കും പരിമിതികൾ ഏറെയുണ്ട്. എല്ലാ ഗ്രന്ഥശാലകളിലും ആവശ്യത്തിന് വേണ്ടത്ര ഉപകരണങ്ങളോ, പുസ്തകങ്ങളോ, റേഡിയോ, ടി.വി. ഇവ ഒന്നുമില്ല. കാലകാലങ്ങളിൽ ഗ്രന്ഥാശാലകളുടെ അറ്റകുറ്റപ്പണികൾ നടത്താത്തുകൊണ്ട് മഴക്കാലങ്ങളിൽ വെള്ളം വീണ് പല പുസ്തകങ്ങൾക്കും കേടുപാടുകൾ വന്നുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ പൊതുവായ ഒരു കളിസ്ഥലം ഇല്ലായെന്നുള്ളത് എടുത്തുപറയത്തക്ക ഒരു വസ്തുതയാണ്. കലാസാംസ്കാരിക സംഘടനകളെ പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാരിൽ നിന്നും ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക. എല്ലാ ഗ്രന്ഥശാലകൾക്കും ആവശ്യത്തിനുവേണ്ട പുസ്തകങ്ങൾ, ബഞ്ച്, ഡസ്ക്, റേഡിയോ, ടി.വി. മുതലായവ വാങ്ങിക്കൊടുക്കുക. കാലാകാലങ്ങളിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുക. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുവാൻ പുസ്തകവിതരണ സമ്പ്രദായം വീടുകൾ തോറും നടപ്പിലാക്കുക. പഞ്ചായത്തിൻെറ വകയായിട്ട് ഒരു പൊതു കളിസ്ഥലം നിർമ്മിച്ച് ഗ്രാമീണജനങ്ങളുടെ കായികശേഷി വർദ്ധിപ്പിക്കണം. ആവശ്യമായ ധനസഹായം എല്ലാ ഗ്രന്ഥശാലകൾക്കും അടിയന്തിരമായി നൽകണം.

❑ ❑ ❑



# പൊതുജനാരോഗ്യം കുടിവെള്ളം, ശുചിത്വം

ആരോഗ്യം = ഡോക്ടർ + ആശുപത്രി + മരുന്ന് എന്ന സമവാക്യം, ആരോഗ്യം = ശുദ്ധജലം + പോഷകാഹാരം + ശുചിയായ പരിസരം + നല്ല ആരോഗ്യശീലങ്ങൾ എന്നായി തിരുത്തപ്പെടേണ്ടതുണ്ട്. ഒരു ജനതയുടെ ആരോഗ്യകാര്യങ്ങൾ നിർണ്ണയിക്കുന്നത് ഇവയുടെ ലഭ്യതയുടേയും അറിവിൻേറയും പശ്ചാത്തലത്തിലാണ്. ആരോഗ്യ രംഗത്ത് കുറേ നേട്ടങ്ങളൊക്കെ നേടാൻ കഴിഞ്ഞെങ്കിലും നാം ഇന്നഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങൾ ഗൗരവമായി കാണേണ്ടതുണ്ട്.

1. രോഗികളുടെ നിരക്ക് കൂടിവരുന്നു.
2. കൂടിയ രോഗാതുരത.
3. മഞ്ഞപ്പിത്തം, വയറിളക്കം, ക്ഷയരോഗം എന്നീ ദരിദ്രജന്യ രോഗങ്ങൾ കാണപ്പെടുന്നു.
4. അടുത്തകാലത്ത് പ്രത്യക്ഷപ്പെട്ട ജപ്പാൻ എൻസെഫലൈറ്റിസ്, കോളറ, എലിപ്പനി എന്നീരോഗങ്ങളുടെ വ്യാപനവും, ബന്ധപ്പെട്ട മരണങ്ങളും

ദുർബലമായ ആരോഗ്യസ്ഥിതിയിലേയ്ക്കാണ് ചൂണ്ടുന്നത്. ആരോഗ്യ ശുശ്രൂഷാ സംവിധാനത്തിന് സംഭവിച്ച അപചയവും പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ ശോചനീയാവസ്ഥയും പ്രശ്നങ്ങളുടെ ഗൗരവം വർദ്ധിപ്പിച്ചു. ആരോഗ്യ സൂചികകളായ ആയുർദൈർഘ്യം, മാതൃമരണനിരക്ക്, ശിശുമരണനിരക്ക് എന്നിവയിലൊക്കെ പഞ്ചായത്തിൻെറ അവസ്ഥ പരിശോധിക്കുന്നതിന് ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല. എങ്കിലും കേരള ശരാശരിയേക്കാൾ വ്യത്യസ്ഥത പുലർത്താനുള്ള സാധ്യത നന്നേ കുറവാണ്.

കഴിഞ്ഞവർഷം വിവിധ ആശുപത്രികളിൽ എത്തിയ രോഗികളിൽ 10%-ലധികം ജലജന്യരോഗം പിടിപെട്ടവരാണ്. പകർച്ചവ്യാധികൾ ജില്ലയിൽ പടർന്നുപിടിച്ച സന്ദർഭങ്ങളിലൊക്കെ അതിൻെറ പ്രതിഫലനം ഈ പഞ്ചായത്തിലും ദൃശ്യമായി. ചെമ്പുംപുറത്ത് പ്രവർത്തിക്കുന്ന P.H.C. യാണ് പഞ്ചായത്തിലെ ഏക ഗവൺമെൻറ് അലോപ്പതി ആശുപത്രി. സ്വകാര്യസ്ഥാപനങ്ങളും വ്യക്തികളും നടത്തുന്ന സ്ഥാപനങ്ങൾ അടക്കം കിടക്കകളുള്ള 2 ആശുപത്രിയും 2 ക്ലിനിക്കുകളുമുണ്ട്. പഞ്ചായത്തിലെ ജനങ്ങൾ ഈ ആശുപത്രികളുടെ സേവനം പ്രയോജനപ്പെടുത്തുന്നതുകൂടാതെ ചമ്പക്കുളം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഗവ. ആശുപത്രിയുടേയും ആലപ്പുഴ മെഡിക്കൽ കോളേജിൻെറയും സേ

വനം പ്രയോജനപ്പെടുത്താറുണ്ട്.

പാരമ്പര്യ ചികിൽസാ രീതിയായ ആയുർവ്വേദം പ്രയോജനപ്പെടുത്തുന്നവരുടെ എണ്ണവും കുറവല്ല. പഞ്ചായത്തിൽ 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ആയുർവ്വേദ ആശുപത്രിയുടെ സേവനം മറ്റു പഞ്ചായത്തിലെ ജനങ്ങൾക്കും ലഭ്യമാകുന്നുണ്ട്. സ്വകാര്യവ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങളും ഇവിടെയുണ്ട്. പേരുകേട്ട പല വൈദ്യന്മാരും ജീവിച്ചിരുന്ന പ്രദേശമാണിത്. ഹോമിയോ ചികിൽസയെ ആശ്രയിക്കുന്നവരും കുറവല്ല. സ്വകാര്യവ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങളാണിത്.

ചികിൽസയ്ക്കായി നിലവിലുള്ള സർക്കാർ സംവിധാനങ്ങളെ ആശ്രയിക്കുന്നവർ 30-35% ൽ അധികം വരില്ല. ജനങ്ങളിൽ 70-75% പേരും അലോപ്പതി ചികിൽസയെയാണ് ആശ്രയിക്കുന്നത്. ബാക്കിവരുന്ന 25-30% പേർ മറ്റുചികിൽസാ രീതികളും. P.H.C. യുടെ പ്രവർത്തനത്തിൽ രോഗികളും മറ്റും അസംതൃപ്തരാണ്. P.H.C. യുടെ സമീപത്തുള്ളവർ പോലും മറ്റ് ആശുപത്രികളിൽ ചികിൽസതേടിപ്പോകുന്ന സ്ഥിതിയും ഉണ്ട്. കിടത്തിചികിൽസിക്കുന്നതിന് സൗകര്യങ്ങൾ ഉണ്ടെങ്കിലും വളരെ കുറച്ചുപേർ മാത്രമാണ് ഇവിടെയെത്തുന്നത്. ആവശ്യത്തിന് മരുന്നുകൾ ഇല്ലാത്തതും ജീവനക്കാരുടെ നിരുത്തരവാദിത്വവും ജനങ്ങളെ അകറ്റിനിർത്തുന്ന ഘടകങ്ങളാണ്. ലാബറട്ടറി സംവിധാനങ്ങളോ, സർജറി നടത്തുന്നതിനാവശ്യമായ ഉപകരണങ്ങളോ ഇവിടെയില്ല. ഹെൽത്ത് കെയർ സ്റ്റാഫ് (Health Worker) നിശ്ചിതകാലയളവിനുള്ളിൽ വീട് സന്ദർശിക്കണമെന്നാണ് ചട്ടം. കൃത്യമായി ഹെൽത്ത് വർക്കർമാർ വീടുകൾ സന്ദർശിച്ചാൽ ഡോക്ടറേയും ആശുപത്രിയേയും സമീപിക്കേണ്ടിവരുന്ന പല കേസുകളും ഒഴിവാക്കാനാകും. 12 വയസ്സിനു താഴെ പ്രായമുള്ള പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങളില്ല. അങ്കണവാടിയിൽ നിന്നും 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ആരോഗ്യപോഷണനിലവാരത്തെ സംബന്ധമായ വിവരം ലഭ്യമായിട്ടുണ്ട്. 25-30% കുട്ടികൾക്ക് അവരുടെ പ്രായത്തിനനുസരിച്ചുള്ള തൂക്കവും വളർച്ചയും ഇല്ല എന്നാണ് കാണുന്നത്.

കൂടുതൽ പ്രാചീനവും പ്രചാരവുമുള്ള ആയൂർവ്വേദ ചികിൽസയ്ക്കുള്ള ഗവ: ആശുപത്രി (താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്) പഞ്ചായത്തിൽ നിലവിലുണ്ട്. 10 കിടക്കകളോടു കൂടിയ ഒരു ആശുപത്രിയായിരുന്നുവെങ്കിലും കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചതിനാൽ ഇപ്പോൾ കിടത്തി ചികിൽസയില്ല. ഒരു ഡോക്ടറടക്കം 4 സ്റ്റാഫാണിവിടെയുള്ളത്. ഒരു ദിവസം ശരാശരി 200 രോഗികൾ ഇവിടെ പരിശോധനയ്ക്കായി എത്തുന്നുണ്ട്. ആവശ്യാനുസരണം മരുന്ന് ലഭിക്കുന്നില്ല.

### നിർദ്ദേശങ്ങൾ

1) P.H.C. യുടെ നിയന്ത്രണം പൂർണ്ണമായും ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽ ആകണം.

2) ഗ്രാമപഞ്ചായത്തു തലത്തിൽ സാമൂഹ്യ, സർക്കാർ ഏജൻസികൾ വഴി രോഗപ്രതിരോധം, ആരോഗ്യവിദ്യാഭ്യാസം, ചികിൽസ എന്നീ രംഗങ്ങളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളേയും സ്ഥാപനങ്ങളേയും ജീവനക്കാരുടെ സേവനത്തേയും പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ നേതൃത്വത്തിൽ ഏകോപിക്കണം. പ്രതിരോധ കുത്തിവയ്പ്പുകൾ, അന്ധതാനിവാരണം, ക്ഷയം തുടങ്ങിയ പ്രത്യേക രോഗനിവാരണപരിപാടികൾ, മറ്റ് കേന്ദ്ര സർക്കാർ പരിപാടികൾ ഇവ പ്രാദേശിക തലത്തിൽ കൃത്യമായി പ്രചരിപ്പിക്കുകയും പരസ്പരം ഏകോപിക്കുകയും വേണം.

3) P.H.C. യിൽ പ്രസവത്തിനുള്ള സംവിധാനം ഉണ്ടാകണം. ഒരു ലേഡീ ഡോക്ടറുടെ സേവനം (ഗൈനക്കോളജിസ്റ്റ്) ഇതിനായി ലഭ്യമാക്കണം. (മറ്റ് സ്പെഷ്യലിസ്റ്റുകളെയും നിയമിക്കണം)

4) ലാബറട്ടറി - ഓപ്പറേഷൻ തീയേറ്റർ എന്നിവ ആരംഭിക്കുകയും കുറ്റമറ്റ രീതിയിൽ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും വേണം.

5) ഹെൽത്ത് വർക്കർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇവരെ സഹായിക്കുന്നതിന് 100 വീടുകൾക്ക് ഒരാൾ എന്ന കണക്കിന് ആരോഗ്യ പ്രവർത്തകരെ കണ്ടെത്തണം. ചെറിയൊരു വേതനം ഇവർക്ക് നൽകാൻ കഴിയണം. പ്രഷർ, പ്രമേഹം എന്നിവയുടെ പരിശോധന ആരോഗ്യപ്രവർത്തകയ്ക്ക് നടത്താനാകണം. ഇവർക്ക് പരിശീലനങ്ങൾ കാലാകാലങ്ങളിൽ നൽകണം.

6) 12 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളിൽ ഒരൊറ്റ കുട്ടി

യ്ക്കുപോലും പോഷകാഹാരക്കുറവുണ്ടാകരുത്. ഇതിനായി U.P. സ്കൂൾ വരെ പഠിക്കുന്ന മുഴുവൻ കുട്ടികളേയും പരിശോധന നടത്തുകയും അവർക്ക് ഹെൽത്ത് കാർഡ് നൽകുകയും വേണം. പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് പോഷകാഹാരങ്ങൾ ലഭ്യമാക്കണം. സ്കൂൾ ഉച്ചക്കഞ്ഞിയോട് ബന്ധപ്പെടുത്തി പോഷകാഹാരങ്ങൾ കൂടുതൽ ലഭ്യമാക്കണം.

7) സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ P.H.C. യിൽ ഹെൽത്ത് വർക്കർമാർ വഴി ഉണ്ടാകണം.

8) രോഗത്തിന് പരിഹാരം ചികിൽസയെന്ന മിഥ്യാധാരണ മാറ്റുന്നതിനുള്ള രോഗപ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കണം.

9) രക്തദാനത്തിൻെറ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തണം. രക്തദാനത്തെക്കുറിച്ച് നിലവിലുള്ള ഭയാശങ്കകൾ ദുരീകരിക്കണം. രക്തദാനസേന രൂപീകരിക്കണം.

10) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനത്തിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കണം. ഡോക്ടർമാർ, നേഴ്സ്, മറ്റ് സാങ്കേതിക സ്റ്റാഫ് അംഗങ്ങൾ എന്നിവരുടെ യോഗ്യത, ലാബിൻെറ ഗുണനിലവാരം, ചികിൽസയ്ക്ക് ഈടാക്കുന്ന വിവിധ തരം ചാർജ്ജുകൾ ഇവ പരിശോധിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കണം. യോഗ്യതയില്ലാത്തവർ ആരോഗ്യരംഗത്ത് കടന്നുവരുന്നത് നിരുത്സാഹപ്പെടുത്തുകയും നിയമം മൂലം തടയുകയും വേണം.

11) ആയുർവ്വേദ ആശുപത്രിയുടെ കെട്ടിടത്തിൻെറ അറ്റകുറ്റപ്പണി അടിയന്തിരമായി പൂർത്തിയാക്കുകയും കിടത്തി ചികിൽസ പുനരാരംഭിക്കുകയും ചെയ്യണം. ഒരു വനിതാ ഡോക്ടറേയും ആവശ്യത്തിന് സ്റ്റാഫിനേയും നിയമിക്കണം. രോഗികളുടെ എണ്ണം കണക്കാക്കി ആവശ്യമനുസരിച്ചുള്ള മരുന്നുകൾ ലഭ്യമാക്കണം. സ്വന്തമായി കെട്ടിടവും കിടക്കകളുമുള്ള കുട്ടനാട്ടിലെ ഏക ആയുർവ്വേദ ആശുപത്രിയായ ഈ സ്ഥാപനം കുട്ടനാട്ടിലെ എല്ലാ പ്രദേശങ്ങളിലേയും ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് ആയുർവ്വേദ ഹെൽത്ത് സെൻററായി ഉയർത്തുകയും വേണം. നെടുമുടിയുടെ വടക്കൻ മേഖലയിൽ ഗവ. ഉടമസ്ഥതയിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.

12) ഗവൺമെൻറ് ഉടമസ്ഥതയിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം.

13) അടിസ്ഥാന രഹിതമായ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ചികിൽസയ്ക്കെതിരെ നിയമാനുസൃതമായ നടപടി കൈക്കൊള്ളണം.

## കുടിവെള്ളം

ഒരു സമൂഹത്തിൻെറ ആരോഗ്യം കണക്കാക്കേണ്ടത് നിലവിലുള്ള ആശുപത്രിയുടേയോ, കിടക്കകളുടെയോ എണ്ണം നോക്കിയല്ല മറിച്ച് ആ പ്രദേശത്തെ ശുദ്ധജലം നൽകാനുള്ള ടാപ്പുകളുടെ എണ്ണവും പരിസരാരോഗ്യവും നോക്കിയാണെന്ന് ലോകാരോഗ്യസംഘടന പറഞ്ഞിട്ടുണ്ട്.

പുഴകളും ജലാശയങ്ങളും കൊണ്ട് സമൃദ്ധമായ ഈ പ്രദേശത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. മനുഷ്യമലത്തിൽക്കൂടി വെള്ളത്തിൽ എത്തുന്ന 'എസ്ചെരീഷ്യകോളൈ' എന്ന ബാക്ടീരിയകളുടെ എണ്ണം കുടിവെള്ളത്തിൽ അനുവദനീയമായതിലും വളരെ വളരെ കൂടുതലാണ്. കൃഷിക്കായി ഉപയോഗിക്കുന്ന ടൺകണക്കിന് കീടനാശിനി ഒഴുകിയെത്തുന്നതും ഇവിടുത്തെ ജലാശയങ്ങളിലാണ്. തണ്ണീർമുക്കം ബണ്ട് കുട്ടനാടിന് സൃഷ്ടിച്ച ഏറ്റവും വലിയ പാരിസ്ഥിതിക ദുരന്തങ്ങളിൽ പ്രധാനപ്പെട്ടത് ഇവിടുത്തെ വെള്ളത്തിൻെറ ഒഴുക്ക് തടസ്സപ്പെടുത്തിയെന്നതാണ്. ബഹുഭൂരിപക്ഷം പേരും ഇന്നും ഈ മലിനജലം ഉപയോഗിക്കുന്നു. വരൾച്ചക്കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി റവന്യൂ വകുപ്പ് വള്ളത്തിൽ വെള്ളം എത്തിക്കുന്നുണ്ട്. ഇവിടുത്തെ ജലാശയങ്ങളിൽ നിന്നും ലഭിക്കുന്ന ജലത്തിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല വള്ളത്തിൽ കൊണ്ടുവരുന്ന ജലവും. ലക്ഷക്കണക്കിന് രൂപയാണ് ഇതിൻെറ പേരിൽ എഴുതിത്തള്ളുന്നത്. ഈ ദുർവ്യയം ഒഴിവാക്കിയേ തീരൂ. ആകെ 385 ടാപ്പുകളാണ് പഞ്ചായത്തിലുള്ളത്. ഹൗസ് കണക്ഷൻ എടുത്തിട്ടുള്ള 900 കുടുംബങ്ങളുണ്ട്. പഞ്ചായത്തിൽ ആകെയുള്ള കുടുംബങ്ങളിൽ 28.38% വീടുകൾക്ക് മാത്രമാണ് ഹൗസ് കണക്ഷൻ ഉള്ളത്. 75% കുടുംബങ്ങൾ പൈപ്പുവെള്ളം ഉപയോഗിക്കുന്നുവെന്നാണ് മതിപ്പ് കണക്ക്. 10%-ൽ അധികം കുടുംബങ്ങൾ കുളം - കിണർ വെള്ളം ഉപയോഗിക്കുന്നു. പൈപ്പുവെള്ളത്തിൻെറ

ശുദ്ധത എത്രത്തോളം ഉണ്ട് എന്നതും പരിശോധനാ വിഷയമാക്കണം. പൈപ്പുവെള്ളം 8 മണിക്കൂർ മാത്രമാണ് ലഭിക്കുന്നത്. നെടുമുടി നെൽപ്പുര മഠത്തിലും, ചമ്പക്കുളത്തും, ചെമ്പുംപുറത്തും, പള്ളാത്തുരുത്തിയിലുമാണ് പമ്പുഹൗസുകൾ ഉള്ളത്. ഇതിൽ നെൽപ്പുരമഠത്തിൽ മാത്രമാണ് വാട്ടർടാങ്ക് ഉള്ളത്. ഇവിടുത്തെ വെള്ളം അഴുക്ക് കലർന്നതാണ്. വെള്ളം ശേഖരിച്ച ഉടനെ ഉപയോഗിക്കാനാവില്ല. ചമ്പക്കുളം പമ്പ് ഹൗസിലെ പൈപ്പുലൈനുകൾ കാലപ്പഴക്കം വന്നവയാണ് അധികവും. മർദ്ദം തീരെ ഇല്ല. വൈശ്യംഭാഗത്ത് ഒരു കുഴൽക്കിണറുണ്ട്. വെള്ളം ആവശ്യത്തിന് ലഭ്യമല്ല. വ്യാസം കുറഞ്ഞ പൈപ്പുലൈനുകളാണ് പഞ്ചായത്തിൽ അധികവും സ്ഥാപിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ മർദ്ദം വളരെ കുറവാണ്. പഞ്ചായത്തിൽ 71 k.m. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഹൗസ് കണക്ഷൻ ഉള്ളവർ കിടങ്ങറയിൽപോയി വാട്ടർ ബിൽ അടയ്ക്കേണ്ട ഗതികേടാണിന്നുള്ളത്.

## നിർദ്ദേശങ്ങൾ

1) കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന 25% കുടുംബങ്ങളുണ്ട്. ഇവർക്ക് അടിയന്തിരമായി കുടിവെള്ളം എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

2) 200 മീറ്റർ ചുറ്റളവിനുള്ളിൽ എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നതിന് കഴിയണം.

3) മുഴുവൻ കോളനികളിലും ശുദ്ധജലം എത്തിക്കണം.

4) പാടശേഖരത്തിന് നടുക്കു താമസിക്കുന്ന കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിന് മുൻഗണന നൽകണം.

5) താഴെപ്പറയുന്ന കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് പൈപ്പ്ലൈൻ വലിച്ച് ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കണം.

- തച്ചാട്ടുചിറ കോളനി മുതൽ പാക്കേരി ലക്ഷം വീടുകോളനിവരെ.
- മണിമലമൂട്ടു മുതൽ പടിഞ്ഞാട്ട് കായൽചിറ വരെ.
- ഇടപ്പള്ളി മുതൽ തൈച്ചേരി വരെ.
- തോട്ടുവാത്തല മാധവി മന്ദിരം മുതൽ ആറുപറചിറ വരെ.
- C.M.S. പള്ളിമുതൽ വടക്കുപടിഞ്ഞാറു 55ൽ ചിറ വഴി നെല്ലിശ്ശേരി വരെ.
- N.S.U.P.S. മുതൽ കാപ്പുമുട്ടുവരെ.
- മേപ്പുറത്തു പാലം മുതൽ നാനാട്ടുതറവരെ.
- നെല്ലിശ്ശേരിചിറ ക്രോസ്സ് ചെയ്ത് കൂലിപ്പുരയ്ക്കൽ വരെ.
- പഞ്ചായത്തുജെട്ടി മുതൽ 130ൽ ചിറയിൽ കൂടി മുല്ലശ്ശേരി വരെ.
- പുളിക്കൽ കാവിൽ കിഴക്കേക്കര മുതൽ തെക്കോട്ട് കവലയ്ക്കൽ ചിറ വരെ.
- പഞ്ചായത്തുജെട്ടി മുതൽ തെക്കോട്ട് 90ൽ ചിറ വരെ.

6) നിലവിലുള്ള ലൈനുകളുടെ കേടുപാടുകൾ തീർക്കണം. പുതുതായി 20 k.m. പൈപ്പ് ലൈൻ കൂടി സ്ഥാപിക്കണം. പൈപ്പ് ലൈനുകൾ പൊട്ടി ഒലിച്ച് ധാരാളം വെള്ളം പാഴായിപോകുകയും മലിനപ്പെടുകയും ചെയ്യുന്നുണ്ട്. ഈ ലൈനുകളും പൊതുടാപ്പുകളും സംരക്ഷിക്കുന്നതിന് പ്രാദേശികമായി ജലസംരക്ഷണസമിതികൾ രൂപീകരിക്കണം. കന്നുകാലികളെ കുളിപ്പിക്കുന്നതിനും പുരയിടങ്ങൾ നനയ്ക്കുന്നതിനും പൈപ്പുവെള്ളം ഉപയോഗിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം, ഇതു തടയുന്നതിന് സംരക്ഷണസമിതിയുടെ പ്രവർത്തനങ്ങൾക്ക് കഴിയണം.

7) ഓരോ വാർഡിലും ആവശ്യമായ വാട്ടർ ടാപ്പുകൾ സ്ഥാപിക്കണം. എല്ലാവർക്കും എത്താൻ പറ്റുന്ന സ്ഥലം തെരഞ്ഞെടുക്കണം.

8) 24 മണിക്കൂറും പൈപ്പുകളിൽ കൂടി വെള്ളം ഒഴുക്കിയെങ്കിലേ ശുദ്ധജലം എന്നു പറയാനാവൂ. ഇപ്പോൾ ഒരു ഷിഫ്റ്റ് (8 മണിക്കൂർ) മാത്രമാണ് പ്രവർത്തിപ്പിക്കുന്നത്. 24 മണിക്കൂറും പഞ്ചായത്ത് പ്രദേശത്ത് ശുദ്ധജലം എത്തിക്കണം.

9) ഹൗസ് കണക്ഷൻകാർക്ക് വാട്ടർബിൽ അടയ്ക്കുന്നതിനുള്ള സൗകര്യം പഞ്ചായത്തിൽ തന്നെ ഉണ്ടാകണം.

10) നിലവിലുള്ള കുളങ്ങളും കിണറുകളും സംരക്ഷിക്കുകയും ഇന്നുള്ള സ്രോതസ്സുകൾ മലിനമാകാതെ സൂക്ഷിക്കുകയും വേണം.

11) കുട്ടനാട് വാട്ടർ സപ്ലേ സ്കീമിൻെറ പ്രയോജനം നെടുമുടി പഞ്ചായത്തിന് ലഭിക്കണം.

12) കേരള വാട്ടർ അതോറിട്ടിയുടെ പ്രവർത്തന അധികാരങ്ങൾ പഞ്ചായത്ത് സംവിധാനത്തിന് കൈമാറണം.

13) ജലത്തിൻെറ ഗുണനിലവാരം പരിശോധിക്കുന്നതിന് പഞ്ചായത്തിലെ ഹൈസ്കൂളുകളിലെ ലാബിൻേറയും

അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടെയും സേവനം പ്രയോജനപ്പെടുത്തണം.

14) വെള്ളത്തിൻെറ സാമ്പിളുകൾ കൃത്യമായി എടുത്ത് പരിശോധിക്കുകയും ആവശ്യമായ ക്ലോറിനേഷനും മറ്റും നടത്തി കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പു വരുത്തുകയും വേണം.

15) ഭാവിയിൽ കുടിവെള്ളക്ഷാമം, വൈദ്യുതിയുടെ കാര്യത്തിൽ ഇന്നഭിമുഖീകരിക്കുന്ന പ്രതിസന്ധിയേക്കാൾ വളരെ വലുതായിരിക്കും എന്നു. കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നിലവിലുള്ള സ്രോതസ്സുകളെ സംരക്ഷിക്കുകയും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും വേണം.

## ശുചിത്വം

പൊതുജനാരോഗ്യസംവിധാനം കാര്യക്ഷമമാണ് എന്നു പറയാനാവുക ആ പ്രദേശത്തെ കക്കൂസുകളുടെ ലഭ്യതയാണ്. ശുചിത്വസംവിധാനത്തിൻെറ കാര്യത്തെക്കുറിച്ചുപറയുമ്പോൾ പ്രധാനമായും ഊന്നുന്നത് കുടുംബങ്ങൾ ഉപയോഗിക്കുന്ന കക്കൂസുകൾ എതുതരത്തിലുള്ളതാണ് എന്നതാണ്. പഞ്ചായത്തിൽ ആകെയുള്ളതിൽ 60-65% കുടുംബങ്ങൾക്കേ സ്വകാര്യ കക്കൂസുള്ളൂ. ഇതിൽ തന്നെ പകുതിയിലധികം കുടുംബങ്ങൾക്കും വൃത്തിയിലും ശുചിത്വവുമുള്ള കക്കൂസുകളില്ല. വെളിംപറമ്പോ, സ്വന്തം സ്ഥലമോ, ജലാശയങ്ങളോ കക്കൂസായി ഉപയോഗിക്കുന്നവരാണ് ബാക്കിയുള്ള 35-40% കുടുംബങ്ങൾ.

കക്കൂസ് നിർമ്മിക്കുന്നതിന് വിഘാതമായ 3 കാരണങ്ങൾ ഇങ്ങനെ പട്ടികപ്പെടുത്താം.

1) സാമ്പത്തിക പരാധീനത.

2) കോളനി പ്രദേശത്തും തൊട്ടടുത്ത് വീടുകൾ ഉള്ളിടത്തും ഉള്ള സ്ഥല പരിമിതി.

3) ആവശ്യകത വേണ്ടത്ര ബോധ്യപ്പെടായ്മ.

ജലജന്യരോഗങ്ങളും വയറിളക്കരോഗങ്ങളും എല്ലാ വർഷവും ഇവിടെയുണ്ടാകാറുണ്ട്. വരൾച്ചക്കാലത്ത് ഈ രോഗങ്ങൾ മൂർദ്ധന്യാവസ്ഥയിലെത്തുന്നു. പരിസരം വൃത്തിയാക്കിസൂക്ഷിക്കുന്നതിൽ തികഞ്ഞ അലംഭാവമാണ് നമുക്ക്. 80-85% കുടുംബങ്ങൾക്കും മലിനജലം ഒഴുക്കിക്കളയുന്നതിന് പ്രത്യേക സംവിധാനങ്ങളില്ല. വീട്ടിലെ മലിനവസ്തുക്കളും മലിനജലവും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുന്നുപോലുമില്ല. ചപ്പുചവറുകളും മാലിന്യങ്ങളും അമിതമായി കുമിഞ്ഞുകൂടുന്നു. കൂടാതെ എല്ലാ മാലിന്യങ്ങളും മൃഗങ്ങളുടെ ശവവും മറ്റും പുഴയിലേയ്ക്കും തോടുകളിലേയ്ക്കും നിക്ഷേപിക്കുന്ന പ്രവണതയും വളരെ കൂടുതലായുണ്ട്. ഇവിടെയുള്ള മിക്ക കച്ചവട, കച്ചവടേതര സ്ഥാപനങ്ങളുടേയും എന്തിനേറെ ആരോഗ്യസ്ഥാപനങ്ങൾ പോലും പരിസരങ്ങളും മലിനജലവും കെട്ടിനിന്ന് വൃത്തിഹീനമാണ്. കൊതുകും ഈച്ചയും വളരാനും അതുവഴി ആഹാരസാധനങ്ങൾ വഴി രോഗം പകരാനും സാധ്യത കൂടുതലാണ്. ജാപ്പനീസ് എൻസെഫലൈറ്റിസ്, കോളറ, എലിപ്പനി ഒക്കെ ഈ പഞ്ചായത്തിൽ പടർന്നുപിടിക്കുകയും വിലപ്പെട്ട ജീവനുകൾ അപഹരിക്കുകയും ചെയ്തിട്ടുണ്ട്.

മോട്ടോർ ബോട്ടുകൾ, ടൂറിസ്റ്റ് ബോട്ടുകൾ ഇവയുടെ കക്കൂസ് ജലാശയങ്ങളിലേയ്ക്ക് തുറന്നുവിടുന്നു.

### നിർദ്ദേശങ്ങൾ

1) സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തി, സാമ്പത്തികശേഷിയില്ലാത്ത കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക്, കക്കൂസ് നിർമ്മിച്ചുകൊടുക്കണം.

2) കോളനികളിലും കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്തും 'കോമൺ ലാട്രിൻ' സ്ഥാപിക്കണം.

3) ശുചിത്വവും സുരക്ഷിതത്വവുമുള്ള കക്കൂസുകൾ ഉപയോഗിക്കേണ്ടതിൻെറ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

4) ഓരോവീട്ടിലും കൊതുകും ഈച്ചയും പരക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കണം. അടുക്കളയിൽ നിന്നും തൊഴുത്തിൽ നിന്നുമുള്ള മലിനജലം 'സോക്കേജ് പിറ്റ്' വഴി ശരിയായ രീതിയിൽ മണ്ണിനടിയിലേയ്ക്ക് കളയണം.

5) ജന്തുക്കളുടെ വിസർജ്ജ വസ്തുക്കൾ തുറസ്സായി ഇടരുത്. കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ച് കമ്പോസ്റ്റ് നിർമ്മാണം

എല്ലാവീടുകളിലും ആരംഭിക്കണം.

6) കാടുപിടിച്ചു കിടക്കുന്നതും വെള്ളം കെട്ടിനിന്ന് മലിനമായതുമായ സ്ഥലങ്ങൾ സന്നദ്ധപ്രവർത്തനങ്ങളിലൂടെ വൃത്തിയാക്കണം.

7) പൊതുസ്ഥലങ്ങളിൽ ചപ്പുചവറുകൾ കുന്നുകൂടി മലിനമാകാതിരിക്കാൻ ചവറ്റുകുട്ടകൾ സ്ഥാപിക്കണം.

8) ഹോട്ടലുകളുടേയും മറ്റും പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകണം. പഞ്ചായത്തിൽ വിൽപ്പന നടത്തുന്ന ആഹാരസാധനങ്ങളുടേയും വിവിധ പാനീയങ്ങളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുക.

9) പരിസരശുചിത്വത്തെപ്പറ്റിയും സാംക്രമിക രോഗങ്ങളെ ചെറുക്കുന്നതിനെ സംബന്ധിച്ചും ഉള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കണം.

10) പുകവലി, മുറുക്കാൻ, പാൻ മസാല, കഞ്ചാവ്, മദ്യപാനം എന്നീ ദുശ്ശീലങ്ങളിൽ നിന്നും ജനങ്ങളെ പിൻതിരിപ്പിക്കുന്നതിനും പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടി ബോധവൽക്കരണം വഴി നിയന്ത്രണ വിധേയമാക്കണം. ആശുപത്രികൾ, സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പുകവലി, മുറുക്കാൻ ഇവ നിരോധിക്കണം.

11) പരമാവധി ഭവനങ്ങൾ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കണം. (പരിസരമലിനീകരണം തടയാനും, ഊർജ്ജ പ്രതിസന്ധിയ്ക്ക് പരിഹാരം കാണാനും ഇതിലൂടെ കഴിയും).

12) മോട്ടോർ ബോട്ടുകൾ, ടൂറിസ്റ്റ് ഹൗസ് ബോട്ടുകൾ ഇവയുടെ കക്കൂസിനോടനുബന്ധിച്ച് ടാങ്കുകൾ സ്ഥാപിച്ച് മലിനീകരണം തടയണം.



V.8



# പാർപ്പിടവും സാമൂഹ്യക്ഷേമവും

വികസിത രാഷ്ട്രങ്ങളേക്കാൾ അവികസിത രാഷ്ട്രങ്ങളിൽ പാർപ്പിട ദാരിദ്രത്തിന് മറ്റു പല കാരണങ്ങളോടൊപ്പം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യ ഒരു പ്രധാനകാരണമാണ്. ദ്രുതഗതിയിലുള്ള ജനസംഖ്യാ വർദ്ധനവ് നമ്മുടെ സമ്പദ്ഘടനയ്ക്ക് നാശകരമായി തീർന്നിട്ടുണ്ട്. സ്വാതന്ത്ര്യ പ്രാപ്തിക്ക് മുമ്പ് പാർപ്പിട നിർമ്മാണരംഗത്ത് നാം കാണിച്ച അവഗണനയാണ് ഇപ്പോഴത്തെ ദുഃസ്ഥിതിയ്ക്ക് മറ്റൊരു കാരണം. കേന്ദ്ര സംസ്ഥാന സർക്കാരുകളും പൊതുജനങ്ങളും യുദ്ധകാല പരിതസ്ഥിതിയോടാണ് ഇന്ന് പ്രവർത്തിക്കുന്നത്. നമ്മുടെ ദേശീയ സമ്പദ്ഘടനയിലും തൊഴിൽ രംഗത്തും പാർപ്പിടനിർമ്മാണം മൂലം ദേശീയ വരുമാനം ഏതാണ്ട് ഇരട്ടിയായി വർദ്ധിച്ചു. 1961ൽ പാർപ്പിട നിർമ്മാണ രംഗത്ത് 13 ലക്ഷം ആളുകൾ പങ്കെടുത്തപ്പോൾ 1971ൽ അത് 14 ലക്ഷമായി ഉയർന്നു.

വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയുടെ തോതനുസരിച്ച് പുതുതായി രൂപം കൊള്ളുന്ന പുത്തൻ തലമുറക്കാർക്കുവേണ്ടി പണിതുകൊണ്ടിരിക്കുന്ന പാർപ്പിടങ്ങളുടെ എണ്ണം കുറവാണ്. എന്നാൽ ഇന്ന് പാർപ്പിട സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നത് സമൂഹത്തിൻേറയും സംസ്ഥാനത്തിൻേറയും ഭരണത്തിൻേറയും എല്ലാം കടമയാണെന്നുള്ള ബോധം വളർന്നുവന്നിട്ടുണ്ട്. ഐക്യ രാഷ്ട്രീയ സമിതിയുടെ കണക്കനുസരിച്ച് ഇന്ത്യയെപ്പോലുള്ള രാഷ്ട്രങ്ങളിൽ അടുത്ത രണ്ടു ദശവർഷക്കാലത്തിനിടയ്ക്ക് 1000ന് 10 പാർപ്പിടം എന്ന തോതിലെങ്കിലും വർഷം തോറും ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം സാധിച്ചെങ്കിൽ മാത്രമേ പാർപ്പിട ദാരിദ്രം മൂലമുള്ള നമ്മുടെ ശോചനീയ സ്ഥിതി പരിഹരിക്കാൻ സാധിക്കൂ.

ഗൾഫ് പണത്തിൻെറ സ്വാധീനം കേരളത്തിലെ ഭവന നിർമ്മാണ രംഗത്ത് പുത്തൻ വിപ്ലവങ്ങൾ സൃഷ്ടിച്ചുവരുന്നു. ക്രിയാത്മകമായ രീതിയിൽ ഗൾഫ് പണം ഉപയോഗിക്കപ്പെടാത്തതിൻെറ അനന്തര ഫലം ഭാവിയിൽ കേരളത്തിൽ അനുഭവപ്പെടും എന്നതിൽ സംശയമില്ല.

സമുദ്രനിരപ്പിൽ നിന്നും താഴ്ന്നതും ചെളി നിറഞ്ഞതുമായ ഭൂപ്രദേശത്ത് നെടുമുടി ഗ്രാമപഞ്ചായത്ത്. കർഷകരും കർഷകത്തൊഴിലാളികളും വസിക്കുന്ന ഈ സ്ഥലത്തെ ജനങ്ങൾക്ക് സാമ്പത്തിക ഭദ്രത കൈവരിക്കുവാൻ

ഇതുവരെ സാധിച്ചിട്ടില്ല അതുകൊണ്ടുതന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് ഈ പഞ്ചായത്തിൽ ഭൂരിഭാഗവും. യാത്രാസൗകര്യം കൂടുതലുള്ള 1, 3, 7 എന്നീ വാർഡുകളിൽ കോൺക്രീറ്റ് വീടുകളും വിരലിലെണ്ണാവുന്ന ഇരുനില കെട്ടിടങ്ങളും കാണാം.

പഞ്ചായത്തിലെ 5554 വീടുകളിൽ 264 വീടുകൾ പണി തീരാത്തവയും 1421 വീടുകൾ കുടിലുകളുമാണ്. 334 വീടുകളിൽ കൂട്ടുകുടുംബമായി താമസിക്കുന്നു. 5 ലക്ഷം വീടു കോളനിയും ഒരു I.H.D.P. കോളനിയും 2 പഞ്ചായത്തേതര കോളനിയും ഉണ്ട്.

ലക്ഷങ്ങൾ മുടക്കി വീട് വയ്ക്കുന്ന പ്രവണന അധികമായി കാണുന്നില്ല. എങ്കിലും സ്ഥലദൗർലഭ്യം മൂലം വയലുകൾ നികത്തി വീടുവെയ്ക്കുന്ന അവസ്ഥ ധാരാളമായി കാണുന്നുണ്ട്. കോളനി സമ്പ്രദായം ഉള്ള സ്ഥലങ്ങളിൽ പോലും ഇനിയും താമസയോഗ്യമായ വീട് നിർമ്മിച്ചുകാണുന്നില്ല.

**വീടുകളുടെ തരംതിരിച്ച പട്ടിക - വാർഡുതലത്തിൽ.**

| വാർഡ് | ഓട്/ഷീറ്റ് | കോൺക്രീറ്റ് | ഓല | ഇരുനില | മറ്റുള്ളവ പുറപോക്ക് | ആകെ |
|---|---|---|---|---|---|---|
| 1 | 346 | 10 | 56 | + | | 412 |
| 2 | 500 | 6 | 108 | 3 | | 617 |
| 3 | 359 | 8 | 135 | 2 | | 504 |
| 4 | 414 | 10 | 223 | 1 | | 648 |
| 5 | 163 | 4 | 430 | - | | 597 |
| 6 | 536 | 8 | 182 | 1 | | 727 |
| 7 | 533 | 27 | 58 | 6 | | 624 |
| 8 | 543 | 4 | 75 | - | | 622 |
| 9 | 329 | 3 | 85 | - | | 417 |
| 10 | 315 | 2 | 69 | 2 | | 386 |

വിവിധതരം ഏജൻസികൾ മുഖേന ഭവനവായ്പ വാങ്ങി വീടുവെയ്ക്കുന്നവർ പണി മുഴുവൻ പൂർത്തീകരിക്കാൻ സാധിക്കാതെയിരിക്കുന്നതായി കാണാൻ സാധിച്ചു. സ്വന്തം പേരിലേയ്ക്ക് ഭൂമി കൈമാറ്റം ചെയ്യപ്പെടാത്തതുകൊണ്ടും പട്ടയം ഭൂമി ലഭിക്കാത്തതുകൊണ്ടും കൂട്ടുകുടുംബങ്ങൾക്ക് സ്വന്തം പേരിൽ ഭൂമി കൈമാറ്റം ചെയ്ത് ലഭിക്കാത്തതുകൊണ്ടും വീട് നിർമ്മിക്കുന്നതിന് തടസ്സമാണ്. വർദ്ധമാനമായ തോതിലുള്ള നിർമ്മാണചെലവ്, ഭവന നിർമ്മാണത്തിനാവശ്യമായ തുകയുടെ ലഭ്യതക്കുറവ്, ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത സാധനസാമഗ്രികൾ എത്തിക്കുന്നതിനുള്ള വിഷമത, കൂലിവർദ്ധനവ്, സർക്കാരുദ്യോഗസ്ഥന്മാരുടെ കോഴ വാങ്ങൽ, വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം ഇവകൾ മൂലം വീടുവെയ്ക്കുന്നതിന് ജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

ഹൗസിങ്ങ് സഹകരണസംഘം ഈ പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ പ്രവർത്തനമില്ല. വിവിധതരം ഹൗസിങ്ങ് ഏജൻസികളുടെ പലതരത്തിലുള്ള ലോൺ നടപടിക്രമങ്ങൾ, അമിതമായ പലിശ ഇവകൾ ദുർബ്ബലവിഭാഗങ്ങൾക്ക് വീടുവെയ്ക്കുന്നതിന് അസൗകര്യമുണ്ടാക്കുന്നു.

സന്നദ്ധസംഘടനകൾ 300 ഓളം വീടുകൾ പല സ്കീമുകളിലായി ഈ പഞ്ചായത്തിൽ നിർമ്മിച്ചുനൽകിയിട്ടുണ്ട്. സർക്കാർ വിവിധപദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരപട്ടിക താഴെകൊടുക്കുന്നു.

| വാർഡ് | RLEGP | IRDP | JRY | M.W.B. |
|---|---|---|---|---|
| 1 | | 11 | 1 | |
| 2 | 2 | | | |
| 3 | 2 | 5 | 1 | |
| 4 | 8 | | 1 | |
| 5 | 6 | | | |
| 6 | 4 | 4 | 1 | |
| 7 | 10 | | 1 | 1 |
| 8 | 4 | 6 | | |
| 9 | 6 | | 1 | |
| 10 | 14 | | 2 | |

ഈ പഞ്ചായത്തിൽ 1421 കുടുംബങ്ങൾക്കും സ്വന്തമായി ഉറപ്പുള്ള വീടില്ലാത്തവരാണെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം

വളരെ മോശപ്പെട്ടതാണെന്ന് കണക്കുകൾ കാണിക്കുന്നു. സർക്കാർ ഭവനനിർമ്മാണബോർഡ് ഇവകൾ വഴി ദുർബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബല വിഭാഗക്കാർക്ക് മാത്രമായും അതും വിരലിലെണ്ണാവുന്നവർക്ക് മാത്രവുമാണ് ലഭിക്കുന്നത്. വീട് പുതുക്കിപ്പണിയുന്നതിനും പൂർത്തീകരിക്കാത്ത വീട് പൂർത്തീകരിക്കുന്നതിനും ആവശ്യമായ വായ്പകളോ സഹായങ്ങളോ സാധാരണക്കാർക്ക് ലഭ്യമാവുന്നില്ല. പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്ക് പുനരധിവാസപദ്ധതിയുടെ ആനുകൂല്യം ഈ പഞ്ചായത്തിൽ വളരെ തുലോമാണ് ലഭിച്ചിട്ടുള്ളത്. ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ വിശേഷിച്ച് പാർപ്പിട നിർമ്മാണരംഗത്ത് ലഭ്യമായിക്കൊണ്ടിരിക്കുന്ന പുതിയ സങ്കേതങ്ങളും മാനങ്ങളും അവലംബിക്കുന്നതിനുള്ള വിമുഖത നിർമ്മാണജോലികളിൽ ശാസ്ത്രീയമായ മേൽനോട്ട നിർവ്വഹണം ഉറപ്പ് വരുത്തി വർദ്ധിച്ച തോതിൽ ഉൽപ്പാദനക്ഷമത കൈവരിക്കുന്നതിനുള്ള വൈമനസ്യം എന്നിവകളിലുള്ള കാഴ്ചപ്പാട് മാറ്റേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ ഉള്ള 1421 കുടിലുകൾ മാറി ഓടിട്ട് വീട് നൽകുന്നതിനും സ്ഥലം ഇല്ലാത്ത 334 കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകി അടുത്ത 5 വർഷം കൊണ്ട് നെടുമുടി പഞ്ചായത്തിൽ ഒരു ഭവനവിപ്ലവം ഉണ്ടാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1) സർക്കാരിൻേറയും മറ്റ് ഹൗസിങ്ങ് സംഘടനകളുടേയും ഭവനനിർമ്മാണവായ്പ ഏകോപിപ്പിച്ച് ഒരു ഏജൻസി വഴി വിതരണം നടത്തുക.

2) വായ്പയായി വിതരണം നടത്തുന്ന തുക വർദ്ധിപ്പിക്കുക.

3) കുട്ടനാട്ടിലെ പ്രദേശിക സ്വഭാവം പരിഗണിച്ച് വായ്പ തുക വർദ്ധിപ്പിക്കുക.

4) കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക.

5) വായ്പയ്ക്കായുള്ള ഭൂമിയുടെ പട്ടയവകാശം എന്നത് കൈവശഭൂമിയായി പരിമിതപ്പെടുത്തുക.

6) രജിസ്ട്രാഫീസിലെ ഫീസ് സമ്പ്രദായം ഇല്ലാതാക്കുക.

7) സർക്കാർ ലഭ്യമാക്കുന്ന വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.

8) അപേക്ഷകൾ ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം നടത്തുക.

9) ലോണുകളായി നൽകുന്നതും സൗജന്യമായി നൽകുന്നതുമായ വീടുകളുടെ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ പഞ്ചായത്ത് മെമ്പറന്മാരെക്കൊണ്ട് ചെയ്യിപ്പിക്കുക.

10) ഇപ്പോഴുള്ള പലിശ സമ്പ്രദായം കുറയ്ക്കുക.

11) അറ്റകുറ്റപ്പണികൾക്ക് വായ്പ അനുവദിക്കുക.

12) പണിതീരാതെ കിടക്കുന്ന വീടുകൾക്ക് പ്രത്യേക ലോൺ അനുവദിക്കുക.

13) ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

14) വീടുപണി നിർമ്മിതി കേന്ദ്രക്കാരെക്കൊണ്ട് ചെയ്യിപ്പിക്കുക.

15) സർക്കാർ പദ്ധതികൾ മൂലം നൽകുന്ന വീടുകൾക്കും പ്രകൃതിക്ഷോഭ പുനരധിവാസപദ്ധതികളുടെ ധനസഹായത്തിനുള്ള വരുമാന പരിധി എടുത്തുകളയുക.

16) ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിച്ച് ആ വഴി വീടുപണി നടത്തുക. സഹകരണ സംഘങ്ങളിൽ ലോണുകൾക്ക് ശമ്പളസർട്ടിഫിക്കറ്റുകൾക്ക് പുറമേ ഭൂമി ഈടുവെച്ച് വായ്പ നൽകുവാനുള്ള അവസരം കൂടി നടപ്പിൽ വരുത്തുക.

17) പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടു കൂടി സഹകരണ സംഘം വീട് നിർമ്മിച്ചു നൽകുക.

18) നിർമ്മിയ്ക്കുന്ന വീടു മാത്രം ഈടായി വായ്പ നൽകുന്ന പദ്ധതികൾ സർവ്വീസ് സഹകരണ സംഘങ്ങൾ ഏറ്റെടുക്കുക.

19) ലക്ഷം വീടു പദ്ധതി പട്ടികജാതി വർഗ്ഗകോളനിക്കാർ ഇവർക്കുവേണ്ടി ലഭ്യമാക്കുന്ന സ്ഥലം വാങ്ങി വീട് വെച്ച് വിതരണം നടത്തുക.

20) മൈത്രീ നിർമ്മാണ പദ്ധതിക്കും മറ്റ് കാലാകാലങ്ങളിലുള്ള സർക്കാർ പദ്ധതികൾക്കും പ്രചരണം നൽകുക.

21) എല്ലാ ഭവനപദ്ധതിപ്രകാരമുള്ളതും, സർക്കാർ ആനുകൂല്യങ്ങൾക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക.

9-ാം പദ്ധതി അവസാനിക്കുമ്പോൾ എല്ലാവർക്കും വീട് ലഭ്യമാകണമെങ്കിൽ പ്രാഥമികമായി ഭൂമി ലഭ്യമാകേണ്ടതുണ്ട്. പല വാർഡുകളിലും പഞ്ചായത്തുഭൂമി 2 സെൻറുമുതൽ 10 സെൻറ് വരെയുള്ളത് അടുത്തുള്ള ഭൂവുടമകൾ കയ്യേറിയിരിക്കുന്നു. ടി. ഭൂമി പഞ്ചായത്ത് ഏറ്റെടുത്തും

സർക്കാർ ഭൂമി പതിച്ചുവാങ്ങിയും വീടുവെയ്ക്കുവാൻ സ്ഥലം വിതരണം ചെയ്യേണ്ടതാണ്. പൊങ്ങ ഭൂതപണ്ടം കായലിന്റെ കിഴക്കേ അറ്റത്ത് ഏകദേശം 6 ഏക്കർ സ്ഥലം നികത്തി 150 ഓളം വീടുകൾ വെച്ച് വിതരണം ചെയ്യാവുന്നതാണ്. കോളനി സമ്പ്രദായത്തിനും പ്ലോട്ട് സമ്പ്രദായത്തിനും വേണ്ടി ലഭ്യമാകുന്ന സ്ഥലത്ത് നിർമ്മിതിയെക്കൊണ്ട് വീട് പണിയിക്കേണ്ടതാണ്.

സന്നദ്ധസംഘടനകളുടെ പരമാവധി മനുഷ്യാദ്ധ്വാനവും സാമ്പത്തിക സഹായങ്ങളും സമാഹരിച്ചും വിദേശകേന്ദ്രഏജൻസി (സർക്കാർ) കളിൽ നിന്നും ലഭ്യമാകുന്ന സഹായവും വാങ്ങി പാർപ്പിടപ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ്. അതിനുള്ള കൂട്ടായ്മക്കായി നമുക്ക് യത്നിക്കാം.

## സാമൂഹ്യക്ഷേമം.

ഭൂമുഖത്ത് നിന്ന് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുകയെന്നത് മാനവികതയ്ക്കുവേണ്ടി നിലകൊള്ളുന്നവരുടെ ഒരു സുപ്രധാന കർത്തവ്യമാണ്. ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് ഒരു ബോധം ഉയർന്നത് 1974ൽ മാത്രമാണ്. ഒരു പുരുഷനോ സ്ത്രീയോ കുട്ടിയോ വെറും വയറോടെ അന്തിയുറങ്ങുന്ന സ്ഥിതിയുണ്ടാവരുത്. പോഷകാഹാരക്കുറവുമൂലം ഒരു വ്യക്തിയുടേയും ശാരീരികവും മാനസികവുമായ ശേഷി മുരടിക്കപ്പെടില്ല എന്നതുമായിരുന്നു ഐക്യരാഷ്ട്ര സഭയുടെ ആദ്യ ഉച്ചകോടിയിലെ പ്രഖ്യാപനം. രണ്ടു ദശാബ്ദം കഴിഞ്ഞിട്ടും ഈ സ്ഥിതിയ്ക്ക് എന്ത് മാറ്റമുണ്ടായി. പഞ്ചവൽസര പദ്ധതികൾ പലതു കഴിഞ്ഞിട്ടും ഭാരതത്തിലെ സ്ഥിതിയെന്തായി? ഇന്ത്യയിൽ 36 പിന്നോക്ക ഗോത്ര വർഗ്ഗ ജില്ലയിലും കേരളത്തിലെ പാലക്കാട്, കോഴിക്കോട്, വയനാട്, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലും പട്ടിണി മരണത്തിന് സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര ആസൂത്രണ സമിതി ചൂണ്ടിക്കാട്ടിയിരിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അവകാശവാദത്തിന് വിരുദ്ധമാണിത്. തൊഴിൽ ഇല്ലായ്മ പരിഹരിക്കുകയോ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയോ അതുമല്ലെങ്കിൽ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്താൽ മാത്രമേ ആസൂത്രണം ഫലപ്രദമായി എന്ന് പറയാൻ സാധിക്കൂ.

സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ കാതലായ ഉദ്ദേശ്യം ദാരിദ്ര നിർമ്മാജ്ജനമാണ്. ദാരിദ്ര നിർമ്മാജ്ജന പദ്ധതികളിൽ പ്രധാനമായുള്ളത് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നതിന് അവർക്കുവേണ്ടി സാമ്പത്തിക സഹായമുൾപ്പെടെയുള്ള സൗകര്യങ്ങൾ ചെയ്യുക എന്നതുമാണ്. സംഘടിത അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതികളും നാമമാത്രമായ മറ്റുപദ്ധതികളും പഞ്ചായത്തിൽ നിലവിലുണ്ട്. പട്ടികജാതി വികസന കോർപ്പറേഷനും സാമൂഹ്യ ബോർഡും ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നു.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനക്കുറവ്, അർഹതപ്പെട്ടവർക്ക് ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, സാങ്കേതിക നൂലാമാലകൾ എന്നിവ പദ്ധതികൾ ജനങ്ങൾ ഉപകാരപ്രദമാക്കാതിരിക്കുന്നു. ബ്ലോക്ക് ഡവലപ്മെന്റ് ആഫീസിന്റെ കീഴിലുള്ള വില്ലേജ് സർക്കിളുകൾ വഴിയും ക്ഷേമ നിധി ബോർഡുകൾ വഴിയും നടപ്പിലാക്കുന്ന സാമ്പത്തിക സഹായങ്ങളെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല. ഈ പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 3000 ത്തോളം വീടുകളുള്ളപ്പോൾ I.R.D.P. സർവ്വേ പ്രകാരം 2021 കുടുംബങ്ങൾ മാത്രമേ ദരിദ്രരേഖയ്ക്ക് താഴെയുള്ളൂവെന്നാണ് റിപ്പോർട്ട്. നാളിതുവരെ വെറും 198 കുടുംബങ്ങൾക്കു മാത്രമേ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളൂ. സർവ്വേ പ്രകാരമുള്ള 99 പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങളിൽ 94 എണ്ണത്തിനു മാത്രമേ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളൂ.

ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്.

1) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അജ്ഞത അകറ്റുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സ് നടത്തുക.

2) പഞ്ചായത്തിലെ 2 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് എന്നത് മൂന്നാക്കി പഞ്ചായത്തിന്റെ കീഴിൽ കൊണ്ടു വരുക.

3) ദരിദ്രരേഖയുടെ പരിധി 30000 രൂപ ആക്കി ഉയർത്തുകയും അവരെ I.R.D.P. ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്യുക.

4) I.R.D.P. ലോണുകളിൽ കൃത്യത പാലിക്കുകയും ശരി

യായ വിധത്തിൽ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുക.

5) സന്നദ്ധസംഘടനകൾ വഴി നൽകുന്ന ധനസഹായതോത് വർദ്ധിപ്പിക്കുന്നതിനും മറ്റുമായി അവർക്ക് പ്രത്യേക സെമിനാറുകൾ സംഘടിപ്പിക്കുക.

6) സ്വയം തൊഴിൽ സംരംഭകരെ പ്രോൽസാഹിപ്പിക്കുകയും അവർക്ക് ആവശ്യമായ ലോൺ സൗകര്യങ്ങളും സാങ്കേതിക പരിജ്ഞാനവും നൽകുക.

7) പെൻഷനുകൾ കൃത്യസമയത്ത് എത്തിക്കുക.

8) വികലാംഗർക്കുള്ള ലോൺ, പെൻഷൻ എന്നിവയ്ക്കുള്ള വരുമാന പരിധി ഒഴിവാക്കുക.

9) തൊഴിലില്ലായ്മ വേതനക്കാർക്ക് തൊഴിൽ നൽകുക.

ക്ഷേമപ്രവർത്തനങ്ങളായ വിവാഹസഹായം, ആതുര ശുശ്രൂഷാ സഹായം, വിദ്യാഭ്യാസ സഹായം എന്നിവ പ്രദേശത്തെ സന്നദ്ധ സംഘടനകൾ വഴി വിതരണം ചെയ്യുന്നുണ്ട്. കക്കൂസ് നിർമ്മാണത്തിനാവശ്യമായ മുഴുവൻ തുകയും നൽകുക.

## D.W.C.R.A. സഹായപദ്ധതി.

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A.

D.R.W.C.A. സഹായ ലഭ്യതാക്കണക്ക്.

| വാർഡ് | വർഷം | തൊഴിൽ സംരംഭത്തിന്റെ ഇനം | | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| V | 92-93 | ഡയറി | യൂണിറ്റ് | 9 |
| VIII | 92-93 | ,, | ,, | 10 |
| X | 93-94 | ,, | ,, | 10 |
| IV | 95-96 | ,, | ,, | 10 |

ഈ പദ്ധതിപ്രകാരം ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുവാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതിലൂടെയുള്ള ഉൽപ്പന്നങ്ങൾ ഒരു സ്ഥലത്ത് സ്വരൂപിച്ച് സർക്കാർ ഏജൻസി മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

## ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം.

ട്രൈസം പരിശീലന ലഭ്യതാ പട്ടിക.

| വാർഡ് | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവർ |
|---|---|---|
| VIII | ബ്ലാക്ക് സ്മിത്ത് & വെൽഡിംഗ് | 1 |
| ,, | കമ്പോസിങ്ങ് | 1 |
| ,, | ഇലക്ട്രിക്കൽ | 2 |
| IX | റേഡിയോ & റ്റി.വി. റിപ്പയറിംഗ് | 1 |
| X | പ്ലംമ്പിങ്ങ് | 1 |
| X | റേഡിയോ & റ്റി.വി. റിപ്പയറിംഗ് | 1 |
| X | ബുക്ക് ബയൻറിംഗ് | 4 |
| X | ബ്ലാക്ക് സ്മിത്ത് & വെൽഡിംഗ് | 1 |
| X | ഇലക്ട്രിക്കൽ | 2 |

പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ ആരംഭിക്കുവാനുള്ള സൗകര്യം ചെയ്തുകൊടുക്കണം. പരിശീലന പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുകയും അവർക്ക് നൽകുന്ന സ്റ്റൈപ്പൻറു തുക വർദ്ധിപ്പിക്കുകയും ചെയ്യണം. കാർഷിക യന്ത്രോപകരണങ്ങളുടെ പ്രവർത്തനവും, റിപ്പയറിംഗ് എന്നിവ ട്രൈസം പദ്ധതിയിൽ ഉൾപ്പെടുന്നു.

## ടൂൾകിറ്റ്.

ഗ്രാമീണ തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. ഈ പദ്ധതിയെക്കുറിച്ച് നമ്മുടെ പഞ്ചായത്തിലെ തൊഴിലാളികൾ അജ്ഞരാണ്.

## C.R.S.P. കക്കൂസുകൾ

ദരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ്. 1992 മുതൽ 96 വരെ 116 കക്കൂസുകൾ അനുവദിയ്ക്കുകയും 108 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

വളരെക്കുറച്ച് ആളുകൾക്കു മാത്രമേ ഇതിൻെറ ഗുണം ലഭിക്കുന്നുള്ളൂ. കൂടുതലാളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും ടിയ്ക്കുള്ള സംഖ്യ വർദ്ധിപ്പിച്ച് കൊടുക്കുകയും വേണം.

ഗ്രാമപഞ്ചായത്തുകൾ വഴി വിധവാപെൻഷൻ, വികലാംഗപെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായങ്ങളുമാണ് ലഭ്യമാകുന്നത്.

**പെൻഷൻ ഗുണഭോക്താക്കളുടെ വിവരം.**

| വർഷം | അഗതി പെൻഷൻ | വിധവാ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | അവശ കലാകാരസാഹിത്യ പെൻഷൻ | ക്ഷയരോഗ പെൻഷൻ | ക്യാൻസർ രോഗപെൻഷൻ | കർഷികതൊഴിലാളിപെൻഷൻ | തൊഴിലില്ലായ്മ വേതനം | അവശ കായികതാരപെൻഷൻ | കുഷ്ട രോഗ പെൻഷൻ | വികലാംഗ പെൻഷൻ |
|---|---|---|---|---|---|---|---|---|---|---|---|
| 1991 | | 4 | 6 | | 1 | | 74 | 159 | | 6 | |
| 1992 | 1 | 1 | | | | | | 197 | | | |
| 1993 | | 15 | 5 | | | | 44 | 242 | | 5 | |
| 1994 | 1 | 12 | 6 | 7 | | 1 | | 289 | | | 6 |
| 1995 | | 20 | 7 | | | 2 | 49 | 304 | | | 7 |

### അങ്കണ വാടി.

പഞ്ചായത്തിലുള്ള അങ്കണവാടികൾ അടിസ്ഥാനപരമായി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കുട്ടികളെ ആകർഷിക്കുവാൻ ഇവർക്ക് സാധിക്കുന്നില്ല. രക്ഷകർത്താക്കൾക്ക് ഈ പ്രസ്ഥാനത്തോട് ഉള്ള അജ്ഞതയായിരിക്കും ഇതിനുള്ള കാരണം. കൂടാതെ പണം മുടക്കി ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തിയാൽ മാത്രമേ തങ്ങളുടെ കുട്ടിയ്ക്ക് ഉന്നത വിദ്യാഭ്യാസം ലഭിക്കൂ എന്നുള്ള ധാരണ കടന്നുകൂടിയിട്ടുണ്ട്. സ്വന്തമായി കെട്ടിടമില്ലായ്മ, ആവശ്യത്തിനുള്ള കളിപ്പാട്ടങ്ങളുടെയും ഉപകരണങ്ങളുടെയും ലഭ്യതക്കുറവ് എന്നിവയെല്ലാം അങ്കണവാടികളിൽ നിന്ന് ജനങ്ങളെ അകറ്റുന്നു. ഇതിന് അടിയന്തിരമായി പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തണം.

### നിർദ്ദേശങ്ങൾ.

1) നമ്മുടെ പഞ്ചായത്തിൽ സർക്കാർ സ്കൂളിനോട് അനുബന്ധിച്ച് വെറുതെ കിടക്കുന്ന ക്ലാസ്സ് മുറികൾ അങ്കണവാടികൾക്കായി കൊടുക്കുക.
2) ഉപയോഗമില്ലാത്ത സർക്കാർ കെട്ടിടങ്ങളിലും അങ്കണവാടികൾ ആരംഭിക്കാവുന്നതാണ്.
3) ഗൃഹസന്ദർശനം നടത്തുക, ക്യാമ്പുകൾ സംഘടിപ്പിക്കുക, വേണ്ട പ്രചരണം നടത്തുക എന്നിവയിൽ കൂടിയും അങ്കണവാടികളെ ജനങ്ങളുടെ പ്രധാന വിദ്യഭ്യാസകേന്ദ്രമാക്കുക.
4) പഞ്ചായത്തിലുള്ള എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും നൽകുക.
5) പഞ്ചായത്തിൻെറ കീഴിലുള്ള മിച്ചഭൂമി, പുറംപോക്ക്, ലീസ് ഭൂമി ഇവ അങ്കണവാടികൾക്ക് നൽകുക.
6) കുട്ടികൾക്ക് നൽകുന്ന പോഷകാഹാര പരിപാടിക്ക് സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക, വൈദ്യപരിശോധന കർശനമാക്കുക.
7) അങ്കണവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലസൃതമായി പരിഷ്ക്കരിക്കുക.
8) പൊതുപ്രവർത്തനത്തിൽ വർക്കർമാരേയും ഹെൽപ്പർമാരേയും സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.

## ക്ഷേമനിധി

### കർഷകതൊഴിലാളി ക്ഷേമനിധി

കർഷകത്തൊഴിലാളികൾ മുഴുവൻ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. തൊഴിലാളി യൂണിയനുകൾ മുൻകൈ എടുത്താണ് തൊഴിലാളികളെ അംഗങ്ങളാക്കേണ്ടത്. ക്ഷേമ

നിധിയിൽ അംഗങ്ങളായവരുടെ പെൺകുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം എന്നിവയ്ക്കുള്ള ധനസഹായമോ അംഗങ്ങൾ മരണപ്പെട്ടാൽ മരണാനന്തര ആനുകൂല്യമോ ലഭിക്കാറില്ല. ഈ അപാകത പരിഹരിക്കണം.

### കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

ഈ വിഭാഗത്തിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾ ധാരാളമുള്ള പഞ്ചായത്താണിത്. അവരെല്ലാവരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ഉടമവിഹിതം പിരിക്കുന്നില്ല. ഈ വിഭാഗത്തിൽപ്പെട്ട വിദഗ്ദ്ധതൊഴിലാളികൾക്ക് നൂതന ആശയത്തിലുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുക. ഇവർക്കാവശ്യമുള്ള ഉപകരണങ്ങൾ നൽകുക.

### കൈത്തൊഴിലാളി ക്ഷേമനിധി.

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരം കയറ്റക്കാർ, ബീഡിത്തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ, തേങ്ങവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല. ആയതിനുള്ള ബോധവൽക്കരണം നടപ്പിലാക്കണം.

സാമൂഹ്യ പദ്ധതികൾ ജനങ്ങളിലെത്തിക്കുവാൻ വേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

### പൊതുവിതരണം.

പൊതുവിതരണ സമ്പ്രദായ ശൃംഖല പഞ്ചായത്തിൽ കാര്യമായ രീതിയിൽ നടക്കുന്നില്ല. എല്ലാ വാർഡിലും റേഷൻ കടകൾ ഉണ്ടെങ്കിലും അവയിൽ പലതും തൂക്കത്തിലും അളവിലും കൃത്യത പാലിക്കുന്നില്ല. റേഷൻ കടകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലകൾക്ക് പരിഹാരം കാണേണ്ടതുണ്ട്. റേഷൻ കാർഡിനുള്ള വീട്ടുനമ്പർ സർട്ടിഫിക്കറ്റ് നൽകാനുള്ള കാലതാമസം ഒഴിവാക്കണം.

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് പരിഗണിച്ച് മാവേലി സ്റ്റോറുകൾ തുടങ്ങേണ്ടതാണ് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിച്ച് കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കേണ്ടതാണ്.

ഉപഭോക്തമേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കണം.

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിപ്പെടുത്തുക. ആരോഗ്യനന്മയ്ക്ക് വേണ്ടി പ്രകൃതിജീവനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ജീവിതരീതിയ്ക്ക് പ്രചരണം നൽകുക.

V.9

# സ്ത്രീപദവി



നെടുമുടി പഞ്ചായത്ത് കാർഷിക പ്രധാനമായ ഒരു പഞ്ചായത്താണ്. പഞ്ചായത്തിൽ കാർഷിക മേഖലയിലാണ് ബഹുഭൂരിപക്ഷവും പണിയെടുക്കുന്നത്. ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 21771 ആണ്. അതിൽ 11065 പേർ സ്തീകളും 10706 പേർ പുരുഷന്മാരുമാണ്. സ്ത്രീകൾ പുരുഷന്മാരേക്കാൾ 359 പേർ കൂടുതലാണ്. പഞ്ചായത്തിലെ സ്ത്രീകളുടെ അനുപാതം 1033 ആണ്. സംസ്ഥാന ശരാശരിയാകട്ടെ 1000-ന് 1036 ആണ്. നെടുമുടി പഞ്ചായത്തിലെ സ്ത്രീകളുടെ പദവി ലഭ്യമായ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാനാണ് ശ്രമം.

റിപ്പോർട്ടിന്റെ പരിമിതി ആദ്യം തന്നെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ, ആരോഗ്യ, തൊഴിൽ മേഖലകളിലൊന്നും തന്നെ ആശ്രയിക്കാവുന്ന സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ല. പൊതുവായ സൂചനകളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

കാർഷികരംഗത്താണ് സ്ത്രീകൾ കൂടുതൽ പണിയെടുക്കുന്നത്. ഈ രംഗത്ത് സ്ത്രീകൾക്കെതിരായ വമ്പിച്ച വിവേചനം നിലവിലുണ്ട്. അധ്വാനഭാരം കൂടിയ തൊഴിലിലേർപ്പെടുന്ന സ്ത്രീകൾക്കും പുരുഷന്മാരേക്കാൾ കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. കാർഷികമേഖലയിലെ കൂലിവ്യതിയാനം സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | 1985 | 1990 | 1996 |
|---|---|---|---|
| സ്ത്രീകൾ | 19 | 30 | 44 |
| പുരുഷന്മാർ | 30 | 40 | 70 |

കാർഷിക രംഗത്ത് വരുത്തുന്ന ഏതൊരു വ്യതിയാനവും മറ്റെല്ലാകാര്യത്തിലുമെന്നപോലെ, ആദ്യം ബാധിക്കുന്നത് സ്ത്രീക്കളെയാണ്. കാർഷികരംത്ത് സന്നിവേശിക്കപ്പെടുന്ന പുത്തൻ സങ്കേതികതയും, പുത്തൻ രീതികളും സ്ത്രീകളെ കകർഷിക തൊഴിലുകളിൽ നിന്നും പറിച്ചെറിയുന്ന സ്ഥിതി വിശേഷം നിലവിലുണ്ട്. ഉദാഹരണത്തിന് 'കളപറിക്കുക' എന്ന പ്രക്രിയ പുത്തൻ കളനാശിനികൾക്ക് വഴിമാറിയ കാര്യം പരിശോധിക്കുക. കളനാശിനി വമ്പിച്ച പാരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമാണ്. കളനാശിനി പോ

ലുള്ളവ ഉപയോഗിക്കേണ്ടതുണ്ടോ എന്നത് പ്രശ്നം വേറെ ചർച്ച ചെയ്യപ്പെടണം. എന്നാൽ ഈ നൂതന സങ്കേതങ്ങളുടെ രംഗപ്രവേശത്തോടെ ആദ്യം പുറംതള്ളപ്പെടുന്നത് സ്ത്രീയാണെന്നതാണ് പ്രശ്നം. കൊയ്ത്തിന് ആളെ കിട്ടാത്തതിനാൽ കൊയ്ത്ത് മെതിയന്ത്രം വ്യാപകമാക്കണമെന്ന വാദമുണ്ട്. ഇവിടെയും സ്ത്രീകളുടെ പ്രശ്നം പരിഗണിക്കപ്പെടുന്നില്ല. ഇന്ന് കൊയ്യുന്ന തൊഴിലാളികളിൽ 90% – ഉം സ്ത്രീകളാണ്. ഈ രംഗത്ത് യന്ത്രം കൊണ്ടു വരുന്നതോടുക്കൂടി ഇന്ന് പണി ലഭിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകൾക്ക് പരിമിതമായ ജോലി പോലും ലഭിക്കാതെയാകും. കാർഷികരംഗം നേരിടുന്ന മന്ദീഭാവം, സ്ത്രീകളെയാണ് ഏറ്റവും ബാധിച്ചിട്ടുള്ളത്. മറ്റുപ്രദേശങ്ങളിൽ നിന്നും വ്യത്യസ്ഥമായി കാർഷികരംഗത്തു നിന്നും പറിച്ചെറിയപ്പെടുന്ന സ്ത്രീകൾക്ക് പരിമിതമായെങ്കിലും മറ്റു മേഖലകൾ കണ്ടെത്താനാവുന്നില്ല എന്നത് കുട്ടനാടിൻെറ ഒരു സവിശേഷ പ്രശ്നമാണ്. പൊതുവേ തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഇവിടെയും രൂക്ഷമാണ്. നൂതന തൊഴിൽ മേഖലകളിൽ നിന്നും മറ്റെവിടെയും എന്നപോലെ തന്നെ ഇവിടെയും സ്ത്രീകൾ അകറ്റി നിർത്തപ്പെടുന്നത് കാണാം. സ്ത്രീകളുടെ തെരഞ്ഞെടുക്കാനുള്ള സാധ്യതകൾ മറ്റെവിടുത്തെക്കാളും പരിമിതമാണിവിടെ. കാർഷിക മേഖലയിലെ തന്നെ വിളമാറ്റം തുടങ്ങിയ പ്രവണതകളും സ്ത്രീകളെ കൂടുതലായി ബാധിക്കുന്നുണ്ട്. ഭക്ഷ്യവിളകൾ നാണ്യവിളകൾക്കും, മൽസ്യത്തിനുമൊക്കെയായി വഴിമാറുമ്പോൾ അധികം പുറന്തള്ളപ്പെടുന്നതും സ്ത്രീ തന്നെയാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല.

പൊതുവെ കുട്ടനാടൻ ജനത 'ആരോഗ്യ'രംഗത്ത് വമ്പിച്ച വെല്ലുവിളികളെ നേരിടുകയാണ്. തകർന്ന പാരിസ്ഥിതികാവസ്ഥ കുട്ടനാടിന് അടിക്കടി പകർച്ചവ്യാധികളും സമ്മാനിക്കുന്നുണ്ട്. ജപ്പാനീസ് എൻസാഫെലൈറ്റിസ് മുതലായവ പ്രത്യക്ഷപ്പെട്ടതും പേരുകേട്ടതുമായ രോഗങ്ങൾ മാത്രമല്ല മറ്റനവധി പരിസ്ഥിതിജന്യ രോഗങ്ങളുടെ വിളനിലമായി കുട്ടനാട് മാറുകയാണ്. വിഷമയമായ ജലാശയങ്ങളിലും പാടശേഖരങ്ങളിലും ഏറെ സമയം കഴിയേണ്ടിവരുന്നത് സ്ത്രീകളാണ്. ആയതിനാൽ തന്നെ അതിൻെറ രൂക്ഷമായ ഫലങ്ങൾ ഏറെ അനുഭവിക്കുന്നതും സ്ത്രീകളാണ്.

സാങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്ന പെൺകുട്ടികൾ മറ്റുള്ള പ്രദേശങ്ങളെ അപേക്ഷിച്ച് കുട്ടനാട്ടിൽ കുറവാണെന്ന് കാണാം. ഇതുകൊണ്ടുതന്നെയാകണം കാർഷികരംഗത്തുനിന്നും പറിച്ചെറിയപ്പെടുന്ന സ്ത്രീ പരിമിതമായ തോതിൽ പോലും നൂതന തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ട് കാണുന്നില്ല. പാടത്തും, കായൽ നിലങ്ങളിലും പണിക്കുപോയിരുന്ന മാതാപിതാക്കളുടെ വീട്ടുത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നിറവേറ്റാൻ പെൺകുട്ടികൾ പഠിപ്പ് നിർത്തുന്ന സാഹചര്യം മുമ്പ് കുട്ടനാട്ടിൽ വ്യാപകമായിരുന്നു. എന്നാൽ ഇന്ന് അതത്ര വ്യാപകമല്ല. ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തി പരിഹരിക്കുക തന്നെ വേണം.

മഹിളാ പ്രസ്ഥാനങ്ങളിലൊഴികെ മറ്റു സാമൂഹ്യ പ്രസ്ഥാനങ്ങളിൽ സ്ത്രീകളുടെ നേതൃത്വപരമായ പങ്ക് തീരെ ഇല്ല എന്നുതന്നെ പറയാം. ക്ലബ്ബുകളുടേയും വായനശാലകളുടേയും നേതൃസ്ഥാനങ്ങളിൽ പോലും സ്ത്രീ ഇല്ല. പ്രധാന രാഷ്ട്രീയ പാർട്ടികളുടേയും ട്രേഡ് യൂണിയൻ ബഹുജനപ്രസ്ഥാനങ്ങളുടേയും ഒന്നും നിർണ്ണായകമായ പദവികളിൽ സ്ത്രീകൾ ഇല്ലതന്നെ. ഏറെപേർ തൊഴിലെടുക്കുന്ന കാർഷികമേഖലയിലും തൊഴിലാളികളുടെ എണ്ണത്തിൽ സ്ത്രീകളാണ് മുമ്പിലെങ്കിലും ഒരു കർഷക ത്തൊഴിലാളി യൂണിയനിലും സ്ത്രീ നിർണ്ണായക പദവി വഹിക്കുന്നില്ല എന്നു കാണാം.

സ്ത്രീധന സമ്പ്രദായം, കാണാപ്പണികളുടെ അളക്കാച്ചുമട് എന്നിവയെല്ലാം പഞ്ചായത്തിലും വ്യാപകമാണ്. പഞ്ചായത്തിനകത്ത് സ്ത്രീപീഢനങ്ങൾ വ്യാപകമായി റിപ്പോർട്ട് ചെയ്യുന്നില്ല.

## പ്രശ്നങ്ങൾ, സാധ്യതകൾ

1) കാർഷികമേഖലകളുടെ മാന്ദ്യവും നവീകരണവും ഒരുപോലെ സ്ത്രീയെ തൊഴിലിൽ നിന്നും പുറന്തള്ളുന്നു.
2) കാർഷികമേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്ന സ്ത്രീകൾക്ക് പരിമിതമായിപോലും മറ്റുമേഖലകൾ കണ്ടെത്താനാകുന്നില്ല. വളരെ പരിമിതമായ പ്രവൃത്തിപഥം.
3) വിളമാറ്റവും, സാങ്കേതിക വ്യതിയാനവും കാർഷിക രംഗത്തുനിന്നും സ്ത്രീയെ അന്യവൽക്കരിക്കുന്നു. കാർഷിക രംഗത്ത് നടത്തുന്ന നവീകരണ പ്രക്രിയകളിലൊന്നും സ്ത്രീ

കളുടെ പ്രശ്നങ്ങൾ പരിഗണിക്കുകയും പരിശോധിക്കുകയും ചെയ്യുന്നില്ല.

4) സാങ്കേതിക - തൊഴിൽ (നൂതന) വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീകൾ പൊതുവെ പിറകിലാണ്.

5) പാരിസ്ഥിതിക തകർച്ച സ്ത്രീകളുടെ മേൽ വരുത്തിവെയ്ക്കുന്ന വർദ്ധിച്ച ഭാരം - ആരോഗ്യ പ്രശ്നങ്ങൾ.

6) സാങ്കേതിക - തൊഴിൽ വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥ.

7) കൂലി വിവേചനം.

8) രാഷ്ട്രീയ - സാമൂഹ്യപ്രസ്ഥാനങ്ങളിലെ സ്ഥാനമില്ലായ്മ.

9) സ്ത്രീധനം - മദ്യം.

## സാധ്യതകൾ.

• സ്ത്രീകളുടെ തൊഴിൽ പദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം. സ്ത്രീകളുടെ പ്രവൃത്തിപഥം വിപുലപ്പെടുത്തുക എന്നതാവണം ലക്ഷ്യം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. അതിനാകട്ടെ നൂതനവും, പുത്തൻ സാങ്കേതിക വിദ്യയിൽ അനുഷ്ഠിതമായ ജോലികളിൽ സ്ത്രീകളെ പരിശീലിപ്പിക്കുകയും തൊഴിൽ കൂട്ടായ്മകൾ സൃഷ്ടിക്കുകയും വേണം.

• കാർഷികമേഖലയിൽ വരുത്തുന്ന ഏതൊരു വ്യതിയാനവും, വ്യതിയാനം മൂലം പുറന്തള്ളപ്പെടുന്ന സ്ത്രീകളുടെ പുനരധിവാസം പരിഗണിച്ചുകൊണ്ടും പരിഹരിച്ചുകൊണ്ടും മാത്രമേ നടപ്പിലാക്കാവൂ.

• നൂതന തൊഴിൽ സംരംഭങ്ങളിൽ വനിതാസഹകരണ സംഘങ്ങൾ, രൂപീകരിക്കണം. വനിതാ വ്യവസായമെന്നാൽ ഫുഡ്പ്രോസസിംഗും, റെഡിമെയ്ഡും എന്ന രീതിയിലാകുവാൻ പാടില്ല. ഇലക്ട്രോണിക്സ്, ഇലക്ട്രിക് ഉപകരണ റിപ്പയറിംഗ്, പ്ലംബ്ബിഗ്, വയറിംഗ് തുടങ്ങിയ മേഖലകളിലൊക്കെ ഇതാകാം.

• വനിതകൾക്കായി പുരയിട കൃഷി പദ്ധതി, പഞ്ചായത്ത് അടിസ്ഥാനത്തിൽ ഏകോപനം വേണം. മാർക്കറ്റിംഗ് സംവിധാനം രൂപപ്പെടുത്തണം. വനിതകൾക്ക് അധിക വരുമാനമായിരിക്കണം ലക്ഷ്യം.

• സമ്പൂർണ്ണ സ്ത്രീ-ശിശു ആരോഗ്യ പരിപാടി - ജലജന്യമായ രോഗതുരത പൂർണ്ണമായും നിർമ്മാജനം ചെയ്യുന്നതിനാവശ്യമായ പദ്ധതി.

• അങ്കണവാടികൾ കേന്ദ്രീകരിച്ച് സ്ത്രീ സംഘങ്ങൾ രൂപപ്പെടുത്തണം. തങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള കേന്ദ്രങ്ങളായി അങ്കണവാടിയും മാറണം.

• ഓരോ അങ്കണവാടിയും കേന്ദ്രീകരിച്ച് ' Work shed' കൾ ആലോചിക്കാം. നൂതനതൊഴിൽ സൗകര്യങ്ങൾ ഇവിടെ ആരംഭിക്കാം.

• ചാരായം, മദ്യം, മറ്റു ലഹരി പദാർത്ഥങ്ങൾ ഇവയ്ക്കെതിരായ പ്രവർത്തനങ്ങൾ.

• ആഡംബര വിവാഹങ്ങളെ നിരുത്സാഹപ്പെടുത്തൽ.

• വായനശാല - ഗ്രന്ഥശാല ഇവയിൽ സ്ത്രീകൾക്ക് പ്രത്യേക സമയം, വനിത പുസ്തകകോർണർ മുതലായവ ആലോചിക്കണം. വനിതാ പുസ്തക കോർണറിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംബ്ന്ധിച്ച ചർച്ചകൾ, ക്ലാസ്സുകൾ, വ്യത്യസ്തഗ്രൂപ്പുകളുമായുള്ള സംവാദങ്ങൾ എന്നിവയൊക്കെ ആസൂത്രണം ചെയ്യണം.

V.10

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

നെടുമുടി ഗ്രാമപഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 9% പട്ടികജാതി വിഭാഗമാണ്. 376 പട്ടികജാതി കുടുംബങ്ങളും 2 പട്ടികവർഗ കുടുംബങ്ങളും 3 എണ്ണം അംഗീകാരത്തിനു സമർപ്പിച്ച കോളനികളും, കൂടാതെ പല വാർഡുകളിലും കോളനി അനുവദിക്കുന്നതിനുള്ള സാധ്യതകൾ ഉള്ളതുമാകുന്നു. കോളനയിൽപ്പെട്ട കുടുംബങ്ങളും, മറ്റു വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളും ഇടകലർന്ന് ജീവിച്ചുവരുന്നു. കോളനികളിലായി ആകെ 53 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. സാമൂഹ്യ സാംസ്കാരിക, വിദ്യാഭ്യാസ രംഗത്ത് കുറെയൊക്കെ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാമ്പത്തിക, ഉദ്യോഗ, ഭരണപരമായ കാര്യങ്ങളിൽ ആശാവഹമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

സാമൂഹ്യസമത്വങ്ങൾക്കും, തൊട്ടുകൂടായ്മയ്ക്കും വിധേയരായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റപ്പെട്ട് വളരെയധികകാലം എല്ലാവിധ പീഢനങ്ങൾക്കും വിധേയരാകേണ്ടി വന്ന ഈ വിഭാഗത്തിന് ഉപജീവന മാർഗം കാർഷികമേഖലയിലെ കൂലിപ്പണിയും, തഴപ്പായ് നെയ്ത്ത്, കുട്ട, വട്ടി, മുറം മുതലായ പരമ്പരാഗത കൈത്തൊഴിലും മാത്രമായിരുന്നു. ജന്മിയുടെ (തമ്പുരാന്റെ) ആശ്രിതരും തമ്പുരാന്റെ പൂർണവിധേയത്വത്തിൽ തൊഴിൽ രംഗത്ത് എന്തും ചെയ്യുവാൻ മടിയില്ലാത്തവരുമായിരുന്ന ഈ വിഭാഗങ്ങൾക്ക് താമസിക്കുവാൻ ഒരു തുണ്ടുഭൂമി പോലും ഉണ്ടായിരുന്നില്ല. ആജ്ഞാശക്തിയുള്ള തമ്പുരാന്റെ ആത്മാർത്ഥതനിമിത്തം പാടങ്ങളുടെയും, കായലുകളുടെയും പുറവരമ്പത്തും പാടങ്ങളുടെ സംരക്ഷണാർത്ഥം പാടത്തിന്റെ മധ്യഭാഗത്ത് പൊക്കിയെടുത്ത ഒറ്റപ്പെട്ട പുരയിടങ്ങളിലും ഈ വിഭാഗങ്ങൾക്കു താമസിക്കുവാൻ അനുവാദം ഉണ്ടായിരുന്നുള്ളൂ.

അവിടെ ചെറ്റപ്പുരകൾ നിർമ്മിച്ച് താമസിക്കുകയും തമ്പുരാന്റെ പാടത്തേക്കു കൃഷിപ്പണികൾ രാവും പകലുമില്ലാതെ ആത്മാർത്ഥമായി ചെയ്യുകയും വേതനമായി കിട്ടുന്ന ഒന്നോ, ഒന്നരയോ കൂലിയാൽ നെല്ലുകുത്തി ജീവിച്ചുവരികയും ഇങ്ങനെ ഹൃദയശുദ്ധിയോടുകൂടിയുള്ള പരിസ്പരബന്ധം ഒരിക്കലും മറക്കാനാവാത്തതുമായിരുന്നു. കല്യാണം, മരണം, പോലീസ് കേസ് എന്നിങ്ങനെയുള്ള ഏതു കാര്യതിനും കലവറയില്ലാത്ത സഹായവും-ധനവും

നൽകി യഥാസമയം തമ്പുരാൻ രക്ഷിക്കുമായിരുന്നു. എല്ലാ കാര്യത്തിനും ആശ്രയം തമ്പുരാൻ മാത്രമായിരുന്നു.

സ്വാതന്ത്ര്യാനന്തരഘട്ടത്തിൽ ഈ സാമൂഹ്യാവസ്ഥയിൽ നിന്നും ഈ വിഭാഗത്തെ സ്വതന്ത്രമായി ചിന്തിപ്പികുന്നതിനും മാനുഷികമായ അവകാശങ്ങളെക്കുറിച്ചു ബോധവൽക്കരിക്കുന്നതിനും, സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനവും, അതിലൊക്കെ ഉപരി പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും, തൊഴിലാളി സംഘടനകളുടെയും ധീരോദാത്തമായ ഇടപെടലും, സമീപനവും, പ്രവർത്തനങ്ങളും നിമിത്തം പടിപടിയായുണ്ടായ മാറ്റമാണ് സാമൂഹ്യസാംസ്കാരിക രംഗത്ത് അഭിമാനനകരമായ മാറ്റത്തിന് കാരണമായിത്തീർന്നത്. തുടർന്ന് ജനാധിപത്യ വ്യവസ്ഥയിൽ രൂപീകൃതമായ ഗവ. ക്ഷേമപദ്ധതികളും, ഭരണഘടനാപരമായ സംരക്ഷകളും, ഭൂനിയമവും, കുടികിടപ്പുനിയമവും മൂലം ലഭ്യമായ സാഹചര്യങ്ങളിലൂടെയാണ് സമൂഹത്തിൻെറ മുഖ്യധാരയിൽ നിന്നും അവഗണിക്കുവാനാവാത്ത ഇന്നത്തെ സ്ഥിതിവിശേഷം ഈ വിഭാഗങ്ങൾക്ക് ലഭ്യമായിട്ടുള്ളത്. എന്നാൽ സർക്കാർ ഈ വിഭാഗങ്ങളുടെ പുരോഗതിക്കും, ക്ഷേമത്തിനും വേണ്ടി നടപ്പാക്കിവരുന്ന നിരവധി പദ്ധതികൾ സംബന്ധിച്ചുള്ള അറിവില്ലായ്മ നിമിത്തവും, പ്രയാസമേറിയ നിബന്ധനകൾ ഉൾക്കൊള്ളുന്നതിനാലും, നടപ്പാക്കുന്ന ഏജൻസികളുടെ ആത്മാർത്ഥതക്കുറവും നിമിത്തം യഥാർത്ഥ ഗുണഫലം ഈ വിഭാഗങ്ങൾക്ക് ലഭ്യമാകാതെ പോകുന്നു. ഇതു കൂടി പരിഹരിക്കുന്നതായാൽ വലിയ താമസം കൂടാതെ മറ്റുള്ളവർക്കൊപ്പം എത്തിച്ചേരുവാൻ ഈ വിഭാഗങ്ങൾക്കും കഴിയും.

## വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. വിദ്യാലയങ്ങളുടെ കുറവുകൊണ്ടല്ല. കുടുംബത്തിൻെറ ഭൗതിക സാഹചര്യങ്ങൾ കുട്ടികളുടെ പഠനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഈ പോരായ്മ പരിഹരിക്കുന്നതായാൽ വിദ്യാഭ്യാസരംഗത്ത് ഇന്നുള്ളതിനേക്കാൾ ഇരട്ടി മെച്ചപ്പെട്ട നിലവാരം ഉണ്ടാക്കുവാൻ കഴിയും. രക്ഷകർത്താക്കൾക്ക് കുട്ടികളെ പഠിപ്പിച്ച് ഉന്നതന്മാരാക്കണം എന്നുള്ള ആഗ്രഹമുള്ളവരാണ്. എന്നാൽ കാർഷികമേഖലയിൽ നിന്നും കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാൻ സാമ്പത്തികം അനുവദിക്കുന്നില്ല. കൂടുതൽ വിദ്യാർത്ഥികളും 10-ാം ക്ലാസ് കൊണ്ട് പഠിത്തം നിർത്തേണ്ടതായി വരുന്നു. കോളേജിൽ പോകുന്നവർ വളരെ കുറച്ചു കുട്ടികൾ മാത്രമേയുള്ളൂ. IAS, IPS, MBBS തുടങ്ങിയ ഉന്നത ബിരുദങ്ങൾക്ക് ആരും തന്നെ ഉണ്ടാവുന്നില്ല. സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി വളരെയധികം പ്രയോജനം ചെയ്യുന്നുണ്ട്. അതുപോലെ ഇന്നു നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും പഠനോപകരണങ്ങൾ പാഠപുസ്തകം, നോട്ടുബുക്ക്, സ്കോളർഷിപ്പ് എന്നിവ പഞ്ചായത്തിൽ നിന്നും സൗജന്യമായി നൽകുവാനും നിയമം ഉണ്ടാകേണ്ടിയിരിക്കുന്നു. 96-97 അധ്യായനവർഷത്തിൽ 395 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്.

## തൊഴിൽ

ഭൂരിപക്ഷം ആളുകളും കാർഷിക മേഖലയിൽ കൂലിപ്പണി ചെയ്ത് ഉപജീവനം കഴിഞ്ഞുവരുന്നു. സ്ത്രീ തൊഴിലാളിക്ക് 44 രൂപയും പുരുഷതൊഴിലാളിക്ക് 70 രൂപയും കൂലി കിട്ടുന്നു. വർദ്ധിച്ചു വന്ന നിത്യോപയോഗ സാധനങ്ങളുടെ വിലയുമായി തട്ടിക്കുമ്പോൾ ഇത് വളരെ തുച്ഛമായ വേതനം മാത്രമാണ്. എല്ലാ ദിവസവും തൊഴിൽ ഇല്ലതാനും. കഷ്ടിച്ച് ഒരു സീസണിൽ (ഒരു വിളവെടുപ്പ്) 30 തൊഴിൽ പോലും കിട്ടുന്നില്ല. ഈ അവസ്ഥയിലേക്ക് കാർഷികമേഖലയിലെ സ്തംഭനാവസ്ഥ തുടർന്നുവരുന്നു. മറ്റു തൊഴിലുകൾ ഒന്നും തന്നെ ഈ വിഭാഗത്തിനു ചെയ്യുവാൻ കഴിയുന്നില്ല. പരമ്പരാഗത തൊഴിലുകളായിരുന്ന തഴപായ്, കുറുവട്ടി, മുറം എന്നിവയുടെ നിർമ്മാണവും ഇവയ്ക്കുള്ള തഴ, പുല്ല്, ഈറ മുതലായവയുടെ ലഭ്യതകുറവു നിമിത്തം നടക്കുന്നില്ല. വ്യാവസായിക-കച്ചവടരംഗത്തും, ഖാദി, വ്യവസായം പോലെ ഗവ. ധനസഹായത്തിൽ നടത്തപ്പെടുന്ന യാതൊന്നും ഈ വിഭാഗത്തിനു നാളിതുവരെ ലഭ്യമായിട്ടില്ല. തൊഴിൽ രംഗത്തെ ഈ പരിചയം വളർന്നുവരുന്ന തലമുറയെ അലസന്മാരും മടിയന്മാരും ആക്കിത്തീർക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഇതിന് പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. കാർഷികമേഖലയിൽ കൂടുതൽ തൊഴിലും വർദ്ധിപ്പിച്ച വേതനവും ലഭ്യമാകേണ്ടിയിരിക്കുന്നു. ഭൂനിയമം മൂലം അർഹിക്കപ്പെട്ട മിച്ചഭൂമി ലഭിച്ചിട്ടില്ല. ലഭിച്ച ഭൂമിയിൽ കൃഷി ഇറക്കുകയും സാമ്പത്തിക ബുദ്ധിമുട്ട് രണ്ടു രംഗത്തും മുന്നോട്ടുപോകുവാൻ സാധിക്കാതെ വഴിമുട്ടി നിൽക്കുന്നു. ഇവയ്ക്കെല്ലാം ശാശ്വതമായ പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

## പാർപ്പിടം

നെൽവയലുകൾ സംരക്ഷിക്കുന്നതിനു വേണ്ടി പാടശേഖരങ്ങളുടെ വരമ്പത്തും, പാടത്തിന്റെ മധ്യത്തിൽ പൊക്കിയ പുരയിടങ്ങളിലും മാത്രം ഒറ്റപ്പെട്ട താമസസൗകര്യം ഉണ്ടായിരുന്ന ഈ വിഭാഗം പൂർണമായും ചെറ്റപ്പുരകളിലാണ് താമസിച്ചുവന്നത്. കുടികിടപ്പു നിയമം മൂലം 10 സെൻറ് ഭൂമിയുടെ ഉടമകൾ ആയിത്തീരുകയും ഗവ. ധനസഹായത്തിനും കഴിഞ്ഞിട്ടുണ്ട്. ഇവയ്ക്ക് വേണ്ടത്ര ഭൗതിക സാഹചര്യങ്ങൾ ഇല്ല എന്നുള്ള ദുഃഖകരമായ അവസ്ഥ ഇപ്പോഴും തുടരുകയാണ്. കുടികിടപ്പു ഭൂമി ലഭിക്കാതിരിക്കുന്ന ഒട്ടനവധി ആളുകളും, അതുനിമിത്തം ഗവ. യാതൊരുവിധ സഹായങ്ങളും ലഭ്യമാകാതിരിക്കുന്നവരും ഇന്നുമുണ്ട്. അങ്ങനെ സ്വന്തമായി ഇന്നും സ്ഥലവും-വീടുമില്ലാത്തവർ നിരവധിയാണ്. ഗവ. ധനസഹായത്താൽ വച്ചിട്ടുള്ള വീടുകളുടെ പൂർത്തീകരണം നാളിതുവരെ ഉണ്ടാകാത്ത നിരവധി വീടുകളും ഉണ്ട്. ധനസഹായത്തിന്റെ അപര്യാപ്തതയും സ്വന്തമായി പണം മുടക്കുവാൻ ഇല്ലാത്തതിനാലുമാണ് ഇതു പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളത്. കക്കൂസ്, വൈദ്യുതി, കുടിവെള്ളം, എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകാത്ത നിരവധി കുടുംബങ്ങൾ ഉണ്ട്. ഒറ്റപ്പെട്ട താമസസൗകര്യങ്ങൾ നിമിത്തം ഗവ. ആവിഷ്കരിച്ചിട്ടുള്ള കോളനികൾ ഇവിടെ ലഭിക്കുന്നതിനും, കോളനികളുടെ ഗുണഫലം ലഭ്യമാകുന്നതിനും കഴിയാതെ പോയിട്ടുണ്ട്. നാമമാത്രമായി ചില കോളനികൾ മാത്രമാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഈ അവസ്ഥയ്ക്കെല്ലാം ശാശ്വതമായ പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. പല കാര്യത്തിലും നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

വിദ്യാഭ്യാസരംഗത്ത് ഇന്നുള്ള പദ്ധതികളും സഹായങ്ങളും അപര്യാപ്തമാണ്. സാമൂഹ്യമായ ഒറ്റപ്പെടുത്തൽ കുടുംബത്തിന്റെ ഭൗതിക സാഹചര്യങ്ങൾ എന്നിവ വിദ്യാഭ്യാസമേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. കാർഷികമേഖലയിൽ ഇന്നുള്ള തൊഴിൽ സ്തംഭനാവസ്ഥ നിലനിൽക്കുന്നു. ഭൂരിപക്ഷം കുടുംബാംഗങ്ങൾക്കും സ്വന്തമായ സ്ഥലവും വീടും ലഭ്യമായിട്ടില്ല. പ്രാഥമിക ആവശ്യങ്ങൾക്കുള്ള കക്കൂസ്, വൈദ്യുതി, ശുദ്ധജലം എന്നിവകൾ ലഭ്യമല്ല.

കുടികിടപ്പുഭൂമിക്കും, കൈമാറ്റഭൂമിക്കും പട്ടയം മുഴുവൻ കുടുംബങ്ങൾക്കും ലഭിച്ചിട്ടില്ല.

ശ്മശാനങ്ങൾ രണ്ടെണ്ണമുണ്ടെങ്കിലും പഞ്ചായത്തിന്റെ വിസ്തൃതി വച്ചുനോക്കുമ്പോൾ അപര്യാപ്മാണ്.

ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം നടപ്പിലാക്കിയിട്ടില്ല. ആരോഗ്യസംരക്ഷണ സംവിധാനം പരിമിതമാണ്.

വൈദ്യസഹായം, പെൺകുട്ടികളുടെ വിവാഹസഹായം എന്നിവയ്ക്കുള്ള ഇപ്പോൾ ലഭിക്കുന്നതിനുള്ള തുക അപര്യാപ്തമാണ്.

മിശ്രവിവാഹിതർക്ക് എല്ലാവിധ സൗജന്യങ്ങളും, നിയമസഹായവും ലഭിക്കുന്നില്ല.

വ്യവസായം, കച്ചവടം എന്നിവൾക്ക് ധനസഹായമോ, സ്വയംതൊഴിൽ പരിശീലനപദ്ധതി IRDP പദ്ധതി, പട്ടികജാതി വികസന കോർപറേഷൻ പദ്ധതികൾ എന്നിവ ഫലപ്രദമായി നടക്കുന്നില്ല. മിച്ചഭൂമി അർഹതപ്പെട്ടവർക്കു പൂർണമായും ലഭിക്കുന്നില്ല. പരമ്പരാഗത തൊഴിൽ പുഷ്ടിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ആരാധനാലയങ്ങൾ ജീർണാവസ്ഥയിലാണ്. സാംസ്കാരിക പുരോഗതിക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

പട്ടികജാതി സഹകരണാടിസ്ഥാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. വിദ്യാസമ്പന്നരായ ആളുകൾക്ക് യഥാസമയം തൊഴിൽ ലഭിക്കുന്നില്ല.

1. സാമൂഹ്യമായ ഒറ്റപ്പെടുത്തൽ നേരിയ തോതിലെങ്കിലും നിലനിൽക്കുന്നു.
2. കുടുംബങ്ങളുടെ ഭൗതിക സാഹചര്യം മെച്ചമല്ല.

3. വിദ്യാഭ്യാസരംഗത്ത് ഇന്നുള്ള പദ്ധതികളും സഹായങ്ങളും അപര്യാപ്തമാണ്.

4. കാർഷികമേഖലയിലെ സാമ്പത്തിക സാഹചര്യങ്ങൾ മെച്ചമല്ല.

5. കാർഷികമേഖലയിൽ ഇന്നുണ്ടായിട്ടുള്ള തൊഴിൽ സ്തംഭനാവസ്ഥ.

6. ഭൂരിപക്ഷം കുടുംബങ്ങൾക്കും സ്വന്തമായി സ്ഥലവും വീടും ലഭ്യമായിട്ടില്ല.

7. പല പദ്ധതികളിലൂടെ ലഭിച്ചിട്ടുള്ള ഭൂമി കൃഷിക്കോ വാസത്തിനോ അനുയോജ്യമല്ല.

8. കുടിവെള്ളം ഭൂരിപക്ഷം കുടുംബങ്ങൾക്കും ആവശ്യത്തിനോ അടുത്തോ ലഭ്യമല്ല.

9. കക്കൂസ്, വൈദ്യുതി എന്നിവ ഭൂരിപക്ഷം കുടുംബങ്ങൾക്കും ഇന്നും അന്യമാണ്.

10. കുടികിടപ്പുഭൂമിയ്ക്കും, കൈവശഭൂമിയ്ക്കും പട്ടയം മുഴുവൻ കുടുംബങ്ങൾക്കും ലഭിച്ചിട്ടില്ല.

11. ശ്മശാനങ്ങൾ രണ്ടെണ്ണം ഉണ്ടെങ്കിലും അവയുടെ സൗകര്യം പരിമിതമാണ്. കൂടാതെ പഞ്ചായത്തിന്റെ വിസ്തൃതി വച്ചുനോക്കുമ്പോൾ അപര്യാപ്തമാണ്.

12. ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസം.

13. നിർദ്ധന കുടുംബങ്ങളിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹധനസഹായം, വൈദ്യചികിൽസയ്ക്കുള്ള ധനസഹായം ഇവ അപര്യാപ്തമാണ്.

14. വ്യവസായം, കച്ചവടം എന്നിവ തുടങ്ങുന്നതിന് ധനസഹായം ലഭിക്കുന്നില്ല.

15. സ്വയംതൊഴിൽ പരിശീലന പദ്ധതികൾ ഫലപ്രദമല്ല.

16. IRDP, PMRY തുടങ്ങിയ പദ്ധതികളുടെ പ്രയോജനം അർഹതപ്പെട്ടവർക്ക് എത്തുന്നില്ല.

17. പട്ടികജാതി വികസനവകുപ്പ്-കോർപറേഷൻ തുടങ്ങിയവയുടെ പ്രവർത്തനം ശരിയായി അർഹതപ്പെട്ടവരിൽ എത്തുന്നില്ല.

18. മിച്ചഭൂമി വിതരണത്തിൽ അപാകതകൾ ആദ്യകാലം മുതൽക്കുതന്നെ ഉണ്ട്.

19. ഖാദിഗ്രാമവ്യവസായ പ്രവർത്തനങ്ങളുടെ പദ്ധതി പ്രയോജനം ഈ വിഭാഗങ്ങൾക്ക് എത്തുന്നില്ല.

20. ഈ വിഭാഗങ്ങളുടെ പരമ്പരാഗത കൈത്തൊഴിലുകളായിരുന്ന തഴപ്പായ് നെയ്ത്ത്, കുട്ടവടി, മുറം തുടങ്ങിയവയുടെ വിപണനസൗകര്യങ്ങളും മരവിച്ചു നിൽക്കുന്നു.

21. ആരാധനാലയങ്ങളും, പരമ്പരാഗത ആചാരാനുഷ്ഠാനങ്ങളും കലകളും അർഹമായ പ്രോൽസാഹനവും സഹായവും കൂടാതെ നശിക്കുന്നു.

22. ഈ വിഭാഗങ്ങൾക്ക് കൂടുതൽ കുടുംബങ്ങൾ ചേർന്ന് താമസിക്കുന്ന സ്ഥലങ്ങളിൽ വായനശാല, ഗ്രന്ഥശാല, ബാലവാടി തുടങ്ങിയവയുടെ സേവനം ലഭ്യമല്ല.

23. സർക്കാർ, സർക്കാരിത, അർദ്ധസർക്കാർ മേഖലകളിലെ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരല്ല.

24. ഈ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള സഹകരണസംഘങ്ങൾ ശരിയായി പ്രവർത്തിക്കുന്നില്ല.

25. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടും അർഹതപ്പെട്ട ആനുകൂല്യങ്ങളും സഹായങ്ങളും ലഭിക്കുന്നില്ല.

### നിർദേശങ്ങൾ

1. വീടുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം നിലവിലുള്ളതിൽ നിന്നും ഇരട്ടിയായി വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും എല്ലാവർക്കും നൽകുകയും ചെയ്യുക.

2. വീടുകൾ പൂർണമായും പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ധനസഹായം ലഭ്യമാക്കുക.

3. ഗവ. അനുവദിച്ചിട്ടുള്ള വീടുകളുടെ പണി പൂർത്തിയായിട്ടില്ലാത്തതിനാൽ അവയുടെ പണി പൂർത്തീകരിക്കുന്നതിനുള്ള ധനസഹായം മെയ്ൻറനൻസ് അനുവദിക്കുക.

4. പട്ടികജാതി വികസന കോർപറേഷൻ-ബ്ലോക്ക് എന്നിവിടെ വീടുവെക്കുന്നതിനുവേണ്ടി ഭൂമിയുടെ പട്ടയം നൽകുകയും വീടുപണി പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പട്ടയം ഇപ്പോഴും ആഫീസുകളിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ രീതിയിലുള്ള വീടുകൾക്ക് എടുത്തിട്ടുള്ള തുകകൾ കേവലം 1500 മുതൽ 3000 രൂപവരെയാണ്. തുകകൾ വായ്പയായി പരിഗണിച്ച് പട്ടയം തിരികെ നൽകുന്നതിനുള്ള നടപടി ഉണ്ടാകണം.

5. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി IRDP മുതലായ പദ്ധതികൾ വഴി വായ്പ എടുത്തിട്ട് തിരിച്ചടയ്ക്കുവാൻ നിർവാഹമില്ലാതെ നിരവധി പേർ ജപ്തി മുതലായ

നടപടിക്കു വിധേയരായിത്തീരുന്നു. ആകയാൽ ടി. വായ്പ തുകകൾ സബ്സിഡിയായി പരിഗണിച്ച് ബാധ്യതയിൽ നിന്നും ഇവരെ മോചിപ്പിക്കേണ്ടതാണ്.

6. കുടിവെള്ളം സുലഭമായി ലഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണം. ഈ വിഭാഗങ്ങളിൽ ഭൂരിപക്ഷം ആളുകളും പാടങ്ങളുടെ മധ്യത്തായി താമസിക്കുന്നവരാണ്. പൈപ്പുലൈൻ അടിയന്തിരമായി ഇവർക്കു ലഭ്യമാകുന്നതിനുള്ള സത്വരനടപടി ഉണ്ടാകണം.

7. വൈദ്യുതി ബഹുഭൂരിപക്ഷം വരുന്ന പട്ടികജാതി കുടുംബങ്ങൾക്കും ലഭിച്ചിട്ടില്ല. കുടിർ ജ്യോതി പദ്ധതി വന്നപ്പോൾ പോലും ന്യായമായ പരിഗണന ലഭിച്ചിട്ടില്ല. പാടങ്ങളുടെ മധ്യത്തിൽ താമസിക്കുന്നവർക്കും വൈദ്യുതി അടിയന്തിരമായി ലഭിക്കുന്നതിനുള്ള സത്വരനടപടികൾ ഉണ്ടാകണം.

8. പാടത്തിന്റെ നടുവിൽ താമസിക്കുന്ന കുടുംബങ്ങളെ ബന്ധിപ്പിച്ച് പൊതുവഴികൾ ഉണ്ടാകുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

9. പാടത്തിന്റെ നടുവിൽ താമസിക്കുന്നവർക്ക് കരയിലേക്ക് കയറുവാനുള്ള സ്വതന്ത്രവഴികൾ പാടശേഖരകമ്മിറ്റികളുടെ ഉത്തരവാദിത്വത്തിൽ ഉണ്ടാകണം.

10. നാലാം വാർഡിൽ ഉള്ളതായ ഭസ്മത്തറ ശ്മശാനവും 7–ാം വാർഡിൽ ഉള്ളതായ ശീവാട്ടുതറ ശ്മശാനവും ചുറ്റുകല്ലുകെട്ടി കട്ട ഇറക്കി പൊക്കി ചുറ്റുമതിലുകൾ കെട്ടുകയും മൃതദേഹസംസ്കരത്തിന് പ്രത്യേകപുര (പന്തൽ) കെട്ടുറപ്പോടു കൂടി നിർമ്മിക്കുകയും കിണർ സ്ഥാപിക്കുകയും ചെയ്യുക.

11. ഭസ്മത്തറ ശ്മശാനവുമായി ബന്ധപ്പെടുത്തി നെടുമുടി കരുവാറ്റ റോഡിൽ നിന്നും ഒരു അപ്രോച്ച് റോഡ് നിർമ്മിക്കുക.

12. ശീവാദുതറ ശ്മശാനത്തിലേക്ക് ചിറയിൽ നിന്നും ഒരു റോഡു നിർമ്മിക്കുക.

13. 10–ാം വാർഡിൽ ഒരു പൊതുശ്മശാനം അനുവദിക്കുക.

14. 1–ാം വാർഡു കേന്ദ്രീകരിച്ച് ഒരു പൊതുശ്മശാനം അനുവദിക്കുക.

15. കക്കൂസു നാളിതുവരെ ലഭ്യമാകാത്ത എല്ലാ കുടുംബങ്ങൾക്കും അടിയന്തിരമായി കക്കൂസ് നിർമ്മിക്കുന്നതിനുള്ള ധനസഹായം പര്യാപ്തമായ വിധത്തിൽ നൽകുക.

16. കാർഷികമേഖലയിൽ നിന്നും ലഭിക്കുന്ന തൊഴിൽ കൊണ്ടുമാത്രം ഉപജീവനം കഴിയുവാൻ നിർവാഹമില്ലാത്തതിനാൽ തഴപ്പായ്നെയ്ത്ത്, കൊട്ട, വട്ടി, മുറം മുതലായ പരമ്പരാഗത കൈത്തൊഴിൽ ചെയ്യുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുകയും ധനസഹായം ഉദാരവൽക്കരിക്കുകയും ചെയ്യുക.

17. പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുകയും സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം ഉപാധികൾ കൂടാതെ നൽകുകയും ചെയ്യുക.

18. തയ്യൽ, കോഴിവളർത്തൽ, പുഷ്പകൃഷി, കൂൺകൃഷി മുതലായവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.

19. അഭ്യസ്തവിദ്യർക്ക് വിവിധ ഡിപ്പാർട്ടുമെൻറ് വഴി നൽകുന്ന സ്വയംതൊഴിൽ പദ്ധതികൾക്കുള്ള നിബന്ധനകൾ ലഘൂകരിക്കുകയും പദ്ധതികൾ ഏകീകരിച്ച് പട്ടികജാതി വികസന വകുപ്പുവഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

20. വ്യവസായ പരിശീലനം നൽകുകയും അങ്ങനെയുള്ളവർക്ക് വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കുക.

21. പുനരധിവാസ പദ്ധതി ത്വരിതപ്പെടുത്തി സ്ഥലവും വീടും ഇല്ലാത്തവർക്ക് സമയബന്ധിത പരിപാടി എന്ന നിലയിൽ ഇവ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുക.

22. പാർപ്പിട ഭൂമികൾ സംരക്ഷിക്കുന്നതിന് ഭൂമിയുടെ വിസ്തീർണം മാനദണ്ഡമാക്കാതെ മുഴുവൻ ആളുകൾക്കും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

23. കുടികിടപ്പു ഭൂമിക്കും കൈവശഭൂമിക്കും നാളിതുവരെ പട്ടയം ലഭിക്കാത്തവർക്ക് ഉപാധികൾ കൂടാതെ പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

24. ഈ വിഭാഗങ്ങളുടെ മിച്ചഭൂമി കൃഷി ചെയ്യുന്നതിന് കൂടുതൽ മെച്ചപ്പെട്ട ധനസഹായം ലഭ്യമാക്കുക.

25. ഈ വിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ള മിച്ചഭൂമി അന്യായമായി പ്രവേശിക്കുകയും കൈവശപ്പെടുത്തുകയും ചെയ്യുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുക.

26. മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ അർഹമായ പ്രാതി

ന്ധ്യം ഉറപ്പുവരുത്തുവാൻ കർശന നടപടി സ്വീകരിക്കുക.

27. മിശ്ര വിവാഹിതർക്ക് പ്രത്യേക പരിഗണനയും പരിരക്ഷകളും നൽകുന്നതോടൊപ്പം അവർക്ക് നിലവിലുള്ള പരിമിതമായ സഹായങ്ങൾ വർദ്ധിപ്പിച്ചു കിട്ടുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുക.

28. നിർദ്ധനരായിട്ടുള്ളവരുടെ പെൺമക്കളുടെ വിവാഹധനസഹായം ഇപ്പോഴും ഉള്ളതിൽ നിന്നും 5,000 രൂപയാക്കി വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

29. നിർദ്ധനരായിട്ടുള്ളവർക്ക് വൈദ്യചികിൽസയ്ക്കുള്ള ധനസഹായം വർദ്ധിപ്പിക്കുകയും ബുദ്ധിമുട്ടുകൾ കൂടാതെ ലഭ്യമാകുന്നതിന് പഞ്ചായത്തുവഴി നടപടി സ്വീകരിക്കുകയും ചെയ്യുക.

30. പട്ടികജാതി വികസന കോർപറേഷൻ നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം ഈ വിഭാഗങ്ങൾക്കുള്ള അർഹിക്കുന്ന വിധത്തിൽ ലഭ്യമാക്കുന്നതിന് നിബന്ധനകൾ ഭേദഗതി വരുത്തി സ്വന്തജാമ്യത്തിലോ, വസ്തുജാമ്യത്തിലോ വായ്പകൾ കൊടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കുക.

31. ഖാദി വ്യവസായം ഈ പ്രദേശത്തിന്റെ ലഭ്യതയ്ക്കൊത്ത വണ്ണമുള്ള തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം ഉണ്ടാകുന്നതിനുള്ള നടപടി സ്വീകരിക്കുക.

32. ഈ വിഭാഗങ്ങളുടെ സാമൂഹ്യ-സാംസ്കാരിക പുരോഗതിയ്ക്കും ആയ്മീയബോധം വളർത്തുന്നതിനും, കൂട്ടായ്മയ്ക്കും വേണ്ടി നിലകൊള്ളുന്ന പഞ്ചായത്തിൽ 3-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കടന്നങ്കാട്ട് കാവ് മഹാദേവ ക്ഷേത്രം പുനരുദ്ധരിക്കുന്നതിന് അടിയന്തിര ധനസഹായം അനുവദിക്കുക.

33. ഭൂതപണ്ഡകായലിന്റെ കിഴക്കേ തീരത്തായി സ്ഥിതി ചെയ്യുന്ന കടന്നങ്കാട്ട് കാവ് മഹാദേവക്ഷേത്രത്തിൽ ഭക്തജനങ്ങൾക്ക് യഥേഷ്ടം എത്തിച്ചേരുന്നതിന് മാത്തൂർ റോഡിൽ നിന്നും ക്ഷേത്രത്തിലേക്ക് ഒരു റോഡ് നിർമ്മിക്കുന്നതിനുള്ള അടിയന്തിര സഹായം ലഭ്യമാക്കുക.

34. പൊങ്ങ ഐ.എച്ച്.ഡി.ക്ക് കോളനിയുമായി ബന്ധിപ്പെട്ട് ഒരു വായനശാലയും ഒരു കമ്മ്യൂണിറ്റി സെൻററും ഒരു ബാലവാടിയും (ക്രഷ്) അനുവദിക്കുക. ഒരു ടി.വി. സെൻറർ സ്ഥാപിക്കുക.

35. ഒമ്പതാം വാർഡിൽ സ്ഥിതി ചെയ്യുന്ന കരീക്കൊട്ടാരം ശിവക്ഷേത്രവുമായി ബന്ധപ്പെടുത്തി ഒരു വായനശാലയും കമ്മ്യൂണിറ്റി സെൻററും അനുവദിക്കുക.

36. രണ്ടാം വാർഡിൽ നെടുമുടി മൂന്നാറ്റിൻമുഖം റോഡ് തുരുത്തോ സെറ്റിൽമെൻറ് കോളനി കേന്ദ്രീകരിച്ചുള്ളതാണ്. എന്നാൽ നാളിതുവരെ കോളനിയുമായി മേൽപ്പടിറോഡ് ബന്ധിപ്പിച്ചിട്ടില്ല. ആകയാൽ മേൽപ്പാടിറോഡ് കോളനിയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് നടപ്പാക്കേണ്ടതാണ്.

37. പൊങ്ങ ഐ.എച്ച്.ഡി.പി. കോളനിയിൽ ഉൾപ്പെട്ട പാടത്ത് താമസിക്കുന്ന അഞ്ചു വീട്ടുകാർക്ക് കോളനിയുടെ പൂർണഗുണഫലം ലഭ്യമായിട്ടില്ല. ഇവർക്ക് കൽകെട്ട്, വഴി, വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

38. പൊങ്ങ ഐ.എച്ച്.ഡി.പി. കോളനിയുമായി അടുത്ത സ്ഥിതി ചെയ്യുന്ന എട്ട് കോളനികുമായി ഉൾപ്പെടുത്തി എല്ലാ വിധ ആനുകൂല്യങ്ങളും നൽകുക.

39. നാലാം വാർഡിൽ തച്ചാട്ടുചിറ-തോട്ടുവാത്തല എന്നീ രണ്ടു കോളനികൾക്ക് സാധ്യത ഉള്ളതാണ്. നാളിതുവരെ അവഗണിക്കപ്പെട്ടുപോയ ടി. കോളനികളും അംഗീകരിച്ച് ഐ.എച്ച്.ഡി.പി. കോളനിയാക്കി എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

40. നാലാം വാർഡിൽ തച്ചാട്ടുചിറ-തോട്ടുവാത്തല എന്നീ കോളനികളുമായി ബന്ധപ്പെടുത്തി ഒരു വായനശാലയും കമ്മ്യൂണിറ്റിഹാളും അനുവദിക്കുക.

41. എംപ്ലോയ്മെൻറിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് അടിയന്തിരമായി തൊഴിൽ നൽകുകയും സ്പെഷ്യ റിക്രൂട്ട്മെൻറ് വഴി ഉദ്യോഗനിയമനങ്ങൾക്കുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

42. പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനസാധ്യതകൾ വർദ്ധിപ്പിക്കുകയും സംഘം നടത്തുന്ന ചിട്ടി മുതലായവയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുകയും ചെയ്യുക.

43. രണ്ടാം വാർഡിൽ നെടുമുടി പാലത്തിന് സമീപം ഗവ. വക സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

44. 4, 5 വാർഡിൽ മാത്തൂർ പാളം ഉൾപ്പെടുന്ന ഒരു കിലോമീറ്റർ ചുറ്റളവ് കേന്ദ്രീകരിച്ച് താമസിക്കുന്നവർക്ക് ഐ.എച്ച്.ഡി.പി. കോളനി അംഗീകരിച്ച് നടപ്പാക്കേണ്ടതാണ്.

45. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്

എല്ലാ വാർഡുകളിലും മൂന്ന് മുതൽ അഞ്ചു വരെയുള്ള കുട്ടികളെ പഠിപ്പിക്കുന്നതിന് ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുള്ള ക്രഷ് പദ്ധതി ഫലപ്രദമായി നടപ്പാക്കുക. ഇതിനുള്ള സ്ഥലം, കെട്ടിടം, സ്റ്റാഫ് എന്നിവ ഗവൺമെൻറ് കണ്ടെത്തേണ്ടതാണ്.

46. എൽ.പി. യു.പി. വിഭാഗങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങളും യൂണിഫോമുകളും കുടയും യഥാസമയം നൽകുകയും സ്കോളർഷിപ്പ് മുതലായ പ്രോൽസാഹനങ്ങൾ ഇന്നുള്ളതിനേക്കാൾ വർദ്ധിപ്പിച്ചു നൽകുകയും ചെയ്യുക.

47. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് അടിയന്തിരമായി വീടിൻെറ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം. നല്ല വീട്, മേശ, കസേര മുതലായവ ഹൈസ്കൂൾ തലം മുതൽ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

48. കോളേജ് തലം മുതൽ ഉന്നതവിദ്യാഭ്യാസങ്ങൾക്ക് ഇന്ന് ലഭ്യമാകുന്ന ധനസഹായം വളരെ പരിമിതമാണ്. ഇവ അടിയന്തിരമായി വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

49. ഉച്ചനീചത്വങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് വാർഡുകൾ തോറും ബോധവൽക്കരണ സെമിനാറുകളും മറ്റു പരിപാടികളും സംഘടിപ്പിച്ചു നടപ്പാക്കുക.

50. ഗവൺമെൻറിൻെറ വികസന പരിപാടികൾക്കും പദ്ധതികൾക്കും അവശ്യം വേണ്ട അറിവ് ഈ വിഭാഗങ്ങൾക്ക് ലഭ്യമാകുന്നില്ല. ആയതിലേക്ക് എല്ലാ വാർഡിലും ഇവ സമ്മതിച്ചുള്ള ശിൽപ്പശാലകൾ സംഘടിപ്പിച്ച് പോരായ്മ പരിഹരിക്കേണ്ടതാണ്.

51. പഞ്ചായത്തിൽ അംഗീകൃത കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടേണ്ടിയിരിക്കുന്നു. വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം, വഴി മുതലായവ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

52. രണ്ടാം വാർഡിൽ തുരുത്തേൽ കോളനിയും, മൂന്നാം വാർഡിൽ പൊങ്ങ ഐ.എച്ച്.ഡി.പി. കോളനിയും നാലാം വാർഡിൽ തച്ചാട്ടുചിറ കോളനിയും ആറാം വാർഡിൽ അറുനിലം കോളനിയും പത്താം വാർഡിൽ കിഴക്കേടം കോളനിയും താഴത്തുംതുരുത്ത് കോളനിയും മാത്രമാണ് അംഗീകൃത കോളനികൾ. മറ്റു വാർഡിൽ കോളനികൾ അനുവദിക്കേണ്ടതാണ്.

53. നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിന് തുടർ സാക്ഷരതാ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

54. പുനരധിവാസ പദ്ധതി നടപ്പാക്കുമ്പോൾ കോളനികളുമായി പാർപ്പിക്കുന്ന രീതി അവസാനിപ്പിച്ച് മറ്റുള്ളവരുമായി ഇടകലർന്ന് ജീവിക്കുന്ന സാഹചര്യം ഉണ്ടാണേതാണ്.



V.11



# സഹകരണം

## സഹകരണം

കൃഷിക്കാരെ ഋണബാദ്ധ്യതയിൽ നിന്നും ഹുണ്ടികക്കാരുടെ പിടിയിൽ നിന്നും മോചിപ്പിക്കുന്നതിനുവേണ്ടി ഉടലെടുത്തതാണ് സഹകരണ പ്രസ്ഥാനം, ഇന്ത്യയിൽ വൈദീകകാലം മുതൽ സഹകരണപ്രസ്ഥാനം നിലവിലുണ്ടായിരുന്നതായി ചരിത്രരേഖകൾ തെളിയിക്കുന്നു.

സാധാരണ ജനങ്ങളുടെ വിവിധആവശ്യങ്ങൾ നിറവേറ്റാനായി പരസ്പരസഹായസംഘങ്ങളാണ് ഉണ്ടായിരുന്നത്, നെടുമുടിയിലെ പല ഭാഗങ്ങളിലും ഇത്തരം സംഘങ്ങൾ നടത്തിയിട്ടുള്ളതായി രേഖകളുണ്ട്.

ഈ സംഘങ്ങൾക്ക് പലകാരണങ്ങളിലാലും നല്ല നിലയിൽ കൃഷിക്കാർക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുവാൻ സാധിച്ചിട്ടില്ല. ആധുനിക രീതിയിലുള്ള സഹകരണ സംഘങ്ങൾ 1904 ലെ സഹകരണ നിയമത്തോടെയാണ് ആരംഭം കുറിച്ചത്.

എന്നാൽ 1912 ലെ സഹകരണ നിയമത്തോടു പ്രാഥമിക സഹകരണ സംഘങ്ങളുടെ ആവിർഭാവമുണ്ടാകുകയും അതുവഴി കാർഷികമേഖലയ്ക്ക് ഒരു പുതുജീവൻ നൽകാനും സാധിച്ചു. തിരുവിതാംകൂർ, കൊച്ചി സംയോജനത്തിനുഷേശം 1952ൽ 10-ാം നമ്പർ തിരുക്കൊച്ചി സഹകരണ നിയമവും കേരളപ്പിറവിക്കുശേഷം 1969 ലെ 21-ാം നമ്പർ കേരള സഹകരണ നിയമവുമാണ് നിലവിലുള്ളത്, അനുദിനം വികസനത്തിൻെറ പാതയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഭാരതത്തെ സംബന്ധിച്ചിടത്തോളം അതിൻെറ വികസന പ്രക്രിയയിൽ സഹകരണ പ്രസ്ഥാനത്തിന് വലിയ പങ്കുവഹിക്കാനുണ്ട്. ആ നിലയ്ക്ക് സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടത് ദേശീയപുരോഗതിക്ക് അത്യന്ത്യാപേക്ഷിതമാണ്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കാർഷികമേഖലയുടെ വികസനത്തിന് ഗണ്യമായ സംഭാവനകൾ നൽകാൻ സഹകരണ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. മറ്റു മേഖലകളായ വ്യവസായം, ഭവന നിർമ്മാണം, ഉപഭോക്തൃവിതരണം, കാർഷികവിപണം തുടങ്ങിയ മേഖലകളിൽ പ്രായോഗികതലത്തിൽ സഹകരണത്തിലൂടെ വളർച്ചയുണ്ടാക്കുവാനും ഉദ്ദേശലക്ഷ്യങ്ങൾ സാധിച്ചെടുക്കുവാനും കഴിഞ്ഞിട്ടില്ല.

നെടുമുടി പഞ്ചായത്തിൽ കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന 3 സഹകരണസംഘങ്ങളുണ്ട്.
1) പൊങ്ങ സർവ്വീസ് സഹകരണ ബാങ്ക് A 122. 2) നെടുമുടി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ക്ലിപ്തം നമ്പർ A 87. 3) നെടുമുടി വില്ലേജ് സർവ്വീസ് സഹകരണ സംഘം നമ്പർ 2331 കൂടാതെ 4 സ്കൂൾ സഹകരണസംഘങ്ങളും രണ്ട് എയിഡഡ് സ്കൂൾ ടീച്ചേഴ്സ് സഹകരണ സംഘവും 4 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളും താലൂക്ക് അടിസ്ഥാനത്തിലുള്ള ഒരു ഓട്ടോറിക്ഷാ തൊഴിലാളി സഹകരണ സംഘവും, ഒരു കൺസൂമർ സഹകരണ സംഘവും, ഒരു പട്ടികജാതി സഹകരണ സംഘവും നിലവിലുണ്ട്.

## നെടുമുടി വില്ലേജ് സർവ്വീസ് സഹകരനസംഘം - 2331

22-5-1119 ( me) ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘം പഞ്ചായത്തിലെ 5 മുതൽ 10 വരെ വാർഡുകൾ വ്യാപിച്ചുകിടക്കുന്നു. 3242 അംഗങ്ങളും 1.35 കോടി രൂപാ പ്രവർത്തനമൂലധനവും 5.15 ലക്ഷം രൂപാ ഓഹരി മൂലധനവും ഉള്ള ഈ സംഘം നല്ലനിലയിൽ പ്രവർത്തിക്കുന്നു. വളം കീടനാശിനി വ്യാപാരം, ചിട്ടി, സ്വർണ്ണപണയ വായ്പ, മറ്റു വായ്പകൾ തുടങ്ങി വിപുലമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

## പൊങ്ങ സർവ്വീസ് സഹകരണ ബാങ്ക്- A.122

1960 ൽ പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിൻെറ പരിധി നെടുമുടി പഞ്ചായത്തിൽ ഒന്നും രണ്ടും വാർഡുകളാണ്. 1890 അംഗങ്ങളുള്ള ഈ സ്ഥാപനത്തിൻെറ പ്രവർത്തന മൂലധനം 2569493 രൂപയാണ്. ടി. സംഘത്തിൽ മുൻകാലങ്ങളിൽ നടന്നിട്ടുള്ള സാമ്പത്തിക തിരിമറി മൂലം ജനങ്ങളുടെ വിശ്വാസത്തിന് മങ്ങലേൽപ്പിക്കുകയും പുതിയ ഭരണസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനം മെച്ചപ്പെട്ടുവരുന്നു. ഈ സംഘത്തിൻെറ പരിധിയിലുള്ള മുഴുവൻ കൃഷിക്കാർക്കും മെമ്പർഷിപ്പ് ലഭ്യമായിട്ടില്ല. വളംവിതരണം, വായ്പ, ചിട്ടി എന്നി സേവനങ്ങൾ അംഗങ്ങൾക്ക് നൽകി വരുന്നു.

## നെടുമുടി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് A 87

1959-ൽ ആരംഭിച്ച ഈ ബാങ്കിൻെറ പരിധി 3, 4, 5 എന്നീ വാർഡുകളാണ്. 1952 അംഗങ്ങളും 65 ലക്ഷം രൂപ പ്രവർത്തന മൂലധനവും 3,53,360 രൂപാ ഓഹരി മൂലധനവുമുള്ള ഈ ബാങ്ക് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. വളം വിതരണം, വായ്പകൾ, ചിട്ടി, സ്വർണ്ണ പണയവായ്പ, IRDP വായ്പകൾ, വ്യവസായിക വായ്പകൾ, സ്വയം തൊഴിൽ വായ്പകൾ എന്നിവ നൽകി വരുന്നു. കർഷകരുടെ സൗകര്യാർത്ഥം രണ്ടുകേന്ദ്രങ്ങളിലായി വളം ഡിപ്പോകളും പ്രവർത്തിക്കുന്നുണ്ട്. 25,000 രൂപാ വരെ കൺസ്യൂമർ വായ്പയും ഇപ്പോൾ നൽകിവരുന്നുണ്ട്.

## ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ.

പൊങ്ങ ക്ഷീരോത്പാദക സഹകരണ സംഘം. A 161/ ചെമ്പുപുറം, ക്ഷീരോത്പാദക സഹകരണ സംഘം 144. നടുഭാഗം ക്ഷീരോത്പാദക സഹകരണം സംഘം. മണപ്ര ക്ഷീരോത്പാദക സഹകരണ സംഘം എന്നിവയാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ.

കെടുകാര്യസ്തതയും സഹകാരികളുടെ അഭിപ്രായഭിന്നതയും സാമ്പത്തികതിരുമറിയും നിമിത്തം പൊങ്ങ ക്ഷീരോത്പാദന സഹകരണസംഘടത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തിലെ എല്ലാ വാർഡിലുമുള്ള ക്ഷീരകർഷകർഷക്ക് സംഘങ്ങളുടെ സാന്നിദ്ധ്യം അനുഭവപ്പെടുന്നില്ല. അത്യൽപ്പാദനശേഷിയുള്ള പശുക്കളുടെ ലഭ്യതയില്ലായ്മ, കാലിത്തീറ്റയുടെ അമിതമായ വില, മൃഗഡോക്ടറുടെ സേവനക്കുറവ്, പോഷകമൂല്ല്യമുള്ള തീറ്റയുടെ ലഭ്യതക്കുറവ് ഇവകൾ ക്ഷീരസംഘങ്ങൾ നേരിടുന്ന വെല്ലുവിളികളാണ്. കൂടാതെ കാലികളെ വാങ്ങുന്നതിനുള്ള വായ്പകൾ ലഭിക്കാതിരിക്കുക, പാലിൻെറ വിലക്കുറവ് വില കൃത്യമായി ലഭിക്കാതിരിക്കുക, എല്ലാ ക്ഷീരകർഷകർക്കും മെമ്പർഷിപ്പ് ലഭിക്കാതിരിക്കുക, ബോണസ് ഉൽപ്പാദന തോതനുസരിച്ച് കിട്ടാതിരിക്കുക എന്നിവ ഈ രംഗത്തെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

### നെടുമുടി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം A 785

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാവരുടേയും സർവ്വോന്മുഖമായ പുരോഗതിക്കുവേണ്ടി രൂപീകൃതമായ ഈ സംഘത്തിൽ 599 അംഗങ്ങൾ നിലവിലുണ്ട്. ടി സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് 10 വർഷം കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ എല്ലാ പട്ടികജാതിയിൽപ്പെട്ടവർക്കും ഇതിന്റെ പ്രയോജനം ലഭ്യമായിട്ടില്ല. കാർഷിക കാർഷികേതര വായ്പകൾ നൽകാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. സഹകരണ സംഘത്തിന് പ്രത്യേകമായി നിലനിൽക്കുന്ന സ്റ്റാമ്പു ഡ്യൂട്ടി മൂലം ചിട്ടിയോ മറ്റു സമ്പാദ്യ പദ്ധതികളോ ആവിഷ്ക്കരിക്കുവാൻ കഴിഞ്ഞിട്ടില്ല. സ്റ്റാഫിന്റെ കുറവു സംഘത്തിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്.

### സ്കൂൾ സഹകരണ സംഘങ്ങൾ

പഞ്ചായത്തിലെ 4 ഹൈസ്കൂളിലും സഹകരണസംഘം വഴി കുട്ടികൾക്ക് ആവശ്യമായ നോട്ടുബുക്കുകൾ, പുസ്തകങ്ങൾ എന്നിവ വിതരണം ചെയ്തു വരുന്നു. വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള യൂണിഫോം, കുട, സ്റ്റേഷനറി മുതലായവകൾ ഇവിടെ നിന്നും ലഭ്യമല്ല. മറ്റു പ്രവർത്തനങ്ങളും ഒന്നും കാര്യമായി സ്ക്കൂൾ സംഘങ്ങളിൽ നടക്കുന്നില്ല.

### ഓട്ടോറിക്ഷാ സഹകരണ സംഘം

നെടുമുടി കേന്ദ്രമാക്കി രജിസ്റ്റർ ചെയ്ത് കുട്ടനാട്ടു താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന സംഘമാണിത്.

ഇപ്പോൾ സംഘത്തിൽ നിന്നും വായ്പയോ, ഓട്ടോറിക്ഷാകളോ ലഭിക്കുന്നില്ല. സംഘത്തിന്റെ പ്രവർത്തനം നിർജ്ജീവമാണ്.

### കൺസ്യൂമർ കോ: ഓപ്പറേറ്റീവ് സൊസൈറ്റി

താലൂക്ക് അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം നടക്കുന്നില്ല. ടി സംഘത്തിന്റെ ഷെയർ വാല്യൂവിന്റെ വർദ്ധനവു മൂലമാണ് ഈ സംഘത്തിന്റെ സേവനം ലഭ്യമാകാത്തത്.

### പ്രശ്നങ്ങൾ

10 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന ക്രഡിറ്റ് സംഘങ്ങളുടെ സേവനം പഞ്ചായത്തിലെ എല്ലാ കർഷകർക്കും ലഭ്യമായിട്ടില്ല. ആയതിനാൽ കൃഷിക്കാർക്ക് ആവശ്യമായ വളം, കീടനാശിനി, വിത്ത് എന്നിവകൾ യഥാസമയം ഉപയുക്തമാക്കാൻ സാധിക്കുന്നില്ല. ജീവനക്കാരുടെ പ്രവർത്തനരാഹിത്യം, ബോർഡുമെമ്പർമാരുടെ പക്ഷപാതപരമായ സമീപനം എന്നിവ മൂലം സംഘങ്ങളിലെ വായ്പകുടിശ്ശിഖ പിരിച്ചെടുക്കുവാൻ തടസ്സം നേരിടുന്നു. കഴിഞ്ഞ കാലങ്ങളിലെ വായ്പ എഴുതിത്തള്ളൽ ഈ രംഗത്ത് വളരെ ദോഷം വരുത്തിയിട്ടുണ്ട്. കാർഷികേതര വായ്പകളായ, വിവാഹസഹായ വായ്പ, വ്യവസായ വായ്പ, വാണിജ്യ വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയം തൊഴിൽ വായ്പ, സ്വർണ്ണ പണയ വായ്പ എന്നിവ നൽകാത്തതിനാൽ പൊതുജനങ്ങളുമായുള്ള ബന്ധം കുറഞ്ഞുവരുന്നു.

കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും, സംസ്കരിക്കുന്നതിനും ആവശ്യമായ കാര്യങ്ങൾ സംഘങ്ങൾ കൃത്യമായി നൽകാറില്ല. മറ്റു ബാങ്കിംഗ് സ്ഥാപനങ്ങൾ വാങ്ങാറുള്ള പലിശനിരക്കിനേക്കാൾ കൂടുതൽ പലിശ സഹകരണസംഘങ്ങൾ വാങ്ങാറുള്ളതുകൊണ്ട് ജനങ്ങളെ കൂടുതൽ ആകർഷിക്കാൻ കഴിയുന്നില്ല. സഹകരണ പ്രസ്ഥാനത്തോടു ജനങ്ങൾക്കുള്ള അറിവ് അപര്യാപ്തമായതിനാൽ നിക്ഷേപ സമാഹരണം ഊർജ്ജിതപ്പെടുത്തുവാൻ കഴിയുന്നില്ല. സംവരണ തത്വത്തിലും പൊതു വിതരണസമ്പ്രദായങ്ങളിലുമുള്ള പങ്ക് സഹകരണസംഘങ്ങൾ കൃത്യമായി നിർവഹിക്കാറില്ല. കാർഷിക സ്വർണ്ണപ്പണയ വായ്പകൾക്കുള്ള സബ്സിഡി യഥാർത്ഥ കർഷകന്റെ സ്ഥാപനമായ സഹകരണസംഘംങ്ങൾ വഴിയുള്ള സ്വർണ്ണപണയ വായ്പകൾക്കു ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1) സഹകരണസംഘങ്ങളിൽ അതിൻേറതായ അതിർത്തിക്കുള്ളിലുള്ള പ്രായപൂർത്തിയായ എല്ലാവരേയും അംഗങ്ങളാക്കാനുള്ള തീവ്രപരിപാടി നടപ്പിലാക്കുക.

2) പൊങ്ങ സർവ്വീസ് സഹകണ സംഘത്തിന് പൊങ്ങ പാലത്തിന് സമീപവും, നെടുമുടി സഹകരണ ബാങ്കിന് ചെമ്പും പുറത്തും കൊട്ടാരത്തതിന് സമീപവും, നെടുമുടി വില്ലേജ് സർവ്വീസ് സഹകരണ സംഘത്തിന് വൈശ്യംഭാഗത്തും, മണപ്രായിലും ഓരോ ബ്രാഞ്ചുൾ വീതം തുറക്കുന്നതിനുള്ള നടപടി ആരംഭിക്കുക.

3) ജീവനക്കാർ ആത്മാർത്ഥസേവകരായും, ബോർഡുമെമ്പറന്മാർ നിസ്സാർത്ഥതയോടും പ്രവർത്തിച്ച് വായ്പ കുടിശ്ശികകൾ പിരിച്ചെടുക്കണം.

4) പൊതുജന സമ്പർക്ക പരിപാടിയികളിൽ കൂടി നിക്ഷേപ മൂലധനം വർദ്ധിപ്പിച്ച് ടി തുക സ്വയംതൊഴിൽ വായ്പ, വ്യവസായ വ്യായ്പ, ഭവനനിർമ്മാണ വായ്പ, വിവാഹവായ്പ, എന്നിവകൾക്കു വേണ്ടി വിനിയോഗിക്കുക.

5) കൃഷിക്കാർക്കു ആവശ്യമുള്ള വളം, വിത്ത്, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനും, കാർഷിക ഉൽപ്പന്നങ്ങൾ കീലോൺ സമ്പ്രദായത്തിൽ സംഭരിക്കുന്നതിനും സംഘങ്ങൾ വഴി സംവിധാനം ഉണ്ടാക്കണം.

6) സർക്കാരിൽ നിന്നും അനുവദിക്കുന്ന പലിശ സബ്സിഡി വായ്പകൾ അടയ്ക്കുന്ന സമയത്തുതന്നെ വായ്പക്കാർക്കു ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7) സഹകരണ ബാങ്കുകളിൽ കർഷകരെ സംബന്ധിച്ച് ലാൻറ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഒരോ വർഷത്തിലേയ്ക്ക് ആവശ്യമായ വായ്പതുക ക്രഡിറ്റ് കാർഡു സമ്പ്രദായത്തിൽ നൽകേണ്ടതാണ്.

8) വ്യക്തികൾക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന വായ്പതുക ഉയർത്തുക.

9) ഇപ്പോൾ സഹകരണസംഘങ്ങൾക്ക് ലഭിക്കുന്ന തുകയുടെ ത്രീടയർ സിസ്റ്റം ടൂ ടയർ സിസ്റ്റമായി മാറ്റി സഹകാരികളെ പലിശാധിക്യത്തിൽ നിന്നും ഒഴിവാക്കുക.

10) സഹകരണ സംഘങ്ങളിൽ നിലവിലുള്ള സംവരണ നയങ്ങൾ നടപ്പിലാക്കുക.

11) നിലവിലുണ്ടായിരുന്ന സഹകരണ മാവേലിസ്റ്റോറുകൾ, കൺസ്യൂമർ മാവേലി സ്റ്റോറുകൾ ഇവകൾ ആരംഭിച്ച് നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുകയും ആവശ്യക്കാർക്ക് സാധനങ്ങൾ "ഡോർ ഡെലിവറി സിസ്റ്റ"ത്തിൽ എത്തിക്കുകയും ചെയ്യുക.

12) അത്യൽപ്പാദന ശേഷിയുള്ള കാലികളെ ലഭ്യമാക്കുകയും അവയ്ക്ക് ആവശ്യമായ വായ്പകൾ ക്ഷീരോത്പാദന സംഘം മുഖേനയും മറ്റു ധനകാര്യസ്ഥാപനങ്ങൾ വഴിയും നടപ്പിലാക്കുക.

13) കാലിത്തീറ്റ വിതരണത്തിനായി ഓരോ സംഘത്തിലും സംവിധാനം ഉണ്ടാക്കുകയും ആയതിന് സബ്സിഡി അനുവദിച്ചു നൽകുകയും ചെയ്യുക.

14) കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം ക്ഷീരസംഘം മുഖേന ലഭ്യമാക്കുക.

15) എല്ലാ ക്ഷീരകർഷകർക്കും മെമ്പർഷിപ്പ് നൽകുകയും അവർക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും, സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ സംഘം വഴി വിതരണം നടത്തുകയും വേണം.

16) പാലിന് ന്യായവില നൽകുകയും ബോണസ് അനുവദിക്കുകയും ചെയ്യുക.

17) കെടുകാര്യസ്ഥതയുള്ള സംഘങ്ങളെ സഹകാരികളുടെ അഭിപ്രായ സമന്വയം ഉണ്ടാക്കി പുതിയ ഭരണസമിതിയെ ഏൽപ്പിച്ച് പ്രവർത്തനം ശക്തമാക്കുക.

18) പട്ടികജാതി സഹകരണസംഘത്തിലെ എല്ലാ ഗുണഭോക്താക്കൾക്കും മെമ്പർഷിപ്പ് നൽകുകയും 6 മുതൽ 10 വരെയുള്ള വാർഡുകളിൽ സൗകര്യപ്രദമായ സ്ഥലത്ത് ബ്രാഞ്ചുകൾ സ്ഥാപിക്കുക.

19) പട്ടികജാതി സഹകരണസംഘത്തിലെ ചിട്ടി മുതലയാവയ്ക്ക് നിലനിൽക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുക. ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീം നടപ്പിലാക്കുന്നതിന് സംഘങ്ങളിൽ ബൈല ഭേദഗതി ചെയ്യുക.

20) കൂടുതൽ സ്റ്റാഫിനെ നിയമിച്ച് കാർഷിക കാർഷികേതര വായ്പകൾ നൽകി പട്ടികജാതി സഹകരണസംഘത്തിൻെറ പ്രവർത്തനം ശക്തമാക്കുക.

21) സ്കൂൾ സഹകരണ സംഘങ്ങൾ വഴി ഇപ്പോൾ നൽകുന്ന പാഠപുസ്തകങ്ങൾക്കുപരി നോട്ടുബുക്കുകൾ,

കുട, ബാഗ് എന്നിവ വിതരണം ചെയ്യുക. വിദ്യാർത്ഥിക ളിൽ നിക്ഷേപ സ്വഭാവം പ്രോത്സാഹിപ്പിക്കുക

22) സ്കൂൾ സംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രത്യേകമായി ഒരാളെ നിയമിക്കുകയും അതിലൂടെ അദ്ധ്യാപകൻെറ ജോലി ഭാരം കുറയ്ക്കുകയും ചെയ്യുക.

23) സ്കൂൾ സഹകരണസംഘത്തിൽ PTA യുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. നോട്ടുബുക്ക്, കുട, ബാഗ് എന്നിവകളുടെ നിർമ്മാണം സഹകരണസംഘം വെക്കേഷൻ കാലത്ത് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ചെയ്യിക്കുക.

24) ഓട്ടോറിക്ഷാ സഹകരണസംഘത്തിൻെറ പ്രവർത്തനം എല്ലാ മെമ്പറന്മാരേയും പങ്കെടുപ്പിച്ച് പുതിയ തെരഞ്ഞെടുപ്പിലൂടെ ശക്തമാക്കുക പുതിയ അംഗങ്ങളെ ചേർക്കുക.

25) കൺസ്യൂമർ സഹകരണ സംഘത്തിലെ ഷെയർ വില കുറയ്ക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്യുക.

26) ബാങ്കുകളിലൂടെ നൽകുന്ന സ്വർണ്ണപ്പണയവായ്പാ സബ്സിഡി പൂർണ്ണമായും സർവ്വീസ് സഹകരണ സംഘങ്ങളിലൂടെ മാത്രം നൽകുക.

സാധാരണക്കാരുടെ ജീവിതനിലവാരം ഉയർത്തിക്കൊണ്ടുവരുവാൻ കൂടുതൽ സാദ്ധ്യതകൾ ഉള്ള താഴെപ്പറയുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കണം.

വനിതാ സഹകരണസംഘങ്ങൾ.
മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങൾ.
ഖാദി വ്യവസായ സഹകരണസംഘങ്ങൾ.
വാഴകൃഷി സഹകരണസംഘങ്ങൾ.
കൈത്തൊഴിൽ സഹകരണസംഘങ്ങൾ.
നെയ്ത്തുതൊഴിലാളി സഹകരണസംഘങ്ങൾ.
പാടി ക്രോസ് നെല്ലുസംസ്കരണ സഹകരണസംഘങ്ങൾ.
ലേബർ കോൺട്രാക്ടർ സഹകരണസംഘങ്ങൾ.
പച്ചക്കറി സഹകരണസംഘങ്ങൾ.
കയർതൊഴിലാളി സഹകരണസംഘങ്ങൾ.
കക്കാ സഹകരണസംഘങ്ങൾ.
പട്ടുനൂൽ പുഴു സഹകരണസംഘങ്ങൾ.

സഹകരണ മേഖല സംബന്ധിച്ച പൊതുരൂപവും 10 ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഒമ്പതാം പദ്ധതിയുടെ രൂപരേഖയ്ക്കായി ഇങ്ങനെ സംഗ്രഹിക്കാം.

❑ ❑ ❑



ചെമ്പുംപുറം ക്ഷീരോൽപ്പാദക സഹ. സംഘം



ആദ്യമായി ഭ്രൂണമാറ്റത്തിലൂടെ (ചെമ്പുംപുറം) ലഭിച്ച എരുമക്കിടാവും പോറ്റമ്മയും

V.12



# വിഭവസമാഹരണം

നെൽകൃഷിയെ മാത്രം ആശ്രയിച്ചുകൊണ്ട് ജീവിച്ച ഒരു ജനവിഭാഗമാണ് ഇവിടെയുള്ളത്. 37 പാടശേഖരങ്ങളിലായി 2090 ഹെക്ടർ നിലങ്ങളുള്ള ഇവിടെ നാമ മാത്രമെങ്കിലും സ്വന്തമായി കൃഷിഭൂമിയുള്ള 60–70% കുടുംബങ്ങളുണ്ട്. കർഷകരും കർഷകതൊഴിലാളികളും ഭൂരിപക്ഷമുള്ള ഇവിടെ കച്ചവടത്തിലും, മറ്റു തൊഴിലുകളിലുമേർപ്പെട്ടിരിക്കുന്നവരും കുറവല്ല. ഐക്യത്തിൻേറയും പരസ്പര വിശ്വാസത്തിൻേറയും തിളക്കമാർന്ന ജീവിതരീതി ഇവിടെ നിലനിന്നുപോരുന്നു. പ്രതിഫലം വാങ്ങാതെയുള്ള ജോലികൾ കൂട്ടായി ആഹ്ളാദപൂർവ്വം ചെയ്ത കഥകൾ പ്രായമായവർക്ക് പറയുവാനുണ്ട്. ഉൽപ്പന്നങ്ങൾ കൈമാറിയും പരസ്പരം സഹകരിച്ചും ജീവിച്ചതൊക്കെ ഇന്ന് പഴയകഥകൾ. നാഗരികതയുടെ കടന്നുകയറ്റം ജനങ്ങളുടെ ജീവിതരീതിയിൽ മാറ്റങ്ങൾ സൃഷ്ടിച്ചു.

കാർഷികമേഖല ഇന്ന് പ്രശ്നസങ്കുലമാണ്. കർഷകന് അവൻെറ ഉൽപ്പന്നത്തിന് ന്യായമായ വില ലഭിക്കാത്തതും കർഷകത്തൊഴിലാളിക്ക് അദ്ധ്വാനഭാരത്തിന് ആനുപാതികമായി വേതനം ലഭിക്കാത്തതും ജനജീവിതത്തിൽ താളപ്പിഴകൾ സൃഷ്ടിക്കുന്നു.

വികസന പ്രവർത്തനങ്ങളിൽ ജനങ്ങൾ കാഴ്ചക്കാരാകുകയും യഥാർത്ഥ അർത്ഥത്തിൽ ഈ പ്രവർത്തനങ്ങൾ വിജയപ്രാപ്തിയിലെത്തുകയും ചെയ്യുന്നില്ല. നെടുമുടി, പള്ളാത്തുരുത്തി പാലങ്ങൾ നിർമ്മിക്കുന്നതിനായി രാപകലില്ലാതെ ആയിരക്കണക്കിന് ആളുകൾ ശ്രമദാനം നടത്തിയ ആവേശകരമായ ചരിത്രമുള്ള പഞ്ചായത്താണിത്. ഇക്കാര്യത്തിൽ ശ്രീ. തച്ചടി പ്രഭാകരൻെറ നിശ്ചയദാർഢ്യവും നേതൃത്വപാടവവും എന്തുകൊണ്ടും മാതൃകയാണ്. അക്ഷരകേരളം പരിപാടിയിലും ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി നവമ്പർ 1ലെ പുനഃർപ്പണ ദിനത്തിലും വമ്പിച്ച ജനകീയ മുന്നേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതി പ്രവർത്തനത്തിൻെറ ഉത്തരവാദിത്വം പഞ്ചായത്തുകൾ ഏറ്റെടുക്കുമ്പോൾ അതിനാവശ്യമായ വിഭവസമാഹരണം നടത്താനുള്ള ബാധ്യത കൂടിയുണ്ട്. പദ്ധതിക്കുവേണ്ട വിഭവസമാഹരണത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ജനങ്ങളുടെ സംഘടനാ ശക്തി കൂടി പരിഗണിക്കപ്പെടണം. അത്തരമൊരു സന്നദ്ധപ്രവർത്തനത്തിൻെറ പാരമ്പര്യം ഉൾക്കൊള്ളുന്ന പ്രദേശമാണ് നമ്മുടേത് എന്നത് ധീരമായി മുന്നോട്ട് പോകുവാൻ പ്രചോദനം നൽകുന്ന ഘടകമാണ്.

പഞ്ചായത്തിലെ 95-96 വർഷത്തെ ഇനം തിരിച്ചുകൊണ്ടുള്ള വരവുകളും ചെലവുകളും താഴെ കൊടുക്കുന്നു.

**ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)**

| ഇനം | തുക |
|---|---|
| ഭരണം | 510286.50 |
| പൊതുമരാമത്ത് | 452505.15 |
| വിദ്യാഭ്യാസം | 21558.50 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 6070.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 53568.00 |
| മറ്റുള്ളവ | 82633.70 |
| ആകെ | 1126621.85 |

**. വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)**

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിടനികുതി | 101712.55 | 101712.55 | Nil |
| സർവ്വീസ് ചാർജ്ജ് | 42223.95 | 42223.95 | Nil |
| തൊഴിൽ നികുതി | 98465 | 98465 | Nil |
| വാഹനനികുതി | 1300 | 1300 | Nil |
| വിനോദനികുതി | 11515.50 | 11515.50 | Nil |
| അഡി. വിനോദനികുതി | 7119.50 | 7119.50 | Nil |
| പ്രദർശനനികുതി | 2415 | 2415 | Nil |
| പ്രദർശനനികുതിയിന്മേലുള്ള സർച്ചാർജ്ജ് | 968.50 | 968.50 | Nil |
| ചന്ത വരവ് | 240 | 240 | Nil |
| ലാൻറ് സെസ്സ് | 870 | 870 | Nil |
| ലൈസൻസ് ഫീസ് | 3154 | 3154 | Nil |
| കെട്ടിടനികുതി സർച്ചാർജ്ജ് | 1212 | 1212 | Nil |
| വസ്തു കൈമാറ്റ നികുതി 75% | 83597 | 83597 | Nil |
| വസ്തു കൈമാറ്റ നികുതി 25% | 266390 | 266390 | Nil |
| സർക്കാർ ഗ്രാൻറുകൾ ഒഴികെയുള്ള മറ്റുവരവുകൾ | 582597.20 | 582597.20 | Nil |
| സംഭാവന | 2310 | 2310 | Nil |
| ഡെപ്പോസിറ്റ് | 29105 | 29105 | Nil |
| മറ്റുള്ളവ (ലേലസംഖ്യ) | 45580 | 45580 | Nil |
| ആകെ | 1280775.20 | 1280775.20 | Nil |

സ്വന്തം വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ വേണ്ടത്ര ഉപയോഗിക്കുന്നില്ല എന്ന വസ്തുത കാണാൻ കഴിയും. വരുമാനം വർദ്ധിക്കാത്തതിനുള്ള പ്രധാനകാരണം പല നികുതി നിരക്കുകയും കാലോചിതമായി പരിഷ്ക്കരിക്കാത്തതാണ്.



പഞ്ചായത്തിൻെറ പ്രധാന വരുമാന സ്രോതസ്സായ കെട്ടിട നികുതിയും തൊഴിൽ നികുതിയും ആകെ വരുമാനത്തിൻെറ യഥാക്രമം 7.94% ഉം 7.68% ഉം ആണ്. വർഷം തോറും നേരിയ വർദ്ധനവ് മാത്രമാണ് വരുമാനത്തിൻെറ കാര്യത്തിൽ ഉണ്ടാകുന്നത്. എന്നാൽ ചെലവുകൾ ഓരോ വർഷം കഴിയുന്തോറും ഭീമമായി വർദ്ധിക്കുകയും ചെയ്യുന്നു. ഭരണപരമായ ചെലവ് ആകെ ചെലവിൻെറ 45.29% ആണ്. പൊതുമരാമത്തിൻേറതാകട്ടെ 40.16%. ബാക്കി വരുന്ന 15% മാത്രമാണ് പഞ്ചായത്തിൻെറ ബാക്കി മേഖലകളിലേയ്ക്ക് വിനിയോഗിക്കുന്നത്.



നാമമാത്രമായ ജോലികൾ മാത്രമേ ഇന്ന് പഞ്ചായത്തുകൾക്ക് നേരിട്ട് നിർവ്വഹിക്കാൻ കഴിയുന്നുള്ളൂ. സ്വന്തമായ വരുമാന പരിധിക്കുള്ളിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തെരുവുവിളക്കുകൾ കത്തിക്കുന്നതിനും പഞ്ചായത്തിന് വേണ്ടത്ര കഴിയുന്നില്ല. പ്രത്യേക ആവ

ശ്യങ്ങൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങളും വായ്പകളുമാണ് കുറേയൊക്കെ പ്രവർത്തനങ്ങൾ മുന്നോട്ട് നീക്കാൻ സഹായിക്കുന്നത്.

പഞ്ചായത്തിന്റെ സ്വന്തം ഫണ്ടായാലും സർക്കാർ സഹായമായാലും അതിൽ ഭൂരിഭാഗവും ചെലവഴിക്കുന്നത് അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്ന വിധത്തിലല്ല. നാം നേരിടുന്ന കാർഷിക മുരടിപ്പോ, വ്യവസായിക പിന്നോക്കാവസ്ഥയോ, തൊഴിലില്ലായ്മയോ പരിഹരിക്കാനുതകും വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. അറിഞ്ഞോ അറിയാതേയോ പഞ്ചായത്തുതല വികസന പ്രവർത്തനങ്ങൾ മരാമത്തു പണിയായി മാറിക്കഴിഞ്ഞു.

കർത്തവ്യങ്ങൾ ഏറ്റെടുക്കുന്നതിന് പഞ്ചായത്തിന്റെ ഭരണപരവും ധനപരവുമായ അധികാരങ്ങൾ വിപുലപ്പെടുത്തണം. പഞ്ചായത്തുകളുടെ ഇന്നത്തെ ധനവിഭവശേഷി നാമമാത്രമാണ്. മേലുദ്യോഗസ്ഥരുടെ ദയാദാക്ഷിണ്യത്തെ ആശ്രയിക്കേണ്ട ദുരവസ്ഥ ഇനിയും മാറിയിട്ടില്ല.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. പഞ്ചായത്തിന്റെ പ്രധാനവരുമാന മാർഗ്ഗങ്ങളായ വിനോദനികുതിയും, തൊഴിൽ നികുതിയും ഇവിടുത്തെ സാധ്യതയുമായി തട്ടിച്ചുനോക്കിയാൽ വളരെ താഴ്ന്നതാണ്. സ്ഥിരം തൊഴിൽ ഉള്ള മുഴുവൻ പേരിൽ നിന്നും നികുതി ഈടാക്കണം. ഈ ഇനത്തിൽ ഇന്ന് ലഭിക്കുന്ന വരുമാനം യാഥാർത്ഥ്യത്തിലും വളരെ താഴെയാണ്.

2. കെട്ടിടനികുതി നിർണ്ണയിക്കുമ്പോൾ നിലവിലുള്ള മാനദണ്ഡം കർശനമായി പാലിക്കപ്പെടുന്നു എന്നുറപ്പുവരുത്തണം. ഗ്രാമസഭകളുടെ അംഗീകാരത്തോടു കൂടി നേരിയ വർദ്ധനവ് വരുത്താവുന്നതാണ്. കെട്ടിട നികുതി ചുമത്തിയിരിക്കുന്നത് എത്രയെന്ന് ജനങ്ങൾക്ക് പരസ്പരം അറിയുന്നതിനും ഈ രംഗത്ത് സുതാര്യത കൈവരിക്കുന്നതിനും വേണ്ടി കെട്ടിട നികുതിയുടെ പൂർണ്ണലിസ്റ്റ് അച്ചടിച്ച് പ്രസിദ്ധീകരിക്കണം. നികുതി പൂർണ്ണമായും പിരിച്ചെടുക്കണം.

3. സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നുള്ള പഞ്ചായത്ത് വിഹിതം 75% ആയെങ്കിലും ഉയർത്തണം. അടിസ്ഥാന ഭൂനികുതി ഉയർത്തുന്നതിനും പിരിക്കുന്നതിനുമുള്ള അവകാശം പഞ്ചായത്തുകൾക്ക് നൽകണം. വില്ലേജ് ആഫീസുകളെ പഞ്ചായത്തിന്റെ ഭാഗമാക്കി മാറ്റണം. പഞ്ചായത്ത് ആഫീസും വില്ലേജ് ആഫീസും കൂടിച്ചേർന്നുള്ള പ്രവർത്തനമാണ് ഫലപ്രദം. രേഖകൾ സൂക്ഷിക്കുക, സർട്ടിഫിക്കറ്റുകൾ നൽകുക, ഭൂനികുതി പിരിയ്ക്കുക എന്നീ ജോലികൾ ഫലപ്രദമായി നിർവ്വഹിക്കുവാൻ കഴിയുക പഞ്ചായത്തുകൾക്കായിരിക്കും.

4. വിൽപ്പന നികുതിയുടെ നിശ്ചിത ശതമാനം പഞ്ചായത്തുകൾക്ക് നൽകണം.

5. തെരുവുവിളക്ക് തെളിക്കുന്നതിന് പ്രതിവർഷം 53568 രൂപയാണ് പഞ്ചായത്ത് നൽകുന്നത്. തെരുവുവിളക്കുകൾ കൃത്യമായി കത്തുന്നില്ല എന്ന പരാതി ഗ്രാമസഭയിൽ ശക്തമായി ഉയർന്നുവന്നിട്ടുമുണ്ട്. കത്താത്ത വിളക്കിനും ഇലക്ട്രിസിറ്റി ബോർഡ് ചാർജ്ജ് ഈടാക്കുന്നുണ്ട്. കത്തിക്കുന്ന ബൾബുകൾക്ക് മാത്രം ചാർജ്ജ് ഈടാക്കുന്നതിന് മീറ്റർ സമ്പ്രദായം ആവിഷ്ക്കരിക്കണം.

6. ഓരോ വികസന പ്രവർത്തനത്തിനും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടത്തിപ്പുകമ്മിറ്റികൾ രൂപീകരിക്കണം. പഞ്ചായത്തിലെ ഇന്നത്തെ വികസന പ്രവർത്തനങ്ങളായ മരാമത്തു പണികളുടെ തീരുമാനം മരാമത്ത് എഞ്ചിനീയർമാർക്കാണ് എന്ന രീതി മാറ്റണം. പകരം നടത്തിപ്പ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം സ്വതന്ത്രമായ തീരുമാനങ്ങൾ എടുക്കുന്നതിനും നടപ്പാക്കുന്നതിനും പഞ്ചായത്തുകൾക്ക് അധികാരം നൽകണം. മുൻകൂർ അഡ്മിനിസ്ട്രേറ്റീവ് അനുമതിയില്ലാതെ നടപ്പിലാക്കാവുന്ന സ്ക്രീമുകൾക്ക് ഉയർന്ന പരിധി നിശ്ചയിക്കണം.

അതിവിപുലമായ തോതിൽ മനുഷ്യധ്വാനം സമാഹരിച്ചുകൊണ്ടുമാത്രമേ വികസന പ്രവർത്തനങ്ങൾ വിജയിപ്പിക്കാനാവൂ. അധ്വാനത്തെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ലഭ്യമാക്കിയാൽ മാത്രമേ വികസന പ്രവർത്തനത്തിനുള്ള പണ ഞെരുക്കം പരിഹരിക്കാൻ കഴിയൂ.

വികസന പ്രവർത്തനങ്ങളിൽ ജനങ്ങൾ സജീവമായി പങ്കാളികളാകുകയും തുടക്കം മുതൽ ഒടുക്കം വരെ സുതാര്യത നിലനിർത്തുകയും വേണം. വികസന പ്രവർത്തനം ഒരു രാഷ്ട്ര പുനർനിർമ്മാണ പ്രവർത്തനമായി മാറണം. ഈയൊരു രീതിയിൽ ഉരുത്തിരിഞ്ഞു വരുന്ന വികസന സംസ്ക്കാരത്തിനു മാത്രമേ കേരളം നേരിടുന്ന വികസന പ്രതിസന്ധി മുറിച്ചുകടക്കാൻ കഴിയൂ.

പഞ്ചായത്തിലെ വിഭവങ്ങൾ കണക്കാക്കുമ്പോൾ ധന

കാര്യസ്ഥാപനങ്ങളുടെ പങ്കാളിത്തം പരിശോധിക്കേണ്ട തുണ്ട്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റേയും, ഫെഡറൽ ബാങ്കിന്റേയും ശാഖകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിജ്യബാങ്കുകളാണ്. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ ചമ്പക്കുളം ശാഖ, നെടുമുടി വില്ലേജ് സർവ്വീസ് സഹകരണ സംഘം, പൊങ്ങ സർവ്വീസ് സഹകരണ ബാങ്ക്, നെടുമുടി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് എന്നിവയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൃഷി വികസന ശാഖ (ആലപ്പുഴ) 4-5 വാർഡുകളിൽ മാത്രമായും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**ഈ സ്ഥാപനങ്ങളുടെ 1995-96 വർഷത്തെ നിക്ഷേപ വായ്പ ആനുപാതം താഴെച്ചേർക്കുന്നു.**

| | ധനകാര്യസ്ഥാപനം | നിക്ഷേപം (ലക്ഷം) | വായ്പ (ലക്ഷം) | അനുപാതം |
|---|---|---|---|---|
| 1 | State Bank of Tranvancore | 551.28 | 149.31 | നിക്ഷേപത്തിന്റെ 27.%വായ്പനൽകുന്നുള്ളൂ |
| 2 | Federal Bank | 232.00 | 102.00 | നിക്ഷേപത്തിന്റെ 43.96%വായ്പനൽകുന്നു |
| 3 | Alleppey Dist. Co. Op. Bank (1994-95) | 119.32 | 215.59 | നിക്ഷേപത്തിന്റെ 180.6%വായ്പനൽകുന്നു |
| 4 | Nedumudi Village Service Co-op. Society - 2331 | 42.00 | 82.00 | |
| 5 | Ponga Co-op. Bank | 2.86 | 12.76 | നിക്ഷേപത്തിന്റെ 446%വായ്പനൽകുന്നു |
| 6 | Nedumudi Rural Co-op. Bank A 87 | 50.00 | 80.00 | |
| 7 | State Bank of India ADB (4-5 വാർഡുകൾ) | 3,115 | 57.15 | |

ഈ നാട്ടിലെ പണം ഇവിടുത്തെ വികസന പ്രവർത്തനങ്ങൾക്കോ, ഇവിടുത്തെ ജനങ്ങളുടെ ജീവിത ഗുണനിലവാരം ഉയർത്തുന്നതിനോ SBT യും, ഫെഡറൽ ബാങ്കും താൽപ്പര്യം കാണിക്കുന്നില്ല എന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. കേരളത്തിലെ നിക്ഷേപത്തിന്റെ 40-45% മാത്രമാണ് ഇവിടെ വായ്പയായി നൽകുന്നത്. സംസ്ഥാനത്തിന്റെ ചിത്രത്തിൽ നിന്നും എത്ര അകലെയാണ് SBTയുടെ ഇവിടുത്തെ പ്രവർത്തനം. മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് നമ്മുടെ പണം ഒഴുക്കി അവിടെ വ്യവസായങ്ങളും മറ്റും ആരംഭിക്കാനും ശക്തിപ്പെടുത്താനും ഈ ബാങ്കുകൾ വായ്പയായി നൽകുന്നു. നാം നിക്ഷേപിക്കുന്ന തുകയുടെ 200 ശതമാനത്തിൻ മേലാണ് സഹകരണ ബാങ്കുകൾ നൽകുന്നത് എന്ന് കാണാം സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തിക്കൊണ്ട് നമ്മുടെ ഉൽപ്പാദന, വിപണന മേഖലകളിൽ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന പരിപാടികൾക്ക് രൂപം നൽകണം. ജനങ്ങളുടെ സമ്പാദ്യങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കണം. പഞ്ചായത്തിന്റെ ബാങ്കുകളായി ഇവയെ പ്രഖ്യാപിക്കണം. നാടിന്റെ വികസന പ്രവർത്തനത്തിനും മറ്റും സഹകരണ സ്ഥാപനങ്ങൾ പണം വായ്പയായി നൽകണം.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൃഷി വികസന ശാഖയുടെ വായ്പാ നിരക്ക് വളരെ ഉയർന്നതായി കാണുന്നുണ്ട്. കാർഷികമേഖലയ്ക്ക് ഊന്നൽ നൽകുന്ന ഒരു കൃഷി വികസന ശാഖ പഞ്ചായത്തിൽ തുറക്കുന്നത് നന്നായിരിക്കും.

❒ ❒ ❒



# വിഷയങ്ങൾ തയ്യാറാക്കിയവർ

ചരിത്രം : ടോമിച്ചൻ മേപ്പുറം
ഹരികുമാർ ഹരിമന്ദിരം

ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി : ജയൻ, ചമ്പക്കുളം

പരിസ്ഥിതി : കെ.ജി. മോഹനൻ പിള്ള
ജയൻ ചമ്പക്കുളം

കൃഷി ജലസേചനം : കെ.ജി. മോഹനൻ പിള്ള,
എം.കെ. അനിരുദ്ധൻ
പുരുഷോത്തമൻ പോറ്റി
തോമസുകുട്ടി അമ്പതിൽചിറ

മൃഗസംരക്ഷണം, മൽസ്യബന്ധനം : മറിയാമ്മ ജോളിച്ചൻ
റ്റി.ജെ. ജോസഫ്
ശ്രീകുമാർ, കിഴക്കേടം
ശശികുമാർ

വ്യവസായം : വർഗ്ഗീസ് ജോസഫ്, വല്ല്യാക്കൽ
ശിവാനന്ദൻ മുളവനശ്ശേരി
ഗിരിജ റ്റി., ശ്രീഹരിമന്ദിരം

ഊർജ്ജം, ഗതാഗതം, മാർക്കറ്റ് : ഉണ്ണികൃഷ്ണൻ M.B.
ലാലിച്ചൻ കടപ്രകുന്നിൽ
റാം പ്രസാദ്

വിദ്യാഭ്യാസം : മറിയാമ്മ ജോസഫ്
ബാലകൃഷ്ണൻ ളാഹയിൽ

സംസ്ക്കാരം : മറിയാമ്മ ജോസഫ്

കുടിവെള്ളവും പൊതുജനാരോഗ്യവും :
ജോസഫ് തോമസ് പള്ളിവാതുക്കൽ
കുരുവിള കുര്യൻ
ജോസ് ടി. പൂന്നിച്ചിറ

പാർപ്പിടം, സാമൂഹ്യക്ഷേമം : എൽ. പാറുകുട്ടിയമ്മ
ഹരികുമാർ, ഹരിമന്ദിരം
ശോഭനാ കുമാരി

സ്ത്രീപദവി : കനകമ്മ ഭാസ്കരൻ
സുശീല സോമനാഥൻ

പട്ടികജാതി പട്ടിവർഗ്ഗക്ഷേമം : വി.കെ. വെളുത്തകുഞ്ഞ്
നെടുമുടി ഗംഗാധരൻ
എം.ജി. രാഘവൻ

സഹകരണം : വി.കെ. വെളുത്തകുഞ്ഞ് & ടീം

വിഭവസമാഹരണം : ജയിംസ് തിരുനിലം
എൻ.കെ. ബാലൻ

*(അപൂർണം)*

VI.00



# ഉപസംഹാരം

കേരളം വീണ്ടും മാതൃക കാട്ടുകയാണ്. സാമൂഹിക ശ്രേണിയുടെ അന്ത്യത്തിൽ നിൽക്കുന്നവന്റെ ഉദയം സ്വപ്നം കണ്ടിരുന്ന ഇന്ത്യയുടെ മഹാത്മാവിനോട് നീതി പുലർത്തുവാൻ എന്നും ശ്രമിച്ചിരുന്ന നാടാണ് കേരളം. അധികാരം ജനങ്ങളിൽ തിരിയെ എത്തേണ്ടതിന്റെ നിർണ്ണായക പ്രാധാന്യം മന്ത്രം കണക്കെ ഉരുവിട്ടിരുന്ന അർദ്ധനഗ്നനായ ആ ലോകനേതാവിന്റെ സ്വപ്നങ്ങൾക്ക് വർണ്ണച്ചിറകുകൾ ഏകാനുള്ള പ്രവർത്തനത്തിലാണ് ഇന്ന് നാം ഏർപ്പെട്ടിരിക്കുന്നത്. കുറഞ്ഞ വരുമാനത്തിലും കൂടുതൽ ജീവിതഗുണത എന്ന മാതൃകയ്ക്ക് ഖ്യാതി കേട്ട നാടാണ് കേരളം. ഈ മാതൃകയുടെ തുടർമെച്ചപ്പെടുത്തലിന് വിഘാതമായി നിലനിൽക്കുന്ന വർത്തമാനകാല വെല്ലുവിളികളെ സമർത്ഥമായി നേരിടുന്നതിനുള്ള ജനകീയ പ്രസ്ഥാനമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. 73-74 ഭരണഘടനാ ഭേദഗതികളും അതിനെത്തുടർന്നുണ്ടായ നിയമങ്ങളും എങ്ങനെ 'ജനാധികാരത്തെ' ഉറപ്പാക്കുന്നതിന് വിനിയോഗിക്കാൻ കഴിയും എന്ന അന്വേഷണം ആയതിനാൽ കൂടിയാണ് ഈ പ്രസ്ഥാനം ഏറെ പ്രസക്തമാകുന്നത്.

വികസനം എന്നത് ആത്യന്തികമായി ഒരു ജനതയുടെ തെരഞ്ഞെടുക്കാനുള്ള ശേഷിയുടേയും സാധ്യതകളുടേയും വൈപുല്യമാണ്. തീരുമാനങ്ങളെടുക്കുവാനും, നടപ്പിൽ വരുത്തുവാനും എല്ലാമുള്ള നിർണ്ണായകമായ അധികാരം ജനങ്ങൾക്ക് ലഭിക്കുന്ന അവസ്ഥ സംജാതമാകണം. അവ ഉപയോഗിച്ച് അവന്റെ തെരഞ്ഞെടുക്കാനുള്ള സാധ്യതകളെ തുടരെ മെച്ചപ്പെടുത്തണം. സ്വന്തം നിലപാടുകളെ തിരിച്ചറിഞ്ഞുകൊണ്ട് തീരുമാനങ്ങളെടുക്കാനുള്ള കഴിവ് നാം ആർജ്ജിക്കേണ്ടതുണ്ട്. ആ സ്ഥിതിയിലേയ്ക്കുള്ള വളർച്ചയുടെ തുടക്കമാണീ പ്രസ്ഥാനം.

ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭത്തിൽ ഉയർത്തിയ സംശയങ്ങൾ ഇന്ന് ദൂരീകരിക്കപ്പെട്ടിരിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ജനകീയ സമിതികൾക്ക് കൂടുതൽ അധികാരങ്ങളും അറിവിന്റെ ആയുധങ്ങളും നൽകുന്നതിനുള്ള പ്രസ്ഥാനമാണിത് എന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. പഞ്ചായത്തുകൾക്ക് പദ്ധതി അടങ്കലിന്റെ 35-40% നൽകുവാൻ പഞ്ചായത്തീരാജ് നിയമപ്രകാരം ഔപചാരികമായി തീരുമാനമെടുത്തു കഴിഞ്ഞു. ത്രിതല പഞ്ചായത്തു

കൾക്ക് ആകെ 960 കോടി രൂപയാണ് 9-ാം പദ്ധതിയുടെ ഒന്നാം വർഷം വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുക. ഈ തുക എത്രയധികമായി ജനങ്ങൾക്ക് എത്തിക്കുവാൻ കഴിയും എന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെ വിലപേശൽ ശക്തി. അടിച്ചേൽപ്പിക്കപ്പെടുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയല്ല നാം പ്രവർത്തിക്കുന്നത്. നാം തന്നെ നിർണ്ണയിച്ച് നാം തന്നെ മുൻഗണന തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനു വേണ്ടിയാണീ യജ്ഞം. ആലപ്പുഴ ജില്ലയിലെ തൃതല പഞ്ചായത്തുകൾക്ക് ലഭിക്കുന്ന തുകയുടെ വിശദാംശങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 36.73 കോടി രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | 7.87 കോടി രൂപ |
| ജില്ലാ പഞ്ചായത്ത് | 7.87 കോടി രൂപ |
| ആകെ | 52.47 കോടി രൂപ |

ജനകീയ ആസൂത്രണത്തിലൂടെ ഏൽപ്പിക്കപ്പെട്ട ഈ ഉത്തരവാദിത്വം എപ്രകാരം കാര്യക്ഷമമായി ഉപയോഗിക്കും എന്ന് എല്ലാവരും ഉറ്റുനോക്കുകയാണ്. ഏറെ ഉത്തരവാദിത്വത്തോടെ, പകർന്നുകിട്ടിയിരിക്കുന്ന അധികാരം ആത്യന്തികമായി ജനങ്ങൾക്ക് എത്തിക്കാൻ ഇച്ഛാശക്തിയോടെ പ്രവർത്തിക്കാനുള്ള ബാധ്യത നമുക്കുണ്ട്. ഈ പ്രസ്ഥാനം ഉയർത്തിയിട്ടുള്ള സാധ്യതകളെ കേരളം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുവാൻ പാകത്തിൽ വിനിയോഗിക്കുവാൻ നമുക്കാവുക തന്നെ വേണം. ഏറെ പരിമിതികൾക്കകത്തു നിന്നുകൊണ്ടാണ് നെടുമുടിയുടെ ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്. സെമിനാറിലെ ചർച്ചകൾക്കുള്ള ഒരു കുറിപ്പാണിത്. ഈ റിപ്പോർട്ട് വിനയത്തോടെ സമർപ്പിക്കുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനം സാർത്ഥമായ ജനാധിപത്യ വൽക്കരണ പ്രക്രിയയായി വളരുകയും വികസിക്കുകയും ചെയ്യുമ്പോഴാണ് ലക്ഷക്കണക്കിനാളുകൾ നൽകുന്ന വിലപിടിച്ച പ്രവർത്തനം ലക്ഷ്യത്തിലെത്തുന്നത്.

❖ ❖ ❖



ഒട്ടേറെ പരിമിതികൾക്കുള്ളിൽ നിന്നു
കൊണ്ടാണ് ഈ വികസനരേഖ തയ്യാറാക്കിയത്
അഭിമാനകരങ്ങളായ നേട്ടങ്ങൾക്കും വളർച്ചക്കും വഴിവെച്ചവർ-
[illegible] ശ്രമിച്ചിട്ടുണ്ട്
[illegible]
കൃത്യമായ വിവരങ്ങൾ ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.
ലഭിച്ചവയുടെ ആധികാരികത നിശ്ചയം,
ചരിത്രാന്വേഷണത്തിൽ ഒട്ടേറെ രസാവഹങ്ങളായ
സംഭവങ്ങളിൽ എത്തിച്ചേർന്നു. അതിലേറെ അറിയാനിരു-
ക്കുന്നവ പകരാൻ കഴിയാതെ
സ്ഥലപരിമിതി മൂലം പലതും ഒരു വാക്കിൽ ഒതുക്കേണ്ടിവന്നു.
ഗ്രാമസഭാചർച്ചകളുടെ വൈപുല്യവും ആവശ്യങ്ങളുടെ
നീണ്ട നിരയും സ്ഥലപരിമിതി, സമയപരിമിതി,
ഇതിലൊക്കെ ഉപരി സാമ്പത്തിക പരിമിതി
എല്ലാം കൂടി പരിഹാരമാകാത്തതുകൊണ്ട് ഈ വികസനരേഖ-
നിങ്ങളുടെ ചർച്ചക്കു വയ്ക്കുന്നു.
പോരായ്മകളും ന്യൂനതകളും കണ്ടേക്കാം ക്ഷമിക്കുക

സ്നേഹപൂർവ്വം,

കെ. ജി. മോഹനൻ പിള്ള,
പ്രസിഡന്റ്.

സംസ്ക്കാരം തുടർച്ച .........

## ആരാധനാലയങ്ങൾ



നാടിന്റെ അഭിമാനം- നെടുമുടി

| | | |
|---|---|---|
| 1 | പാലത്തിക്കാട്ട് ശ്രീഭഗവതിക്ഷേത്രം | പൊങ്ങ, ചേന്നങ്കരി |
| 2 | തയ്യിൽ ശ്രീ. രക്തേശ്വരി ഭഗവതിക്ഷേത്രം | പൊങ്ങ |
| 3 | കടന്നങ്ങാട് ശ്രീ. മഹാദേവ ക്ഷേത്രം | പൊങ്ങ |
| 4 | കൊട്ടാരം ശ്രീ. ഭഗവതിക്ഷേത്രം | നെടുമുടി |
| 5 | മാത്തൂർ ശ്രീ. ഭഗവതിക്ഷേത്രം | തോട്ടുവാത്തല |
| 6 | പുളിക്കൽകാവ് ശ്രീ. പോർക്കലി ദേവീക്ഷേത്രം | ചെമ്പുംപുറം |
| 7 | കളരിക്കൽ ശ്രീ. വീരഭദ്രസ്വാമിക്ഷേത്രം | തെക്കേമുറി |
| 8 | തേവലക്കാട് ശ്രീ. ഗണപതിക്ഷേത്രം | തെക്കേമുറി |
| 9 | കല്ലംപള്ളി ശ്രീ. ഭഗവതിക്ഷേത്രം | ചമ്പക്കുളം |
| 10 | കരിക്കൊട്ടാരം ശ്രീ. ശിവക്ഷേത്രം | നടുഭാഗം |
| 11 | മഠത്തിൽ ശ്രീ. ദേവീക്ഷേത്രം | നടുഭാഗം, മണപ്ര |
| 12 | ഇടയക്കാട് ശ്രീ. ഭഗവതീക്ഷേത്രം | വൈശ്യംഭാഗം |
| 13 | ഭഗവതിപ്പറമ്പ് ദേവീക്ഷേത്രം | മണപ്ര |
| 14 | ഗുരുമന്ദിരം | പൊങ്ങ |
| 15 | ഗുരുമന്ദിരം | തെക്കേമുറി |

| | | |
|---|---|---|
| 16 | സെൻറ് ജോസഫ്സ് ചർച്ച് | ചേന്നങ്കരി |
| 17 | സെൻറ് തോമസ് ഓർത്തഡോക്സ് ചർച്ച് | ചേന്നങ്കരി |
| 18 | സെൻറ് പോൾസ് മാർത്തോമാ ചർച്ച് | പൊങ്ങ |
| 19 | ബദനി മാർത്തോമാ ചാപ്പൽ | ചേന്നങ്കരി |
| 20 | സി.എസ്.ഐ. ചർച്ച് | ചേന്നങ്കരി |
| 21 | സെൻറ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് | പൊങ്ങ |
| 22 | മാർ സ്ലീബാ ചർച്ച് | പൊങ്ങ |
| 23 | നർബോനപുരം സെൻറ് സെബാസ്റ്റ്യൻസ് ചർച്ച് | ചെമ്പുംപുറം |
| 24 | സി.എസ്.ഐ. ചർച്ച് | ചെമ്പുംപുറം |
| 25 | സെൻറ് ആൻറണീസ് ചർച്ച് | വൈശ്യംഭാഗം |
| 26 | ഹോളിക്രോസ് ചർച്ച് | വൈശ്യംഭാഗം |
| 27 | സെൻറ് ജോസഫ്സ് ചർച്ച് | കൊണ്ടാക്കൽ |
| 28 | സെൻറ് മാർട്ടിൻ ചാപ്പൽ | ചെമ്പകശ്ശേരി |
| 29 | സെൻറ്.ജോസഫ്സ് ചാപ്പൽ | മണപ്ര |
| 30 | സെൻറ് തോമസ് ഓർശ്ലേം ചർച്ച് | ചമ്പക്കുളം |
| 31 | കല്ലൂർക്കാട് സെൻറ് മേരീസ് ഫൊറോന ചർച്ച് | ചമ്പക്കുളം |
| 32 | ഇന്ത്യൻ പെന്തക്കോസ്ത് ചർച്ച് | പൊങ്ങ |
| 33 | ബ്രദറൻ ചർച്ച് | പൊങ്ങ |



# നെടുമുടി പഞ്ചായത്ത്

കെ.ആർ.പി.: ജയൻ ചമ്പക്കുളം

**ഡി.ആർ.പി. മാർ**



ടോമിച്ചൻ
മേപ്പുറം
(കൺവീനർ)



ഡോ. കുരുവിള
കുര്യൻ



ശ്രീകുമാർ പി.ജി.
കിഴക്കേടം



ശിവാനന്ദൻ
മുളവനശ്ശേരി



നെടുമുടി
ഹരികുമാർ
ഹരിമന്ദിരം

## പഞ്ചായത്ത് ജീവനക്കാർ

സി.കെ. ലക്ഷ്മണൻ ................ സെക്രട്ടറി (21-12-1996ൽ സ്ഥലം മാറി)

എം.ജി. പൊന്നപ്പൻ ................ ഹെഡ് ക്ലർക്ക്

വി.ആർ. സാബു ................ യു.ഡി. ക്ലർക്ക്

കെ. നാരായണൻ നായർ ................ യു.ഡി. ക്ലർക്ക്

എ. ആമിനബായി ................ യു.ഡി. ക്ലർക്ക്

കെ. ഉത്തമൻ ................ എൽ.ഡി. ക്ലർക്ക്

ഷാജി. എസ്. ................ എൽ.ഡി. ക്ലർക്ക്

പി.കെ. ഗോപി ................ പ്യൂൺ

സി. ലീല ................ പ്യൂൺ

എ. ജലാലുദ്ദീൻ ................ പി.റ്റി. സൈറൻ ഓപ്പറേറ്റർ

എ. താഹിറ ................ പി.റ്റി.എസ്.

ഹസ്സനാരു കുഞ്ഞ് ................ പി.റ്റി. ഫെറിമാൻ

(മിസ്സിസ് ഗോമതിയമ്മ 21-12-96ൽ സെക്രട്ടറിയായി ചാർജ്ജെടുത്തു

# ഒരുവാക്ക്

*ഒൻപതാം പദ്ധതി ജനകീയ പദ്ധതി എന്ന ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് തയ്യാറാക്കിയ ഈ വികസന റിപ്പോർട്ട് സവിനയം ഞങ്ങൾ പൊതുജനസമക്ഷം സമർപ്പിക്കുന്നു.*

*ഈ വികസന റിപ്പോർട്ട് അണിച്ചൊരുക്കുവാൻ സഹായിച്ച എല്ലാവരേയും കൃതജ്ഞതയോടെ ഞങ്ങൾ സ്മരിക്കുന്നു. പ്രത്യേകിച്ച് തുടക്കം മുതൽ പഞ്ചായത്ത് ശിൽപ്പശാലയും, ഗ്രാമസഭകളും ഉൽഘാടനം ചെയ്തും ആശംസകൾ അർപ്പിച്ചും ഞങ്ങളോട് സഹകരിച്ച എല്ലാ മാന്യ വ്യക്തികൾക്കും, ക്ലാസ്സുകളും പ്രഭാഷണങ്ങളും നടത്തി ഈ സംരംഭത്തെ വിജയത്തിലെത്തിച്ച ശ്രീ. ജയൻ ചമ്പക്കുളം, ടോമിച്ചൻ മേപ്പുറം, ഡോ: കുരുവിള കുര്യൻ എന്നിവർക്കും, ചർച്ചകൾക്കും വിഷയ ക്രോഡീകരണത്തിനും നേതൃത്വം കൊടുത്ത എല്ലാ ഡി.ആർ.പി., എൽ.ആർ.പി. മാർക്കും, ആത്മാർത്ഥമായി ഇതിൽ സഹകരിച്ച എല്ലാ നല്ല നാട്ടുകാർക്കും നന്ദി പ്രകാശിപ്പിക്കുന്നു.*

*തുടർന്നും നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ എല്ലാ സംരംഭങ്ങൾക്കും നിങ്ങളുടെ നിർലോഭമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിക്കുവേണ്ടി.*

*പ്രസിഡൻറ്*

***മറിയാമ്മ ജോസഫ്, വാഴപ്പറമ്പിൽ***

## വികസന സെമിനാറിന് ആശംസകൾ

**ചെമ്പുംപുറം ക്ഷീരോൽപ്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ 144**

(APCOS)

ചെമ്പുംപുറം പി.ഒ., ഫോൺ : 736326

**മണപ്രാ ക്ഷീരോൽപ്പാദക സഹകരണസംഘം**

(APCOS)

നടുഭാഗം, ചമ്പക്കുളം പി.ഒ.

**നെടുമുടി വില്ലേജ് സർവ്വീസ് സഹകരണസംഘം**
**ക്ലിപ്തം നമ്പർ - 2331**

ചമ്പക്കുളം പി.ഒ., ഫോൺ : 736231

*നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ (നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം)*

*കാർഷിക, കാർഷികേതര വായ്പകൾ നൽകുന്നു. ചിട്ടി, സ്വർണ്ണപ്പണയ വായ്പകൾ, വളം, കീടനാശിനി വ്യാപാരം*

പ്രസിഡൻറ്
ശിവശങ്കര കൈമൾ

സെക്രട്ടറി
കെ.ജെ. ജോയി

# നെടുമുടി ഗ്രാമ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

### കൃഷിയും ജലസേചനവും

1. എല്ലാ പാടശേഖരങ്ങളുടേയും പുറം ബണ്ടുകൾ കൃഷിയ്ക്ക് അനുയോജ്യമായ രീതിയിൽ കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുക.

2. പാടശേഖരങ്ങൾക്ക് ജലസേചന സൗകര്യത്തിനായി പൊതുമടകൾ (കൾവർട്ടുകൾ) സ്ഥാപിക്കുക.

### മൃഗസംരക്ഷണം

1. പഞ്ചായത്തിലെ ഓരോ വാർഡുകളിലും ആഴ്ചയിൽ ഒരു തവണ മൃഗസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിൽ ഡോക്ടറൻമാരുടെ സേവനം സൗജന്യമായി നൽകണം.

2. ക്ഷീര കർഷകർക്കു് ക്ഷേമനിധി, പെൻഷൻ എന്നിവ ലഭിക്കുന്നതിനു് പഞ്ചായത്ത് തലത്തിലും, ജില്ലാ അടിസ്ഥാനത്തിലും പദ്ധതി ആവിഷ്കരിക്കുക.

3. കോഴി വളർത്തൽ, ആടുവളർത്തൽ എന്നിവ നടത്തുന്ന കുടുംബങ്ങളിലെ കുട്ടികൾക്കു് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കണം.

### പാർപ്പിടവും, സാമൂഹ്യക്ഷേമവും

1. സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ജനങ്ങൾക്കു് അറിയുവാൻ പഞ്ചായത്ത് ആഫീസിൽ ഇൻഫർമേഷൻ സെന്റർ തുറക്കണം.
2. റേഷൻ കാർഡുകളിൽ പേരു് ചേർക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെംബറൻമാർക്കു് നൽകണം.

### പൊതുജനാരോഗ്യം, കുടിവെള്ളം

1. പഞ്ചായത്ത് തലത്തിൽ ഔഷധതോട്ടങ്ങൾ സ്ഥാപിക്കുക. ഗുണഭോക്താക്കൾക്കു് ബോധവൽക്കരണം നടത്തണം.
2. പി.എച്ച്. സെന്ററിനു് കീഴിലുള്ള ഹെൽത്ത് വർക്കറൻമാരുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനു് പഞ്ചായത്ത് തലത്തിൽ സ്ഥലം കണ്ടെത്തി സബ് സെന്ററുകൾ സ്ഥാപിക്കണം.

3. 9-ാം വാർഡിൽ ഓണാട്ട് കോളനിയിൽ ശുദ്ധജലം എത്തിക്കുക.

4. ജനങ്ങൾ തിങ്ങി പാർക്കുന്ന പഞ്ചായത്ത് പ്രദേശങ്ങളിൽ 100 മീറ്റർ അകലത്തിൽ ശുദ്ധ ജലം എത്തിക്കുക.

5. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൈപ്പ് ലൈൻ വലിച്ച് ടാപ്പുകൾ സ്ഥാപിക്കുക.

6. പഞ്ചായത്ത് അതിർത്തിയിലുള്ള പൊതു ജലാശയങ്ങൾ പഞ്ചായത്ത് മെംബറൻമാരുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടുകൂടി കാലാകാലങ്ങളിൽ വൃത്തിയാക്കണം.

7. വർദ്ധിച്ചുവരുന്ന കീടനാശിനി പ്രയോഗം മൂലം കാർഷിക മേഖലയിൽ പണി എടുക്കുന്ന 50 വയസ്സിനു് മേൽ പ്രായമുള്ളവർക്കു് ഉണ്ടാകുന്ന രോഗത്തിനു് ചികിൽസാ ചെലവു് പഞ്ചായത്ത് നൽകണം.

8. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ചംങ്കുളം, നെടുമുടി എന്നീ കേന്ദ്രങ്ങളിൽ കംഫർട്ടു് സ്റ്റേഷൻ സ്ഥാപിക്കുക. പ്രധാന കേന്ദ്രങ്ങളിലെല്ലാം വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക.

<u>വിദ്യാഭ്യാസം</u>

1. പഞ്ചായത്ത് തലത്തിൽ അദ്ധ്യാപകരുടെ സേവനം വിലയിരുത്തി അവാർഡുകൾ നൽകണം.

<u>സ്ത്രീ പദവി</u>

1. സ്ത്രീകളുടെ തൊഴിൽ വിഭജനത്തെ സംബന്ധിച്ച് പഠന ഗ്രന്ഥനം നടത്താൻ സഹായകരമായ തൊഴിൽ വിഭജന പട്ടിക ഉണ്ടാവണം.

2. ഗ്രന്ഥശാല, വായനശാല മുതലായ സാംസ്കാരിക കേന്ദ്രങ്ങളിൽ സ്ത്രീകൾക്കു് പ്രത്യേക സമയം അനുവദിക്കണം.

3. സാമൂഹ്യ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്കു് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുക.

4. തൊഴിൽ രംഗത്ത് പണിയെടുക്കുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനു് പഞ്ചായത്ത് ക്രെഷുകൾ സ്ഥാപിക്കുക.

...3...

ഗതാഗതം, ഊർജം, മാർക്കറ്റ്

വൈശ്യംഭാഗം - എടത്വാ റോഡ് നിർമ്മിക്കുക:

1. അംബലപ്പുഴ, നെടുമുടി, ചംബക്കുളം, തകഴി, എടത്വാ എന്നീ പഞ്ചായത്തുകളെക്കൂ മങ്ങ്പ്ര, പുല്ലങ്ങടി, 1050, ഐവേലിക്കാടു് പോളേപാടം, മുക്കോടി, എരവേലി, കറുകയിൽ പാടം എന്നീ ദ്വീപ സമൂഹങ്ങളെയും, പാടശേഖരങ്ങളെയും തമ്മിൽ ബന്ധപ്പിക്കുന്ന വൈശ്യംഭാഗം - എടത്വാ റോഡിന്റെ ഇരുവശങ്ങളിലുമായി പംബാ നദിയും, പൂക്കൈത ആറും ഒഴുകുന്നു. നദിക്കു് കുറുകെ വലിയ പാലങ്ങൾ അവശ്യമില്ലാത്തതുമായ ഈ റോഡു് എടത്വാ - ആലപ്പുഴ തമ്മിലുള്ള അകലം 10.5 കെ.എം. കുറവ് വരുത്തുന്നു എന്നുള്ളതു് ഈ റോഡിന്റെ പ്രത്യേകതയാണു്.

അൻപതിനായിരത്തിലധികം ജനങ്ങൾ അധിവസിക്കുന്ന മേഖലയിൽകൂടി കടന്നു പോകുന്ന ഈ റോഡ് നിർമ്മാണത്തിലൂടെ നെടുമുടി പഞ്ചായത്തിനു് മാത്രമായി രണ്ടു് പൊതുമാർക്കറ്റിംഗിലൂടെ പ്രതിവർഷം 10 ലക്ഷം രൂപയുടെ വരുമാനം കണ്ടെത്തുവാൻ കഴിയും.

2. ഒൻപതാം വാർഡിൽ ചേന്നാട്ടു് പുരയിടത്തിൽനിന്നും നടുവത്ര വഴി കൊച്ചുപറംബു് പുരയിടത്തിലേക്കു് 3 മീറ്റർ വീതിയിൽ നടവഴി നിർമ്മിക്കുക.

3. ഒന്നാം വാർഡിൽ കോയിക്കാട്ടു് കടവിൽ നിന്നും വടക്കേ കരയിലേക്കു് നടപ്പാലം നിർമ്മിക്കുക.

4. അഞ്ചു്, ആറു് എന്നീ വാർഡുകളെ ബന്ധിപ്പിക്കുന്ന കാക്കാത്തിമുട്ടു് പാലം നിർമ്മിക്കുക.

5. ആറാം വാർഡിൽ തുമ്പോ താമരശ്ശേരി കിഴക്കും വേലിത്തറ തോട്ടിൽ നടപ്പാലം നിർമ്മിക്കുക.

6. ചെംബകശ്ശേരി - ചീതക്കോട്ടു് തോടിന്റെ മദ്ധ്യഭാഗത്തുള്ള നാലുപറ വീടിന്റെ വടക്കുവശത്തുള്ള തടിപ്പാലം മാറ്റി കോൺക്രീറ്റ് ചെയ്യുക.

7. രണ്ടു്, മൂന്നു്, നാലു് എന്നീ വാർഡുകളിൽ ഉൾപ്പെട്ടുകിടക്കുന്ന ഭൂതപണ്ടം കായലിലെ പോളയും, കടകലും നീക്കി സഞ്ചാരയോഗ്യമാക്കുക.

8. നാലാം വാർഡിൽ ഭൂതപണ്ടം കായലിന്റെ തെക്കേചിറയിൽ 10 സെന്റു കുടികിടപ്പുകാരന്റെ ഭൂമിയിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമർ സൗകര്യപ്രദമായസ്ഥലത്ത് മാറ്റി സ്ഥാപിക്കുക.

9. ഏഴാം വാർഡിൽ കരിയം പള്ളി പാടശേഖരത്തിന്റെ വടക്കു പടിഞ്ഞാറെ മൂലയിൽ നിന്നും പടിഞ്ഞാറെ കരയിലേക്കു നടപ്പാലം നിർമ്മിക്കുക.

<u>സംസ്കാരം</u>

1. ലൈബ്രറി, ആധുനിക പഠനോപകരണങ്ങൾ എന്നിവ ഫല പ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നതു സംബന്ധിച്ച് ഫലപ്രദവും, നിർബന്ധവുമായ പരിശോധന നടത്തണം.

2. പഞ്ചായത്ത് തലത്തിൽ നീന്തൽ പരിശീല കേന്ദ്രം ആരംഭിക്കണം.

3. കായിക സ്ഥാപനങ്ങൾ എന്നതു കലാ-കായിക സ്ഥാപനങ്ങൾ എന്നാക്കണം.

4. നെടുമുടി ഉദയകലാവേദി ധർമ്മസ്ഥാപന ആക്ട് പ്രകാരവും, കേരള സംഗീത നാടക അക്കാദമി ആക്ടും പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ളതാണു്.

5. കാഥികൻ മാസ്റ്റർ മംഗലശ്ശേരി കഥാപ്രസംഗ രംഗത്തും നാടക രംഗത്തും പ്രവർത്തിച്ചു വന്നിരുന്നു. ഇപ്പോൾ കലാ സാഹിത്യ രംഗത്ത് പ്രവർത്തിക്കുന്നു.

6. നെടുമുടി ഉണ്ണികൃഷ്ണപ്പണിക്കർ കഥകളി സംഗീതത്തിലും, സോപാന സംഗീതത്തിലും, പുരാണ പാരായണത്തിലും പ്രശസ്തനാണു്. അക്കാദമികളുടെ കലാകാരൻമാർക്കുള്ള പെൻഷൻ കിട്ടിവരുന്നുണ്ടു്.

7. പി.ടി. കുരുവിള ചേന്നംകരി ക്രിസ്തീയ സാഹിത്യ രചയിതാവാണു്. കേരള സാഹിത്യ അക്കാദമി അവാർഡുകൾ സിദ്ധിച്ചിട്ടുണ്ടു്.

* * * * * * * * * * * *

# ATLAS TRAVELS CENTRE

MUNCIPAL SHOPPING CENTRE

ROOM. No. 18, ALAPPUZHA

PHONE : 245005, 244602

---

*LUXURY TOURIST BOAT AVAILABLE*

---



*WITH FACILITIES INCLUDING.*

**A/c, VIDEO, STERIO**

**FOOD & BEVERAGES ETC.**